## ആധുനികകേരളം

# ചരിത്രഗവേഷണ പ്രബന്ധങ്ങൾ

ഡോ. കെ. കെ. എൻ. കുറുപ്പ്

032, 6
M2

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

MUL
423388

# ആധുനിക കേരളം
# ചരിത്രഗവേഷണ പ്രബന്ധങ്ങൾ

UNIVERSITY LIBRARY
MADRAS.

MADRAS UNIVERSITY LIBRARY
- 6 APR 2003
CHENNAI-600 005

Malayalam

**ADHUNIKA KERALAM : CHARITRA GAVESHANA PRABANDHANGAL**

(Modern kerala: Research Papers in History)

Author

Dr. K. K. N. Kurup

First Published : December 1982

Copies: 1000

Printed at Priya Printers, Trivandrum–20

Price: Rs. 12.00

Published by

State Institute of Languages, Kerala, Trivandrum-3

© State Institute of Languages, Kerala, Trivandrum-3, 1982

423388

032,6
M2

Published by the State Institute of Languages, Kerala, Trivandrum, under the Centrally sponsored scheme for production of textbooks and literature in regional languages at the University level, of the Government of India, Ministry of Education and Social Welfare [Department of Culture], New Delhi.

SIL/778 FT/655

# ആധുനിക കേരളം
# ചരിത്രഗവേഷണ പ്രബന്ധങ്ങൾ

ഡോ. കെ. കെ. എൻ. കുറുപ്പ്
(പ്രൊഫസർ, ചരിത്രവിഭാഗം, മംഗലാപുരം സർവകലാശാല)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജനറൽ എഡിറ്റർ
ഡോ. എ. എൻ. പി. ഉമ്മർകുട്ടി

General Editor
Dr. A. N. P. Ummerkutty

എഡിറ്റർ
കെ. പി. ദേവദാസ്

Editor
K. P. Devadas

സഹായക എഡിറ്റർ
ഡി. വി. സിറിൽ

Associate Editor
D. V. Cyril

കവർ
ഷോക്രാഫ്റ്റ്

Cover
Showcraft

ഒന്നാം പതിപ്പ്: ഡിസംബർ 1982
അച്ചടി: പ്രിയാ പ്രിന്റേഴ്സ്,
തിരുവനന്തപുരം—20
വില: ക. 12.00

First published: December 1982
Printed at: Priya Printers,
Trivandrum-20
Price: Rs. 12.00

# ആമുഖം

കേരളചരിത്രപഠനത്തിലും ഗവേഷണത്തിലും പണ്ഡിതൻമാർ താൽപര്യം കാണിച്ചു തുടങ്ങിയിട്ട് വളരെയൊന്നും കാലമായിട്ടില്ല. അനേക വർഷത്തെ ഗവേഷണപഠനങ്ങൾ നടന്നിട്ടും കേരളചരിത്രത്തിൻെറ പല ഘട്ടങ്ങളും ഇരുളടഞ്ഞ ഏടുകളായിത്തന്നെ തുടരുകയാണ്. ഈ ഏടുകളിലേക്ക് വെളിച്ചം വീശുന്ന ഗവേഷണങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. കേരള ചരിത്രഗവേഷണരംഗത്ത് എണ്ണപ്പെട്ട ആറ് കേരള ചരിത്രഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഭാഷാ ഇൻസ്റ്റിററ്യൂട്ടിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന 'ആധുനിക കേരളം: ചരിത്ര ഗവേഷണപ്രബന്ധങ്ങൾ' എന്ന ഈ പുസ്തകം ഏഴാമത്തേതാണ്. വേറെ മൂന്നു പുസ്തകങ്ങൾ തയാറായി വരികയാണ്.

കഴിഞ്ഞ രണ്ടു നൂററാണ്ടുകളിൽ കേരളത്തിൻെറ സാമൂഹിക-സാംസ്കാരിക—സാമ്പത്തിക-രാഷ്ട്രീയ മേഖലയിൽ ഉണ്ടായ ശ്രദ്ധേയമായ ചില ചലനങ്ങളാണ് ഈ പ്രബന്ധ സമാഹാരത്തിൽ ഉള്ളത്. 'ഭൂവുടമാവകാശങ്ങളും ദായക്രമങ്ങളും വടക്കൻ പാട്ടുകളിൽ', 'ആത്മവിദ്യാസംഘം', 'കുടിയേററവും മാററങ്ങളും മലബാറിലെ മലയോരങ്ങളിൽ' തുടങ്ങിയ പ്രബന്ധങ്ങൾ പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ആദ്യമായി പ്രസിദ്ധീകരിക്കപ്പെടുന്ന ശ്രദ്ധേയമായ ഗവേഷണ ഫലങ്ങളാണ്. കേരളചരിത്രപഠനത്തിന് മികച്ച സംഭാവനകൾ നൽകിയ ഡോ. കെ.കെ.എൻ. കുറുപ്പ് ആകുന്നു ഗ്രന്ഥകാരൻ. ആധുനിക കേരളചരിത്രത്തിൽ തല്പരരായ എല്ലാവരും ഈ ഗ്രന്ഥത്തെ സഹർഷം സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്
തിരുവനന്തപുരം
1982 ഡിസംബർ 18

ഡോ. എ.എൻ.പി. ഉമ്മർകുട്ടി
കെ.പി. ദേവദാസ്

## വിഷയവിവരം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | ഭൂവുടമാവകാശങ്ങളും ദായക്രമങ്ങളും വടക്കൻ പാട്ടുകളിൽ | 18 |
| 2. | പഴശ്ശിസമരങ്ങളുടെ പശ്ചാത്തലം | |
| 3. | മലബാറിലെ യൂറോപ്യൻ മൂലധനനിക്ഷേപങ്ങൾ | 19 |
| 4. | ഇംഗ്ലീഷ് വിദ്യാഭ്യാസവും സാമൂഹ്യപുരോഗതിയും മലബാറിലെ തിയ്യരിൽ | 27 |
| 5. | മലബാർ കുടിയായ്മകളെപ്പററി ലോഗൻ സ്പെഷ്യൽ കമ്മിഷൻ | 41 |
| 6. | മലബാർ കലാപം | 53 |
| 7. | ആത്മവിദ്യാസംഘം | 74 |
| 8. | ദേശീയതയും കർഷകപ്രസ്ഥാനവും മലബാറിൽ (1934–47) | 87 |
| 9. | കാസർക്കോട് താലൂക്കിലെ കർഷകപ്രസ്ഥാനം (1936–42) | 103 |
| 10. | മലബാർ കുടിയായ്മ കമ്മിററി റിപ്പോർട്ടും ഭിന്നാഭിപ്രായവും | 118 |
| 11. | റയട്ടുവാരിയും ഭൂകുത്തകയും കാസർക്കോട് താലൂക്കിൽ | 129 |
| 12. | കുടിയേററവും മാററങ്ങളും മലബാറിലെ മലയോരങ്ങളിൽ | 144 |
| 13. | കേരളത്തിലെ ഭൂപരിഷ്കരണം–വിലയിരുത്തൽ | 156 |
| | അനുബന്ധം | 169 |
| | പദസൂചിക | 181 |

# 1

# ഭൂവുടമാവകാശങ്ങളും ദായക്രമങ്ങളും വടക്കൻപാട്ടുകളിൽ

വടക്കൻ പാട്ടുകളിൽ * ചില ഭാഗങ്ങളിലെങ്കിലും ഭൂവുടമാവകാശങ്ങളെപ്പററിയും പിന്തുടർച്ചാക്രമങ്ങളെപ്പററിയും വ്യക്തമായ സൂചനകൾ ലഭിക്കുന്നുണ്ട്. നാടൻ പാട്ടുകാരൻ സമൂഹത്തിൻെറ ആർത്ഥിക പശ്ചാത്തലത്തിലെ സുപ്രധാനമായ വിനിമയ രീതികളെപ്പററി ബോധവാനാണ്. ഭൂവുടമാവകാശങ്ങളിലെ വ്യത്യസ്ത സമ്പ്രദായങ്ങളെപ്പററിയും ഭൂകൈമാററങ്ങളുടെ വിവിധ തരങ്ങളെപ്പററിയും അയാൾക്ക് സാമാന്യമായ അറിവുണ്ടെന്നുകാണാം. മദ്ധ്യകാലഘട്ടത്തിലും, ഇംഗ്ലീഷ് കമ്പനി മലബാർ ഭരണമേറെറടുത്തതിനുശേഷവും ഇവിടെ നിലനിന്ന ഭൂവുടമാവകാശങ്ങളെപ്പററി പല വസ്തുതകളും ഈ പാട്ടുകളിൽ കാണാം.

കറുത്തേനാർനാട്ടിലെ നാടുവാഴി വലിയ ആരോമൽ ചേകവരുടെ മുൻതലമുറക്കാർക്കു പുത്തൂരംപാടത്തെ നാലു കണ്ടം അട്ടിപ്പേറായി ചെമ്പോലയിൽ എഴുതിക്കൊടുത്തതാണ്. ചേകവർക്കുപല പുറപ്പാടും കിട്ടാനുണ്ട് (പേജ് 27). നീർ അട്ടിപ്പേർ എന്ന നിലയിൽ ആ സ്വത്തുക്കൾ ചേകവർ കുടുംബത്തിനു ജന്മമായിത്തീർന്ന വസ്തുക്കളാണ്. മററു കുടിയാൻമാർ കൃഷിചെയ്യുന്ന വസ്തുക്കളിൽ നിന്നും അയാൾക്കു പാട്ടവും ലഭിക്കുന്നു. ഇതു കൂടാതെ മൂവായിരം പണം കൊടുത്തു കാണത്തിനു വാങ്ങിയ ഏഴായിരം പറ നെല്ലിൻെറ കണ്ടത്തിനു ചെറിയ പാട്ടം മാത്രമാണുള്ളതെന്നും ആ മിച്ചവാരം

വർഷം തോറും കൊടുത്തുകൊണ്ടു ആ വസ്തു ആററുംമണ്ണമ്മൽ ഉണ്ണിയാർച്ചക്കുവേണ്ടി അനുജൻ കൃഷി ചെയ്യണമെന്നും ആരോമൽ ചേകവർ അനുസാരം അഥവാ അനന്തരം പറയുന്നു (പേജ് 28).

ചേകവർ അമ്പാടിക്കോവിലകത്തെ മേനവൻമാർക്കു കൃഷി നശിച്ചുപോയ ഒരു കാലത്തു ചെറിയ പലിശക്കു നെല്ലും വിത്തും കടം കൊടുത്തിട്ടുണ്ടെന്നും അവരുടെ താഴത്തെ കണ്ടങ്ങൾ പണയമായി തന്നിട്ടുണ്ടെന്നും കൊല്ലത്തിലൊരിക്കൽ അവർ പലിശകൊണ്ടുവരുന്നുണ്ടെന്നും അനുസ്മരിപ്പിക്കുന്നു. കണ്ടം കൊതിച്ചിട്ടു ആ കൃഷിസ്ഥലങ്ങൾ കടം മുടിച്ചു പിടിച്ചെടുക്കരുതെന്നും ചേകവർ അനുസാരം പറയുന്നു (പേ. 29). ഇവിടെ പണയവസ്തു പിടിച്ചെടുക്കുവാൻ ഉത്തമർണ്ണന്നധികാരമുണ്ടെന്നും നാട്ടുമര്യാദ ലംഘിച്ചു പലരും അങ്ങിനെ പിടിച്ചെടുക്കാറുണ്ടെന്നും പരിഗണിച്ചു കൊണ്ടായിരിക്കണം ഇപ്രകാരം ഉപദേശിച്ചിട്ടുള്ളത്. അതുപോലെ വീടും പാണ്ട്യാലയും താഴത്തെക്കണ്ടവും പണയം വെച്ചു പണം വാങ്ങിയിട്ടുള്ള ചിന്നപ്പൻ ചെട്ടിയുടെ കാര്യത്തിലും അയാളുടെ വീട് കൊതിച്ചു കടം മുടിക്കരുതെന്നും ചേകവർ പറയുന്നു (പേ. 29). പണയസ്വത്തു കടം മുടിച്ചു കൊണ്ടു പിടിച്ചെടുക്കുന്ന സമകാലിക സ്വഭാവമുള്ള ഒരു നടപടിയെ ആരോമൽച്ചേകവരിലൂടെ വിമർശന വിധേയമാക്കുകയാണ് നാടൻ കവി ഇവിടെ ചെയ്തിട്ടുള്ളത്. കല ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയും അതിനെ രൂപപ്പെടുത്തുന്ന ചുററികയുമാണെന്ന കാര്യം ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു.

ഭൂമി പണയപ്പെടുത്തി കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കു കടം പററുമ്പോൾ അന്ന് രണ്ടു സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നുവെന്നു കാണാം. പണം കടം കൊടുത്തു ജന്മിയുടെ വസ്തു കാണാവകാശമായി കൈവശം വെച്ചുകൊണ്ട് കൃഷി ചെയ്യുകയും പണത്തിൻെറ

പലിശ കഴിച്ചു ബാക്കി മാത്രം മിച്ചവാരമായി ഭൂവുടമക്കു കൊടുത്തും വരുന്ന ഒരു രീതി. മറേറവിധത്തിൽ വസ്തു പണയം കാണിച്ചാലും അധമർണ്ണൻതന്നെ സ്വന്തമായി കൃഷി നടത്തി പലിശ കൊടുത്തുവന്നു. പക്ഷെ കടം മുടിച്ചുകൊണ്ടു വസ്തു ഒഴിപ്പിച്ചെടുക്കുവാൻ ഉത്തമർണ്ണനു അധികാരമുണ്ടെന്നും കരുതേണ്ടിയിരിക്കുന്നു. ആദ്യത്തെ രീതിയിൽ അഥവാ കാണസമ്പ്രദായത്തിൽ പണയത്തുക മടക്കിക്കൊടുത്തുകൊണ്ടു വസ്തു ഒഴിപ്പിക്കുവാൻ ജന്മിക്കവകാശമുണ്ടോ എന്ന കാര്യം വ്യക്തമല്ല. പ്രിയപ്പെട്ട പെങ്ങാംക്കു അത്തരത്തിൽപ്പെട്ട ഒരു ഭൂമി ചേകവർ കൊടുത്തതുതന്നെ അതിൻെറ പാട്ടം വളരെ തുച്ഛമായ സംഖ്യയാണെന്നുള്ള കാരണം കൊണ്ടാണ്. അപ്പോഠം അതൊഴിപ്പിക്കുവാൻ പററാത്ത സ്വത്തുകൂടിയായിരുന്നിരിക്കണം. കാണം ഒഴിപ്പിക്കാവുന്നതാണോ അല്ല സ്ഥിരാവകാശമാണോ എന്ന കാര്യത്തിൽ പിൽക്കാലത്തു മലബാറിലെ ഭരണകർത്താക്കളിൽ രണ്ടു ഗ്രൂപ്പുകാർതന്നെ ഉണ്ടായിരുന്നു. ഏതായാലും വടക്കൻ പാട്ടുകാരൻ അതൊഴിപ്പിക്കാനാവാത്ത ഭൂമിയായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്നു കരുതേണ്ടിയിരിക്കുന്നു. വാക്കാൽകരാറു പ്രകാരമുള്ള അവകാശങ്ങളും അന്നു നടപ്പുണ്ടായിരുന്നു. വാക്കാൽ കരാറിൻെറ മറെറാരു രൂപമായ വാക്കാൽചാർത്ത് മലബാറിൽ സ്ഥിരമായി പ്രാബല്യത്തിലുണ്ടായിരുന്നു.

അനന്തരം പറയുന്ന ചേകവൻെറ ദായക്രമത്തെ അഥവാ പിന്തുടർച്ചാവകാശത്തെപ്പററിക്കൂടി ഒരു പര്യാലോചന നടത്തുന്നത്, ഭൂവുടമാബന്ധങ്ങളെ മനസ്സിലാക്കാൻ സഹായിച്ചേക്കും. പൗരാണികമായി സ്വന്തം കുടുംബത്തിനു ലഭിച്ച സ്വത്തുക്കളെപ്പററി അച്ഛൻ ജീവിച്ചിരിക്കെ മകനായ ചേകവർ അനന്തരം പറയുന്നതു ഒരു മരുമക്കത്തായത്തറവാട്ടിലെ കാരണവരും കൈകാര്യകർത്താവുമെന്ന നിലയിലാകണം. ആൺമക്കളില്ലാത്ത സ്വന്തം അമ്മാമനെ വിളിച്ചുകൊണ്ടുവന്നു വീട്ടിൽ താമസിപ്പിക്കുവാനും മരണശേഷം പുലകുളി നന്നായി കഴിക്കുവാനും അയാഠം പറയുന്നു. അപ്പോഠം ഈ അമ്മാമൻെറ കാരണവ

സ്ഥാനം എങ്ങിനെ നഷ്ടപ്പെട്ടുവെന്നു ചിന്തനീയമാണ്. ഉണ്ണിയാർച്ചക്ക് സ്വത്തുക്കൾ ജീവനാംശമായനുവദിക്കുന്നതും, പക്ഷെ അനുജൻ തന്നെ കൃഷിചെയ്യണമെന്നു നിർദ്ദേശിക്കുന്നതും, ആരോമൽ ചേകവരെ ചതിച്ചുകൊന്ന ചന്തുവോടു മരുമകനായ ചെറിയ ആരോമൽ ചേകവർ കുടിപ്പക വീട്ടുന്നതും മരുമക്കത്തായത്തെ അനുസ്മരിപ്പിക്കുന്നു. സ്വന്തം ഭാര്യയായ കുഞ്ചുണ്ണൂലിയുടെ കാര്യമെല്ലാം അനുജനെ ഏല്പിക്കുന്നതല്ലാതെ അവർക്കു സ്വത്തുക്കളൊന്നും കൊടുക്കാതിരിക്കുന്നതു അവ തറവാട്ടു സ്വത്തുക്കളായതു കൊണ്ടുമാകാം. എന്നാൽ പുത്തൂരം വീട്ടിലെ ഉണ്ണിയാർച്ച ആററുംമണമ്മലെ ഉണ്ണിയാർച്ചയാകുന്നതും മകൻ ആററുംമണമ്മലെ ചേകവരാകുന്നതും മക്കത്തായ നിയമത്തെ അനുസരിച്ചുകൊണ്ടാകണം.

ആ നിലയിൽ പാട്ടുകളുടെ വെളിച്ചത്തിൽ ചേകവരുടെ ദായക്രമം രണ്ടും കൂടിക്കലർന്ന ഒന്നായിട്ടാണു കാണുക. ഇതിനെ ഉദയം എന്നു പറയുന്നു. അഥവാ പാട്ടുകാരൻ അവയെ കൂട്ടിക്കുഴച്ചതുമാകാം. ഒതേനൻെറ കുടുംബത്തെ സംബന്ധിക്കുന്ന തച്ചോളിപ്പാട്ടുകളിൽ മരുമക്കത്തായവും ദായക്രമത്തിൻെറ ഭൂവുടമാബന്ധങ്ങളുമാണ് കാണുന്നത്. തച്ചോളി കുഞ്ഞിച്ചന്തു കണ്ടർമേനവൻെറ കോട്ട പിടിച്ചപ്പോൾ അവിടെ എഴുതിവെക്കുന്നതു വലിയമ്മാമനായ കോമക്കുറുപ്പിൻെറ പേരാണ് (പേ. 62). ആ സ്വത്തുക്കൾ ''തച്ചോളിമേപ്പക്കുതകമായി'' എന്നു പറയുന്നതു നീർവീഴ്ത്തിയുള്ള അട്ടിപ്പേറായി അഥവാ ജന്മമായിത്തീർന്നുവെന്നു കാണിക്കുവാനാണ്. കോട്ട പിടിച്ച കാര്യം നാടുവാഴിയെ അറിയിക്കുന്നതു ഈ ഉടമാവകാശം സ്ഥാപിക്കുവാനാകണം. ബലമുപയോഗിച്ച് പരമാധികാരം സ്ഥാപിച്ചുകൊണ്ടും ജൻമാവകാശം ഉണ്ടാക്കാമെന്നായിരിക്കണം അന്നത്തെ സമ്പ്രദായം. കീഴടക്കിക്കൊണ്ടു പരമാധികാരം സ്ഥാപിക്കുന്ന രീതി അന്താരാഷ്ടീയ നിയമങ്ങൾ പോലും സാധൂകരിച്ചുകാണാം. കോട്ട പിടിച്ച ചന്തുവും ഒതേനനും ആ സ്വത്തുക്കൾ തറവാട്ടുസ്വത്തുക്കളാക്കുകയാണു ചെയ്യുന്നത്. അങ്ങിനെ തച്ചോളിക്കുടുംബത്തിൻെറ

കീഴിലായ 'ആളും അടിയാരേയും' അഥവാ കുടിയാൻമാരെയും അടിയാൻമാരെയും കഷ്ടപ്പെടുത്തരുതെന്നു അവർ പ്രത്യേകം നിർദ്ദേശിക്കുന്നു (പേ. 62). തച്ചോളി ഒതേനൻ അനന്തരം പറയുമ്പോൾ ''കുടിയാൻമാരോടും നിങ്ങളു വെറുക്കരുതേ'' (പേ. 118) യെന്നും ''ആളുറുടിയാരെയും വലിപ്പിക്കല്ലെ, വല്ലി ക്കൂലികൾ കുറക്കരുതേ'' എന്നു പാലൂർ മഠം പിടിച്ചപ്പോഴും (പേ. 266) പ്രത്യേകം പറയുന്നതു കാണാം. ഒരു പക്ഷെ അടിയാൻമാരേയും കുടിയാൻമാരേയും കഷ്ടപ്പെടുത്തുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ ഈ വരികളിലൂടെ പതിതവർഗം തങ്ങളുടെ അഭിലാഷം വ്യക്തമാക്കുന്നതാകണം.

വടകരബപ്പൻ തച്ചോളിവീട്ടിൽ നിന്നും കടം വാങ്ങിയ പണത്തിൻെറ പലിശ കൊടുക്കാത്തതും, തൻെറ അധീനതയിലുള്ള സ്ഥലങ്ങളിൽ നിന്ന് 'മാപ്പിളത്തൊപ്പിപ്പണ'വും 'തിയ്യോകത്തിപ്പണ'വും കുറേ വർഷങ്ങളായി പിരിച്ചു കൊടുക്കാത്തതും ജൻമികുടുംബത്തിൻെറ കായികബലം പാട്ടം പിരിപ്പിക്കുന്നതിനെ സഹായിച്ചിരുന്നുവെന്നു വ്യക്തമാക്കുന്നു (പേ. 64). ഒതേനൻ മരിച്ചപ്പോൾ വാരം, പാട്ടം, പലിശ എന്നിവ കൊടുക്കാതെ ഒഴിഞ്ഞു മാറിയ ബപ്പൻ തച്ചോളിച്ചന്തുവിൻെറ കായികബലം കണ്ടറിഞ്ഞാണ് ഇവ പിന്നീടു കൊടുത്തുതുടങ്ങിയത്. അതുപോലെ അപ്പുച്ചെട്ടിയുടെ പാട്ടം ഒഴിഞ്ഞുമാറുന്ന വയനാടൻ കേളുവെയും തച്ചോളിച്ചന്തു ഒരു പാഠം പഠിപ്പിക്കുന്നു.

ആരോമൽ ചേകവർ തൻെറ ഭാര്യയായ കുഞ്ചുണ്ണൂലിയെ വേണ്ടവണ്ണം സംരക്ഷിക്കുവാൻ അനുജനോടു പറയുന്നു. അത്തരം സന്ദർഭത്തിൽ തൻെറ ഭാര്യയായ കാവിലും ചാത്തോത്തു കുങ്കിയ്ക്കു വേണ്ടുംവിധം സ്വത്തുക്കൾ കൊടുക്കുകയാണ് ഒതേനൻ ചെയ്യുന്നത്. കല്ലിടിയെന്ന പറച്ചിൽ കല്ലിടിച്ചു ആയിരം തൈ വെച്ചിട്ടുള്ളതിൽ അറുപതു കുലച്ച തെങ്ങ് കുങ്കിക്കു കൊടുക്കുന്നു (പേ. 116). അതുപോലെ നടയിലെ ഏഴുവരിത്തെങ്ങ് മകൻ അമ്പാടിക്കു ഇളനീർ കുടിക്കുവാനും കൂടാതെ മൂവായിരം വിത്തിൻെറ ജൻമക്കണ്ടത്തിൽ പകുതി കുങ്കിക്കു കൊടുക്കുവാനും പറയുന്നു. അട്ടയുള്ള കണ്ടം കൊടുക്കരുതെന്നും

അട്ട കടിച്ചത് പറിച്ചെടുക്കുമ്പോൾ തന്നെയോർത്തവൾ കരയുമെന്നും കൂടി ഓർമ്മിപ്പിക്കുന്നു. ഒരു പക്ഷെ അട്ടയുള്ള കണ്ടത്തിൽ കൃഷിപ്പണി ചെയ്യുന്നതിൻെറ വിഷമമോർത്തിട്ട് ആ ഗതികേടു തങ്ങളുടെ പ്രിയപ്പെട്ട ഒതേനൻെറ ഭാര്യക്കു വന്നു ചേരരുതെന്നു നാടൻപാട്ടുകാരൻ ആഗ്രഹിച്ചതാകാം. അതുപോലെ വഴിത്തലക്കുള്ള കണ്ടം കൊടുത്താൽ അവൾ പാടത്തിറങ്ങി പണിയെടുക്കുന്നതു കാണുമ്പോൾ ആളുകൾ പരിഹസിക്കുമെന്ന് ഒതേനൻ കരുതുന്നു. ഒരുപക്ഷെ ജൻമികുടുംബത്തിലെ അംഗങ്ങൾ പാടത്തു പണിയെടുക്കുന്നതു സമൂഹത്തിൻെറ കണ്ണിൽ അവരുടെ നില താഴ്ത്തിക്കാണിക്കുന്ന കാര്യമായിരുന്നിരിക്കണം. മേലനങ്ങാതെയുള്ള ഒരു ചൂഷകസമൂഹത്തിൻെറ തത്വശാസ്ത്രം നാടൻപാട്ടുകാരനും പ്രതിഫലിപ്പിക്കുന്നതാവാം. ഉൽപാദനത്തിൽ പ്രധാനമായും അടിയാളരും കർഷകകുടുംബങ്ങളും മാത്രമാണു പങ്കെടുക്കേണ്ടതെന്ന ഒരു ധാരണ വെച്ചുപുലർത്തിയതിൽ നിന്നാവാം ഈ പരിഹാസം. വേറെയൊരു ഭാര്യയായ മാതുവിന് ഏഴരക്കണ്ടി പറമ്പുതന്നെ ഒതേനൻ എഴുതിക്കൊടുക്കുന്നു (പേ. 107). സ്വപ്രയത്നത്തിലൂടെ ആർജ്ജിക്കുന്ന സ്വത്തുക്കൾ മരുമക്കത്തായത്തിലും പുത്രാവകാശം കൊടുക്കുവാൻ അർഹതയുള്ള ഒരു ദായക്രമത്തെയാണ് ഇതെല്ലാം ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ ജൻമക്കണ്ടത്തിൻെറ പകുതി കൊടുക്കുവാൻ ഒതേനൻ ജ്യേഷ്ഠനോടപേക്ഷിക്കുന്നതിൽനിന്നും തറവാട്ടുസ്വത്തിൻെറ കൈമാററത്തിനുള്ള അവകാശം കാരണവർക്കാണെന്ന കാര്യം വ്യക്തമാകുന്നു.

ഇങ്ങിനെ നോക്കുമ്പോൾ വടക്കൻപാട്ടുകൾ പ്രതിഫലിപ്പിക്കുന്ന സാമൂഹ്യ പശ്ചാത്തലത്തിലെ ഭൂവുടമാവകാശങ്ങളും ബന്ധങ്ങളും ഒരു നാടുവാഴിത്തസമ്പ്രദായത്തിലെ അവശിഷ്ടങ്ങളാണെന്നു കാണാവുന്നതാണ്. അടിയാൻമാരുടേയും കുടിയാൻമാരുടേയും അദ്ധ്വാനബലത്തിൻമേൽ കെട്ടിപ്പൊക്കിയ സാമ്പത്തികവ്യവസ്ഥയിൽ നാട്ടുമര്യാദകൾ ലംഘിച്ചുകൊണ്ടുള്ള നീക്കങ്ങൾ രൂപപ്പെടുന്നതും കാണാം. കടം മുടിച്ചു

കൊണ്ടു പണയംഭൂമി പിടിച്ചെടുക്കുന്നതും വീടൊഴിപ്പിക്കുന്നതും, ആളും അടിയാരേയും വിഷമിപ്പിക്കുന്നതും, കുടിയാൻമാരെ വെറുക്കുന്നതും, പാട്ടംനിഷേധിക്കുന്നതും, ബലം പ്രയോഗിച്ചു പാട്ടം പിരിക്കുന്നതും മററുമായ നീക്കങ്ങൾ സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളിൽ പ്രത്യേക കൂട്ടായ്മക്കായുള്ള ചേരിതിരിവും സമരവും വ്യക്തമാക്കുന്നു. ചെറിയ തോതിൽ ആരംഭിച്ചു വളർന്നുവന്ന ഈ നീക്കങ്ങൾ ജൻമി–കുടിയാൻബന്ധങ്ങളെ താറുമാറാക്കിയ ഒരു കർഷകസമരമായി ഇരുപതാം നൂററാണ്ടിൽ രൂപാന്തരപ്പെടുന്നതു ചരിത്രവിദ്യാർത്ഥികൾക്കു സുപരിചിതമായ വസ്തുതയാണ്.

[*കെ. വി. അച്ചുതാനന്ദൻ പരിശോധിച്ചു പ്രസിദ്ധപ്പെടുത്തിയ '24 വടക്കൻപാട്ടുകൾ', 1973–ലെ പതിപ്പ്]

## 2

# പഴശ്ശിസമരങ്ങളുടെ പശ്ചാത്തലം

ഇംഗ്ലീഷ് ഈസ്ററിന്ത്യാകമ്പനിയുടെ ആധിപത്യത്തിന്നെതിരായി ദക്ഷിണേന്ത്യയിൽ നടന്ന പ്രധാനമായ ഒരു സായുധ കലാപമാണ് മലബാറിലെ പഴശ്ശിസമരം. പഴശ്ശിരാജാവെന്നറിയപ്പെട്ട കോട്ടയം കേരളവർമ്മയുടെ നേതൃത്വത്തിൽ പൊട്ടിപ്പുറപ്പെട്ട ഈ കലാപം വിവിധഘട്ടങ്ങളിലായി മലബാറിൻെറ പല ഭാഗങ്ങളിലേക്കും പടർന്നുപിടിക്കുകയുണ്ടായി. പുല്പള്ളിക്കാടുകളിൽവെച്ച് 1805 നവമ്പർ 31-ന്ന് അഥവാ ഡിസംബർ 1-ന് പഴശ്ശിയുടെ വധത്തോടെ ഈ കലാപങ്ങളടിച്ചമർത്തപ്പെട്ടു. പക്ഷെ 1812- ൽ വീണ്ടും പഴശ്ശികലാപങ്ങളിൽ പങ്കെടുക്കുകയോ അതിൻെറ സ്മരണകളിൽ നിന്നും സ്വാധീനമുൾക്കൊള്ളുകയോ ചെയ്ത കുറിച്ച്യർ, കുറുമർ തുടങ്ങിയ ഗിരിവർഗ്ഗക്കാർ കമ്പനിക്കെതിരായി വയനാട്ടിൽ ഒരു മാസമെങ്കിലും മറെറാരു കലാപത്തിലേർപ്പെടുകയും ചെയ്തു. അതും അടിച്ചമർത്തപ്പെട്ടു. പഴശ്ശിസമരങ്ങളുടെ തുടർച്ചയാണ് കുറിച്ച്യകലാപമെന്ന് പറയുന്നതിൽ ചരിത്രപരമായി വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. 'തൊപ്പിക്കാ'രായ വെള്ളക്കാരെ തുരത്തിയോടിച്ച് വയനാട് സ്വതന്ത്രമാക്കുകയായിരുന്നു കുറിച്ച്യരുടേയും ലക്ഷ്യം.

ഈ കലാപങ്ങളുടെ സാമൂഹ്യപശ്ചാത്തലം അപഗ്രഥിക്കുകയും പഠിക്കുകയും ചെയ്യുകയെന്നത് ഒരു ചരിത്രകാരനെ സംബന്ധിച്ച് വിഷമമേറിയ കാര്യമാണ്. താൻ

ചരിത്രരചന നടത്തുവാനുദ്ദേശിക്കുന്ന കാലഘട്ടത്തിന്റെ മൗലികരേഖകൾ പഠിച്ചുകൊണ്ടാണ് ചരിത്രകാരൻ തന്റെ പണിപ്പുരയിൽ കർമ്മനിരതനാകുന്നത്. പഴശ്ശിസമരങ്ങളെ സംബന്ധിച്ചാണെങ്കിൽ ലഭ്യമായ രേഖകളെല്ലാം തന്നെ കമ്പനി എഴുതിവെച്ചവയാണ്. അവതന്നെ കാലക്രമമനുസരിച്ചോ സംഭവപരമ്പരകൾ മുഴുവനും മുഖ്യമുഖംക്കൊണ്ടോ വെച്ചിട്ടുള്ളവയാണെന്നു പറയുകയും വയ്യ. ഇത്തരം രേഖകളുപയോഗിക്കുമ്പോൾ ചരിത്രകാരനെ സംബന്ധിച്ച് വലിയ പരിമിതികളുണ്ട്. കമ്പനിക്കെതിരായ സമരത്തിൽ പങ്കെടുത്ത നാട്ടുകാരുടേയും നേതൃത്വത്തിന്റേയും ഭാഗത്തുനിന്ന് രേഖകളൊന്നും തന്നെ ലഭിയ്ക്കുന്നില്ല. കണ്ടെത്തുവാൻ നടത്തിയ എല്ലാ ശ്രമങ്ങളും ഈ ലേഖകനെ സംബന്ധിച്ച് വിജയിച്ചിട്ടുമില്ല. പങ്കെടുത്തവരുടെ ലക്ഷ്യം എന്തായിരുന്നുവെന്ന്, കമ്പനിരേഖകൾ വെച്ചു വേണം നമുക്ക് മനസ്സിലാക്കുവാൻ. ഇത്തരമൊരു പരിത:സ്ഥിതിയിൽ ഈ സമരങ്ങളുടെ പശ്ചാത്തലം അപഗ്രഥിക്കുകയെന്നതും വിഷമമേറിയ കർത്തവ്യമാണ്. കൂടാതെ അത്തരമൊരു വിശകലനം ആ കാലഘട്ടത്തോടോ വിഷയത്തോടോ വേണ്ടത്ര നീതി കാണിക്കുവാൻ പര്യാപ്തമാകുമോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

## നാടുവാഴിത്തകാലഘട്ടം

ഫ്യൂഡൽബന്ധങ്ങൾ നിലനിന്ന ഒരു പശ്ചാത്തലത്തിലാണ് പഴശ്ശികലാപങ്ങൾ നടക്കുന്നത്. ചെറുരാജാക്കൻമാരും, നാടുവാഴികളും അവരുടെ കീഴിലെ ഇടപ്രഭുക്കളായ തറവാട്ടുകാരും മററുമടങ്ങിയ ശിഥിലമായ ഒരു രാഷ്ടീയ പശ്ചാത്തലമാണ് മറെറങ്ങുംപോലെ കോലത്തുനാട്ടിലും നിലനിന്നിരുന്നത്. ബദനൂരിലെ നായകഭരണം കോലത്തുനാട്ടിൽ ആധിപത്യം സ്ഥാപിക്കുവാൻ 1720 മുതൽ 1750 വരെ ഇടക്കിടെ ആക്രമണങ്ങൾ ശക്തിപ്പെടുത്തി. മുമ്പുതന്നെ ഈ പ്രവർത്തനം ആരംഭിച്ചിരുന്നു. നൂററാണ്ടുകളായി തുടർന്നുവന്ന കോലത്തിരിയുടെ രാഷ്ട്രീയാധിപത്യം ഈ പശ്ചാത്തലത്തിൽ

ഉപേക്ഷിക്കപ്പെട്ടു. പിന്നീട് 1738–ൽ ചിറക്കൽ രാജവംശം ഭരണാധികാരികളായി. പക്ഷെ കടത്തനാട്, കോട്ടയം, നീലേശ്വരം, കുമ്പളം തുടങ്ങിയ ഒട്ടനേകം ചെറിയ രാഷ്ട്രീയാധിപത്യങ്ങൾക്കിടയിൽ തുടർച്ചയായ വഴക്കുകളും ആക്രമണങ്ങളും നിലനിന്നു. മററുള്ള പ്രദേശങ്ങളിലെ സമ്പത്തും ചുങ്കവും കയ്യടക്കുകയായിരുന്നു ഇവയിൽ പല ആക്രമണങ്ങളുടേയും ലക്ഷ്യം. ഈ കലഹിക്കുന്ന രാഷ്ട്രീയാധിപത്യങ്ങളെ പൂർണ്ണമായും നിലംപരിശാക്കിക്കൊണ്ട് ഏകീകൃതവും ക്രമീകൃതവുമായ ഒരു ഭരണവ്യവസ്ഥ നടപ്പിലാക്കുവാൻ 1766 മുതൽ 1790 വരെ ഹൈദരാലിയും ടിപ്പുസുൽത്താനും പ്രവർത്തിക്കുകയുണ്ടായി. നാടുവാഴിത്ത–രാഷ്ട്രീയ–സാമ്പത്തിക ബന്ധങ്ങളെ ഇല്ലാതാക്കിക്കൊണ്ട് ശക്തമായ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുകയും, അങ്ങനെ സ്റ്റെയിററിന്റെ മിച്ചം വരുന്ന സമ്പത്ത് മറാത്തരുടേയും നിസാമിന്റേയും ആക്രമണങ്ങൾക്കെതിരായി ഉപയുക്തമാക്കുകയും ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം. പക്ഷെ മലബാറിലെ ശിഥിലമായ രാഷ്ട്രീയ ധിപത്യം മൈസൂരാധിപത്യത്തെ ശക്തമായും ചെറുത്തുനിന്നു. നാടുവാഴികളും ഇടപ്രഭുക്കളും കർഷകരും മൈസൂരിന്നെതിരായി പടവെട്ടി. ഒരു കാരണം മൈസൂർഭരണമേർപ്പെടുത്തിയ നിലനികുതിവ്യവസ്ഥയും കുരുമുളക്, ഏലം, ചന്ദനം തുടങ്ങിയവയുടെ കുത്തകവ്യവസ്ഥയും ആണെന്ന് കാണാം. ഇത്തരം ചരക്കുകൾ നാട്ടുകാരെ സംബന്ധിച്ച് സമ്പത്തിന്റെ ഏററവും പ്രധാനമായ വഴികളായിരുന്നു. മററൊരു വിധത്തിൽ, നിലനിന്നുവന്നിരുന്ന പരമ്പരാഗത സമൂഹത്തിന്റെ സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ ബന്ധങ്ങളെ പഴയ ചട്ടക്കൂട്ടിൽ നിലനിർത്തുവാൻ വേണ്ടിയായിരുന്നു ഈ ചെറിയ രാഷ്ട്രീയാധിപത്യങ്ങൾ മൈസൂരുമായി നീണ്ട സമരത്തിലേർപ്പെട്ടിരുന്നത്.

പക്ഷെ ചരിത്രഗതി ഈ രണ്ടു കൂട്ടർക്കും അനുകൂലമല്ലായിരുന്നു. കാരണം യൂറോപ്പിൽ ഒരു മികച്ച രാഷ്ട്രീയശക്തി രൂപം കൊള്ളുകയായിരുന്നു. ആ ശക്തി വ്യവസാ

യവിപ്ലവത്തിലൂടെ കടന്നുവന്നുകൊണ്ട് വേണ്ടത്ര സമ്പത്തും ശക്തിയും ആർജ്ജിക്കുകയും സുശക്തമായ ഒരു നാവികശക്തി വളർത്തിയെടുക്കുകയും ചെയ്തിരുന്നു. അത്തരമൊരു രാഷ്ട്രീയശക്തിയുടെ വളർത്തോമനയായ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി ഇന്ത്യയിലെങ്ങും ആധിപത്യമുറപ്പിക്കുവാൻ ഒരുങ്ങി നില്ക്കുകയായിരുന്നു. ആ ശക്തിയുമായുള്ള ഏററുമുട്ടലിൽ, 1792–ൽ, മലബാറും മററു പ്രദേശങ്ങളും എന്നേയ്ക്കുമായി ടിപ്പു വിട്ടൊഴിഞ്ഞുകൊടുത്തു. നിർണ്ണായകമായ ഈ രാഷ്ട്രീയ മത്സരത്തിൽ മലബാറിലെ ശിഥിലമായ പരമ്പരാഗത രാഷ്ട്രീയഘടകങ്ങളും അവയുടെ കീഴ്ഘടകങ്ങളും ടിപ്പുവിനെതിരായി കമ്പനിയോട് യോജിച്ചുനിന്നു. കമ്പനിയുടെ രാഷ്ട്രീയാധിപത്യമാകട്ടെ മൈസൂർ ഭരണകൂടം മലബാറിൽ പരിശ്രമിച്ചതുപോലെ കേന്ദ്രീകൃതവും വ്യവസ്ഥാപിതവുമായ ഒരു രാഷ്ട്രീയാധിപത്യം കെട്ടിപ്പടുക്കുവാനാണ് അധീനപ്രദേശമായിത്തീർന്ന മലബാറിൽ പിന്നീടേർപ്പെട്ടത്.

## നാടുവാഴിത്തം കമ്പനിക്കെതിരെ

മൈസൂരിനെപ്പോലെ കമ്പനിയും മലബാറിന്റെ സമ്പത്തും വിഭവങ്ങളും ചൂഷണം ചെയ്യുവാനാണ് ശ്രദ്ധവെച്ചത്. അതിനാൽ നാടുവാഴിത്ത രാഷ്ട്രീയഘടകത്തിലെ ഒരു വിഭാഗം കമ്പനിക്കെതിരായി പോരാടുവാൻ തീരുമാനിച്ചു. മറെറാരു ഘടകമാകട്ടെ കമ്പനിയുടെ കൂടെ നില്ക്കുന്നതാണ് തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഏററവും നല്ല വഴിയെന്ന അവസരവാദത്തിന്നു കീഴടങ്ങി. കുറുമ്പ്രനാട്, സാമൂതിരി, ചിറക്കൽ, നിലേശ്വരം തുടങ്ങിയ മുൻ രാഷ്ട്രീയ ശക്തികളുടെ പ്രവർത്തനം ഇതിനുദാഹരണമാണ്. പഴശ്ശി കേരളവർമ്മയെ പോലുള്ളവർ തങ്ങളുടേയും അനുയായികളുടേയും പ്രവർത്തനങ്ങൾക്കു മാത്രമേ നാട്ടിന്റെ താല്പര്യവും സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻ കഴിയുകയുള്ളുവെന്ന് ബലമായി വിശ്വസിച്ചു.

ഈ പരിതഃസ്ഥിതിയിൽ ഇവിടുത്തെ രാഷ്ട്രീയ സാമൂഹ്യപശ്ചാത്തലത്തിൽ രണ്ടു വ്യത്യസ്ത ചിന്താഗതികൾ 1792–1805 കാലഘട്ടത്തിൽ പൊന്തിവരികയും പഴശ്ശിസമരങ്ങളുടെ പശ്ചാത്തലത്തിൽ അവ സ്വാധീനം പുലർത്തുകയും ചെയ്യുന്നത് കാണാം. പരിമിത വിഭവവും ശക്തിയും മാത്രമുൾക്കൊണ്ട പഴശ്ശിയും അനുയായികളും അവരുടെ ധീരവും ഉദാത്തവുമായ പരാക്രമങ്ങൾക്കുശേഷവും വിഭവശക്തിയും ആയുധശക്തിയുമുള്ള ഒരു പുതിയ ആധിപത്യത്തിന്നു മുമ്പിൽ തകർന്നടിഞ്ഞു. പക്ഷെ അവരുടെ തകർച്ച പോലും, അല്ലെങ്കിൽ തിക്തമായ പരാജയങ്ങൾ പോലും, ബ്രിട്ടീഷാധിപത്യത്തിന്നെതിരായ സമരചരിത്രത്തിലെ സുപ്രധാനമായ ഒരദ്ധ്യായമായിത്തീർന്നു. രാജപുത്രരുടെ അനശ്വര ചരിത്രകാരനായ ജെയിംസ് ടോഡ്, മുഗളാധിപത്യത്തോട് പടവെട്ടി തകർന്നുവീണ റാണാ പ്രതാപന്റെ ഹാൽദീഘട്ടിലേയും മററും ധീരസാഹസികത്വത്തെ വർണ്ണിച്ചിട്ടുള്ളതുപോലെ, അവിസ്മരണീയമായ ചില അദ്ധ്യായങ്ങളാണ് പഴശ്ശി സമരങ്ങൾ പെരിയയിലേയും കുററ്യാടിയിലേയും താമരശ്ശേരിയിലേയും ചുരങ്ങളിൽ കാഴ്ചവെച്ചിട്ടുള്ളത്.

## തറവാടുകളുടെ ആധിപത്യം

കണ്ണവത്തു നമ്പ്യാർ, കൈതേരി അമ്പു, കാമ്പ്രത്തു നമ്പ്യാർ, എടച്ചേന കുങ്കൻനായർ, കല്ല്യാട്ട് നമ്പ്യാർ, നാരങ്ങോളി നമ്പ്യാർ തുടങ്ങിയ ഇടപ്രഭുക്കൻമാർ കമ്പനിക്കെതിരായ സമരങ്ങളിൽ പഴശ്ശിയോടൊപ്പം പങ്കെടുത്തു. പക്ഷെ പഴയവീട്ടിൽ ചന്തുനമ്പ്യാർ തുടങ്ങിയ പലരും കമ്പനിയെ സഹായിക്കുകയും സമരങ്ങളെ അടിച്ചമർത്തുന്നതിൽ കൂട്ടുനില്ക്കുകയുമാണ് ചെയ്തത്. നാടുവാഴിത്തകാലഘട്ടത്തിലെ സാമൂഹ്യ-രാഷ്ട്രീയ ബന്ധങ്ങളിൽ മാററം വന്നുകൊണ്ടിരുന്ന ആ ഘട്ടത്തിൽ തങ്ങളുടെ സാമ്പത്തികമായ അഭിവൃദ്ധി ദൃഢപ്പെടുത്തുവാനായിരുന്നു അവർ പരിശ്രമിച്ചത്. കമ്പനിയുടെ കീഴിൽ നികുതിപിരിവുകാരായി മാറിക്കൊണ്ടും, 'അധികാരി' യെന്ന പദവി പരമ്പരാഗതമായി അനുഭവിച്ചുകൊണ്ടും

തങ്ങളുടെ പ്രാമാണികത്വം നിലനിർത്തുവാൻ ഈ കുടുംബങ്ങൾ പരിശ്രമിച്ചു. കമ്പനിയാകട്ടെ ഈ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ കുടുംബങ്ങൾ കമ്പനിയുടെ പാർശ്വവർത്തികളായി മാറുകയും ആയിരക്കണക്കിൽ ഏക്കർ ഭൂമിയുടെ മീതെ ജൻമാവകാശം സ്ഥാപിച്ചെടുക്കുകയും ചെയ്തു. ഉദാഹരണത്തിന്നു, കല്പള്ളി പാലാട്ട് കരുണാകരമേനവൻെറയും മററും കുടുംബങ്ങൾ പ്രധാന തറവാടുകളായി പ്രാമുഖ്യം നേടിയത് ഈ കാലഘട്ടത്തിലായിരുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, നാടുവാഴിത്തഭരണത്തിലെ ചില പ്രധാന ഘടകങ്ങൾ കമ്പനിയെ എതിർത്തപ്പോൾ അതേ വിഭാഗത്തിൽപ്പെട്ട മററു ഘടകങ്ങളെ വളർത്തുകയും താലോലിക്കുകയും ചെയ്യുന്ന നയമാണ് കമ്പനി അതിൻെറ ആധിപത്യം ഉറപ്പിക്കുവാൻ ഇവിടെ പിന്തുടർന്നത്. ചില ഘടകങ്ങൾ ഇവിടെ ''അഞ്ചാംപത്തി''യായി പ്രവർത്തിച്ചുവെന്ന് ചുരുക്കം. ദേശസ്നേഹവും മൂല്യങ്ങളും ഈ വിഭാഗത്തിന്ന് അത്രയൊന്നും പ്രസക്തമായിരുന്നില്ല. കമ്പനി ബംഗാളിൽ സ്ഥിരനികുതിവ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ട് സമുന്നതമായ ഒരു സഹായക വർഗത്തെ ഉണ്ടാക്കിയതുപോലെ, മലബാറിൽ ഈ വിഭാഗക്കാരുടെ പ്രത്യേക താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും അവരെ മണ്ണിൽ പൂർണ്ണാധികാരമുള്ള ജൻമിമാരാക്കിക്കൊണ്ടും കമ്പനി തങ്ങളുടെ കൂടെ നിർത്തി. ഇവിടുത്തെ ജന്മിത്തം സാമ്രാജ്യത്വത്തിൻെറ സന്തതിയാണെന്ന് പറഞ്ഞുവന്നിരുന്നത് ഈ പശ്ചാത്തലത്തിലാണ്. മുൻ നാടുവാഴികൾക്ക് അവർ കമ്പനിയോട് സൗഹാർദത്തിൽ വർത്തിക്കുന്നിടത്തോളം കാലം 1804—ൽ കമ്പനി മാലിഖാൻ അനുവദിച്ചുകൊടുക്കുകയും ചെയ്തു.

## കൂലിപ്പട്ടാളം

ഭൂമിയും ആധിപത്യവും ഒന്നുമില്ലാത്ത താഴെക്കിടക്കാർക്കിടയിലും വമ്പിച്ച പരിവർത്തനങ്ങൾ ഈ അവസരം നടക്കുകയുണ്ടായി. തങ്ങളുടെ നാടുവാഴിയെ യുദ്ധത്തിൽ സഹാ

യിക്കുകയെന്നത് നായൻമാരുടേയും തിയ്യരുടേയും മററും പരമ്പരാഗതമായ കർത്തവ്യമായിരുന്നു. അതിൻെറ പ്രതിഫലം നികുതി കൊടുക്കാതെ അനുഭവിച്ചിരുന്ന ഭൂമിയും ഓണം, വിഷു തുടങ്ങിയ അവസരങ്ങളിൽ ലഭിച്ചിരുന്ന വസ്ത്രങ്ങളും മററവകാശങ്ങളും മാത്രമായിരുന്നു. കൃത്യമായ ശമ്പളമെന്നൊരു സമ്പ്രദായം നാടുവാഴിത്തരീതിയിൽ നിലനിന്നിരുന്നില്ല. കമ്പനിയാകട്ടെ മാസശമ്പളത്തിൽ കൂലിപ്പട്ടാളത്തെ ഇതേ മണ്ണിൽ നിന്നും റിക്രൂട്ട് ചെയ്യുവാൻ തുടങ്ങി. അങ്ങനെ നായർപട്ടാളവും, തിയ്യപട്ടാളവും, മാപ്പിളപട്ടാളവും, അതിൻെറ മേൽനോട്ടം വഹിക്കുന്ന അതാതു ജാതിക്കാരായ ജമേദാർമാരും സുബേദാർമാരും മററും കമ്പനിയുടെ കേപ്ററൻമാരുടെ കീഴിൽ പഴശ്ശിസമരങ്ങൾ അടിച്ചമർത്തുവാൻ പടവെട്ടുന്നതാണ് നാം കാണുന്നത്. ജാതിയടിസ്ഥാനമാക്കി സൈന്യത്തെ വേർതിരിച്ചുകൊണ്ട് ജാതിപരമായ വികാരങ്ങളെക്കൂടി സാമ്രാജ്യത്വം കെട്ടിപ്പടുക്കാൻ കമ്പനി ഉപയുക്തമാക്കി. ഒരു വിഭാഗം തറവാടുകളും ഇടപ്രഭുക്കളും കമ്പനിപക്ഷത്തു ചേർന്നതുപോലെ, അദ്ധ്വാനശക്തി മാത്രം കൈമുതലായുള്ള ഈ നായൻമാർക്കും തിയ്യൻമാർക്കും മാപ്പിളമാർക്കും മാസശമ്പളം കിട്ടുന്ന കമ്പനിയുടെ കൂലിപ്പട്ടാളത്തിലെ ജോലി അഭികാമ്യമായിത്തീർന്നു. വെറും കൂലിപ്പട്ടാളക്കാരായ ഇവർക്ക് പെൻഷനും ആനുകൂല്യങ്ങളും ഒന്നും ഉണ്ടായിരുന്നില്ല. തല ബാക്കിനില്ക്കുന്നേടത്തോളം കാലം ജീവിതവൃത്തി നടക്കുമല്ലോ എന്നു കരുതിയ ഈ വിഭാഗം കമ്പനിയെ സഹായിച്ചു. കോല്ക്കാരൻമാരുടെ ഒരു പ്രത്യേക അർദ്ധസൈനികവിഭാഗം കമ്പനി ഇവിടെ സംഘടിപ്പിച്ചതു പഴശ്ശിസമരങ്ങളുടെ പശ്ചാത്തലത്തിൽ ആയിരുന്നു. ഇതേ നാണയത്തിൻെറ മറെറാരു വശമുണ്ട്. കമ്പനിയുടെ ആയുധങ്ങളും വെടിമരുന്നും ചുമക്കുവാൻ ആളുകളെ കിട്ടാതെ അവർ വിഷമിച്ച അവസരങ്ങളും രേഖകളിൽ കാണാവുന്നതാണ്.

**കാർഷികബന്ധങ്ങൾ**

കമ്പനിയും അവരുടെ അനുയായികളും വർദ്ധിച്ച നികുതി പിരിച്ചപ്പോഴും കുരുമുളക്, ഏലം തുടങ്ങിയവ മുഴുവൻ

കമ്പനിയുടെ കുത്തകയാക്കി മാററിയപ്പോഴും കർഷകർക്ക് അത്യന്തം സാമ്പത്തിക വിഷമങ്ങൾ സഹിക്കേണ്ടിവന്നു. അവർ പലരും തങ്ങളുടെ കൃഷിസ്ഥലങ്ങളുപേക്ഷിച്ച് കാടുകളിൽ അഭയം തേടി. കമ്പനിയുടെ ശക്തി മുഴുവനു പയോഗിച്ച് അടിച്ചമർത്തിയ പഴശ്ശിസമരങ്ങൾ വീണ്ടും മലബാറിൽ ആളിക്കത്തിയത് മക്ലിയോഡിൻെറ നാണയമൂല്യശോഷണം നടപ്പിൽ വരികയും അതനുസരിച്ച് നികുതിസംഖ്യ അഞ്ചിലൊരംശം വീണ്ടും ബാക്കി നില്ക്കുന്നുവെന്ന് സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തതിന്നു ശേഷമായിരുന്നു. കമ്പനിഭരണകേന്ദ്രത്തിൽ തന്നെയുള്ള കോഴിക്കോട് ജെയിൽ, കലാപകാരികൾ അല്പസമയമെങ്കിലും പിടിച്ചെടുക്കുകയും തടവുകാർ മിക്കവരും രക്ഷപ്പെടുകയും മററും ചെയ്ത സംഭവവികാസങ്ങൾ ഈ പശ്ചാത്തലത്തിലായിരുന്നു. പക്ഷെ റിക്കാർഡ് നികുതി പൂർവ്വാടിസ്ഥാനത്തിലാക്കുകയും, വിളവിൽനിന്നും കർഷകന്നു ലഭിക്കേണ്ട വിഹിതം ക്ലിപ്തപ്പെടുത്തുകയും ചെയ്തപ്പോൾ കർഷകരുടെ സമരപങ്കാളിത്തം ക്രമത്തിൽ കുറഞ്ഞുവരുന്നതും രേഖകൾ വ്യക്തമാക്കുന്നു. അങ്ങനെ നോക്കുമ്പോൾ പഴശ്ശിസമരങ്ങൾ നാടുവാഴിത്ത ഘടകങ്ങളുടെ നേതൃത്വത്തിലുള്ള കാർഷികകലാപങ്ങളായിരുന്നുവെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. ബ്രിട്ടീഷാധിപത്യത്തിന്നെതിരായി ഇന്ത്യയിലെങ്ങും എല്ലാ കാലത്തും ഇത്തരം കാർഷികകലാപങ്ങൾ നടക്കുകയുണ്ടായിട്ടുണ്ട്. പലപ്പോഴും അവയുടെ നേതൃത്വം, പ്രത്യേകിച്ചും പത്തൊമ്പതാം നൂററാണ്ടിൽ, പരമ്പരാഗതമായ നാടുവാഴിത്ത ഘടകങ്ങളാണ് ഏറെറടുത്തിട്ടുള്ളത്.

പഴശ്ശിരാജാവിൻെറ വ്യക്തിത്വം, ഈ സമരങ്ങളിൽ കമ്പനിയാധിപത്യത്തെ ചെറുത്തുനില്ക്കുവാൻ മുന്നോട്ടുവന്ന ഘടകങ്ങൾക്ക് നേതൃത്വം നല്കിയെന്നതും ക്രമത്തിൽ മറെറല്ലാവരും. പിന്തിരിഞ്ഞപ്പോഴും താൻ പിന്തുടർന്ന മാർഗ്ഗത്തോടു ഏററവും വലിയ വിശ്വസ്തത പുലർത്തിയെന്നതുമാണ്.

## അനുബന്ധം

### പഴശ്ശിസമരങ്ങൾ — കോഴിക്കോട്ടു പട്ടണത്തിൽ

(പഴശ്ശിസമരങ്ങൾ 1803-ൽ കോഴിക്കോട്ടു പട്ടണത്തിൽ വ്യാപിക്കുന്നതിന്നും അവിടുത്തെ ജയിൽ തുറന്നുവിടുന്നതിനും ഇടയാക്കി. ഈ സംഭവങ്ങളെ വ്യക്തമാക്കുന്ന രണ്ടു രേഖകളുടെ പരിഭാഷയാണിവിടെ കൊടുക്കുന്നത്).

1

ഗവൺമെൻറിൻെറ ചീഫ് സെക്രട്ടറിയ്ക്ക്,
ഫോർട്ടു സെൻറ് ജോർജ് (മദ്രാസ്)

സർ,

വയനാട്ടിൽനിന്നും എമ്മൻ നായർ ഇറങ്ങി വന്നതുമുതൽ അയൽപ്രദേശങ്ങളിൽ കലാപകാരികളുടെ ശക്തി വളരെ വേഗം വർദ്ധിച്ചുവരികയാണ്. ഏതാണ്ട് ആയിരം പേരോളം വരുന്ന അവരുടെ ഒരു കൂട്ടം ഈ പട്ടണത്തിൻെറ ഒമ്പതോ പത്തോ നാഴികയ്ക്കുള്ളിൽ എത്തിയിരിക്കുകയാണെന്ന് റിപ്പോർട്ട് ലഭിച്ചിരിക്കുന്നു. അവർ ഇവിടം സന്ദർശിക്കുമെന്ന് ഭയപ്പെടുത്തുന്നു. ഈ സ്റേറഷൻെറ 250—ലധികം വരാത്ത ശിപ്പായികൾ മാത്രമുള്ള ദുർബ്ബലമായ നില അവരെ ഒരുപക്ഷെ അത്തരമൊരു ശ്രമത്തിന് പ്രോൽസാഹിപ്പിക്കുകയും ചെയ്യും.

അതിനാൽ ഈ സായുധപ്രക്ഷോഭം ആദ്യന്തം ഗൌരവമായിട്ടുള്ളതാണെന്നും, അത് തടയുവാൻ കൂടുതൽ ശക്തമായ ഒരു പോഷകസൈന്യം ആവശ്യമാണെന്നും പരിഗണിക്കേണ്ടിയിരിക്കുന്നു. വടക്കൻ അതിർത്തിയിലേക്കുള്ള (നമ്മുടെ) വലിയ സൈന്യത്തിൻെറ നീക്കം കലാപകാരികൾ തങ്ങളുടെ കാര്യം പിന്താങ്ങുന്നതിനുള്ള ശക്തമായ പോംവഴിയാക്കി ഉപയോഗിക്കുകയാണ്.

ആദരപൂർവ്വം സാർ, അങ്ങയുടെ
വിശ്വസ്ത സേവകൻ -
വില്യം മക്ലിയോഡ്,
പ്രിൻസിപ്പൽ കളക്ടർ.

കാലിക്കററ്,
28 ഫെ.1803

2

ഗവൺമെൻറിൻെറ ചീഫ് സെക്രട്ടറിയ്ക്ക്,

ഫോർട്ട് സെൻറ് ജോർജ് (മദ്രാസ്)

സർ,

ബഹുമാനപ്പെട്ട കൌൺസിൽ അദ്ധ്യക്ഷനവർകളുടെ (ഗവർണ്ണർ) അറിവിലേക്കായി. ഇന്നലെ ഏതാണ്ടു വൈകുന്നേരം 4 മണിയോടെ ഇവിടുത്തെ ജയിലിലെ തടവുകാരെല്ലാവരും, ഭൂരിഭാഗം ജയിൽ കാവല്ക്കാർ ഹാജരില്ലാത്തപ്പോഠം അവരുടെ ആയുധങ്ങഠം പിടിച്ചെടുക്കുവാൻ ഒരവസരം കണ്ടെത്തുകയും സ്ഥലത്തുള്ളവരെ വധിച്ചുകൊണ്ട് ജയിൽ പൂർണ്ണമായും കയ്യടക്കുകയും ചെയ്തിട്ടുള്ളതായി, താങ്കഠംക്ക് റിപ്പോർട്ട് ചെയ്യേണ്ടി വന്നിരിക്കുന്നു.

സ്ഥലത്തുണ്ടായിരുന്ന സിവിൽ വിഭാഗത്തിലുള്ള ഓഫീസർമാരും മററു മാന്യൻമാരും തങ്ങളാൽ കഴിയുന്ന വിധത്തിലുള്ള എല്ലാവിധ നീക്കവും ജയിൽ പിടിച്ചെടുക്കുവാനും ഉള്ളിലുള്ളവർ രക്ഷപ്പെടുന്നത് തടയുവാനും നടത്തിയെങ്കിലും, ശിപ്പായിമാരുടെ പരിചയമില്ലായ്മ കൊണ്ടും അവരുടെ അംഗസംഖ്യ ചെറുതായതുകൊണ്ടും പ്രക്ഷോഭകാരികളുടെ സാഹസികപ്രവർത്തനവും കാരണം വിജയിച്ചില്ല. കൂടാതെ ജയിൽ കാവൽക്കാരുടേതായ വേണ്ടത്ര ആയുധങ്ങളും വെടിമരുന്നും പ്രക്ഷോഭകാരികഠംക്ക് ലഭിച്ചിരുന്നു. ജയിലിൻെറ നിർമ്മാണം തന്നെ പുറത്തുനിന്നുള്ള ഒരാക്രമണത്തിനു വഴി വെക്കാത്തതും പിന്തിരിപ്പിക്കുന്നതും ആയ രീതിയിലാണ്.

ആത്യന്തികമായ മറെറാരു പോംവഴി ശിപ്പായിമാരും ഉദ്യോഗസ്ഥൻമാരും രാത്രി 11 മണിയോടെ ഉള്ളിലേക്കു കടന്ന് പ്രധാന വാതിലിന്നു തീവെക്കുകയെന്നത് മാത്രമായിരുന്നു.

തടവുകാരിൽ വലിയൊരു വിഭാഗം ചുമരിലുണ്ടാക്കിയ ഒരു വിടവിലൂടെ രക്ഷപ്പെട്ടു. അത് തടഞ്ഞുനിർത്തുവാനും തടവുകാരിൽ രക്ഷപ്പെടുന്നവരെ എതിർത്തുനില്ക്കുവാനും വേണ്ടി കിട്ടാവുന്നത്ര ശിപായിമാരെ നിയോഗിച്ചിരുന്നുതാനും.

തടവുകാരുടെ ആകെ എണ്ണം 210; അതിൽ 40 പേർ വധിയ്ക്കപ്പെട്ടു; 38 പേരെ പിടിച്ചെടുത്തു; ബാക്കിയുള്ളവർ രക്ഷപ്പെട്ടുവെന്ന് കരുതേണ്ടിയിരിക്കുന്നു.

ഓഫീസർ കമാൻഡിങ്ങ് കാപ്റ്റൻ കാർസെല്ലിസും അദ്ദേഹത്തിൻെറ കീഴിലെ സബാൾട്ടേണും സാദ്ധ്യമായ എല്ലാ വിധ പ്രയോഗങ്ങളും തടവുകാർ രക്ഷപ്പെടുന്നത് തടയുവാനായി നടത്തിയിരുന്നു. കാപ്റ്ററനു അല്പം മുറിവേററിട്ടുമുണ്ട്.

സ്ട്രാച്ചി, ബാബർ റീഡെററ്, ഡോക്ടർ വിൽസൺ എന്നിവരും ഇതേ ലക്ഷ്യം നേടുവാനായി തങ്ങളുടെ ജീവനെക്കൂടി വിലവെയ്ക്കാതെ കഴിയുന്നത്ര ധൈര്യത്തോടെ പ്രയത്നിച്ചിരുന്നു.

ഈ വിപത്ത് അയൽ പ്രദേശങ്ങളിലെ കലാപങ്ങളെ ശക്തിപ്പെടുത്തുകയും അവ അത്യന്തം ഗൌരവമായിത്തീരുകയും ഈ പട്ടണത്തെ ഭീഷണിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മേജർ ഹൗഡൻെറ സൈന്യവിഭാഗം ഇന്നുതന്നെ ഇവിടെ അടുത്തു കഴിഞ്ഞിരിക്കുമെന്നാണെൻെറ പ്രതീക്ഷ.

ആദരപൂർവ്വം സർ, അങ്ങയുടെ
വിശ്വസ്തസേവകൻ
വില്യം മക്ലിയോഡ്,
പ്രിൻസിപ്പൽ കളക്ടർ.

കാലിക്കററ്,
2 മാർച്ച് 1803

[നാഷനൽ ആർക്കൈവ്സ്, ന്യൂഡൽഹി. ഫോറിൻ ഡിപ്പാർട്ട്മെൻറ്, സീക്രററ് കൺസൾട്ടേഷൻസ്—37—40, 14 മെയ് 1803.]

3

# മലബാറിലെ യൂറോപ്യൻ മൂലധന നിക്ഷേപങ്ങൾ

മൂന്നാം മൈസൂർ യുദ്ധത്തിന്റെ അവസാനത്തോടെ 1792–ൽ മലബാറിന്റെ രാഷ്ട്രീയ പരമാധികാരം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കു വിട്ടുകിട്ടി. തുടർന്നുള്ള വർഷങ്ങൾ ഇവിടുത്തെ രാജാക്കന്മാരുമായി നികുതിപിരിവും ഭരണവും വ്യവസ്ഥചെയ്യുന്നതിന്നുള്ള ഏർപ്പാടുകളിലായിരുന്നു കമ്പനി ശ്രദ്ധിച്ചത്. ഈ വ്യവസ്ഥകൾ ജനപ്രക്ഷോഭങ്ങൾക്കും പഴശ്ശികലാപങ്ങൾക്കും കാരണമായി. അതിനാൽ ഈ ഘട്ടത്തിൽ പ്രധാനമായ മൂലധന നിക്ഷേപങ്ങളൊന്നും തന്നെ മലബാറിൽ ആരംഭിക്കുകയുണ്ടായില്ല.

## അഞ്ചരക്കണ്ടിയിലെ തോട്ടങ്ങൾ

ബോംബെ ഗവർണ്ണറായ ജോനാതൻ ഡങ്കനെ സ്വാധീനിച്ചുകൊണ്ടു കമ്പനിയുടെ കീഴിൽ മാഹിയിലെ ഒരുദ്യോഗസ്ഥനായിരുന്ന മർഡോക്കു ബ്രൗൺ തലശ്ശേരിക്കടുത്തുള്ള അഞ്ചരക്കണ്ടിയിൽ കമ്പനിയുടെ മൂലധനത്തിൽ കറപ്പ, ചന്ദനം, കുരുമുളക്, കാപ്പി, പരുത്തി, ഏലം തുടങ്ങിയ കാർഷികോല്പന്നങ്ങൾക്കായി ഒരു പ്ലാൻടേഷൻ ആരംഭിച്ചു. കമ്പനിയുടെ മൂലധനമുപയോഗിച്ചുകൊണ്ട് ദക്ഷിണേന്ത്യയിലാരംഭിച്ച ആദ്യത്തെ പ്ലാന്റേഷൻ ഇതാണെന്ന് പറയപ്പെടുന്നു. ലണ്ടനിലെ കോർട്ട് ഓഫ് ഡയറക്ടർമാർക്കു ഈ പദ്ധതി സ്വീകാര്യമല്ലെങ്കിൽ കമ്പനി ചെലവഴിച്ച പണവും പലിശയും മടക്കിക്കൊടുക്കാമെന്നും തോട്ടം താനും സഹായകനായിരുന്ന

ദീനിയർ എന്ന ഫ്രഞ്ചുകാരനും കൈവശം വച്ചുകൊണ്ട് കമ്പനിക്കു ന്യായമായ പാട്ടം നല്കുന്നതാണെന്നും (ഡിസംബർ 3/1797) ബ്രൌൺ എഴുതിക്കൊടുത്തു. കമ്പനി, തോട്ടത്തിൻെറ മാനേജരും ഓവർസിയറുമായി ബ്രൌണിനെ മാസം 800 ക. ശമ്പളത്തിൽ നിശ്ചയിച്ചു.

ഏതാണ്ട് 200 ഏക്കർ സ്ഥലത്തായിരുന്നു തോട്ടം ആരംഭിച്ചതെങ്കിലും പിൽക്കാലത്ത് നാട്ടുകാരുടെ സ്ഥലം പിടിച്ചെടുത്തുകൊണ്ട് 3000 ഏക്കറായി അതു വ്യാപിപ്പിക്കുകയുണ്ടായി. തോട്ടത്തിൻെറ വർദ്ധിച്ചുവരുന്ന ചെലവുകൾക്കു പണമനുവദിക്കുവാൻ കോർട്ട് ഓഫ് ഡയറക്ടർമാർ വിസമ്മതിക്കുകയാൽ പിന്നീടു മദ്രാസ് ഗവർമ്മെണ്ട് (30 ഏപ്രിൽ, 1817) ബ്രൌണിനു 99 വർഷത്തേക്കു ചാർത്തിക്കൊടുക്കുകയും 2257ക. തോട്ടത്തിൻെറ വാർഷിക നികുതിയടക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. കമ്പനി മൂലധനം വക 20000ക. ആറു ഗഡുക്കളായി ബ്രൌൺ തിരിച്ചടച്ചു കഴിഞ്ഞിരുന്നു. പക്ഷെ 1821-ൽ ബ്രൌൺ 36800ക. കമ്പനിക്കടക്കേണ്ടതു വീഴ്ച ചെയ്യുകയാണുണ്ടായത്. അങ്ങിനെ ലോകത്തിലെ ഏററവും വലിയ ഈ കറപ്പതോട്ടം കമ്പനി സിലോണിൽ നിന്നും മററും വരുത്തിയ വിദഗ്ദ്ധ ജോലിക്കാരുടെ മേൽനോട്ടത്തിലായിരുന്നു വളർത്തപ്പെട്ടത്. തോട്ടം കമ്പനിയെ സംബന്ധിച്ചു ഭീമമായ പരാജയമായിരുന്നു. ബ്രൌണിനെ സംബന്ധിച്ചു വിജയവും.

## പട്ടുനൂൽ വ്യവസായം

പഴശ്ശികലാപവും കുറിച്ച്യകലാപവും മററും അവസാനിക്കയും കമ്പനിയാധിപത്യം പൂർണ്ണമായും സ്ഥാപിക്കപ്പെടുകയും ചെയ്തപ്പോൾ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറിൽ പുതിയ മൂലധനനിക്ഷേപങ്ങൾക്കായി പലരും മുമ്പോട്ടുവന്നു. ഇവയിൽ പ്രധാനം ചോമ്പാലിൽ ആരംഭിക്കയുണ്ടായ വലിയ തോതിലുള്ള പട്ടുനൂൽപ്പുഴുവളർത്തലായിരുന്നു. യൂറോപ്പിൽ പട്ടുനൂലിനുണ്ടായിരുന്ന

ആവശ്യമായിരുന്നു ഈ പുതിയ മൂലധനനിക്ഷേപത്തിലേക്ക് വ്യക്തികളുടെ ശ്രദ്ധ തിരിച്ചുവിട്ടത്. ബൈഗോൺ ദിലൂർമ് എന്ന ഫ്രഞ്ചുകാരൻ ഫ്രഞ്ചുസഹായത്തോടെ മാഹിയിൽ ഒരു മരംബ്റിത്തോട്ടം സ്ഥാപിച്ചു പുഴുക്കളെ വളർത്തിയിരുന്നു. ഏററവും മേന്മയേറിയ നൂലായിരുന്നു ഉല്പാദിപ്പിച്ചിരുന്നത്. അയാരം കടത്തനാട്ടിലേക്ക് താമസം മാററിക്കൊണ്ട് അവിടെ ഈ വ്യവസായം ആരംഭിക്കുവാൻ മദ്രാസ് ഗവർമ്മേണ്ടിനോടപേക്ഷിച്ചു. വളരെയധികം ആളുകരംക്ക് ജോലി നൽകുമെന്നുള്ളതിനാൽ ജില്ലാകളക്ടർ ഈ അപേക്ഷ ശുപാർശ ചെയ്യുകയും മദ്രാസ് ഗവൺമെൻറ് 1833—ൽ അതനുവദിക്കുകയും ചെയ്തു. ഈ അവസരം കർസത്ജി മുൻജർജി എന്ന പാർസി 350 ഏക്കർ ഭൂമി കടത്തനാട്ടുരാജാവിൽനിന്നും മുപ്പതുറുപ്പിക വാർഷിക പാട്ടത്തിന്ന് മരംമ്പറികൃഷിക്കായി ചാർത്തിവാങ്ങി. പാർസിക്കു കൃഷിക്കാവശ്യമായ സഹായങ്ങരം ചെയ്തുകൊടുത്തത് ദിലൂർമ് ആയിരുന്നു. കമ്പനി അയാരംക്ക് 3000 ക. കടം അനുവദിക്കുകയും ചെയ്തു. മുൻജർജിയുടെ ഭൂമി 21 വർഷം നികുതിയിൽനിന്നും അവിടെയുണ്ടാകുന്ന അസംസ്കൃത പട്ട് 15 വർഷം ഡ്യൂട്ടിയിൽനിന്നും കമ്പനി ഒഴിവാക്കിക്കൊടുത്തു. മാർത്തെലി എന്ന ഇററാലിയനും ഇതേ അവസരം ചോമ്പാലിൽ താമസിക്കുവാനും പട്ടുനൂൽ ഫാക്ടറി നടത്തുവാനും അനുവാദത്തിന്നപേക്ഷിക്കുകയുണ്ടായി. കമ്പനി അതനുവദിക്കുകയും ചെയ്തു. ഇങ്ങനെ ചോമ്പാലിൽ ചെറിയ തോതിലെങ്കിലും ആരംഭിച്ച യൂറോപ്യന്മാരുടേയും പാർസികളുടെയും മൂലധനനിക്ഷേപം വഴിയാരംഭിച്ച ഈ വ്യവസായം എങ്ങിനെ മൺമറഞ്ഞു എന്നതിനെപ്പററി അറിയാൻ കഴിയുന്നില്ല.

## ബാസൽ മിഷൻ ഫാക്ടറികൾ

പിന്നീട് മലബാറിൽ നടന്ന പ്രധാന യൂറോപ്യൻ മൂലധനനിക്ഷേപം ബാസൽ മിഷൻെറ വകയായിരുന്നു. മിഷനറി പ്രവർത്തനങ്ങരംക്കായി സ്വിററ്സർലണ്ടിൽ 1815—ൽ ആരംഭിച്ച ബാസൽ മിഷൻ എന്ന സംഘടനയുടെ ഒരു പ്രധാന

ഘടകമായിരുന്നു 'മിഷൻസ് ഹാൻഡൽസ് ഗെസൽ ഷാഫ്ററ്' അഥവാ മിഷൻ ട്രേയിഡിങ്ങ് കമ്പനി. തലശ്ശേരിയിലെ നെട്ടൂർ കേന്ദ്രമാക്കി ഡോ. ഗുണ്ടർട്ടിൻെറ പ്രവർത്തനങ്ങളാരംഭിച്ചതോടെ മലബാറിൽ മിഷൻെറ പ്രവർത്തനങ്ങൾ വ്യാപിച്ചുവന്നു. അതോടൊപ്പംതന്നെ മിഷൻ ട്രേയിഡിങ്ങ് കമ്പനിയുടെ പ്രവർത്തനങ്ങളും ആരംഭിക്കുകയുണ്ടായി. നെയ്ത്തു കമ്പനികളിലും ഓട്ടുകമ്പനികളിലുമായിട്ടായിരുന്നു ഈ മൂലധനനിക്ഷേപം. മലബാറിലെ ബാസൽ മിഷൻ മൂലധനനിക്ഷേപത്തെപ്പററി അറിയപ്പെടുന്ന പഠനങ്ങളൊന്നും ലഭിച്ചിട്ടില്ല. കണ്ണൂര്, തലശ്ശേരി, കോഴിക്കോട്, ഫറോക്ക്, കോട്ടക്കൽ തുടങ്ങിയ കേന്ദ്രങ്ങളിലായിരുന്നു മിഷൻെറ നെയ്ത്തുകമ്പനികളും ഓട്ടുകമ്പനികളും സ്ഥിതിചെയ്തത്.

## വയനാട്ടിലെ എസ്റേററുകൾ

ഈ അവസരം വയനാടൻപ്രദേശങ്ങളിലും തോട്ടങ്ങൾ സ്ഥാപിക്കാനുള്ള പരിശ്രമങ്ങളും ആരംഭിച്ചത് കാണാം. ഈസ്റ്റിന്ത്യാ കമ്പനിയുടെ വിദഗ്ദ്ധനായ ഒരു ക്യാപ്ററൻ ബെവാൻ 1830–ന് മുമ്പുതന്നെ കാപ്പികൃഷിക്കായി ഒരു എസ്റേററ് മാനന്തവാടിയിൽ തുടങ്ങിയിരുന്നു. ഈ തോട്ടവും ഡേവിഡ് പ്യൂഗിൻെറ മറെറാരു തോട്ടവും 1830–നും 1840–നുമിടയിൽ മെസ്സേഴ്സ് പാരിഡെയർ ആൻറ് കമ്പനി വിലക്കുവാങ്ങുകയും ആ കമ്പനിയുടെ കീഴിൽ 1841 മുതൽ 'വയനാട് കാഫി പ്ലാൻേറഷൻ' ആരംഭിക്കുകയും ചെയ്തു. കൂടാതെ മാസിസ് എലിസബത്ത് ഗാള്ളിൻെറ ചെവിയോത്ത് എസ്റേററിൻെറ അവകാശങ്ങളും അവർ വിലക്കുവാങ്ങി. ഇതോടെ വ്യക്തികളുടെയും അംഗീകൃത കമ്പനികളുടെയും മൂലധനം പ്ലാൻേറഷൻ രംഗത്ത് വയനാട്ടിൻ കൂടുതൽ കൂടുതൽ നിക്ഷിപ്തമാവാൻ തുടങ്ങി. ബേലു ചാത്തുനായർ ചില കുന്നുകൾ 1859–ൽ അലക്സാണ്ടർ റോമിങ്ങ്ടൺ, ജെയിംസ് ബ്യൂസി, ഹെൻറി ഡുറാൻസ്, കാർട്ടുറൈററ് എന്നിവർക്ക് ചാർത്തി ക്കൊടുക്കുകയും അവർ കാപ്പികൃഷി ചെയ്യുകയും ചെയ്തു.

ഇതാണ് ചുണ്ടയിൽ എസ്റ്റേററിന്റെ ആരംഭം. അതുപോലെ 1839–ൽ കുറച്ച് ഭൂമിതന്നെ ചെറങ്ങാട്ട് ചാത്തുക്കിടാവ് ആൽഫ്രഡ് റൈററിന് ചാർത്തിക്കൊടുക്കുകയും അത് വെൻറ് വർത്ത് എസ്റ്റേററിന്റെ തുടക്കം കുറിക്കുകയും ചെയ്തു. ചാത്തുക്കിടാവുതന്നെ 1859–ൽ ചന്ദൻബത്തമലയുടെ ഒരു ഭാഗം പതിച്ചുകൊടുത്തു. ഇതേപ്രകാരം 1864–ൽ ആനോത്ത് എമ്മുനായർ പറഞ്ഞോടിയൻ കുന്നും, ചെറിയ പറഞ്ഞോടിയൻ കുന്നും ചാറംസ് സ്മിത്ത്മൂണിന്നു ചാർത്തിക്കൊടുത്തു. മൂൺ ചില ഭാഗങ്ങൾ ആർ. കെ. വാർക്കർക്കു വില്ക്കുകയും വാർക്കർ 1884–ൽ അതു ചായത്തോട്ടമായി വികസിപ്പിക്കുകയും ചെയ്തു.

## പുതിയ ജോയിൻറ് സ്റേറാക്ക് കമ്പനികൾ

പത്തൊമ്പതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാർഷികോല്പന്നങ്ങളുടെ ഉല്പാദനവും വ്യാപാരവും സംബന്ധിച്ചുള്ള പ്രധാന കമ്പനികളും, മലബാറിലേക്കു ആകൃഷ്ടരായിത്തീർന്നു. കാപ്പി സംസ്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ 1862-ൽ കോഴിക്കോട്ടും 1870-ൽ തലശ്ശേരിയിലും പിയേഴ്സ് ലെസ്ളി കമ്പനി ആരംഭിച്ചു. സ്ഥാപകരായ ആർ. എച്ച്. പിയേഴ്സും പാട്രിക് ലെസ്ലിയും 1862-ലാണ് ഇതൊരു ജോയിൻറു സ്റേറാക്കു കമ്പനിയായി രൂപീകരിച്ചത്. പിയേഴ്സ് തന്റെ പാർട്ട്ണർ ആയി 1874–ൽ ഡി. എസ്. ഗിൽക്കിസനെ സ്വീകരിച്ചു. ഇവിടെ പ്രവർത്തിച്ച ശ്രദ്ധേയമായ മററു കമ്പനികൾ വോൾക്കാട്ടു ബ്രദേഴ്സും ആസ്പിൻവാൾ ആൻഡ് കമ്പനിയുമാണ്. പിയേഴ്സ് ലെസ്ലി ഇരുപതാം നൂററാണ്ടിൽ മലബാറിൽ മാത്രമല്ല ഇന്ത്യയിൽ പലേടത്തും ചായ, കാപ്പി, റബർ തുടങ്ങിയ തോട്ടങ്ങൾ തങ്ങളുടെ ഉടമസ്ഥതയിൽ കൊണ്ടുവരികയുണ്ടായി. ഇങ്ങിനെ 1832-ൽ വാങ്ങിയതാണ് ചെമ്പ്ര പീക്ക് എസ്റേററ്.

ഇരുപതാം നൂററാണ്ടിൽ ചെറിയ ചെറിയ എസ്റ്റേററുകളും മററും വിലക്കു വാങ്ങിക്കൊണ്ടു പ്രധാനമായും നിലവിൽ

വന്ന കമ്പനികൾ ദി ഈസ്ററിന്ത്യൻ ടീ ആൻഡ് പ്രൊഡ്യൂസ് ലിമിററഡ്, ദി മേപ്പാടി വയനാട് ടീ കമ്പനി, ദി വല്ലാർഡൈ ടീ എസ്റേററ് ലിമിററഡ്, ദി മലയാളം റബ്ബർ ആൻഡ് പ്രൊഡ്യൂസ് കമ്പനി, ദി റബർ പ്ലാൻേറഷൻസ് ഇൻവെസ്ററ്മെൻറ് ട്രസ്ററ് ലിമിററഡ് എന്നിവയാണ്.

## ഹാരിസൺ ആൻഡ് ക്രോസ്ഫീൽഡ് ലിമിററഡ്

മേൽപറഞ്ഞ കമ്പനികളിൽ പലതും 1921-ൽ ലിക്വിഡേററു ചെയ്തുകൊണ്ട് മലയാളം പ്ലാൻടേഷൻസ് ലിമിററഡ് (ഒരു സ്റെറർലിങ്ങ് കമ്പനി) രൂപീകരിച്ചു. ഈ പുതിയ കമ്പനി 1923-ൽ പെരുവന്താനം എസ്റേററും 1928-ൽ മൂപ്ലിവാലി റബർകമ്പനി ലിമിററഡും, 1934-ൽ പട്ടുമാലെ എസ്റേററും, 1935-ൽ പന്നിയാർ എസ്റേററും വാങ്ങുകയും ചെയ്തു. മലയാളം പ്ലാൻടേഷൻസ് കമ്പനി ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡ് ലിമിററഡ് കമ്പനിയുടെ ഉടമസ്ഥതയിൻ കീഴിലുള്ള ഒരു കമ്പനിയായി പ്രവർത്തിച്ചുവരുന്നു. ഹാരിസൺ ആൻഡ് ക്രോസ്ഫീൽഡ് ലിമിററഡ് ഒരു മൾട്ടിനാഷനൽ കമ്പനിയാണ്. ശ്രീലങ്കയിലെ ഹോപ്ററൺ എസ്റേററും ജാവയിലേയും സുമാത്രയിലേയും ചില ചായത്തോട്ടങ്ങളും ഇവയുടെ ഉടമസ്ഥതയിലാണ്. എഞ്ചിനീയറിങ്ങ് സാമഗ്രികൾ മുതൽ രാസവസ്തുക്കളടക്കം മരുന്നുകൾവരേയും, കൃഷിതുടങ്ങിവസ്ത്രങ്ങൾ വരേയും, ഇൻഷുറൻസ്, ഷിപ്പിങ്ങ് തുടങ്ങിയ മററു രംഗങ്ങളിലും പ്രവർത്തിക്കുന്ന 108 സബ്സിഡറി കമ്പനികളും 26 അസ്സോസിയേററഡ് കമ്പനികളുമുള്ള ഈ രാഷ്ട്രാന്തരീയ സ്ഥാപനത്തിൻെറ മൂലധനനിക്ഷേപം മലബാറിലും ഗണ്യമായ തോതിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് കാണാവുന്നതാണ്. ഇംഗ്ലണ്ടിലെ ലിവർപൂളിൽ 1844-ൽ എണ്ണായിരം പവൻ മൂലധനത്തോടെ ചായയും കാപ്പിയും കച്ചവടം നടത്താൻ തുടങ്ങിയ ഈ കമ്പനിയുടെ ആദ്യത്തെ പാർട്ട്ണർമാർ സഹോദരൻമാരായ ഡാനിയൽ, സ്മിത്ത് ഹാരിസൺ എന്നിവരും ജോസഫ് ക്രോസ്ഫീൽഡ് എന്ന മറെറാരാളുമായിരുന്നു. ഏഷ്യയിൽനിന്നു ചായവാങ്ങി ലിവർപൂളിൽവിററുകൊണ്ടിരുന്ന

ഈ സ്ഥാപനം പത്തു വർഷത്തിനു ശേഷം ലണ്ടനിലേക്കു മാററപ്പെട്ടു. സ്ഥാപനത്തിൻെറ ആദ്യത്തെ തോട്ടം 1894–ൽ ശ്രീലങ്കയിൽ വാങ്ങിയ ഹോപ്ടൺ ചായത്തോട്ടമായിരുന്നു. ഇതു വിജയത്തിൻെറ കഥയാണെങ്കിൽ പരാജയത്തിൻെറ കഥകൾ പറയുന്ന മററു കമ്പനികളും വയനാട്ടിൽ മൂലധനം നിക്ഷേപിച്ചതുകാണാം. പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ വയനാട്ടിൽ പ്രവർത്തിച്ചിരുന്ന സ്വർണ്ണക്കമ്പനികൾ ഇത്തരം പരാജയപ്പെട്ട പ്രയത്നത്തിൻെറ കഥകൾക്കു ഉദാഹരണമാണ്. വയനാട്ടിലുള്ള സ്വർണ്ണനിക്ഷേപമന്വേഷിക്കുന്നതിന്നായി 1865–ൽ എച്ച്. എൽ. സ്റേറൺ ഗവൺമെൻറിൽ നിന്നും അനുവാദം വാങ്ങി. ജി. ഈ. വിത്തേർസും ഈ പ്രയത്നത്തിലേർപ്പെട്ടു. വയനാട് പ്രോസ്പെക്ടിങ്ങ് കമ്പനിക്കു ലൈസൻസിന്നു വേണ്ടി ഹർജികൾ സമർപ്പിക്കപ്പെട്ടു. ദേവലായ്ക്കടുത്ത് സ്വർണ്ണശേഖരണത്തിനായി ആയിരം ഏക്കർ അൾഫാ ഗോൾഡ് മൈനിങ്ങ് കമ്പനി ചാർത്തിവാങ്ങി. ഈ കമ്പനി ലാഭവിഹിതത്തെപ്പററി വലിയ പ്രതീക്ഷയായിരുന്നു പുലർത്തിയിരുന്നത്. ആസ്ട്രേലിയയിലെ വിക്ടോറിയ ഖനികളിൽ ഒരു ടൺ അയിരു ശുദ്ധീകരിച്ചു 3 ഷില്ലിങ്ങ് ലാഭം കിട്ടുമ്പോൾ വയനാട്ടിലേത് 6 ഷില്ലിങ്ങ് 8 പെൻസായിരിക്കുമെന്നായിരുന്നു കണക്കുകൂട്ടൽ. ഒട്ടനേകം കമ്പനികൾ ഈ അവസരം വയനാട്ടിൽ പ്രവർത്തിച്ചു. വെൻറുവർത്ത് ഗോൾഡ്മൈനിങ്ങ് ആൻഡ് ഇന്ത്യൻ എസ്റേററ് കമ്പനി ലിമിററഡ്, ദി പ്രോവിഡണ്ട് ഗോൾഡ് മൈനിങ്ങ് കമ്പനി, വല്ലാ വല്ലാ വയനാട് ഗോൾഡ് മൈനിങ്ങ് കമ്പനി എന്നിവ അവയിൽ ചിലതാണ്. പക്ഷെ ഒരു കുമിളപോലെ ഇവയെല്ലാം പൊട്ടിപ്പിളർന്നു പോവുകയാണുണ്ടായത്.

ഈ വിധത്തിൽ ബ്രിട്ടീഷാധിപത്യത്തോടുകൂടി മലബാറിൽ യൂറോപ്യൻ മൂലധനനിക്ഷേപവും ഗണ്യമായി വളർന്നുവന്നു. സാമ്രാജ്യം അസ്തമിച്ചശേഷവും നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയെ ഗണ്യമായി സ്വാധീനിക്കുന്ന മൾട്ടിനാഷണൽ കമ്പനികളാണ് ഉൽപാദനരംഗത്തേയും വിപണനരംഗത്തേയും

കയ്യടക്കിയിട്ടുള്ളത്. ഓരോ വർഷവും സ്റ്റെർലിങ്ങ് രൂപത്തിൽ അവർ പമ്പുചെയ്തെടുക്കുന്ന വിഭവശക്തിയുടെ ചെറിയൊരു ഭാഗം പോലും അവരിവിടുത്തെ ക്ഷേമപദ്ധതികൾക്കായി ചെലവഴിക്കുകയോ രാജ്യത്തിന്റെ മൂലധനം വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്തുവരുന്നില്ല. തോട്ടവ്യവസായങ്ങൾ ദേശവൽക്കരിക്കണമെന്നുള്ള ആവശ്യം വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ളത് ഈ പശ്ചാത്തലത്തിലാണ". കാപ്പിറ്റലിസ്റ്റ് കാലഘട്ടത്തിലെ ഈ വൻശക്തികളേയും അവയുടെ പ്രവർത്തനങ്ങളേയും പററി വേണ്ടത്ര പഠനങ്ങൾ പോലും മലബാറിൽ നടന്നുകഴിഞ്ഞിട്ടില്ലെന്നതാണ് മറെറാരു സത്യം.

# 4

# ഇംഗ്ലീഷ് വിദ്യാഭ്യാസവും സാമൂഹ്യ പുരോഗതിയും മലബാറിലെ തിയ്യരിൽ

പതിനേഴാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽതന്നെ മലബാറുമായുള്ള ബ്രിട്ടീഷുകാരുടെ ബന്ധം തലശ്ശേരിയിൽ ഒരു ഫാക്ടറി സ്ഥാപിച്ചുകൊണ്ട് ആരംഭിച്ചിരുന്നുവെങ്കിലും പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യത്തിൽ മാത്രമാണ് രാഷ്ട്രീയ മായ ആധിപത്യം അവർക്കിവിടെ സ്ഥാപിക്കുവാൻ കഴിഞ്ഞത്. ബ്രിട്ടീഷാധിപത്യത്തിൻെറ ആദ്യദശകങ്ങൾ മലബാറിലെപരമ്പരാ ഗതമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശ്രദ്ധേയമായ വ്യതി യാനങ്ങളൊന്നും വരുത്തിയില്ല. ആധികാരിക രേഖകളുടെ ദൗർലഭ്യം കാരണം ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ധാരാളം വിഷമങ്ങളനു ഭവപ്പെടുന്നു. എങ്കിലും വിദേശഭരണത്തിൻ കീഴിൽ സാമ്പ ത്തികഘടനയിൽ വന്ന മാററങ്ങൾ പത്തൊമ്പതാം നൂററാണ്ടിൻെറ ആദ്യത്തെ പകുതിയിൽതന്നെ സാമൂഹ്യമേഖലയിൽ ഗണ്യ മായ മാററങ്ങൾ വരുത്തിയെന്നു കരുതേണ്ടിയിരിക്കുന്നു. പിൽക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം ഇത്തരം മാററങ്ങൾ ത്വരിതപ്പെടുത്തുകയും ഇവിടുത്തെ വിവിധ ജാതികൾക്കിടയിൽ സാമൂഹ്യചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

## യുറോപ്യൻ കേന്ദ്രങ്ങളും സാമ്പത്തിക മാററങ്ങളും

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർക്ക് ഗവൺമെൻറ് സർവീസിൽ മുൻഗണന ലഭിക്കുമെന്നുള്ള ഒരു പ്രഖ്യാപനം

1844-ൽ ഗവൺമെൻറ് പുറപ്പെടുവിച്ചു[1]. ഉദ്യോഗങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർക്കായി റിസർവ് ചെയ്തിരുന്നതിനാൽ പുതിയ വിദ്യാഭ്യാസം സർക്കാർ ഉദ്യോഗം നൽകുമെന്നുള്ള ഒരു സുരക്ഷാബോധം ഉളവാകാൻ സഹായിച്ചു. പക്ഷെ മലബാറിലെ ഉയർന്ന ജാതിക്കാർക്കിടയിൽ ഈ സ്ഥിതിവിശേഷം വേണ്ടത്ര പ്രതികരണമുണ്ടാക്കിയില്ല. പ്രാദേശിക ഭാഷയിലും വിദ്യാഭ്യാസത്തിലും ആശാവഹമായ ഒരു പശ്ചാത്തലം നിലനിർത്തിയിരുന്ന ബ്രാഹ്മണരും നായൻമാരും ജാതിപരമായ പരിമിതികൾ കാരണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്നായി കുതിച്ചോടിയില്ല. തൊട്ടുകൂടാൻ പാടില്ലാത്ത മററു താഴ്ന്ന ജാതിക്കാർ സാംസ്കാരികമായി വളർച്ച നേടാത്തവരും സാമ്പത്തികമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുവാൻ കഴിവില്ലാത്തവരും ആയിരുന്നു. അവരാകട്ടെ ഭാഷാപരമായ പ്രാദേശിക വിദ്യാഭ്യാസപദ്ധതിയിൽ ഉൾപ്പെട്ടിരുന്നുമില്ല. മലബാറിലെ തിയ്യരാകട്ടെ ഇവിടുത്തെ ജാതിപരമായതും പടിപടിയായതുമായ സാമൂഹ്യഘടനയിൽ പതിതരും അവർണരും ആയിരുന്നെങ്കിലും സംസ്കൃതത്തിലും മററു പഠനങ്ങളിലും പരമ്പരാഗതമായ ഒരു പശ്ചാത്തലമുള്ളവരായിരുന്നു. മലബാറിലെ പരമ്പരാഗത സമൂഹത്തിൽ ഇവർക്കിടയിൽനിന്നും പണ്ഡിതൻമാരും വൈദ്യൻമാരും പടയാളികളും ഉയർന്നുവന്നിരുന്നു. അതിനാൽ തിയ്യർ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുവാൻ സാംസ്കാരികമായി വളർച്ച നേടിയവരും ഈ പുതിയ പരീക്ഷണത്തിന്നൊരുങ്ങുന്നതിൽ ജാതിപരമായ അവശതകളൊന്നും ഇല്ലാത്തവരുമായിരുന്നു.

ഈ ജാതിക്കാർക്കിടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുണ്ടായ പ്രചാരം ഈ സാമൂഹ്യപശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ. കൂടാതെ രാഷ്ട്രീയമായ പുതിയൊരു സന്ദർഭത്തിലുള്ള അവരുടെ സാമ്പത്തികസ്ഥിതിഗതി കൂടി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. മലബാറിലെ യൂറോപ്യൻ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രങ്ങൾ കണ്ണൂര്, തലശ്ശേരി, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളായിരുന്നു.

യൂറോപ്യൻ ബന്ധങ്ങളുടെ ആദ്യകാലത്ത് തന്നെ ഈ കേന്ദ്ര ങ്ങളിൽ ജോലി കിട്ടുവാൻ വലിയ സാദ്ധ്യതകളുണ്ടായിരുന്നു. തിയ്യരിൽനിന്നും കുറേപ്പേർ കരാറുകാരായി വരികയും പല വ്യഞ്ജനങ്ങൾ, കള്ള്, റാക്ക്, പച്ചക്കറികൾ തുടങ്ങിയവ കമ്പനിശക്തികൾക്ക് കൊടുക്കുന്നതിൽ വ്യാപാരക്കുത്തക നേടു കയും ചെയ്തു2. കൂടാതെ മററു ചിലർ യൂറോപ്യൻ ഉടമകളുടെ കീഴിൽ തൊഴിലാളികളായും ജോലി ചെയ്തു. ചിലർ യൂറോ പ്യൻ സൈന്യങ്ങളുടെ ശിപായികളായി പ്രവർത്തിക്കുകയും ചെയ്തു. ജാതിപരമായ വിശുദ്ധി നഷ്ടപ്പെട്ടുപോകുമെന്ന് പേടിക്കാനില്ലാത്തതിനാൽ യൂറോപ്യൻമാരുമായി തിയ്യർക്ക് എളുപ്പം ബന്ധപ്പെടുവാൻ കഴിഞ്ഞു. ഈ കേന്ദ്ര ങ്ങളിൽ സന്ദർഭത്തിനൊത്ത് സാമ്പത്തികമായി ഉയരുവാനും അവർക്ക് കഴിഞ്ഞു. മററു സ്ഥലങ്ങളിൽ നിലനിന്ന ഫ്യൂഡൽ ബന്ധങ്ങളിൽനിന്നും വിമുക്തി നേടിക്കൊണ്ട് ചിലർക്കെങ്കിലും പുതിയ വാണിജ്യ-സാമ്പത്തിക ബന്ധങ്ങളിൽ ഏർപ്പെടുവാൻ കഴിഞ്ഞു. അവരുടെ സ്ത്രീകളിൽ ചിലർ യൂറോപ്യൻ ഉടമകളുടെ കൂടെ ജീവിക്കുവാനും തയ്യാറായി. ഈ സാമ്പത്തികമായ മാററങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വീക രിക്കുവാൻ ഇവരെ കഴിവുള്ളവരാക്കുകയും സാംസ്കാരിക മായി തയ്യാറെടുപ്പിക്കുകയും ചെയ്തു.

## ബാസൽ മിഷൻെറ പ്രവർത്തനങ്ങൾ

ബ്രിട്ടീഷ് പാർലമെൻററ് 1813-ൽ നടപ്പിലാക്കിയ ചാർട്ടർ ആക്ററ് ഇന്ത്യയിൽ ക്രമേണ ക്രിസ്ത്യൻ മിഷനറി പ്രവർ ത്തനങ്ങൾ അനുവദിച്ചു. മററു സംഘടനകൾക്കാവശ്യമായ മിഷനറിമാരെ ഈ കേന്ദ്രത്തിൽ പരിശീലിപ്പിക്കുന്നതിനായി 1815-ൽ സ്വിററ്സർലണ്ടിൽ ബാസൽ എന്ന സ്ഥലത്ത് ബാസൽ മിഷൻ എന്ന ഒരു സംഘടനയുണ്ടാക്കുകയുണ്ടായി. ഈ മിഷ ൻെറ അധികാരപരിധിയിൽ 1834-മുതൽ തെക്കുപടിഞ്ഞാറൻ ഇന്ത്യയെ ഉൾപ്പെടുത്തുകയും ചെയ്തു3. മിഷൻെറ പ്രധാന പ്രവർത്തനങ്ങൾ കണ്ണൂര്, തലശ്ശേരി, കോഴിക്കോട് തുടങ്ങിയ യൂറോപ്യൻ പ്രവർത്തനകേന്ദ്രങ്ങളിലാണ് കേന്ദ്ര

കരിച്ചത്. മലബാറിൽ പലേടത്തും പ്രാഥമിക സ്കൂളുകളും ഹൈസ്കൂളുകളും ആരംഭിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത് മിഷൻ പ്രവർത്തനങ്ങളായിരുന്നു. ഗവൺമെൻറ്നയം ഇത്തരം ഏജൻസികളെ പ്രോൽസാഹിപ്പിക്കുന്നതായിരുന്നുതാനും. കാരണം ഒരു കൊളോണിയൽ ഭരണം പൊതുവിദ്യാഭ്യാസത്തിൻെറ സാമ്പത്തിക ബാദ്ധ്യത മുഴുവൻ ഏറെറടുക്കുവാൻ തയ്യാറായിരുന്നില്ല. കൂടാതെ മിഷനറി പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം നൽകേണ്ടത് സ്വന്തം നാട്ടുകാരെ പ്രീതിപ്പെടുത്തുവാൻ ആവശ്യവുമായിരുന്നു.

ഏതാണ്ട് 1839-ൽ ബാസൽ മിഷനറിയായ ഡോ. ഹെർമൺ ഗുണ്ടർട്ട് (1814–93) തലശ്ശേരിയിലെ നെട്ടൂരിൽ ഒരു പ്രാഥമികവിദ്യാലയം സ്ഥാപിച്ചു. സയൻസ്, ഭൂമിശാസ്ത്രം, മലയാളം, ഇംഗ്ലീഷ്, ബൈബിൾ എന്നിവയായിരുന്നു പാഠ്യവിഷയങ്ങൾ. ഇതേ വിഷയങ്ങൾതന്നെ കണ്ണൂരിലെ മററു വിദ്യാലയങ്ങളിലും പഠിപ്പിച്ചുവന്നു. കോഴിക്കോട്ട്, കല്ലായി എന്ന സ്ഥലത്ത് 1848-ൽ മിഷൻ ഒരു പ്രാഥമിക സ്കൂൾ സ്ഥാപിച്ചു[4]. മിഷൻ സ്റ്റേഷൻ കൗൺസിലുകളിൽനിന്നുള്ള റിപ്പോർട്ടുകൾ ഇവരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെപ്പററി പല വിലപ്പെട്ട വിവരങ്ങളും നൽകുന്നു. മിഷൻെറ സ്കൂളുകളിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം ലഭിച്ചിരുന്നുവെങ്കിലും മിക്കവാറും വിദ്യാർഥികളെല്ലാം തിയ്യരിൽ നിന്നായിരുന്നു[5]. ജാതിസംബന്ധിച്ച വിലക്കുകളില്ലാത്തതിനാൽ ഈ ജാതിക്കാർ തങ്ങൾക്കു വിദ്യാഭ്യാസത്തിനു കിട്ടിയ അവസരം വേണ്ടവിധം ഉപയോഗപ്പെടുത്തി. തെക്കൻ കർണ്ണാടകത്തിലെ ബില്ലവർക്കിടയിലും ഇത്തരം പുരോഗതിയുണ്ടായികൊണ്ടിരുന്നു.

പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈ പ്രധാന കേന്ദ്രങ്ങളിലെ പ്രാഥമിക വിദ്യാലയങ്ങൾ മിഡിൽ സ്കൂളുകളായും പിന്നീട് ഹൈസ്കൂളുകളായും ഉയർത്തപ്പെട്ടു. നൂററാണ്ടിൻെറ അവസാനത്തിൽ മദ്രാസ് യൂണിവേഴ്സിററിയുടെ കീഴിലുള്ള രണ്ടാം ഗ്രേഡ് കോളേജുകളായി അവ ഉയർന്നു

വന്ന്6. സാമ്പത്തികമായി കഴിവുള്ളവർ ഉയർന്ന വിദ്യാഭ്യാസത്തിനായി തങ്ങളുടെ കുട്ടികളെ മദ്രാസിലേക്കയച്ചു.

## ഉദ്യോഗസ്ഥവിഭാഗത്തിൻെറ ആവിർഭാവം

തിയ്യരിലെ സാമ്പത്തികമായി ഉയർന്നുവരുന്നവർ വിദ്യാഭ്യാസത്തിനു ലഭിച്ചുവരുന്ന ഈ സൗകര്യങ്ങഠം വേണ്ടത്ര ഉപയോഗപ്പെടുത്തി. മലബാറിൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചവരിൽ ഏറെയും തിയ്യർ ആയിരുന്നു7. യോഗ്യതക്കനുസരിച്ച് അവരെ ഗവൺമ്മെണ്ടു സർവ്വീസിലെടുക്കുകയും ജോലിക്കുള്ള ഈ സന്ദർഭം ശമ്പളക്കാരായ ഒരു വിഭാഗത്തിൻെറ ഉയർച്ചക്കു കാരണമാവുകയും ചെയ്തു. ഗവൺമ്മെണ്ടു ജോലിയുടെ കാര്യത്തിൽ അവരുടെ താഴ്ന്ന ജാതിസ്ഥിതി മലബാറിൽ ഒരിക്കലും ഒരു പ്രശ്നമായിരുന്നില്ല. പക്ഷെ, തിരുവിതാംകൂറിൽ താഴ്ന്ന ജാതിക്കാരുടെ പേരിൽ പല നിരോധനങ്ങളും രാജഭരണം ഏർപ്പെടുത്തുകയുണ്ടായി. ഇവർക്കു ജോലിക്കുള്ള സന്ദർഭങ്ങഠം വർദ്ധിപ്പിച്ചു കൊടുക്കുവാനായി ഡോ. പൽപ്പുവും മററും ഈഴവ മെമ്മോറാണ്ടങ്ങഠം കൊടുക്കുകയുണ്ടായി8.

താഴ്ന്ന ജാതിക്കാരൻ ജാതിപരമായ തൻെറ അവശതകഠം പരിഹരിക്കുവാനും കൂടി ഗവൺമെണ്ടുജോലി അത്യന്തം ആഗ്രഹിച്ചു. താഴ്ന്ന ജാതിയിൽ പെട്ട ഒരു വ്യക്തിക്കു പോലും റവന്യൂവകുപ്പിലെ ഒരു ശിപായിജോലിയുടെ പേരിൽ ബ്രാഹ്മണഭവനം സന്ദർശിക്കാമായിരുന്നു. അത്തരം സന്ദർശനം ജാതിനിയമങ്ങഠം അനുവദിച്ചുകൊടുത്തിരുന്നില്ല. അതിനാൽ സർക്കാർജോലി പതിതജാതിക്കാരെ അവരുടെ ജാതിസ്ഥിതിയിൽനിന്നും ഉയർത്തുവാൻ സഹായകമായിത്തീർന്നു. അതിനാൽ ഒരു വസ്തുതയെന്നോണം തിയ്യർ ഇംഗ്ലീഷുവിദ്യാഭ്യാസം വഴിയും സർക്കാർജോലി വഴിയും ജാതിയുടെ പിടിയിൽനിന്നും മോചനം നേടുവാൻ കഴിയുന്നത്ര പരിശ്രമിച്ചു വന്നു. പുതിയ നൂററാണ്ടിൻെറ ആരംഭത്തോടെ ഈ ജാതിയിൽ നിന്നും ചില വ്യക്തികഠം അന്നു ഒരു ഇന്ത്യക്കാരനു

ലഭിക്കാവുന്ന ഏററവും ഉയർന്ന ഉദ്യോഗങ്ങൾ കരസ്ഥമാക്കി യതു കാണാം. ചൂര്യയി കണാരൻ, ഉപ്പോട്ടു കണ്ണൻ (ഡെപ്യൂട്ടി കളക്ടർമാർ), പനങ്ങാടൻ കണ്ണൻ, ദിവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ (സബ്ജഡ്ജിമാർ), പ്രിൻസിപ്പൽ പി. ശങ്കുണ്ണി എന്നിവർ അവരിലുൾപ്പെടുന്നു. ചൂര്യയി രാമൻ, കാരായി ഗോവിന്ദൻ, ഒണ്ടേൻ കുഞ്ഞമ്പു തുടങ്ങിയവർ ഈ ജാതിക്കാ രിൽനിന്നുവന്ന താലൂക്ക് തഹസിൽദാർമാരായിരുന്നു. ചൂര്യയി കുഞ്ഞപ്പ, കൊററ്യത്ത് രാമുണ്ണി, ഓയിററി കൃഷ്ണൻ, പോത്തേരി കുഞ്ഞമ്പു, സി കൃഷ്ണൻ തുടങ്ങിയവർ വക്കീൽ പ്രവൃത്തിയിലേർപ്പെട്ട പ്രധാനികളായിരുന്നു. ചിലർ ഇംഗ്ലീ ഷിലും മലയാളത്തിലും പത്രങ്ങൾ നടത്തിവന്നു. പൂവാടൻ രാമൻ വക്കീൽ പത്രാധിപരായ മലബാർ സ്പെക്ററററും (പിന്നീട് വെസ്റ്റ്കോസ്റ്റ് സ്പെക്ററററർ), സി. കൃഷ്ണൻെറ പത്രാധിപത്യത്തിൽ പുറത്തുവന്ന മിതവാദിയും ഇവയിൽ പ്രാധാന്യമർഹിക്കുന്നു. കല്ലാട്ട് രാഘവൻ തുടങ്ങിയ ജേണ ലിസ്റ്റുകളും, മൂർക്കോത്ത് കുമാരൻ തുടങ്ങിയ സാഹിത്യകാ രൻമാരും ഈ ജാതിയിൽപെട്ടവരാണ്. ഡോക്ടർമാരായി ചികിൽസാരംഗത്ത് പ്രവേശിച്ച അയ്യത്താൻ ജാനകിയും മൂർക്കോത്ത് മാധവിയും ആധുനിക വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്ത മലബാറിലെ ആദ്യത്തെ സ്ത്രീകളായിരുന്നു 9 . ചുരുക്കത്തിൽ ഇത് ഉദ്യോഗസ്ഥൻമാരുടെ ഒരു കൂട്ടം ആവിർ ഭവിച്ച ഘട്ടമായിരുന്നു. കൽക്കത്ത, മദ്രാസ്, ബോംബെ തുടങ്ങിയ നഗരങ്ങളിൽ ഈ മാററങ്ങൾ വളരെ മുമ്പുതന്നെ ആരംഭിച്ചിരുന്നു 10 . പനങ്ങാടൻ രാമൻ, തത്ത കണാരൻ, മൂളിയിൽ കൃഷ്ണൻ, പള്ളേരി കണ്ണൻ തുടങ്ങിയ പ്രഗൽഭരായ അദ്ധ്യാപകൻമാർ ഈ സമുദായത്തിൽ നിന്നും വന്നവരായി രുന്നു. ഇരുപതാം നൂററാണ്ടിൽ, പ്രാധാനികളായ മററു പല ഉദ്യോഗസ്ഥൻമാരും ഇവരിൽനിന്നും വളർന്നുവറികയുണ്ടായി. ജസ്റ്റിസ് സി. കൃഷ്ണൻ (മദ്രാസ്ഹൈക്കോടതി), ചീഫ് ജസ്റ്റിസ് കുഞ്ഞിരാമൻ (കൊച്ചി ഹൈക്കോടതി), സി.കെ.വിജയ രാഘവൻ ഐ. സി. എസ്, സി. കെ. ലക്ഷ്മണൻ (മേജർ ജന റൽ), കാളാണ്ടി രാമകൃഷ്ണൻ ഐ. സി. എസ് എന്നിവർ

അവരിൽ ചിലരായിരുന്നു. അങ്ങനെ മിഷനറിമാർ വിതച്ച ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ വിത്ത് ഈ യൂറോപ്യൻ കേന്ദ്രങ്ങളിൽ ഗവൺമെൻറ് വളർത്തിയെടുക്കുകയും ക്രമത്തിൽ അവ പുഷ്പിക്കുകയും ഭാവിയിൽ ഫലങ്ങൾ നൽകുന്നതായിത്തീരുകയും ചെയ്തു.

പക്ഷേ, തിയ്യർക്കിടയിൽപോലും സ്ത്രീവിദ്യാഭ്യാസം മന്ദഗതിയിലായിരുന്നു. എലിമെൻററി സ്കൂൾ അദ്ധ്യാപക പരിശീലനം കഴിച്ച 18 അദ്ധ്യാപികമാർ 1912–ൽ ബാസൽ മിഷൻ സ്ഥാപനങ്ങളിൽ നിന്നു പുറത്തുവന്നപ്പോൾ അവരിൽ ക്രിസ്ത്യാനികളല്ലാത്തവർ ആരുമുണ്ടായിരുന്നില്ല. അതിനാൽ ഈ വിഷയത്തിൽ തിയ്യസ്ത്രീകൾ താൽപര്യമെടുത്തില്ലെന്നു കരുതേണ്ടിയിരിക്കുന്നു. ഈ ന്യൂനത പരമ്പരാഗതമായ ഒരു സമൂഹത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനുള്ള സാമൂഹ്യശാസ്ത്രപരമായ പ്രശ്നങ്ങൾ ഉദാഹരിക്കുന്നു. ഹൈന്ദവസമൂഹത്തിലെ യാഥാസ്ഥിതികർ സ്ത്രീവിദ്യാഭ്യാസത്തിനെതിരായിരുന്നു താനും[12].

ജോലി സംബന്ധിച്ചുള്ള സാമൂഹ്യചലനം കൈവരിക്കുന്നതിലും സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിലും ഔപചാരികമായ വിദ്യാഭ്യാസ സമ്പ്രദായത്തിനു വലിയ സ്ഥാനമുണ്ടെന്നു കാണാവുന്നതാണ്. ഇത്തരം വിദ്യാഭ്യാസം സാമൂഹ്യമായ അന്തസ്സും ഉണ്ടാക്കുന്നു[13]. വിദ്യാഭ്യാസം നേടിയ തിയ്യർ ഉദ്യോഗസ്ഥവിഭാഗത്തിൽ ഉൾപ്പെട്ടുകൊണ്ട് ഒരു സ്ഥിരശമ്പളം നേടുകയാൽ സാമ്പത്തികമായി അവരുടെ സ്ഥിതിമെച്ചപ്പെട്ടതായിരുന്നു. അതിനാൽ സാമൂഹ്യമായി അവരുടെ പദവിയും വർദ്ധിക്കുകയുണ്ടായി. നായൻമാരെയും മററും പോലെ അവരുടെ അന്തസ്സ് ഭൂമിയെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല. ഈ യൂറോപ്യൻ കേന്ദ്രങ്ങളിൽ അവരുടെ സ്ഥാനം ഇംഗ്ലീഷ്വിദ്യാഭ്യാസത്തെയും ഉദ്യോഗത്തെയും അടിസ്ഥാനപ്പെടുത്തിയായിരുന്നു. എന്നാൽ ഈ സ്ഥിതി കൊണ്ടു മാത്രം ജാതിപരമായ ശ്രേഷ്ഠത അവർക്കു ലഭിച്ചതുമില്ല. ഉദാഹരണത്തിനു 1918–ൽ പോലും തിയ്യർക്ക് കോഴിക്കോട്ട് സാമൂതിരി

കോളേജിൽ പ്രവേശനം ലഭിച്ചിരുന്നില്ല. പക്ഷെ ഏററവും വലിയ വിരോധാഭാസം മദ്രാസ് യൂണിവേഴ്സിററിയുടെ ഇൻറർമീഡിയററ് പരീക്ഷയുടെ ഉപപാഠപുസ്തകമായ 'ജഹനാര'യെന്ന ചരിത്രനോവൽ തിയ്യനായ മൂർക്കോത്തു കുമാരൻെറ കൃതിയായിരുന്നു എന്നതാണ്[14].

ഒരു ഭാഗത്ത് തിയ്യരുടെ ഒരു വിഭാഗം വിദ്യാഭ്യാസപരമായും ബുദ്ധിപരമായും ഏററവും വലിയ വളർച്ച നേടിയപ്പോൾ മറുഭാഗത്ത് സമൂഹത്തിൻെറ ജാതിപരമായ കാര്യങ്ങളിൽ അവർ വേണ്ടത്ര അവശതകളനുഭവിക്കുകയും ചെയ്തു. അതിനാൽ ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ തിയ്യരിൽ പെട്ട ഉദ്യോഗസ്ഥവിഭാഗം സാമൂഹ്യവും ജാതിപരവുമായ തങ്ങളുടെ സ്ഥിതിയിൽ മാററം വരുത്തുവാൻ പരിശ്രമിച്ചു. ജാതിനിയമങ്ങൾക്കനുസരിച്ച് ഒരു ബ്രാഹ്മണക്ഷേത്രത്തിൽ അവർക്ക് പ്രവേശനമുണ്ടായിരുന്നില്ല. അവരുടെ ആരാധനകൾ കള്ള്, രക്തം തുടങ്ങിയവയുടെ അർപ്പണത്തോടെയായിരുന്നു[15]. സമുദായത്തിൻെറ ഈ സ്ഥിതിവിശേഷത്തിൽ മാററങ്ങൾ വരുത്തുവാൻ അവരാഗ്രഹിക്കുകയും അവരുടെ അത്തരം പ്രവർത്തനങ്ങൾ ബ്രാഹ്മണീകരിക്കപ്പെട്ട ഹിന്ദുധർമ്മത്തിലേക്ക് നയിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമായി മാറുകയും ചെയ്തു.

## ശ്രീ ജ്ഞാനോദയ യോഗം

ഇത്തരം മാററങ്ങൾക്കിടയിൽ തിരുവിതാംകൂറിൽ 1903–ൽ ഈഴവരുടെ അവശതകൾ പരിഹരിക്കുവാനായി ശ്രീ നാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിക്കുകയുണ്ടായി 16. ഈഴവർ മലബാറിലെ തിയ്യരുടെ സമാനജാതിക്കാരായിരുന്നു. ധർമ്മ പരിപാലനയോഗത്തിൻെറ അലകൾ മലബാറിലെ തിയ്യരെയും സ്വാധീനിക്കുകയുണ്ടായി. സ്വന്തം ജാതിക്കാരുടെ അവശതകൾക്ക് പരിഹാരം കണ്ടെത്തുവാനായി 1906 ജൂലായിൽ തലശ്ശേരിയിലെ സമ്പന്നരും പൊതുപ്രവർത്തകരുമായ തിയ്യർ യോഗം ചേരുകയും തങ്ങളുടെ പുരോഗതിക്കായി ''ശ്രീ ജ്ഞാനോദയ യോഗം'' എന്ന ഒരു സംഘടന രൂപീകരിക്കുകയും

ചെയ്തു. അവർ തലശ്ശേരിയിൽ ഒരു ക്ഷേത്രം നിർമിക്കുവാൻ തീർച്ചപ്പെടുത്തി. ഈ ക്ഷേത്രത്തിൻെറ പ്രതിഷ്ഠ 1908 ഫെബ്രുവരി 13-ന് ദാർശനികനും സാമൂഹ്യപരിഷ്കർത്താവുമായ നാരായണഗുരു നിർവഹിക്കുകയും ചെയ്തു. എല്ലാ ജാതിക്കാർക്കും പ്രവേശനമുള്ള പുരിയിലെ ജഗന്നാഥ ക്ഷേത്രത്തെ അനുസ്മരിച്ചുകൊണ്ട് ഇവിടെ ജഗന്നാഥനെ ആരാധിച്ചുവന്നു 17. പക്ഷെ തിയ്യരിലെ യാഥാസ്ഥിതികർ, പുലയർ തുടങ്ങിയ അധഃകൃതർക്കു ഇവിടെ പ്രവേശനം കൊടുക്കുവാൻ തയാറായിരുന്നില്ല. നാരായണഗുരു, താൻ അരുവിപ്പുറത്ത് ചെയ്തതുപോലെ എല്ലാ ജാതിക്കാർക്കും ക്ഷേത്രപ്രവേശനം നൽകണമെന്ന് ആഗ്രഹിച്ചു. പുരോഗമനവാദികൾ ഈ ആശയം ശരിവെച്ചു.

ഈ പ്രദേശത്തെ സവർണരുടെ പ്രധാന ക്ഷേത്രമായ കൊട്ടിയൂരിലേക്കു തിയ്യർ വലിയ ഘോഷയാത്രയായി 'അടിയറ' കൊണ്ടുപോയിരുന്ന ഒരു പതിവ് പ്രചാരത്തിലുണ്ടായിരുന്നു. ഇത്തരം സമ്പ്രദായം ഒരു ജൻമിത്ത-നാടുവാഴിത്ത ആചാരമെന്ന നിലയിൽ തങ്ങളെ താഴ്ത്തിക്കാട്ടുമെന്നു തിയ്യരിലെ സമ്പന്നവിഭാഗം മനസ്സിലാക്കി. അവർ ഈ അടിയറ നിർത്തുകയും അത്തരം അടിയറ ജഗന്നാഥ ക്ഷേത്രത്തിലാകാമെന്ന് നാരായണഗുരു ഉപദേശിക്കുകയും ചെയ്തു 18. മംഗലാപുരത്തെ തുളുതിയർ അഥവാ വില്ലവർ തൃപ്പതീശ്വരം എന്ന ക്ഷേത്രം നിർമിക്കുകയും 1910-ൽ നാരായണഗുരു അവിടത്തെ പ്രതിഷ്ഠാകർമം നിർവഹിക്കുകയും ചെയ്തു. മുമ്പാകട്ടെ അവർ തിരുപ്പതി ക്ഷേത്രം സന്ദർശിക്കുകയും ധാരാളം പണം ചെലവഴിക്കുകയും ചെയ്തിരുന്നു. മേലിൽ ഇത്തരം യാത്ര അവർക്ക് ഒഴിവാക്കാമെന്നും അതുവഴി ലാഭിക്കാവുന്ന പണം ഈ ക്ഷേത്രത്തിനു നൽകാമെന്നും ഗുരു അവരെ അനുസ്മരിപ്പിച്ചു 19. ഇതേ അവസരംതന്നെ കോഴിക്കോട്ട് ശ്രീകണ്ഠേശ്വര ക്ഷേത്രവും തിയ്യർ നിർമിക്കുകയും നാരായണഗുരു പ്രതിഷ്ഠ നിർവഹിക്കുകയും ചെയ്തു. പാലക്കാട്ട് വിശ്വേശ്വരക്ഷേത്രവും അദ്ദേഹം പ്രതിഷ്ഠിച്ചു. കണ്ണൂരിൽ

1916–ൽ ''ഭഗവൽ ഭക്തി പ്രദീപയോഗം'' എന്ന സംഘടന രൂപീകരിച്ചുകൊണ്ട് തിയ്യർ സുന്ദരേശ്വരക്ഷേത്രം നിർമി ക്കുകയും ഗുരു തന്നെ പ്രതിഷ്ഠ നിർവഹിക്കുകയും ചെയ്തു. ക്ഷേത്രങ്ങളുടെ ഭരണാധികാരികളായ ബ്രാഹ്മണർ ഇത്തരം പ്രതിഷ്ഠ നടത്തുവാൻ നാരായണഗുരുവിന് അർഹതയില്ലെന്നു പ്രസ്താവിച്ചു. ഗുരുവാകട്ടെ താൻ ''ഈഴവ ശിവ''നെയാണ് പ്രതിഷ്ഠിച്ചതെന്നു മറുപടി കൊടുക്കുകയും ചെയ്തു.

ഈ ക്ഷേത്രങ്ങളുടെ സാമ്പത്തികമായ അടിത്തറ ഭൂമിയോ അല്ലെങ്കിൽ കുടിയന്മാരിൽനിന്നുള്ള പാട്ടമോ ആയിരുന്നില്ല. ഉദ്യോഗസ്ഥരും സമ്പന്നരുമായ തിയ്യരിൽനിന്നുള്ള സംഭാവ നകളും പിരിവുകളും മാത്രമായിരുന്നു. ക്ഷേത്രത്തിലെ പൂജാരിയും തിയ്യരിൽനിന്നുതന്നെയായിരുന്നു. മലബാറിലെ തിയ്യരെ സംഘടിപ്പിക്കുവാനും അവർക്കിടയിൽ സൗഹാർദ്ദം വളർത്തുവാനും ഈ ക്ഷേത്രങ്ങൾക്ക് കഴിഞ്ഞു.

കൊററിയത്ത് രാമുണ്ണിവക്കീലിൻെറ അധ്യക്ഷതയിൽ കോഴിക്കോട്ടുവെച്ച് 1919–ൽ ഒരു അഖിലകേരള തിയ്യസമ്മേളനം നടക്കുകയുണ്ടായി. സമ്മേളനത്തിൽ നിന്നും മൂർക്കോത്തു കുമാരൻ, രാരിച്ചൻ മൂപ്പൻ, സി. കൃഷ്ണൻ, പ്രിൻസിപ്പൽ ശങ്കുണ്ണി എന്നിവരുൾക്കൊണ്ട ഒരു നിവേദകസംഘം മദ്രാസ് ഗവർണ്ണറായ പെൻലാൻഡിനെ സന്ദർശിക്കുകയും അബ്കാ രിനികുതിയും മററും കുറവുചെയ്യുവാനപേക്ഷിക്കുകയും ചെയ്തു. തങ്ങളുടെ പരാതികൾ അധികൃതരെ ധരിപ്പിക്കു വാനും സവർണ്ണമേധാവിത്വത്തെ ചെറുക്കുവാനും ഇത്തരം നീക്കങ്ങൾ തിയ്യരെ സഹായിച്ചു. അവർ ഈഴവർ, വില്ലവർ തുടങ്ങിയ മററു സഹോദരസമൂഹങ്ങളൊടൊപ്പം യോജിച്ചു പ്രവർത്തിക്കുകയും ചെയ്തു.

## പുതിയ ചലനങ്ങൾ

സാമ്പത്തികമായി വളർന്നുകൊണ്ടിരുന്ന തിയ്യവിഭാഗം പ്രത്യേകിച്ചും പ്രത്യക്ഷപ്പെട്ടിരുന്നത് മലബാറിലെ ആദ്യത്തെ

യൂറോപ്യൻ കേന്ദ്രങ്ങളിലായിരുന്നു. യൂറോപ്യന്മാരുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനം തിയ്യരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ സഹായിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസവും ജോലി ലഭിക്കനുള്ള സാധ്യതയും അവർക്കിടയിൽ ഉദ്യോഗസ്ഥരായ ഒരു കൂട്ടത്തെ എളുപ്പം വളർത്തിയെടുത്തു. ഇവരെ സംബന്ധിച്ച് ഗവൺമെൻറ് സർവ്വീസ് ഏററവും ഗുണകരമായ ഒന്നായിരുന്നതിനാൽ ഈ കാലഘട്ടത്തിൽ ഈ കൂട്ടരിൽനിന്നും ദേശീയവാദികരം ഉയർന്നുവന്നില്ല. പരമ്പരാഗതമായ സമ്പന്നവർഗത്തിൻെറ ആധിപത്യത്തിൽ നിന്നും തങ്ങളുടെ താല്പര്യങ്ങരം സംരക്ഷിക്കുന്ന ഒരു ഘടകമായിട്ടാണ് അവർ വിദേശഭരണത്തെ പരിഗണിച്ചത്.

മലബാറിലെ നായന്മാരെപ്പോലെ തിയ്യരും മരുമക്കത്തായമായിരുന്നു പിന്തുടർന്നത്. ഗവർമെൻറ് ജീവനക്കാരെ ഇടക്കിടെ സ്ഥലംമാററുന്നതിനാൽ അവരിൽ പലർക്കും ദൂരസ്ഥലങ്ങളിൽ താമസിക്കേണ്ടിവന്നു. അവരവിടെ ഭാര്യയും മക്കളുമടങ്ങിയ ചെറിയ കുടുംബമായി ജീവിച്ചുവന്നു. സ്വന്തം വീട്ടിലേക്കു മടങ്ങിവന്നപ്പോരം അവിടുത്തെ കൂട്ടുകുടുംബവുമായി പൊരുത്തപ്പെടുന്നതിന്ന് അവർക്ക് വിഷമം നേരിട്ടു. അതിനാൽ അവർ കൂട്ടുകുടുംബത്തിൽ നിന്നും പ്രത്യേകമായി താമസമേർപ്പെടുത്തുവാൻ തുടങ്ങി. അതിനാൽ മരുമക്കത്തായ നിയമപ്രകാരമുള്ള കൂട്ടുകുടുംബസ്വത്തുക്കരം ആളോഹരി ഭാഗിക്കുന്നതിന്നുള്ള നിയമം നടപ്പിൽ വരുന്നതിന്നുമുമ്പുതന്നെ തിയ്യർ മലബാറിൽ ഏകകുടുംബസമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞിരുന്നു. ഭക്ഷണസമ്പ്രദായത്തിലും, വേഷവിധാനത്തിലും താമസിക്കുവാനുള്ള കെട്ടിടങ്ങളുടെ നിർമ്മാണശൈലിയിലും ഈ ജില്ലയിൽ തിയ്യരായിരുന്നു ആദ്യമായി മാററങ്ങരം വരുത്തിയത്. പതിനെട്ടാം നൂററാണ്ടിൽ പോലും തിയ്യസ്ത്രീകരംക്കിടയിൽ മാറുമറയ്ക്കുന്നതിന്ന് പ്രത്യേകമായ ഒരു രീതി നടപ്പിലുണ്ടായുരുന്നു 22. പക്ഷെ തിരുവിതാംകൂറിൽ അത്തരമൊരവകാശത്തിന്നായി സവർണ മേധാവിത്വത്തോടും ഭരണകൂടത്തോടും അവർക്ക് നീണ്ട സമരങ്ങരം തന്നെ നടത്തേണ്ടിവന്നു 23.

പാർസിസ്ത്രീകളെ അനുകരിച്ചുകൊണ്ട് തിയ്യരിലെ സമ്പന്നവർഗത്തിൽപെട്ട സ്ത്രീകളും സാരി ധരിച്ചുവന്നു. മലബാർ സ്ത്രീകളുടെ വേഷവിധാനത്തിൽ ഇത് വലിയ മാററങ്ങൾക്കിടവരുത്തി. യൂറോപ്യൻ ഉടമകളുടെ കീഴിൽ ചില തിയ്യർ കെട്ടിടനിർമ്മാണത്തിലും മററും കരാറുകാരായി പ്രവർത്തിച്ചിരുന്നു. അത്തരം കരാറുകാർ തങ്ങളുടെ സ്വന്തം വീടുകൾ നിർമ്മിച്ചപ്പോൾ യൂറോപ്യൻനിർമ്മാണരീതി അനുകരിക്കുകയും ഭംഗിയുള്ള ബംഗ്ലാവുകൾ നിർമ്മിക്കുകയും ചെയ്തു.

ചുരുക്കത്തിൽ, ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിൻെറ ആരംഭഘട്ടത്തിൽ മലബാറിൽ ഈ പുതിയ വിദ്യാഭ്യാസരീതി സ്വീകരിക്കുവാൻ അത്യന്തം താല്പര്യം കാണിച്ചത് തിയ്യരായിരുന്നു. മുൻ യൂറോപ്യൻ കേന്ദ്രങ്ങളിൽ ബ്രിട്ടീഷുകാരുടെ ആധിപത്യവും തുടർന്നുണ്ടായ സാമ്പത്തിക പ്രവർത്തനങ്ങളും തിയ്യരിൽ ഉയർന്നുവരുന്ന ഒരിടത്തരക്കാരെ സൃഷ്ടിക്കുവാൻ സഹായിച്ചു. അവർ ഇംഗ്ലീഷ്‌വിദ്യാഭ്യാസം സ്വീകരിക്കുകയും ഒരുദ്യോഗസ്ഥവിഭാഗമായി രൂപാന്തരപ്പെടുകയും ചെയ്തു. അതിനുശേഷം അവർ ജാതിപരമായ കാര്യങ്ങളിൽ കുലീനത നേടുവാൻ പരിശ്രമിക്കുകയും സങ്കുചിതമായ ജാത്യാചാരങ്ങളോടു പോരാടുകയും ചെയ്തു. മലബാറിലെ പരമ്പരാഗതവും സമ്പന്നവുമായ സവർണ്ണ മേധാവിത്വത്തോടുള്ള ഈ സമരത്തിൽ അവർ നാരായണഗുരുവിൻെറ തത്വശാസ്ത്രത്തെ ഒരാദർശമായി സ്വീകരിച്ചു. സവർണ്ണരുടെ സങ്കുചിതമായ ജാതിനിയമങ്ങൾക്കെതിരായുള്ള പോരാട്ടത്തിൽ നാരായണഗുരു സ്ഥാപിച്ച ക്ഷേത്രങ്ങൾ തിയ്യരുടെ ജാതിപരമായ ഐക്യത്തിൻെറ പ്രതീകമായി നിലക്കൊണ്ടു. രാഷ്ട്രീയമായ ഒരാദർശത്തെ അടിസ്ഥാനമാക്കാതെ ജാതിയെയും ക്ഷേത്രത്തെയും ആശ്രയിച്ചുകൊണ്ടായിരുന്നു ഈ ഏകീകരണം. ഇവരിലെ സമ്പന്നവർഗം ബ്രിട്ടീഷുകാരുടെ ലാളനയിൽ വളർന്നുവന്നവരായിരുന്നതിനാൽ 1920 വരെ ഈ ജാതിക്കാരിൽനിന്നും ദേശീയ പ്രസ്ഥാനത്തിൽ പങ്കാളിയായി ഒരു വിഭാഗം ഉയർന്നുവന്നില്ല. കൂടാതെ ദേശീയപ്രസ്ഥാനം പരമ്പരാഗതമായ

സവർണ്ണമേധാവിത്വത്തെ രാഷ്ട്രീയാധിപത്യത്തിലെത്തിക്കു മെന്നും അതു തങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുമെന്നും അവർ ഭയപ്പെട്ടു. ഇന്ത്യയുടെ മററു ഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ ഒന്നായിരുന്നു ഈ സ്ഥിതിവിശേഷം. എന്നാൽ മലബാറിലെ ഈ പ്രത്യേക ജാതിക്കാർക്കിടയിൽ സാമൂഹ്യ മാററവും പുതിയ സാമ്പത്തിക വർഗത്തിൻെറ ആവിർഭാവവും ഉരുത്തിരിഞ്ഞു വരുവാൻ ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് സഹായിച്ചതെന്നു പറയാം 24.

അടിക്കുറിപ്പുകൾ:

(1) എൻ. വി. സോവാനി, ''ബ്രിട്ടീഷ് ഇംപാക്ട് ഓൺ ഇന്ത്യ'', സ്റ്റഡീസ് ഇൻ ദ കൾച്ചറൽ ഹിസ്റ്ററി ഓഫ് ഇന്ത്യ, പു. 322

(2) മൂർക്കോത്തു കുഞ്ഞപ്പ, മൂർക്കോത്തു കുമാരൻ, പു 2-3, 19-20

(3) പോൾ ജെങ്കിൻസ്, ''ബാസൽ മിഷൻ ഹൗസിലെ രേഖകൾ'', ആർക്കിവെട്രേഗ്, പു. 9

(4) ഏ ഷോർട്ട് ഹിസ്റ്ററി ഓഫ് ദി ബി. ജി. എം. കോളേജ് ഇൻ മലബാർ, 1912 (ബാസൽ), നമ്പർ 185

(5) അതിൽ തന്നെ.

(6) സാമൂതിരി കോഴിക്കോട്ടു 1877—ൽ സ്ഥാപിച്ച സ്കൂൾ 1879—ൽ രണ്ടാം ഗ്രേഡ് കോളേജായി ഉയർത്തപ്പെട്ടു. കല്ലായിയിലെ ബി. ജി. എം. പ്രൈമറി സ്കൂൾ 1872—ൽ മിഡിൽ സ്കൂളായും 1878—ൽ ഹൈസ്കൂളായും ഉയർത്തി. അത് 1907—ൽ സെക്കൻഡ് ഗ്രേഡ് കോളേജ് ആക്കി. തലശ്ശേരി ബ്രണ്ണൻ കോളേജ് 1891—ൽ തുടങ്ങി. പാലക്കാട് വിക്ടോറിയാ കോളേജ് 1888-ലും തുടങ്ങുകയുണ്ടായി.

(7) മദ്രാസ് പ്രസിഡൻസിയിൽ മെട്രിക്കുലേഷൻ പരീക്ഷയിൽ ഫസ്റ്റ് റാങ്ക് പള്ളേരി കണ്ണൻകുട്ടി എന്ന തിയ്യബാലൻ നേടുകയുണ്ടായി.

(8) ദിവാന് കൊടുത്ത മെമ്മോറാണ്ടം (മേയ് 15, 1895) കാണുക.

(9) കുഞ്ഞപ്പ, അടിക്കുറിപ്പ് 2, പു. 35.

(10) അനിൽ സീൽ, എമർജൻസ് ഓഫ് ഇന്ത്യൻ നാഷണലിസം കാണുക.

(11) ഡിസ്ട്രിക്ററ് കോൺഫറൻസ് ഓൺ മലബാർ, 10-11 ഡിസംബർ 1912, കാലിക്കററ് (ബാസൽ).

(12) ഏ. കെ. ഗോപാലൻ, എന്റെ ജീവിതകഥ, പു. 10.

(13) എം. എസ്. എ. റാവു, ട്രഡീഷൻ, റേഷനാലിററി ആൻഡ് ചെയ്ഞ്ച്, പു. 132

(14) കുഞ്ഞപ്പ, അടിക്കുറിപ്പ് 2, പു. 245

(15) കെ. കെ. എൻ. കുറുപ്പ്, കൾട്ട് ഓഫ് തെയ്യം ആൻഡ് ഹീറോവർഷിപ്പ് ഇൻ കേരള, കാണുക.

(16) പി. കെ. കെ. മേനോൻ, ഹിസ്ററി ഓഫ് ദ ഫ്രീഡം മൂവ്മെൻറ് ഇൻ കേരള, പു. 459-61

(17) ചമ്പാടൻ വിജയൻ, ഉത്തരപർവം, പു. 7

(18) അതിൽ തന്നെ പു. 47

(19) അതിൽ തന്നെ പു. 43

(20) അതിൽ തന്നെ പു. 35

(21) അതിൽ തന്നെ പു. 110

(22) ''മാടിപ്പുതക്കൽ'' ഒരു തിയ്യ സമ്പ്രദായമായി ഗുണ്ടർട്ട് വിവരിക്കുന്നു.

(23) വി. നാഗം അയ്യ, ദ ട്രാവൻകൂർ സ്റേററ് മാനുൽ, പു. 525–27

(24) ഈ ലേഖനത്തിലെ പല വസ്തുതകളും ചർച്ചചെയ്തതിൽ ലേഖകൻ മൂർക്കോത്തു കുഞ്ഞപ്പ (മലയാള മനോരമ)യോട് കടപ്പെട്ടിരിക്കുന്നു. പ്രസിദ്ധ സാഹിത്യകാരനായ മൂർക്കോത്തു കുമാരന്റെ മൂത്ത പുത്രനും കൂടിയാണദ്ദേഹം.

# 5

# മലബാർ കുടിയായ്മകളെപ്പററി ലോഗൻ സ്പെഷ്യൽ കമ്മിഷൻ

തെക്കേ മലബാറിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന മാപ്പിള കലാപങ്ങളുടെ പിന്നിൽ കുടിയായ്മ പ്രശ്നങ്ങൾ എത്രത്തോളം ഉണ്ടായിരിക്കാമെന്നത് പത്തൊമ്പതാം നൂററാണ്ടിൻെറ പൂർവാർധത്തിൽ തന്നെ തർക്കവിഷയമായ ഒരു വസ്തുതയായിരുന്നു. ഈ വിഷയത്തിൽ വേണ്ടത്ര അന്വേഷണങ്ങൾ നടത്തുവാനായി ഗവൺമെൻറ് നിശ്ചയിക്കുകയുണ്ടായ ടി. എൽ. സ്ട്രെയിഞ്ച് കമ്മിഷൻ കലാപങ്ങളുടെ പിന്നിൽ കുടിയായ്മ പ്രശ്നങ്ങളില്ലെന്നുള്ള നിഗമനത്തിലായിരുന്നു എത്തിച്ചേർന്നത്[1]. ഏറനാട്ടിൽ വീണ്ടും 1880—ൽ ഒരു കലാപമുണ്ടായപ്പോൾ അതിൻെറ പിന്നിൽ കുടിയായ്മ പ്രശ്നങ്ങളുണ്ടെന്നുള്ള ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിൻെറ റിപ്പോർട്ടും അത്തരം പ്രശ്നങ്ങൾ പരിഹരിച്ചില്ലെങ്കിൽ വീണ്ടും കലാപങ്ങളുണ്ടാകുമെന്നു പ്രസ്താവിക്കുന്ന ഒരു ഊമഹർജിയും ആ ഹർജിയെപ്പററി പരിചയസമ്പന്നരായ മലബാർ ഉദ്യോഗസ്ഥൻമാരുടെ കുറിപ്പുകളും, പ്രത്യേകിച്ച് അന്നത്തെ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടായ വില്യം ലോഗൻെറ വിശദമായ മറെറാരു പഠനക്കുറിപ്പും, കാർഷിക പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവത്തിലേക്ക് മദ്രാസ് ഗവൺമെൻറിൻെറ ശ്രദ്ധയാകർഷിച്ചു[2]. ബ്രിട്ടനിൽ ഗ്ലാഡ്സ്റ്റൺ ഗവൺമെൻറും അതിൻെറ പ്രതിനിധിയായി ഇന്ത്യയിൽ വന്ന വൈസ്റോയി റിപ്പൺ പ്രഭുവും പുതിയ ലിബറൽ പരീക്ഷണങ്ങൾക്കു നേതൃത്വം കൊടുക്കുക

യായിരുന്നു 3. ഇത്തരം ഒരു കാലഘട്ടത്തിൽ മലബാറിലെ കാർഷിക ബന്ധങ്ങളെപ്പററി ഒരന്വേഷണം നടത്തുന്നതും ആവശ്യമായ നിയമങ്ങൾ നടപ്പിലാക്കുന്നതും അസ്ഥാനത്തായിരിക്കുകയില്ലെന്നു മദ്രാസ് ഗവൺമെൻറും തീരുമാനിച്ചു. ഈ പശ്ചാത്തലത്തിൽ മലബാറിലെ കാണ–ജൻമമര്യാദയെപ്പററിയും കുടിയായ്മയെപ്പററിയും വിശദമായ അന്വേഷണം നടത്തുവാൻ 1881 ജനുവരിയിൽ വില്യം ലോഗനെ സ്പെഷ്യൽ കമ്മിഷനായി ഗവൺമെൻറ് നിശ്ചയിച്ചു. താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേകം റിപ്പോർട്ടു ചെയ്യുവാൻ ഗവൺമെൻറ് അദ്ദേഹത്തോട് ആവശ്യപ്പെട്ടു.

1. മലബാറിലെ ഭൂമി സംബന്ധിച്ച കുടിയായ്മയുടെ പൊതുപ്രശ്നവും കുടിയാൻെറ അവകാശവും; കുടിയാൻ മാരുണ്ടാക്കുന്ന ചമയങ്ങൾക്കു ഭൂവുടമകൾ നൽകുന്ന പ്രതിഫലം അപര്യാപ്തമാണെന്ന ആരോപണം.

2. പള്ളികൾക്കും ശ്മശാനങ്ങൾക്കും സ്ഥലങ്ങൾ ലഭിക്കുവാനുള്ള പ്രശ്നം; അത്തരം സ്ഥലങ്ങൾ നിർബന്ധമായും ചില പ്രത്യേക നിബന്ധനകൾ അനുസരിച്ച് നൽകേണ്ടത് ആവശ്യമാണെന്നു തോന്നുന്ന പക്ഷം അത്തരം ശുപാർശകൾ; നിലവിലുള്ള പരാതികളിൽ ഏതെല്ലാമാണ് പരിഹരിക്കേണ്ടതെന്നും അവ പരിഹരിക്കുവാൻ എന്തെല്ലാമാണ് ഉത്തമമാർഗങ്ങളായി തോന്നുന്നതെന്നാൽ അവയും വേണ്ടത്ര അന്വേഷണങ്ങൾക്കു ശേഷമുള്ള രേഖപ്പെടുത്തൽ 4.

## കമ്മിഷൻെറ പ്രവർത്തനം

തൻെറ സ്ഥാനം മാക്വാട്ടഴ്സിനു വിട്ടുകൊടുത്തശേഷം ലോഗൻ 1881 ഫെബ്രുവരിയിൽ ഈ സ്പെഷ്യൽ കമ്മിഷൻ പ്രവർത്തനം ഏറെറടുത്തു. ജില്ലയുടെ എല്ലാ ഭാഗങ്ങളിലും അദ്ദേഹം നീണ്ട യാത്രയിലേർപ്പെട്ടു. കഴിയുന്നത്ര ആൾക്കാരുമായി അഭിമുഖ സംഭാഷണം നടത്തി. തങ്ങളുടെ പരാതികൾ ഹർജിയായി സമർപ്പിക്കുവാൻ അദ്ദേഹം അവരെ പ്രോൽസാഹിപ്പിച്ചു. അവരുടെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവം കേട്ടുനിന്നു.

ഇത്തരത്തിലുള്ള കഠിന പ്രയത്നങ്ങളുടെ ഫലമായി രൂപപ്പെടുത്തിയ തൻെറ റിപ്പോർട്ട് '82 ജൂൺ 16–നു അദ്ദേഹം ചീഫ് സെക്രട്ടറിക്കു സമർപ്പിച്ചു. അഞ്ഞൂററി പതിനൊന്ന് പ്രധാന ഖണ്ഡികകളും പല ഉപഖണ്ഡികകളും ഒട്ടേറെ അനുബന്ധങ്ങളുമുള്ള പ്രസ്തുത റിപ്പോർട്ട് കുടിയായ്മകളെപ്പററിയും കാർഷിക പ്രശ്നങ്ങളെപ്പററിയും മാത്രമുള്ള ഒന്നായിരുന്നില്ല. പ്രത്യുത നിയമനിർമാണം വഴി മാററവും സാമൂഹ്യചലനവും ഉണ്ടാക്കുവാനദ്ദേഹമാഗ്രഹിച്ച ഇവിടത്തെ മധ്യകാല സമൂഹത്തിൻെറ വിശദമായൊരപഗ്രഥനം കൂടിയായിരുന്നു പ്രസ്തുത പഠനം. ഭരണപരമായ ദീർഘപരിചയത്തിൻെറ വെളിച്ചത്തിലെഴുതപ്പെട്ട ഈ പ്രബന്ധം (1) ചരിത്രവസ്തുത (2) കൃഷിയും കൃഷിക്കാരും (3) ഉടമസ്ഥൻമാരും കാര്യസ്ഥൻമാരും (4) ഗവൺമെൻറും ഔദ്യോഗിക നടപടിയും (5) വർഗവൈരുധ്യങ്ങൾ, കുററം, കലാപങ്ങൾ തുടങ്ങിയവ എന്നിങ്ങനെ അഞ്ചു പ്രധാന അധ്യായങ്ങളുൾക്കൊള്ളുന്നു. കൂടാതെ അദ്ദേഹത്തിൻെറ ശുപാർശകളും 5.

പ്രശ്നങ്ങളെ പഠിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ സമീപനം സാമ്പത്തിക വ്യാഖ്യാനവുമായി ബന്ധപ്പെടുന്നതാണെന്നു കാണാം. കൊളോണിയൽ കാലഘട്ടത്തിൽ ഭൂവുടമസ്ഥതയുടെയും കുടിയായ്മയുടെയും സ്വഭാവത്തിൽ വന്ന മാററങ്ങളും നാട്ടുനടപ്പുമാത്രമായ ചട്ടങ്ങൾ സ്വതന്ത്രമായ കരാറുകളായി മാററിയപ്പോഴുള്ള വൈരുധ്യങ്ങളും ഒരു സാമൂഹ്യശാസ്ത്രജ്ഞൻെറ പാണ്ഡിത്യത്തോടെയാണദ്ദേഹം വിശകലനം ചെയ്തിട്ടുള്ളത്. ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനെന്ന നിലയിൽ ഇതെല്ലാം കൊളോണിയൽ വാഴ്ചയുടെ ദുരന്തഫലങ്ങളാണെന്നു അദ്ദേഹം എഴുതിവെച്ചില്ലെന്നു മാത്രം.

മലബാറിലെ ഏററവും പ്രധാനപ്പെട്ട ഭൂഅവകാശങ്ങളായ ജൻമവും കാണവും അവയുടെ ചരിത്രപരമായ വികാസവും വിശകലനം ചെയ്യുമ്പോൾ അദ്ദേഹം വില്യം ഫാർമർ, റോബർട്ട് റിക്കാർഡ്സ്, ഫ്രാൻസിസ് ബുക്കാനൻ, തോമസ്

വർഡൻ, ഗ്രെയിം തുടങ്ങിയ മുൻ ഭരണാധികാരികളുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നില്ല. അവരെ സംബന്ധിച്ചു ഒരു ജൻമി അഥവാ ജൻമാവകാശി ''ഭൂമിയുടെ പരമാധികാരമുള്ള ഉടമസ്ഥനും അതിനാൽ മണ്ണിലെ ഉൽപാദനത്തിൻെറ ഏററവും പ്രധാന ഭാഗം തൻെറ കീഴിലുള്ള വർഗങ്ങളിൽ നിന്നും പിഴിഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുള്ളവനും'' ആയിരുന്നു6. ഇത്തരം സമീപനം തെററാണെന്നും ബ്രിട്ടീഷ് കോടതികളും ഈ ഭരണകർത്താക്കളും ''ജൻമിമാർക്കും മണ്ണിൽ താൽപര്യമുള്ള മററു വർഗങ്ങൾക്കും തമ്മിൽ നിലവിലുള്ള ബന്ധങ്ങൾ ശരിയായി മനസ്സിലാക്കിയിരുന്നില്ലെന്നും ഭൂമിയിൽ നിന്നുള്ള ഉൽപാദനത്തിൽ മററു വർഗങ്ങൾ കൂടി പങ്കാളികളാണെ''ന്നും അതിനാൽ ''ജൻമിയുടെ അവകാശം വ്യക്തമായും സംക്ഷിപ്തമാണെ''ന്നും ആയിരുന്നു ലോഗൻെറ നിഗമനം. ഇത്തരം ഒരു നിഗമനത്തിൻെറ ദൂരവ്യാപകമായ ഫലത്തെക്കൂടി നാം പരിശോധിക്കേണ്ടതുണ്ട്. ജൻമിക്കു റോമൻ നിയമമനുസരിച്ചുള്ള ''ഡൊമിനിയം'' (പരമാധികാരം) ഇല്ലെന്നും മററു വർഗങ്ങളെപ്പോലെ, അതായത് കാണക്കാരനെയും വെറും പാട്ടക്കാരനെയും പോലെ, പ്രക്ഷിപ്തമായ അവകാശം മാത്രമാണുള്ളതെന്നുമുള്ള നിഗമനം ജൻമിയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നു7. ഇതാകട്ടെ വെറും പാട്ടക്കാരനെ ഒരു ഐറിഷ്കോട്ടറെപ്പോലെ (ഏററവും ഉയർന്ന പാട്ടത്തിനു ഭൂമി ലേലം കൊള്ളുന്ന കർഷകൻ) പരിഗണിക്കുവാനും, നടപ്പു ഭൂമിയിൽ നിന്നും അയാളെ ഇഷ്ടം പോലെ പിരിച്ചുവിടുവാനും, മൽസരകരമായ പാട്ടം പിരിച്ചെടുക്കുവാനും, കാണക്കാരനെ മേൽച്ചാർത്തിനു വിധേയമാക്കുവാനും, പൊളിച്ചെഴുത്തു നടത്തി കൂടുതൽ മാനുഷം വാങ്ങുവാനും മററുമുള്ള ജന്മിയുടെ പരമാവകാശത്തിനു അടിസ്ഥാനമില്ലെന്നു തെളിയിക്കുന്നു. സ്വത്തവകാശത്തിൻെറ പരിശുദ്ധിയും 'ലെയ്സെ ഫെയർ' സിദ്ധാന്തത്തിൻെറ വ്യക്തിസ്വാതന്ത്ര്യവും അങ്ങനെ കരാറുകളുടെ വിശുദ്ധിയും അംഗീകരിക്കുന്ന ബ്രിട്ടീഷ് നിയമസംവിധാനമാണ് മണ്ണിൻെറ പരമാധികാരം മലബാറിലെ ജൻമിമാർക്കു അംഗീകരിച്ചുകൊടുത്തതെന്നു ഇത്തരം

സമീപനം വ്യക്തമാക്കുന്നു. ഈ അവകാശങ്ങദം ഇവിടുത്തെ നാട്ടുനടപ്പിനു വിപരീതമായിരുന്നു. പിൽക്കാലത്തു പല ജൻമിമാരും 'തങ്ങളുടെ മീതെ പൊട്ടിവീണ ഇടിത്തീ' ആയി ലോഗനെ വിശേഷിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിലായിരുന്നു 8.

ഇതേ സിദ്ധാന്തത്തോടൊപ്പംതന്നെ കാണക്കാരനെ പന്ത്രണ്ടു വർഷത്തിനുശേഷം അല്ലെങ്കിൽ ''ആവശ്യമായി വരുമ്പോദം'' ഒഴിപ്പിക്കുവാനും മേൽച്ചാർത്തു കൊടുക്കുവാനും ഉള്ള ജൻമിമാരുടെ അധികാരം ബ്രിട്ടീഷ് കോടതികദം അംഗീകരിച്ചു കൊടുത്തതാണെന്നും, നാട്ടുനടപ്പനുസരിച്ച് ജൻമിയെപ്പോലെ കാണക്കാരനും സ്ഥിരാവകാശമുണ്ടെന്നും ലോഗൻ ചൂണ്ടിക്കാട്ടി. ഈ നിഗമനങ്ങദം, 1856 ആഗസ്ററ് 5-നു മദ്രാസ് സാദർകോർട്ട് മലബാറിലെ കുടിയായ്മകളെപ്പററിയും ജൻമാവകാശത്തെപ്പററിയും നടത്തിയ നിർവചനങ്ങദം മലബാറിലെ ഭൂഅവകാശങ്ങളുടെ ചരിത്രപരമായ വികാസപരിണാമങ്ങളുടെ തത്ത്വങ്ങദംക്കെതിരായ വിധത്തിലുള്ളതാണെന്നു വ്യക്തമാക്കി 9. കൊളോണിയൽ കാലഘട്ടത്തിൽ ഭൂഅവകാശങ്ങളിൽ ഇത്തരം മാററങ്ങദം സിലോണിലും മററും സംഭവിച്ചിട്ടുള്ളതായി ആധുനികപണ്ഡിതൻമാർ ചൂണ്ടിക്കാട്ടുന്നു10.

## കാർഷികസ്ഥിതി വിലയിരുത്തൽ

ഇത്തരം സമീപനത്തോടെ ലോഗൻ മലബാറിലെ കാർഷിക ബന്ധങ്ങളെപ്പററിയും ഗ്രാമീണ സംഘർഷങ്ങളെപ്പററിയും കാർഷികമായ പിന്നോക്കാവസ്ഥയെപ്പററിയും പ്രതിപാദിക്കുകയുണ്ടായി. തെക്കേ മലബാറിൽ കലാപങ്ങളും സംഘർഷങ്ങളും രൂക്ഷമായി വന്നതിൻെറ പശ്ചാത്തലം അദ്ദേഹം വിവരിക്കുകയുണ്ടായി. മലബാറിൽ ധാന്യവിള ഉല്പാദിപ്പിക്കുന്ന ഭൂമിയുടെ 70 ശതമാനം ഏറനാട്, വള്ളുവനാട്, പാലക്കാട്, പൊന്നാനി എന്നിവിടങ്ങളിലായിരുന്നു 11. ജില്ലയുടെ 66 ശതമാനം നിലനികുതിയും ഈ പ്രദേശങ്ങളിലെ വയൽഭൂമിയിൽ നിന്ന് പിരിച്ചെടുത്തു.

നികുതിയുടെ 32 ശതമാനം മാത്രമായിരുന്നു തോട്ടഭൂമിയിൽ നിന്നും പിരിച്ചെടുത്തത്[12]. അതിനാൽ ബ്രിട്ടീഷ് ഗവൺമെൻറിൻെറ നികുതിനയത്തിനു കൂടുതൽ വിധേയരായതു തെക്കേ മലബാറിലെ മാപ്പിളത്താലൂക്കുകളിൽ വയൽഭൂമി കൈവശം വയ്ക്കുന്ന വെറുംപാട്ടക്കാരും മധ്യവർത്തികളും ജൻമിമാരുമായിരുന്നു. ഈ പരിത:സ്ഥിതിയിൽ ജനസംഖ്യ വർധിക്കുകകൂടി ചെയ്തപ്പോൾ എന്തു പാട്ടത്തിനും ഭൂമി ഏറെറടുക്കാൻ ആളുകളുണ്ടായി. അതിനാൽ ജൻമിക്കു മൽസരകരമായ പാട്ടം കിട്ടുവാൻ ഒരേ വസ്തുവിന് പുതിയ പുതിയ കുടിയാൻമാരുണ്ടാകേണ്ടത് ഒരാവശ്യമായി വന്നു. സ്ഥിരാവകാശമില്ലാത്തതിനാൽ മധ്യവർത്തികളും വെറുംപാട്ടക്കാരും തങ്ങളുടെ ഭൂമിയിൽ ചമയങ്ങൾ വർധിപ്പിക്കുവാൻ ശ്രമിച്ചില്ല. കാരണം ഒഴിപ്പിക്കൽ അവരുടെ മുമ്പിലെ പേടിസ്വപ്നമായിരുന്നു.

സാമ്പത്തിക തത്വത്തിലൂന്നിക്കൊണ്ടുള്ള ലോഗൻെറ വ്യാഖ്യാനം, ഇവിടുത്തെ കാർഷിക ബന്ധങ്ങൾ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് കാഴ്ചപ്പാടിൽ ഒരു സാമ്രാജ്യത്വനയത്തിൻെറ പ്രതിസൃഷ്ടിയാണെന്നു തെളിയിക്കുന്നതായിരുന്നു. പക്ഷേ ലോഗൻ അതു പറഞ്ഞില്ലെന്നുമാത്രം. ഇത്തരം പാശ്ചാത്തലത്തിലാണു മാപ്പിളക്കലാപങ്ങളുണ്ടാകുന്നതെന്നും 'മതഭ്രാന്ത്' ഒരു പ്രവർത്തനശൈലി മാത്രമാണെന്നും അദ്ദേഹം ശക്തിയുക്തം അഭിപ്രായപ്പെട്ടു. ലോഗൻെറ ഈ സമീപനം മാപ്പിളലഹളയെ സംബന്ധിച്ചു എത്രയും ശരിയാണെന്നു ഡോ. കെ. എൻ പണിക്കരെപ്പോലുള്ള ചരിത്രപണ്ഡിതന്മാർ രേഖപ്പെടുത്തുന്നു[13].

## ശുപാർശകൾ

അങ്ങനെ ഭൂഅവകാശങ്ങളേയും കുടിയായ്മകളേയും ചരിത്രപരമായി അപഗ്രഥിച്ചുകൊണ്ട് മലബാറിലെ പ്രാചീന നടപ്പുകൾക്കു മാററം സംഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനാൽ നിയമനിർമാണം വഴി കർഷകനു ജീവിക്കു

വാനാവശ്യമായ കൊഴുലാഭം അഥവാ ചേർലാഭം കിട്ടുന്നവിധം മര്യാദപ്പാട്ടം നിശ്ചയിക്കേണ്ടതാണെന്നും ലോഗൻ ശുപാർശ ചെയ്തു. മതിപ്പുമേന്മിയിൽ കൃഷിച്ചെലവ് കഴിച്ചു കിട്ടുന്നതിൻെറ മൂന്നിൽ രണ്ടു ഓഹരിയിലധികം പാട്ടം കൊടുക്കുന്ന സമ്പ്രദായമുണ്ടാകരുതെന്നും അദ്ദേഹം രേഖപ്പെടുത്തി. ഒരേ ജന്മിയുടെ കീഴിൽ 25 ഏക്കർ വരെ വയലും അതല്ലെങ്കിൽ 5 ഏക്കർ വരെ തോട്ടവും കൈവശം വയ്ക്കുന്ന നടപ്പുകുടിയാന് തൻെറ കൃഷിഭൂമിയിൽ സ്ഥിരാവകാശം കൊടുക്കേണ്ടതാണെന്നും അദ്ദേഹം ശുപാർശ ചെയ്തു. എന്നാൽ ഇതിലധികം ഭൂമി കൈവശമുള്ള കുടിയാനെ കേപ്പിററലിസ്റ്റ് കുടിയാനായി കണക്കാക്കേണ്ടതാണെന്നും അയാളുടെ കാര്യങ്ങരം ജന്മിയുമായുള്ള കരാറടിസ്ഥാനത്തിൽ കാണേണ്ടതാണെന്നും സ്റേററ് സ്ഥിരാവകാശം നൽകേണ്ടതില്ലെന്നും അദ്ദേഹത്തിൻെറ ശുപാർശയിലുരംക്കൊണ്ടു14. സ്ഥിരാവകാശം കിട്ടുന്ന കുടിയാൻ തൻെറ നടപ്പുഭൂമി മററുള്ളവർക്കു കീഴ്ച്ചാർത്തു കൊടുക്കുകയോ പണയം വയ്ക്കുകയോ പാടില്ലെന്നും ലോഗൻ വ്യക്തമാക്കി. ചരിത്രപരമായി കാണക്കാർക്കു സ്ഥിരാവകാശമുണ്ടായിരുന്നുവെങ്കിലും അന്നത്തെ ചുററുപാടിൽ കൃഷിക്കാരായ കാണക്കാർക്കല്ലാതെ മററു മധ്യവർത്തികരംക്കു സ്ഥിരാവകാശം നൽകേണ്ടതില്ലെന്നും അദ്ദേഹം രേഖപ്പെടുത്തി. കൂടാതെ ജന്മിമാർ കൃഷിക്കു നൽകാതെ വച്ചിരിക്കുന്ന തരിശു ഭൂമി പകുതി നികുതിയിളവ് ചെയ്തുകൊണ്ട് കൃഷിക്കാർക്ക് പതിച്ചുകൊടുക്കുവാനും അങ്ങനെ സർക്കാർ കുടിയിരിപ്പുകളുണ്ടാക്കുവാനും ലോഗൻ ശുപാർശ ചെയ്തു. ഭൂമി സർവേ ചെയ്യേണ്ടതും പ്രത്യേക റജിസ്റ്ററുകരം സൂക്ഷിക്കേണ്ടതും ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കൂടാതെ കൃഷിക്കാരെ റബർ, വാനില, ലൈബീരിയൻ കാപ്പി, ചായ തുടങ്ങിയ തോട്ടവിളകളുണ്ടാക്കുവാൻ പരിശീലിപ്പിക്കുവാനായി ഒരു കാർഷികപാഠശാല കോഴിക്കോട്ട് സ്ഥാപിക്കേണ്ടതാവശ്യമാണെന്നും അദ്ദേഹം ശുപാർശ ചെയ്തു. നാണ്യവിളകരം മെച്ചപ്പെടുത്തുവാനും കർഷകന്

കൂടുതൽ ആദായകരമായ കൃഷികളിൽ പരിശീലനം നൽകുവാനും ഉദ്ദേശിച്ചുള്ള ഈ ശുപാർശ മലബാറിൻെറ മുഖച്ഛായ മാററുവാനുദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പദ്ധതികൾ മി. ഗ്രിഗ് 1884–ൽ ആവിഷ്ക്കരിക്കുന്നതിനും മുമ്പു സാങ്കേതിക വിദ്യാഭ്യാസത്തിൻെറ ഫലം ജനങ്ങളിലെത്തിക്കുവാനുള്ള വെമ്പൽ ലോഗൻെറ ശുപാർശകളിൽ കാണാവുന്നതാണ്.

വാരം കൊടുക്കുന്ന ഒരു കുടിയാന്ന് ജന്മിയിൽ നിന്നും അതിനുള്ള രശീത് ലഭിക്കണമെന്നും രശീത് കിട്ടാത്തപക്ഷം കുടിയാന്ന് ട്രഷറിയിൽ തുക കെട്ടിവെയ്ക്കുവാനുള്ള സംവിധാനമുണ്ടായിരിക്കണമെന്നും അദ്ദേഹം ശുപാർശ ചെയ്തു. കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിനു മുമ്പായി എല്ലാവിധ പ്രാഥമിക പ്രവൃത്തികളിലും കൃഷിക്കാരെ സഹായിക്കുവാനായി ലാൻഡ് ഏജൻറുമാർ ഉണ്ടാകേണ്ടതാവശ്യമാണെന്നും നിലവിലുള്ള നിയമങ്ങൾ കേസുകളും വക്കീൽഫീസും വർധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. പള്ളികൾക്കും ശ്മശാനത്തിനും ഭൂമി ലഭിക്കുവാൻ സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ കളക്ടറുടെ അനുവാദത്തോടെയും ലാൻഡ് അക്വിസിഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടും ഭൂമി കൊടുക്കേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ലോഗൻെറ ശ്രദ്ധേയമായ മറെറാരു ശുപാർശ മലബാറിലെ മരുമക്കത്തായസമ്പ്രദായത്തിൽ അച്ഛൻെറ സ്വത്തിൽ പ്രത്യേക സ്വത്തുക്കളില്ലാതെ തന്നെ നിയമപ്രകാരം മക്കൾക്ക പിന്തുടർച്ചാവകാശം ലഭിക്കണമെന്നുള്ളതായിരുന്നു15. തറവാടിൻേറയും മരുമക്കത്തായത്തിൻേറയും നിയമങ്ങൾ കാലോചിതമല്ലെന്നും സാമ്പത്തിക പുരോഗതി കൈവരിക്കുവാൻ അവ സഹായിക്കുകയില്ലെന്നും അദ്ദേഹം മനസ്സിലാക്കി. അതിനാൽ പ്രാചീനസ്ഥാപനങ്ങളിൽ കാലോചിതമാററങ്ങൾ കൊണ്ടുവരേണ്ടതാണെന്നു കൂടി അദ്ദേഹം ശുപാർശ ചെയ്തു. അങ്ങനെ കുടിയായ്മനിയമമുണ്ടാക്കുവാൻ മാത്രമല്ല സാമൂഹികമായ മാററങ്ങൾ കൈവരിക്കുവാനും കാർഷികവിദ്യാഭ്യാസം

പ്രചരിപ്പിക്കുവാനും പുതിയ വിളവുകഠം പരിചയപ്പെടുത്തുവാനും തരിശുഭൂമി കൃഷിക്കു കൊണ്ടുവരുവാനും ഒരു ഭരണകർത്താവെന്ന നിലയിൽ അദ്ദേഹം ആഗ്രഹിച്ചു. ഇതാകട്ടെ മലബാറിൻെറ സർവതോന്മുഖമായ പുരോഗതി ലക്ഷ്യം വച്ചായിരുന്നുതാനും.

ലോഗൻെറ റിപ്പോർട്ടും ശുപാർശകളും ഗവൺമെൻറ് മലബാർ കാര്യങ്ങളിൽ വിദഗ്ധരായവർക്ക് അഭിപ്രായത്തിനായി അയച്ചുകൊടുത്തു. 'വിപ്ലവാത്മകവും സമൂലപരിവർത്തനാത്മകവും' ജൻമിയുടെ അധികാരം വെട്ടിച്ചുരുക്കുന്നതുമായ ഈ റിപ്പോർട്ട് അവരിൽ പലർക്കും സ്വീകാര്യമായിരുന്നില്ല. പ്രത്യേകിച്ചും ചീഫ് ജസ്ററിസ് ചാഠംസ്ടേർണറെപ്പോലുള്ളവർക്ക്[16]. അതിനാൽ 1884-ൽ ഗവൺമെൻറ് വീണ്ടും സർ ടി. മാധവറാവു പ്രസിഡൻറായും ലോഗനും മററും അംഗങ്ങളായും പുതിയൊരു കുടിയായ്മ കമ്മിഷനെ നിയമിച്ചു[17]. ഈ കമ്മിഷനിലും നടപ്പുകുടിയാൻമാരുടെ സ്ഥിരാവകാശത്തിനായിരുന്നു ലോഗൻ നിലകൊണ്ടത്. മററുള്ളവരാകട്ടെ മധ്യവർത്തിയായ കാണക്കാരൻെറ സ്ഥിരാവകാശത്തിനും. ഈ റിപ്പോർട്ട് ഹൈക്കോടതി ജഡ്ജിമാരുടേയും മററും അഭിപ്രായമനുസരിച്ച് ഗവൺമെൻറ് സ്വീകരിച്ചില്ല. വീണ്ടും 1885-ൽ ഗവൺമെൻറ് മാസ്ററർ കമ്മിററിയെ നിയമിക്കുകയും കമ്മിററിയിൽ ലോഗനെ നിയമിക്കാതിരിക്കുകയും ചെയ്തു[18]. ഈ കമ്മിററിയുടെ പരിമിതമായ ശുപാർശകളാണ് 1886-ൽ മല എലിയെ പ്രസവിച്ചതുപോലെ മലബാർ കോമ്പൻസേഷൻ ഫോർ ടെനൻറ്സ് ഇംപ്രോവ്മെൻറ് ആക്ട് ആയി നിലവിൽ വന്നത്.

പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർധത്തിൽ ഇംഗ്ലണ്ടിലെ യൂട്ടിലിറേററിയൻ തത്ത്വസംഹിതയിൽ വമ്പിച്ച മാററങ്ങഠം വന്നുകൊണ്ടിരുന്നു. സ്വകാര്യസ്വത്തവകാശത്തിൽ സ്ററേററു നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണെന്ന് ജോൺ സ്ററുവർട്ട് മിൽ തൻെറ പ്രബന്ധങ്ങളിൽ ഉന്നയിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലായിരുന്നു 1870-ലെ ഐറിഷ് നിയമം നടപ്പിൽ

വന്നത്. ഈ നിയമം അംസ്റ്ററിലെ സമ്പ്രദായമായ സ്ഥിരാവകാശം, ന്യായമായ പാട്ടം, യഥേഷ്ട കൈമാററം എന്നീ അവകാശങ്ങൾ ഐർലണ്ടിനു മുഴുവൻ ബാധകമാക്കി. ഐറിഷ് നിയമവും ജോൺ സ്റ്റുവർട്ട് മില്ലിൻെറ സിദ്ധാന്തവും ലോഗനെ സ്വാധീനിച്ചതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. മിൽ നിർവചിച്ചതുപോലെ കേപ്പിററലിസ്റ്റ് കുടിയാന് സ്ഥിരാവകാശം കൊടുക്കേണ്ടതില്ലെന്നു ലോഗനും തൻെറ ശുപാർശകളിലെടുത്തുകാട്ടി. അതിരുകവിഞ്ഞ വ്യക്തിസ്വാതന്ത്ര്യത്തിൻെറ സിദ്ധാന്തങ്ങൾക്കെതിരായി എച്ച്. എസ്. മെയിൻ തുടങ്ങിയ പണ്ഡിതന്മാർ ഗ്രാമകൂട്ടായ്മകൾ പ്രാചീന സമൂഹങ്ങളിൽ സംസ്കാരവും നാഗരികതയും വളർത്തുവാൻ എത്രമാത്രം സഹായിച്ചുവെന്ന് വിശകലനം ചെയ്യുകയുണ്ടായി. മലബാർ സമൂഹം ഈ കൂട്ടായ്മകളിലൂടെ ഒരു സവിശേഷ സംസ്കാരവും അതിൻെറ സൃഷ്ടിയായ പരിപൂർണ്ണ കാർഷിക ബന്ധങ്ങളും ഇവിടെ നിലനിർത്തിയെന്ന് ലോഗൻ കണ്ടെത്തുന്നു. മെയിനിൻെറ ഇത്തരം ആശയം സ്വീകരിക്കുമ്പോൾ തന്നെ പരമ്പരാഗതമായ മരുമക്കത്തായസമ്പ്രദായത്തിലും മററും മാററങ്ങൾ വരുത്തേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാട്ടുവാനും അദ്ദേഹം മറന്നില്ല.

തോമസ് മൺറോവിൻെറ റയററ്വാരി സമ്പ്രദായം ഒരു യഥാർത്ഥ റയററുവാരിയല്ലെന്നും ജമീന്ദാരി മാത്രമായിരുന്നുവെന്നും ഈ നയം ജന്മിത്തത്തെ വളർത്തുകയാണുണ്ടായതെന്നും അദ്ദേഹം വിമർശിച്ചു. മൺറോവിൻെറ റയററ് ആയിരക്കണക്കിൽ ഏക്കർ ഭൂമിയുടെ ആധിപത്യമുള്ള അസന്നിഹിത ഭൂവുടമ മാത്രമായിരുന്നു. പുതിയ സാമ്രാജ്യത്വഘട്ടത്തിൽ മാറിവരുന്ന സാമ്പത്തികബന്ധങ്ങളും കാർഷികബന്ധങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തുവാനും ഉല്പാദനം വർധിപ്പിക്കുവാനും യഥാർത്ഥ കർഷകനുമായി നികുതിനിശ്ചയം വേണമെന്ന് ലോഗൻ വിശ്വസിച്ചു.

മലബാറിൻെറ കുടിയായ്മനിയമങ്ങളെക്കുറിച്ചുള്ള ഗൗരവമേറിയ എല്ലാ ചർച്ചകളും ലോഗൻെറ റിപ്പോർട്ടിൽ നിന്നും

തുടങ്ങുന്നു. ഈ റിപ്പോർട്ടിൻെറ സുരക്ഷിതമായ കുഴിച്ചുമൂടൽ ഗവൺമെൻറിൻെറ ഭാഗത്തുവന്ന രാഷ്ട്രീയമായ ഒരു പ്രമാദമാണെന്നു പറയാം. ഭൂവുടമകളുടെ സ്വാധീനതയ്ക്കും വർഗതാല്പര്യത്തിനും ഹാനികരമായ ഒരു നീക്കത്തിനു ഗവൺമെൻറ് തയാറായിരുന്നില്ലെന്നതായിരുന്നു ഈ രാഷ്ട്രീയ പ്രമാദത്തിൻെറ പിന്നിലെ ആശയഗതി. പക്ഷേ അത്തരം നിയമങ്ങൾ ഇംഗ്ലണ്ടിൽ നടപ്പിലാക്കാൻ അവിടത്തെ ലിബറൽ ഗവൺമെൻറ് തയാറായിരുന്നുതാനും. എന്നാൽ സ്വകാര്യസ്വത്തിൻെറ സുരക്ഷിതത്വത്തിൽ കെട്ടിപ്പടുത്തതായിരുന്നു ഇവിടത്തെ സാമ്രാജ്യത്വം. ജന്മിത്തം അവസാനിക്കുകയും അടിമകൾ ഉടമകളാവുകയും ചെയ്ത ഇന്നത്തെ പരിതഃസ്ഥിതിയിൽ ലോഗൻെറ റിപ്പോർട്ട് ശ്രദ്ധേയമായ ഒരു ചരിത്രരേഖയായി അവശേഷിക്കുന്നു.

അടിക്കുറിപ്പുകൾ:

1. ടി. എൽ. സ്ട്രെയിഞ്ച്, കറസ്പോണ്ടൻസ് ഓൺ മോപ്ല ഔട്ട്റേജസ് ഇൻ മലബാർ ഫോർ ദ ഇയർ: 1849-53 (മദ്രാസ്, 1863).
2. ജി. ഓ. സെപ്ററംബർ 15, 1880, നമ്പർ 2241, ജുഡീഷ്യൽ, ജി. ഓ. ഫെബ്രുവരി 5, 1881, നമ്പർ 281 ജുഡീഷ്യൽ കാണുക.
3. എസ്. ഗോപാൽ, ബ്രിട്ടീഷ് പോളിസി ഇൻ ഇന്ത്യ: 1858-1905 (കേംബ്രിഡ്ജ്, 1965), പു 129-79
4. ജി. ഓ. ജനുവരി 25, 1881, നമ്പർ 170, ജുഡീഷ്യൽ.
5. വില്യം ലോഗൻെറ റിപ്പോർട്ട് കാണുക: 16 ജൂൺ, 1882; മലബാർ സ്പെഷ്യൽ കമ്മിഷൻ 1881-82: മലബാർ ലാൻഡ് ടെനവർസ് (മദ്രാസ്, 1896).
6. അതിൽ തന്നെ, ഖണ്ഡിക 70.
7. കാർഷികബന്ധങ്ങളിൽ ലോഗൻെറ സമീപനം മനസ്സിലാക്കാൻ കെ. കെ. എൻ. കുറുപ്പ്, വില്യം ലോഗൻ:

എ സ്റ്റഡി ഇൻ ദ അഗ്രേറിയൻ റിലേഷൻസ് ഓഫ് മലബാർ (കാലിക്കററ് യൂണിവേഴ്സിററി. പോ. 1881) കാണുക.

8. കൊച്ചിൻ ടെനൻസി കമ്മിഷൻ റിപ്പോർട്ടുകൾ കാണുക.
9. സാദർകോർട്ടിൻെറ നിർവചനങ്ങൾക്ക് വില്യം ലോഗൻ, മലബാർ, വോള്യം II കാണുക.
10. എൻ. ഷൺമുഖരത്നം, ''ഇംപേക്ട് ഓഫ് പ്ലാൻേറഷൻ ഇക്കണോമി ആൻഡ് കൊളോണിയൽ പോളിസി ഓൺ ശ്രീലങ്ക പെസൻട്രി'' ഇൻ ഇക്കണോമിക് ആൻഡ് പൊളിററിക്കൽ വീക്കിലി, വോ. XVI, നമ്പർ 3, ജനുവരി 17, 1981.
11. അടിക്കുറിപ്പ്, 5, ഖണ്ഡിക 78
12. അതിൽ തന്നെ, ഖണ്ഡിക 81
13. കെ. എൻ. പണിക്കർ, ''കാർഷിക ബന്ധങ്ങളും മാപ്പിള ലഹളകളും'', ദേശാഭിമാനി വാരിക, ലോഗൻ പതിപ്പ്, 8 ഫെബ്രുവരി, 1981.
14. അടിക്കുറിപ്പ് 5, ഖണ്ഡികകൾ 329, 330, 353, 354, 357.
15. അതിൽ തന്നെ, ഖണ്ഡികകൾ 486, 488.
16. ചാൾസ് ടേർണർ, മിനുട്ട്സ് ഓൺ ഡ്രാഫ്ററ് ബിൽ റിലേററിങ് ടു മലബാർ ലാൻഡ് ടെനൻസ് (മദ്രാസ്, 1885) കാണുക.
17. ലോഗനെ കൂടാതെ ഹെർബർട്ട് വിഗ്രാം, സി. ശങ്കരൻ നായർ, പി. കരുണാകരമേനോൻ (ഡി. കളക്ടർ) എന്നിവരായിരുന്നു മററു അംഗങ്ങൾ. ജി. ഓ. ജനുവരി 29, 1884, നമ്പർ 53, പൊളിററിക്കൽ.
18. ജി. ഓ. സെപ്ററംബർ 17, 1885, നമ്പർ 650, പബ്ലിക് (പൊളിററിക്കൽ).

# 6

# മലബാർ കലാപം

## രാഷ്ട്രീയ പശ്ചാത്തലം

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടപ്പിലാക്കിയ നിസ്സഹകരണപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും 1920-21കാലം മലബാറിലെങ്ങും ദേശീയ പ്രസ്ഥാനത്തിന് പുതിയൊരു ചൈതന്യം നൽകി. ഏറനാട്ടിൻെറ കേന്ദ്രമായ മഞ്ചേരിയിൽ 1920 ഫെബ്രുവരിയിൽ നടന്ന അഞ്ചാം ജില്ലാസമ്മേളനം മൂന്ന് പ്രമേയങ്ങരം പാസ്സാക്കി. അവ: (1) ബ്രിട്ടീഷ് ഗവൺമെൻററ് നടപ്പിൽ വരുത്തിയ മൊണ്ടേഗു–ചെംസ്ഫോർഡ് ഭരണപരിഷ്കാരം സ്വീകാര്യമല്ല. (2) ഇന്ത്യൻ മുസ്ലിങ്ങളുടെ ആഗ്രഹമനുസരിച്ച് ഓട്ടോമൻ പ്രശ്നം പരിഹരിക്കണം. (3) മലബാറിന് സമഗ്രമായ ഒരു കുടിയായ്മനിയമം നടപ്പിൽ വരുത്തണം. ആയിരക്കണക്കിൽ വെറുംപാട്ടക്കാരായ കർഷകരും മററും പങ്കെടുത്ത ഈ സമ്മേളനം പുതിയ കുടിയായ്മനിയമത്തിനുവേണ്ടി ശബ്ദമുയർത്തിയത് കർഷകരെ രാഷ്ട്രീയരംഗത്തേക്കു ആകർഷിക്കുവാൻ വേണ്ടിയായിരുന്നു. കുടിയാൻസംഘപ്രവർത്തകനായ കെ. പി. രാമൻമേനോൻ ഈ സമ്മേളനത്തിനു ശേഷം തൻെറ പ്രവർത്തനങ്ങരം കൂടുതൽ വിപുലമാക്കി.

ആഗസ്റ്റിൽ ഗാന്ധിജിയും ഷൗക്കത്ത് അലിയും കോഴിക്കോട് സന്ദർശിച്ചു. ഗവൺമെൻറുമായി നിസ്സഹകരിക്കുവാൻ

അവർ ജനങ്ങളോട് ആവശ്യപ്പെട്ടു. എം.പി. നാരായണ മേനോൻ തുടങ്ങിയ വക്കീലൻമാർ കോടതികൾ ബഹിഷ്കരിച്ച് ഏറനാട്, വള്ളുവനാട് തുടങ്ങിയ പ്രദേശങ്ങളിൽ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, കെ.എം. മൗലവിസാഹിബ് തുടങ്ങിയവരോടൊത്ത് ഖിലാഫത്ത് കമ്മിററികൾ രൂപീകരിക്കുകയും മാപ്പിളമാരെ രാഷ്ട്രീയമായി ഉൽബുദ്ധരാക്കുകയും ചെയ്തു. കുണ്ടോട്ടിയിൽ 1920 നവംബറിൽ ഒരു ഖിലാഫത്ത് സമ്മേളനം ചേർന്നു; ജനുവരിയിൽ കോഴിക്കോട്ടുവെച്ച് കോൺഗ്രസ്സ്–ഖിലാഫത്ത് സമ്മേളനവും. ഈ യോഗങ്ങളിലെല്ലാം മാപ്പിളമാരായ കുടിയാൻമാർ ധാരാളം പങ്കെടുത്തു. ഗവൺമെൻറിനെതിരായ ഖിലാഫത്ത് സമ്മേളനങ്ങൾ ജില്ലാമജിസ്ട്രേട്ട് ഇ. എഫ്. തോമസ് 1921 ഫെബ്രുവരി അഞ്ചിനു നിരോധിച്ചു. ഇതേ അവസരം മദ്രാസിലെ ഖിലാഫത്ത് നേതാവായ യാക്കൂബ് ഹസ്സൻ കോഴിക്കോട്ടു വന്നു. സമ്മേളനങ്ങളിൽ പങ്കെടുക്കാൻ പാടില്ലെന്ന വാറണ്ട് നിഷേധിച്ച് അറസ്റ്റ് വരിച്ചു. കെ. മാധവൻനായർ, യു. ഗോപാലമേനോൻ, പൊൻമാടത്ത് മൊയ്തീൻകോയ എന്നീ നേതാക്കളും അറസ്റ്റു ചെയ്യപ്പെട്ടു. നിസ്സഹകരണപ്രസ്ഥാനത്തിലെ ആദ്യത്തെ ഈ അറസ്ററുകൾക്കെതിരായി കോഴിക്കോട് പരിപൂർണ ഹർത്താലാചരിച്ചു. പോലീസ് ജനങ്ങളെ ലാത്തിച്ചാർജ് ചെയ്തു. തിരൂരങ്ങാടിയിൽ പൊററ അബൂബക്കർ, കല്ലറക്കൽ അഹമ്മദ്, പൊററ കുഞ്ഞഹമ്മദ്, എൻ. അസ്സൻകുട്ടി എന്നീ ഖിലാഫത്ത് പ്രവർത്തകരെ അറസ്ററു ചെയ്യുകയുമുണ്ടായി. ഇവർക്കെല്ലാം ആറു മാസക്കാലത്തേക്കു ജയിൽശിക്ഷ വിധിച്ചു.

പിന്നീട് 1921 ഏപ്രിൽ 23–25 തീയതികളിൽ വള്ളുവനാട് താലൂക്കുകേന്ദ്രമായ ഒററപ്പാലത്തുവെച്ച് കോൺഗ്രസ്സ് സമ്മേളനവും അതോടൊപ്പം ഖിലാഫത്ത് കമ്മിററി, വിദ്യാർഥിസംഘം, കുടിയാൻ സംഘം എന്നീ പ്രത്യേകസമ്മേളനങ്ങളും നടത്തി. ടി. പ്രകാശം, സെയ്ത് മുർത്താസാഹിബ്, ജോർജ് ജോസഫ്, കെ.പി. രാമൻമേനോൻ എന്നിവരായിരുന്നു അദ്ധ്യക്ഷൻമാർ. സമ്മേളനം അലങ്കോലപ്പെടുത്തുവാനായി പി. രാമുണ്ണി

മേനോൻ എന്ന പ്രവർത്തകനെ പോലീസുകാർ കയ്യേററം ചെയ്തു. ഇതൊരു ഗൂഢാലോചനയാണെന്ന് കോൺഗ്രസ്സ് അന്വേഷണക്കമ്മിററി കണ്ടെത്തി. ഈ വാർത്തയ്ക്കെതിരായി പോലീസ് സൂപ്രണ്ട്, ടി. പ്രകാശത്തിനും ഹിന്ദുപത്രത്തിനും എതിരായി മാനനഷ്ടക്കേസ് കൊടുത്തു. സബ്ജഡ്ജി നഷ്ടം വിധിക്കുകയും ചെയ്തു. ഇതെല്ലാം ജനരോഷം വർധിപ്പിച്ചു. ഇതേ സമ്മേളനത്തിൽ വെച്ച് സ്വാതന്ത്ര്യപ്രസ്ഥാനത്തിനു പിൻതുണ നൽകാൻ മജ്ലിസ് ഉൽ ഉലമയെന്ന പണ്ഡിതസംഘം ഇ. മൊയ്തുമൗലവി സെക്രട്ടറിയായി രൂപീകരിച്ചു.

കോൺഗ്രസ്സ്—ഖിലാഫത്ത് പ്രവർത്തനങ്ങൾക്കെതിരായി പ്രചരണയോഗങ്ങൾ സംഘടിപ്പിക്കുവാൻ യാഥാസ്ഥിതികരും ജില്ലാഭരണാധികാരികളും തീരുമാനിച്ചു. ഒററപ്പാലത്തെ സമ്മേളനദിവസം തന്നെ ഭരണപരിഷ്കാരത്തെ സ്വാഗതം ചെയ്തും നിസ്സഹകരണ പ്രസ്ഥാനത്തെ അപലപിച്ചും കോഴിക്കോട്ട് യോഗം നടന്നു. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള കമ്മിററിയുടെ പ്രസിഡൻറുമാർ സാമൂതിരിയും ദിവാൻ ബഹദൂർ എം. കൃഷ്ണൻനായരുമായിരുന്നു. സാമൂതിരി എസ്റേററ് വക കുടിയാൻ കമ്മിററി അദ്ദേഹത്തിനെതിരായി കോട്ടക്കലും മററും പ്രവർത്തിച്ചുവരുമ്പോൾ പ്രസ്ഥാനത്തെ എതിർക്കുവാൻ അദ്ദേഹം ഗവൺമെൻറിനോട് സഹകരിച്ചതിലാശ്ചര്യമില്ല. ഇക്കൂട്ടരുടെ ഒരു സമ്മേളനം പൊന്നാനിയിൽ ചേരുന്ന ദിവസം തന്നെ കോൺഗ്രസ്സും ഒരു സമ്മേളനം നടത്താൻ നിശ്ചയിച്ചിരുന്നു. അത് അധികൃതർ നിരോധിച്ചു. അതിനാൽ അതേ ദിവസം പുതുപൊന്നാനിയിൽ മജ്ലിസ് ഉൽ ഉലമയുടെ കീഴിൽ അബ്ദുറഹിമാൻ സാഹിബും മററും പങ്കെടുത്ത മറെറാരു സമ്മേളനം നടത്തി. അതിൽ പങ്കെടുത്ത നേതാക്കളെ പോലീസ് ഭീഷണിപ്പെടുത്തി.

## കലാപത്തിലേക്കുള്ള നീക്കം

ഖിലാഫത്ത് വാളണ്ടിയർമാരെ അപമാനിക്കുക, കൊടി കീറുക, ഭീഷണിപ്പെടുത്തുക തുടങ്ങിയവ പോലീസുകാരുടെ

പതിവു പരിപാടിയായിരുന്നു. പക്ഷേ ഖിലാഫത്തിലൂടെ തെക്കേ മലബാറിൽ മാപ്പിളമാർ കൂടുതൽ സംഘടിതരാവുകയാണുണ്ടായത്. തിരൂരങ്ങാടിയിൽ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്ത ഏരിക്കുന്നൻ ആലിമുസ്സലിയാർ സന്നദ്ധഭടൻമാരെ സംഘടിപ്പിച്ചു. റംസാൻ മാസമായ ജൂണിൽ അദ്ദേഹം വാളണ്ടിയർമാരോടു കൂടെ 1843—ലെ കലാപത്തിൽ മരിച്ച ശഹീദുക്കളുടെ മക്ബറയിലേക്ക (ചേരൂർ നേർച്ചയുമായി ബന്ധം) തീർത്ഥാടനം നടത്തി. ഇത് മാപ്പിളക്കലാപത്തിൻെറ തുടക്കമാകുമോയെന്നു ഭയപ്പെട്ട ഭരണാധികാരികൾ ജൂൺ 18-ന് അദ്ദേഹത്തെ ചോദ്യം ചെയ്യുവാൻ ഒരു പോലീസുകാരനെ അയച്ചു. ഈ അവസരം പൂക്കോട്ടൂർ പ്രദേശങ്ങളിൽ നിന്നും അറുന്നൂറോളം പേർ അവിടെയെത്തുകയും മുസ്സലിയാരെ അറസ്റ്റുചെയ്യുന്നതല്ലെന്ന് ഉറപ്പു ലഭിച്ചതിനു ശേഷം മാത്രം പിരിഞ്ഞു പോവുകയും ചെയ്തു.

ജൂലായ് അവസാനദിവസം പൂക്കോട്ടൂരിൽ മറെറാരു സംഭവവും നടന്നു. നിലമ്പൂർ തിരുമുൽപ്പാടുമാരുടെ പൂക്കോട്ടൂർ കോവിലകം വക ഒരു തോക്ക് കളവുപോയിട്ടുണ്ടെന്നും അതവരുടെ കാര്യസ്ഥനായിരുന്ന വടക്കേവീട്ടിൽ മുഹമ്മദിൻെറ വീട്ടിലുണ്ടെന്നുമുള്ള പരാതിയിൽ പോലീസുകാർ വീടു പരിശോധിച്ചു. തോക്ക് കിട്ടിയില്ല. തന്നെ ഭീഷണിപ്പെടുത്തുവാനെടുത്ത ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് മുഹമ്മദ് അൻപതോളം പേരോടൊപ്പം തിരുമുൽപ്പാടിനെ സന്ദർശിച്ചു. തനിക്കു കിട്ടാൻ ബാക്കിയുള്ള ശമ്പളത്തുക ആവശ്യപ്പെട്ടു. പിറേറദിവസം പോലീസ് അന്വേഷണത്തിനു വിളിച്ചപ്പോൾ ആലിമുസ്സലിയാരുടെ കൂട്ടുകാരനായ കുട്ടിഹാജിയും സന്നദ്ധഭടൻമാരും മററുമുള്ള ഒരു സംഘത്തോടൊപ്പം കോവിലകത്തേക്ക് പുറപ്പെട്ടു. മററു പ്രകോപനങ്ങളിലൊന്നും ഏർപ്പെടാതെ സംഘം പിരിഞ്ഞുപോയി. തിരുമുൽപ്പാടിൻെറ പല കുടിയാൻമാരും സംഘത്തിലുണ്ടായിരുന്നു. സംഘത്തെ പ്രകോപിപ്പിക്കുവാനുള്ള നടപടികൾ പോലീസുകാർ ആ അവസരം കൈക്കൊണ്ടില്ല.

## തിരൂരങ്ങാടി സംഭവം

നിയമസമാധാനം തകരുന്നുവെന്നു പേടിച്ച ജില്ലാ മജിസ്ട്രേട്ട് തോമസ് സ്ഥിതിഗതികൾ ആഗസ്ററ് 10-നു മദ്രാസ് ഗവൺമെൻറിനെ അറിയിച്ചു. ഗവർണർ, എ. ആർ. നേപ്പിനെ മജിസ്ട്രേട്ടുമായി കാര്യങ്ങൾ ചർച്ച ചെയ്യുവാൻ നിയോഗിച്ചു. 16-ാം തീയതി ഗവൺമെൻറിൻെറ ടെലഗ്രാം '1854-ലെ മലബാർ വാർ നൈവ്സ് ആക്ട്' പ്രകാരം ആയുധങ്ങൾ പിടിച്ചെടുക്കുവാനും തിരൂരങ്ങാടിയിലേക്കു പട്ടാളത്തെ അയക്കുവാനും നിർദേശം നൽകി. പക്ഷേ ഈ നടപടികൾ മാപ്പിളക്കലാപത്തിൻെറ ഭീഷണി നേരിടാൻ മാത്രമാണെന്നും ഖിലാഫത്തിന്നെതിരായിട്ടുള്ളതല്ലെന്നും തോന്നിക്കത്തക്ക വിധമായിരിക്കണമെന്നും ഗവൺമെൻറ് ആവശ്യപ്പെട്ടു.

ആഗസ്ററ് 20-ന് പുലർച്ചയ്ക്കു മുമ്പായി തോമസും ഹിച്ച്കോക്കും പട്ടാളത്തോടൊപ്പം തിരൂരങ്ങാടിയിലെത്തി. ആലിമുസ്ലിയാർ തുടങ്ങിയ പ്രധാന ഖിലാഫത്ത് പ്രവർത്തകരെ അറസ്റ്റു ചെയ്യുവാൻ പുറപ്പെട്ടു. മുസ്ലിയാരും കൂട്ടരും പിടികൊടുത്തില്ല. അതിനാൽ പൊററ മുഹമ്മദ്ഹാജി, ഒസ്സാൻ മമ്മദ്, മകൻ മൊയ്തീൻകുട്ടി എന്നിവരെ പിടികൂടുകയും മാരകായുധങ്ങളുണ്ടോ എന്ന് പരിശോധിക്കുവാൻ പട്ടാളക്കാർ പള്ളി വളയുകയും ചെയ്തു. ആയുധങ്ങളൊന്നും ലഭിച്ചില്ല. പള്ളിയും മസറംജാറവും പട്ടാളം നശിപ്പിച്ചുവെന്ന വാർത്ത കാട്ടുതീ പോലെ പടർന്നു. താനൂരിൽ നിന്നും കുഞ്ഞിക്കാദറിൻെറ നേതൃത്വത്തിൽ ഒരു കൂട്ടം വാളണ്ടിയർമാർ തിരൂരങ്ങാടിയിലേക്കു പുറപ്പെട്ടു. അതുപോലെ വേങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും. ആലി മുസ്ലിയാരും മററുള്ളവരും അറസ്റ്റു ചെയ്തവരെ വിട്ടയക്കണമെന്നാവശ്യപ്പെട്ടു. തുടർന്നു വെടിവയ്പ്പുണ്ടാകുകയും കുറച്ചുപേർ മരിക്കുകയും ചെയ്തു. സംഘട്ടനത്തിൽ ലഫ്. ജോൺസ്റ്റൺ, റൌലി (എ. എസ്സ്. പി.) എന്നിവർ മരിച്ചുവീണു.

തുടർന്നു പലേടങ്ങളിലും ഗവൺമെൻറിനെതിരായി ജനമുന്നേററമുണ്ടായി. അംശക്കച്ചേരികൾ, പോലീസ് സ്റ്റേഷനു

കൾ, രജിസ്റ്ററർ കച്ചേരികൾ, റെയിൽവേ—ടെലഗ്രാഫ് ലൈനു കൾ, കോടതികൾ തുടങ്ങിയവ നശിപ്പിക്കപ്പെട്ടു. ട്രഷറികൾ കൊള്ളചെയ്യപ്പെട്ടു. തിരൂരങ്ങാടി, പരപ്പനങ്ങാടി, താനൂർ, തിരൂർ, കല്പകഞ്ചേരി, കാട്ടിപ്പരുത്തി, കോട്ടക്കൽ, പട്ടാമ്പി, ചെർപ്പുളശ്ശേരി, പുലാമന്തോൾ, ചുണ്ടംപററ, വിളായൂർ, മണ്ണാർക്കാട്, നടക്കൽ, അങ്ങാടിപ്പുറം, പന്തല്ലൂർ, പാണ്ടിക്കാട്, കരുവാരക്കുണ്ട്, വണ്ടൂർ, മേലാററൂർ തുടങ്ങിയ സ്ഥലങ്ങ ളിലെ ഗവൺമെൻറു സ്ഥാപനങ്ങൾ പലതും ആക്രമിച്ചു. ആലിമുസ്ലിയാർ തിരൂരങ്ങാടി ജുമായത്തുപള്ളിയിൽ വച്ച് ഖിലാഫത്ത് രാജാവായി സ്ഥാനമേററു. ഖിലാഫത്ത് ഓഫീസ് തൻെറ ഔദ്യോഗിക കേന്ദ്രമാക്കുകയും ചെയ്തു.

മദ്രാസ് ഗവൺമെൻറിൻെറ റിപ്പോർട്ടനുസരിച്ച് ഇന്ത്യാഗ വൺമെൻറ് വള്ളുവനാട്, പൊന്നാനി, ഏറനാട്, കോഴിക്കോട് എന്നീ താലൂക്കുകളിൽ ആഗസ്ററ് 24-ാം തീയതി മുതൽ പട്ടാള നിയമം നടപ്പിൽ വരുത്തി. പിന്നീട് കുറുമ്പനാട്, വയ നാട് എന്നിവിടങ്ങളിലേക്കും ഈ നിയമം വ്യാപിപ്പിച്ചു. ആഗസ്റ്റ് 26—നു പൂക്കോട്ടൂരിൽ വച്ച് കലാപകാരികളും പട്ടാ ളവും തമ്മിൽ വലിയൊരു ഏററുമുട്ടൽ നടന്നു. വലിയവീ ട്ടിൽ മുഹമ്മദ് അടക്കം 300-നും 400-നുമിടയിൽ കാലാപകാ രികൾ മരിച്ചുവീണു. കിഴക്കൻ ഏറനാട്ടിൽ കലാപത്തിൻെറ നേതൃത്വം ഏറെറടുത്തത് വാരിയൻ കുന്നത്ത് കുഞ്ഞാമദ് ഹാജിയും ചെമ്പ്രശ്ശേരി ഒററകത്ത് കുഞ്ഞിക്കോയത്തങ്ങളും ആയിരുന്നു. ഹാജി 1896—ലെ കലാപത്തിൽ പങ്കെടുത്തതിനു ശിക്ഷിക്കപ്പെട്ടിരുന്നു. പിന്നീട് സ്വന്തം ഗ്രാമത്തിൽ താമസം നിഷേധിക്കപ്പെട്ടു. ഹാജി ഹിന്ദുക്കളുടെ രാജാവായും മുസ്ലി ങ്ങളുടെ അമീർ ആയും ഖിലാഫത്ത് സൈന്യത്തിൻെറ കേണൽ ആയും സ്വയം സ്ഥാനമേററു. കലാപം കാരണമായുള്ള അ രാജകത്വവും താന്തോന്നിത്തവും അവസാനിപ്പിക്കുവാൻ അദ് ദേഹം പരിശ്രമിച്ചു. മററു നേതാക്കൻമാരായ അബ്ദോക്കർ മുസ്ല ലിയാർ താമരശ്ശേരിയിലും, കൊന്നാറ തങ്ങൾ, കാരാട്ട് മൊയ് തീൻകുട്ടിഹാജി എന്നിവർ അരീക്കോടിനു വടക്കും, തോന്നി

423388
032,6
M2



ക്കരെ അയമു, അബ്ദുഹാജി എന്നിവർ നിലമ്പൂരും ഭരണം നടത്തുവാൻ പരിശ്രമിച്ചു. ഒരു വർഷത്തേക്കു എല്ലാവർക്കും നികുതിയിളവ് അനുവദിച്ചു. പകരം യുദ്ധഫണ്ടാണ് ആവശ്യപ്പെട്ടത്.

തിരൂരങ്ങാടി പിടിച്ചെടുക്കുവാൻ ബ്രിട്ടീഷുപട്ടാളം പരിശ്രമിക്കുകയും ആഗസ്റ്റ് 31—നു ആലിമുസ്സലിയാരെ കീഴടക്കുകയും ചെയ്തു. രാജാവിന്നെതിരായി കലാപം നടത്തിയെന്ന കുററം ചുമത്തി 1922 ഫെബ്രുവരിയിൽ കോയമ്പത്തൂർ ജയിലിൽ അദ്ദേഹം തൂക്കിലേററപ്പെട്ടു.

## കലാപത്തിൻെറ വ്യാപ്തി

''ശത്രുക്കളുടെ രാജ്യം തിരിച്ചുപിടിക്കുന്ന'' നടപടിയായിരുന്നു പിന്നീട് കേണൽ ഹംഫ്രി നടപ്പിലാക്കിയത്. തോമസ് ലീവിൽ പോവുകയും സ്പെഷ്യൽ സിവിൽ ഓഫീസ്സറായി ഇവാൻ നിയമിക്കപ്പെടുകയും ചെയ്തു. പട്ടാളത്തെ സഹായിക്കുവാൻ എച്ച്.എം. എസ്. കോമുസ് എന്ന നാവികക്കപ്പൽ കൊളമ്പോവിൽ നിന്നും കോഴിക്കോട്ടെത്തിച്ചേർന്നു. കുററവാളികളെ വിചാരണ ചെയ്യുവാൻ ഹ്യൂഗ്സ് പ്രസിഡൻറായും എഡിങ്ങ്ടൺ, നാരായണയ്യർ, വാറംഷ്, ഓക്സൺ എന്നിവർ അംഗങ്ങളായും സ്പെഷ്യൽ ട്രൈബ്യൂണൽ ഏർപ്പെടുത്തി. മാപ്പിളമാരെ വേട്ടയാടിപ്പിടിക്കുന്ന പട്ടാള നടപടികളിൽ പലേടത്തും ഹിന്ദുക്കരം സഹകരിച്ചപ്പോറം കലാപകാരികറം ഹിന്ദു ജന്മിമാരെയും മററു അനുകൂലികളെയും കൊലപ്പെടുത്തുവാനും മതംമാററൽ തുടങ്ങിയ നടപടികളാൽ ഭീഷണിപ്പെടുത്തുവാനും തുടങ്ങി. കലാപകാരികറംക്കു തങ്ങളുടെ ഭക്ഷണസാമഗ്രികറം ബലാല്ക്കാരമായി ശേഖരിക്കേണ്ടിവന്നു. വേണ്ടത്ര സംഘടിതമായ ഒരു ഭരണസംവിധാനം കലാപകാരികറംക്കു സൃഷ്ടിക്കുവാൻ കഴിയാത്ത നിലയിൽ സ്വാർത്ഥതല്പരരായ പലരും കൊള്ളയും കൊലയുമായി സഞ്ചരിക്കുവാൻ തുടങ്ങി.

ഒക്ടോബർ 21-നു പൂക്കോട്ടൂരിനടുത്ത് ഗൂർഖകളുടെ സൈന്യത്തെ ആക്രമിച്ച കലാപകാരികളിൽ 46 [illegible] വധിക്ക

MADRAS UNIVERSITY LIBRARY
MUL

പ്പെട്ടു. അതുപോലെ മേൽമുറിയിൽ 246 പേരും. ബേപ്പൂർ ഭാഗങ്ങളിൽ 300 പേരെ പട്ടാളം വധിച്ചു. നവംബർ 13–നു പാണ്ടിക്കാട്ടു വച്ച് പട്ടാളത്തെ ആക്രമിച്ച കലാപകാരികളിൽ 234 പേർ വധിക്കപ്പെട്ടു. ശിക്ഷിക്കപ്പെട്ട കുററവാളികളെ ചരക്കു കയററുന്ന വാഗണിൽ (എൽ. വി. 1711) തിരൂരിൽ നിന്നും കോയമ്പത്തൂരേയ്ക്കു കൊണ്ടുപോകുമ്പോൾ 67 പേർ ശ്വാസംമുട്ടി ദീനമായി മരണം പ്രാപിച്ചു. ജനുവരി 6–നു വാരിയൻ കുന്നത്ത് ഹാജി പോലീസിനു കീഴടങ്ങി. ചെമ്പ്രശ്ശേരി തങ്ങളേയും ഹാജിയേയും 22-നു മലപ്പുറത്തു കോട്ടക്കുന്നിൽ വെടിവച്ചു കൊന്നു. കലാപം ക്രമേണ കെട്ടടങ്ങുകയും ഫെബ്രുവരിയോടുകൂടി സമാധാനവും ഭരണവും പുനഃസ്ഥാപിക്കുകയും ചെയ്തു.

ഏതാണ്ട് 220 ഗ്രാമങ്ങളിൽ വ്യാപിച്ച കലാപത്തിൻെറ വ്യാപ്തി പട്ടികയിൽ നിന്നും (പേജ് 61) താരതമ്യം ചെയ്യാവുന്നതാണ്.

## സാമ്രാജ്യത്വവും കുരുക്കുവിദ്യയും

തങ്ങളുടെ സ്വത്തിനും താല്പര്യങ്ങൾക്കും കുടിയാൻ സംഘത്തിൻെറയും ഖിലാഫത്തിൻെറയും പ്രവർത്തനങ്ങൾ ഹാനികരമാണെന്നു മനസ്സിലാക്കിയ ജന്മിമാരും ബ്രിട്ടീഷുഭരണത്തിൻെറ അനുകൂലികളും മാപ്പിളമാർക്കെതിരെ പട്ടാളനടപടികളടക്കമുള്ള മർദനമുറകൾ സ്വാഗതം ചെയ്തു. പൂക്കോട്ടൂർ തിരുമുൽപ്പാടിൻെറ കോവിലകത്തേക്കുള്ള ജനമുന്നേററം മാപ്പിളക്കലാപത്തിൻെറ തുടക്കമായി പരിഗണിക്കേണ്ടതാണെന്ന് ജന്മിമാർ സ്ഥലത്തെ പോലീസിനെക്കൊണ്ടും റിപ്പോർട്ടു ചെയ്യിപ്പിച്ചു. നാരായണമേനോനെപ്പോലുള്ള പോലീസുദ്യോഗസ്ഥനും മററു ഗ്രാമ മുൻസിഫുമാരും ജന്മിത്തത്തിൻെറ തന്നെ ഭാഗമായ ഔദ്യോഗിക ഘടകങ്ങളായിരുന്നു. കലാപത്തിനു തൊട്ടുമുമ്പ് ജയിൽവിമുക്തരായ കോൺഗ്രസ്–ഖിലാഫത്ത് നേതാക്കന്മാർക്കു കോഴിക്കോട്ടു ലഭിച്ച സ്വീകരണവും അവിടെ നടന്ന വിദേശവസ്ത്രദഹനവും

| താലൂക്ക് | വിസ്തീർണം ച:മൈൽ | 1921–ലെ ജനസംഖ്യ ഹിന്ദു | മുസ്ലീം | ക്രിസ്ത്യാനി | അംശങ്ങൾ | കലാപം പൂർണ മായും ബാധിച്ച അംശങ്ങൾ |
|---|---|---|---|---|---|---|
| ഏറനാട് | 966 | 1,66,328 | 2,37,402 | 371 | 94 | 94 |
| കോഴിക്കോട് | 379 | 1,96,435 | 88,393 | 5,763 | 65 | 23 |
| വള്ളുവനാട് | 880 | 2,59,979 | 1,33,919 | 619 | 118 | 68 |
| പൊന്നാനി | 426 | 2,81,155 | 2,29,016 | 2,308 | 120 | 35 |

മേൽ താലൂക്കുകളിലെ 397 അംശങ്ങളിൽ 220 അംശങ്ങൾ കലാപത്തിലേർപ്പെട്ടു.

ഭരണാധികാരികളുടെ നടപടികൾ കൂടുതൽ ശക്തമാക്കുവാൻ സഹായിച്ചു. റംസാൻമാസം ആലിമുസ്സലിയാരും വാളണ്ടിയർമാരും മസ്ഥറംജാറം സന്ദർശിച്ചത് കലാപത്തിലേക്കുള്ള നീക്കമാണെന്ന് വ്യാഖ്യാനിക്കുവാൻ ഭരണാധികാരികളെ സഹായിച്ചത് അന്നു നിലനിന്ന രാഷ്ട്രീയ പാശ്ചാത്തലമായിരുന്നു. തോമസ്–ഹിച്ച്കോക്ക് പ്രഭൃതികളുടെ റിപ്പോർട്ടിന്മേൽ മദ്രാസ് ഗവൺമെൻറ് എടുത്ത തീരുമാനം സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ തന്നെയായിരുന്നു. അതേസമയം ഖിലാഫത്ത്–നിസ്സഹകരണ പ്രസ്ഥാനങ്ങളെ ഗവൺമെൻറ് നിരോധിച്ചിരുന്നുമില്ല.

ദേശീയപ്രസ്ഥാനം കർഷകരുംകൊണ്ട അധ്വാനിക്കുന്ന വർഗത്തിലെത്തിച്ചേരുന്നതിനെ വളരെ സംശയത്തോടുകൂടിയായിരുന്നു ഭരണാധികാരികൾ വീക്ഷിച്ചിരുന്നത്. ചമ്പരാൻ, ഖേര തുടങ്ങിയ പ്രദേശങ്ങളിൽ ധനിക കർഷകരിൽ മാത്രം വ്യാപിച്ച പ്രസ്ഥാനം മലബാറിൽ ഇടത്തരക്കാരിലേക്കും പാവപ്പെട്ടവരിലേക്കും വ്യാപിക്കുകയായിരുന്നു. മലബാറിലെ കുടിയാൻസംഘവും യു. പി. യിലെ കിസാൻസംഘവും ഇത്തരം മാററങ്ങൾക്കുദാഹരണമായിരുന്നു. 1919-ലെ അമൃതസാർ കോൺഗ്രസ്സ് സമ്മേളനത്തിൽ ചർച്ചയ്ക്കുവന്ന ഒരു പ്രധാന പശ്നം കർഷകർക്കായി ഒരഖിലേന്ത്യാ പരിപാടി സ്വീകരിക്കുകയെന്നതായിരുന്നു. കിസാൻസഭ ഉന്നയിച്ച ആവശ്യം ഇന്ത്യയെങ്ങും മണ്ണിൻെറ ഉടമകൾ കർഷകരായിരിക്കണമെന്നും, നികുതിയല്ലാതെ വാരം/പാട്ടം പിരിക്കുവാൻ പാടില്ലെന്നും ജമീന്ദാരി അവകാശങ്ങൾ കുടിയാനിൽ നിക്ഷിപ്തമാക്കണമെന്നും മററുമായിരുന്നു. ഈ നിർദ്ദേശങ്ങളെപ്പററി ഗവൺമെൻറിൻെറ ഇൻറലിജൻസ് ഡയറക്ടറുടെ റിപ്പോർട്ട് ''റഷ്യയിലെ ബോൾഷെവിക് പരിപാടികൾ ഭൂമിയുടെ കാര്യത്തിൽ സ്വീകരിക്കുകയെന്നത് ഇന്ത്യൻ കർഷകനെ ഏററവുമധികം ആകർഷിക്കും'' എന്നായിരുന്നു. ഈ പശ്ചാത്തലത്തിൽ 1921 ജനുവരി 13–നു വൈസ്രോയി ഇന്ത്യാ സെക്രട്ടറിക്കയച്ച ടെലിഗ്രാം നിലവിലുള്ള കുടിയായ്മനിയമങ്ങൾ പരിഷ്

ക്കരിക്കേണ്ടതുണ്ടെന്നും, ഈ നിയമങ്ങളുടെ പ്രവർത്തനമാണ് നിസ്സഹകരണ പ്രസ്ഥാനത്തിൻെറ വിജയത്തിന്നു പ്രധാന കാരണമെന്നും ചൂണ്ടിക്കാട്ടി. മറെറാരു വിധത്തിൽ ദേശീയ പ്രസ്ഥാനത്തിലുള്ള കർഷക പങ്കാളിത്തം അവസാനിപ്പിക്കേണ്ടത് സാമ്രാജ്യത്വത്തിൻെറ നിലനില്പിന്നാവശ്യമായിരുന്നു. റഷ്യൻ വിപ്ലവത്തിലെ അടിസ്ഥാനശക്തിയെ ഇന്ത്യയിൽ നിഷ്ക്രിയമായി നിലനിർത്തുവാൻ സാമ്രാജ്യത്വവും ജന്മി—ജമീന്ദാർ വർഗ്ഗവും ഒത്തൊരുമിച്ചു.

റായ്ബറേലി, ഫൈസാബാദ് തുടങ്ങിയ ജില്ലകളിൽ ജമീന്ദാർമാർക്ക് ക്ഷുരകനേയും അലക്കുകാരനേയും കുടി കിസാൻസംഘം വിലക്കിയതും, കാർഷിക സംഘട്ടനങ്ങളിലേർപ്പെട്ടതും കോൺഗ്രസ്സിലെ ഭൂകുത്തകക്കാർക്കു തലവേദനയായി. ഈ വിഭാഗവുമായി സാമ്രാജ്യത്വത്തിനു വളരെ വേഗം അനുരജ്ഞനത്തിലേർപ്പെടുവാൻ കഴിഞ്ഞു. മലബാറിൽ നടന്നതും ഇത്തരം ഒരനുരഞ്ജനമായിരുന്നു. ഇവിടത്തെ ജന്മിമാരും ഗ്രാമ മുൻസിഫുമാരും (ഭൂവുടമകൾ തന്നെ) ദേശീയപ്രസ്ഥാനത്തിലേക്കും ഖിലാഫത്തിലേക്കും അതുപോലെ കുടിയാൻസംഘത്തിലേക്കും ആകൃഷ്ടരായ മാപ്പിളക്കർഷകരെ അവയുടെ മുഖ്യധാരയിൽ നിന്നും മാററിനിർത്തുവാൻ പരിശ്രമിച്ചു. മാപ്പിളമാർ വർഗീയകലാപം നടത്തുവാൻ പോകുന്നുവെന്നു പ്രചരിപ്പിച്ചുകൊണ്ട് നിരായുധരായ ജനക്കൂട്ടത്തെ വെടിവെയ്ക്കാനും പട്ടാളഭരണം നടപ്പിലാക്കാനും ഗവൺമെൻറാ അവസരം കണ്ടെത്തി. ഏറനാട്ടിനെ മറെറാരു 'ജാലിയൻവാലം ബാഗ്' ആക്കുവാൻ സാമ്രാജ്യത്വത്തിനും പിന്താങ്ങികൾക്കും കഴിഞ്ഞു.

'1857-ലെ കലാപ'ത്തിൻെറ പല അടിസ്ഥാന സ്വഭാവങ്ങളും മലബാർ കലാപത്തിൽ കാണാവുന്നതാണ്. കോമറോവ്, ഓസിപ്പോവ് തുടങ്ങിയ പണ്ഡിതന്മാർ പ്രസ്തുത ഇന്ത്യൻ സമരത്തിലെ കാർഷിക ഘടകങ്ങളുടെ സജീവമായ പങ്കാളിത്തം പ്രത്യേകം എടുത്തുപറയുന്നു. മലബാർ കലാപത്തിൽ

നശിപ്പിക്കുകയുണ്ടായത് റവന്യു തുടങ്ങിയ ആഫീസുകളായിരുന്നു. വർഷങ്ങളായി തങ്ങളെ വരിഞ്ഞുകെട്ടിയ ഭൂമി സംബന്ധിച്ച രേഖകളും പ്രമാണങ്ങളും മററും നശിപ്പിക്കാൻ കലാപകാരികൾ ശ്രദ്ധിച്ചു. നിലമ്പൂർ കോവിലകം, പൂമള്ളിമന തുടങ്ങിയ ഭൂപ്രഭുക്കൾക്കെതിരെ കലാപകാരികൾ നീങ്ങിയത് അവർ ചൂഷകരും സാമ്രാജ്യത്വത്തിൻെറ പിന്താങ്ങികളും ആയതുകൊണ്ടായിരുന്നു. പ്രത്യുത, അവർ ഹിന്ദുക്കളായതുകൊണ്ടല്ല.

## കലാപം—ഒരു വിശകലനം

പട്ടാളഭരണം നടപ്പിൽ വന്നപ്പോൾ ജന്മിമാരെല്ലാം ബ്രിട്ടീഷുകാരെ സഹായിച്ചു. ഏതാണ്ടു രണ്ടായിരത്തഞ്ഞൂറു പേരെ നിർബന്ധിച്ചു മതം മാററിയെന്നാണ് ജില്ലാ കളക്ടർ ഗോപാലൻനായരും മററും പറയുന്നത്. 500 മുതൽ 600 വരെ ആളുകളെ വധിച്ചുവെന്നും അനേകം ക്ഷേത്രങ്ങൾ നശിപ്പിച്ചുവെന്നും അതിനാൽ വർഗീയകലാപം മാത്രമാണെന്നും ഹിച്ച്കോക്ക് തുടങ്ങിയവർ രേഖപ്പെടുത്തുന്നു. ആഗസ്റ്റ് 21 മുതൽ ഫെബ്രുവരി 22 വരെ നടന്ന പ്രധാന കുററകൃത്യങ്ങൾ ഹിച്ച്കോക്കിൻെറ കണക്കുപ്രകാരം 469 കൊലപാതകങ്ങളും 5941 കൊള്ളകളും 352 തീവെപ്പുകളും (പു. 147) ആയിരുന്നു. ബ്രിട്ടീഷുകാരെ സഹായിച്ച തളിയിൽ ഉണ്ണിമാൻകുട്ടി അധികാരിയും, ഹൈദ്രോസ് കോൺസ്റ്റബിളും, ചേക്കൂട്ടി ഇൻസ്പെക്ടറും, ബാലചികിൽസകനായ ഹൈദ്രോസ് ഹാജിയും, വ്യഭിചാരക്കുററത്തിനു വധിക്കപ്പെട്ട ഉമ്മയും, പട്ടാളക്കാർക്കു ഇളനീരും പാലും കൊടുത്തതിനു വധിക്കപ്പെട്ടവരും, കുടിയാൻെറ വിദ്വേഷം കാരണം വധിക്കപ്പെട്ട ജന്മിയായ നാരയണൻനായരും, തൊഴിലാളികളെ മർദിച്ചതിൻെറ പേരിൽ വധിക്കപ്പെട്ട യൂറോപ്യൻ തോട്ടമുടമയായ ഈററണും ഈ കണക്കിലുൾപ്പെടുന്നു. കൂടാതെ ആയുധങ്ങളുണ്ടാക്കിക്കൊടുക്കാൻ വിസമ്മതിച്ച കൊല്ലന്മാരും. അതുപോലെ കൊള്ളകളിൽ മഞ്ചേരിയിലെ നമ്പൂതിരിബേങ്കും, നിലമ്പൂർ കോവിലകവും ട്രഷറിയും എല്ലാം ഉൾപ്പെടുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിന്നെതിരായി നോട്ടീസ്

അടിച്ച പ്രസ്സുടമ ചാലിലാക്കത്തു ഇബ്രായിൻകുട്ടിയുടെ വീടും അതേ കണക്കിൽത്തന്നെ. നമ്പൂതിരിബേങ്കിൽ പണ്ടം പണയി വെച്ച എല്ലാവർക്കും തന്നെ തങ്ങളുടെ ഉരുപ്പടികൾ പണം വാങ്ങാതെ മടക്കിക്കൊടുത്ത ഒരു കൊള്ളയാണ് മഞ്ചേരിയി ലേത്. അതുപോലെ തമിഴ് പട്ടരുടെ ഗർഭിണിയായ ഭാര്യ യ്ക്ക് പ്രസവത്തിനുള്ള ചെലവ് നൽകിയതും നിലമ്പൂർ കോവിലകം കൊള്ളയിൽ പെടുന്നു. പട്ടാളഭരണം നടക്കു മ്പോൾ ഖിലാഫത്ത് വാളണ്ടിയർ സേനയ്ക്കുള്ള ആഹാരവും, ആ ഇനത്തിൽ കോവിലകം കൃഷി കൊയ്തതും കൊള്ളയുടെ കണ ക്കിൽ പെടുന്നു. ഇ. ജെ. ഹോബ്സ്ബാം കാർഷിക കലാ പങ്ങളുടെ ഭാഗമായി വരുന്ന 'സാമൂഹ്യമായ കൊള്ള'യെപ്പററി പ്രത്യേകം പ്രതിപാദിക്കുന്നത് സ്മരണീയമാണ്. അതുപോലെ കൊള്ളിവെപ്പുകളിൽ കലാപകാരികളെ പിടിച്ചുകൊടുക്കു വാൻ സഹായിച്ച തിരൂരിലെ ചാലിയന്മാരുടെ വീടുകളും ഉൾപ്പെടുന്നു. ഇപ്രകാരം നിഷ്പക്ഷമായി വിശകലനം ചെയ്യു മ്പോൾ വർഗീയതയുടെ പേരിലുണ്ടായ കുററകൃത്യങ്ങളുടെ എണ്ണം ചുരുങ്ങിച്ചുരുങ്ങി വരുന്നു.

വസ്തുനിഷ്ഠമായി കലാപത്തെ ആപഗ്രഥിക്കുമ്പോൾ ഫ്യൂഡൽ ബന്ധങ്ങൾക്കും സാമ്രാജ്യത്വത്തിനും എതിരായുള്ള ഒരു സായുധസമരമാണതെന്നു കാണാം. ചിലേടങ്ങളിൽ ചെറുമ ക്കളേയും അവരുടെ ചാളകളേയും കലാപകാരികൾ നശിപ്പിച്ചത് അവർ ജന്മിമാരുടെ അടിയാളരാണെന്നതിൻെറ പേരിലത്രെ.

'ഒരു കാർഷിക കലാപമാണെങ്കിൽ എന്തുകൊണ്ട് ഹിന്ദു ക്കളായ കർഷകർ ജന്മിമാർക്കും സാമ്രാജ്യത്തിന്നും എതിരായി ആയുധമെടുത്തില്ല' എന്ന ചോദ്യം പലരും ഉന്നയിച്ചിട്ടുണ്ട്. ഹിന്ദുക്കളായ കർഷകർ 1921-ൽ പോലും ഫ്യൂഡൽ ബന്ധ ങ്ങൾക്കെതിരായി മുന്നേറുവാൻ പററിയ സ്ഥിതിയിലായിരുന്നി ല്ലെന്ന് കാണാം. ഭൂദേവനായ ബ്രാഹ്മണനും, അമ്പലവും, ജന്മിത്തവുമെല്ലാമുൾക്കൊണ്ട ഒരു വ്യവസ്ഥിതിയുടെ ചട്ടക്കൂ ട്ടിലായിരുന്നു ഹൈന്ദവരായ കർഷകർ. ജന്മിമാർക്ക് അവരെ

സമൂഹത്തിൽനിന്നു പുറത്താക്കുവാനും അങ്ങനെനീചമായവിധം ശിക്ഷിക്കുവാനും കഴിഞ്ഞിരുന്നു. അവനെ പിന്താങ്ങുന്ന രാഷ്ട്രീയപാർട്ടികളോ ആശയങ്ങളോ വളർന്നുവന്നിരുന്നില്ല. മർദകനും മർദിതനും ഒരേ കപ്പലിൽ. പക്ഷേ മാപ്പിളമാരായ കർഷകരെ സംബന്ധിച്ച് പള്ളിയും സമൂഹവും (സ്വജനം) വേറെ തന്നെയായിരുന്നു. അതിനാൽ ജന്മിമാർ മിക്കവരും ഹിന്ദുക്കളായിരുന്ന പശ്ചാത്തലത്തിൽ ഈ കർഷകരെ ബഹിഷ്കരിക്കുന്ന പ്രശ്നം തന്നെ ഉദിച്ചിരുന്നില്ല. കൂടാതെ മതത്തിന്റെ തത്ത്വശാസ്ത്രപരമായ വശവും, പള്ളി, ജുമായത്ത് തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങളിലൂടെ വളർന്നുവരുന്ന ബന്ധങ്ങളും പ്രത്യേകിച്ച്, ജാതിവിഭജനമില്ലാത്ത ഒരവസ്ഥയിൽ അവരെ ഒരു രാഷ്ട്രീയസംഘടനയിലെന്നപോലെ ഏകീകരിച്ചു. അതിനാൽ ഫ്യൂഡൽ ഘടകങ്ങളുമായി സംഘട്ടനത്തിൽ ഏർപ്പെടാനുള്ള കഴിവ് കൂടുതലായും മാപ്പിളമാർക്കായിരുന്നു. എങ്കിലും കലാപത്തിൽ ഹിന്ദുക്കളായ കർഷകരും പങ്കെടുത്തിരുന്നുവെന്നു കാണാം.

ഡക്കാനിൽ 1875—ൽ നടന്ന കലാപങ്ങളിൽ കുൺബി കർഷകർ ബ്രാഹ്മണരായ ഹുണ്ടികക്കാർക്കെതിരായി കലാപം നടത്താതിരുന്നതിന്റെ ഒരു കാരണം മതപരമാണെന്നു പ്രൊഫ. രവീന്ദർകുമാർ ചൂണ്ടിക്കാണിക്കുന്നു. 1921—ൽ മലബാറിലെ ഹിന്ദുജന്മിമാർക്കെതിരായി ഹിന്ദുകർഷകർ സമരം ചെയ്തില്ല. സമരം ചെയ്തത് പുതിയൊരാശയത്തിന്റെ—കമ്മ്യൂണിസത്തിന്റെ—സ്വാധീനതയിൽ പെട്ടപ്പോഴായിരുന്നു. ഏറനാടൻ കലാപങ്ങളിൽ ചിലേടങ്ങളിലെങ്കിലു തിയ്യരും മററും കലാപത്തിൽ ചേർന്നതിന്റെ പേരിൽ ജയിൽവാസം വരിക്കുകയുണ്ടായിട്ടുണ്ട്. കുണ്ടോട്ടിതങ്ങൾ തുടങ്ങിയ പ്രധാന മാപ്പിള ജന്മിമാർ കലാപത്തിൽ പങ്കെടുത്തില്ലെന്നു മാത്രമല്ല അവർ ബ്രിട്ടീഷുകാരെ സഹായിക്കുകകൂടി ചെയ്തു.

കൊയിലാണ്ടിയിൽ കലാപം പൊട്ടിപ്പുറപ്പെട്ടുവെങ്കിലും വ്യാപിക്കാതിരുന്നതിന്റെ ഒരു കാരണം കർഷകപങ്കാളിത്തം ഇല്ലാത്തതുകൊണ്ടായിരുന്നു. വടക്കേ മലബാറിലെ മാപ്പിളമാരും

ആലിരാജ ` തുടങ്ങിയ ഫ്യൂഡൽ ഘടകങ്ങളും ബ്രിട്ടീഷു ഗവൺമെൻറിനോടൊത്തുനിന്നു. വർഗീയകലാപമായിരുന്നുവെങ്കിൽ മലബാറിൻെറ ബാക്കിഭാഗങ്ങളിലും വ്യാപിക്കേണ്ടതായിരുന്നു. വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ തോട്ടമുടമകളെ രക്ഷിക്കുവാൻ പട്ടാളനിയമം വ്യാപിപ്പിച്ചു.

കലാപത്തിനു നേതൃത്വം കൊടുത്തുവെന്നപേരിൽ ശിക്ഷിക്കപ്പെട്ടവരാണ് എം. പി. നാരായണമേനോൻ, മോഴിക്കുന്നത്തു ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ചെർപ്പുളശ്ശേരി ഗോവിന്ദൻനായർ, മണ്ണാർക്കാട് മൂപ്പിൽ ഇളയനായർ, കെ. വി. ബാലകൃഷ്ണമേനോൻ, കെ. പി. രാമൻമേനോൻ തുടങ്ങിയവർ. പൊന്നാനി ട്രഷറി കൊള്ള ഒഴിവാക്കിച്ച കെ. കേളപ്പനേയും, കോട്ടക്കൽ കോവിലകത്തിന്നു കാവലേർപ്പെടുത്തിയ ഓടായപ്പുറത്തു വലിയ ചേക്കുട്ടിയേയും ബ്രിട്ടീഷുഭരണം ശിക്ഷിച്ചു. പട്ടാളത്തിൻെറ ഭീകരപ്രവർത്തനങ്ങളെപ്പററി പ്രസംഗിച്ച സരോജിനി നായിഡുവെ തൻെറ പ്രസ്താവന പിൻവലിക്കുവാൻ ഗവൺമെൻറ് നിർബന്ധിച്ചു. ഇങ്ങനെ കാലപത്തിൻെറ അടിയൊഴുക്കുകരം സാമ്രാജ്യത്വവിരുദ്ധമെന്ന ഒരേ തത്ത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നുകാണാം. അതിനാൽ അത് തിരിഞ്ഞടിക്കുകയും ചെയ്തു.

## കലാപത്തിൻെറ സ്വഭാവം

അഹമ്മദാബാദിൽ ചേർന്ന കോൺഗ്രസ് കമ്മററി ഖിലാഫത്തും നിസ്സഹകരണപ്രസ്ഥാനവും ആയി ഈ കലാപത്തിന്ന് ബന്ധമില്ലെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. ആർ. സി. മജുംദാരെപ്പോലുള്ള ചരിത്രകാരൻമാർ വർഗീയകലാപമായി വിലയിരുത്തി. കലാപം അടിച്ചമർത്താൻ മുമ്പിൽനിന്ന ഹിച്ച്കോക്കിനെയായിരുന്നു കലാപത്തിൻെറ ചരിത്രമെഴുതാൻ ഗവൺമെൻറ് നിയമിച്ചത്. അദ്ദേഹം വർഗീയകലാപമെന്നുതന്നെ സ്ഥാപിക്കുന്നു. പക്ഷെ ഒരു കാര്യം അദ്ദേഹം വ്യക്തമാക്കുന്നു: ''ഖിലാഫത്ത് പ്രക്ഷോഭം ഈ അവസരം അസ്വസ്ഥതയ്ക്കുള്ള ആവശ്യമായ ഉത്തേജനം നൽകി. വേറൊരു സംഘടനയുടെ ആവശ്യമില്ലായിരുന്നു'' (പു. 54) ദേശീയപ്രസ്ഥാനത്തിൻെറ

അവസരത്തിൽ സംഭവിച്ചതാണെങ്കിലും ഒരു ദേശീയ പ്രക്ഷോഭമല്ലെന്നാണ് ഡോ. ഡെയിലിൻെറ അഭിപ്രായം (പു 217.) അതുപോലെ വർഗീയസ്വഭാവത്തേയും അദ്ദേഹം ചൂണ്ടി ക്കാട്ടുന്നു. ധാനഗരെ, കെ. എൻ. പണിക്കർ, കോൺറാഡ്‌വുഡ്, ഹാർഡ് ഗ്രേവ്സ് ജൂനിയർ, സൗമ്യേന്ദ്രനാഥ ടാഗോർ, ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് തുടങ്ങിയവർ ദേശീയ പ്രസ്ഥാനത്തോടനുബന്ധിച്ചുണ്ടായ കാർഷികസമരമായി ചിത്രീകരിക്കുന്നു.

സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ ഫ്യൂഡൽബന്ധ ങ്ങളെ പൊട്ടിക്കുവാനും ദേശീയബോധം ഉയർത്തിപ്പിടിക്കു വാനും ധീരമായി പടപൊരുതിയ വർഗം ഇവിടുത്തെ കർഷ കരാണെന്നു കാണാം. ഫ്രാൻസ് ഫനോൻ, കർഷകവർഗം നൈസർഗികമായിത്തന്നെ ശക്തിയേറിയ വിപ്ലവകാരികളാ ണെന്നു സിദ്ധാന്തിക്കുന്നു. പക്ഷെ ലോകത്തെങ്ങുമുള്ള സമരങ്ങൾ പരിശോധിക്കുമ്പോൾ ഈ പ്രക്ഷോഭങ്ങൾക്കു ആശ യപരമായും സംഘടനാപരമായും നേതൃത്വം ആവശ്യമാണെന്നു ജാൻ ചെസനോ തുടങ്ങിയ പണ്ഡിതൻമാർ സിദ്ധാന്തിക്കുന്നു. മധ്യകാല കലാപങ്ങളിൽ മതപരമായ ആശയത്തിൻെറ സ്വാധീ നത്തെപ്പററി എംഗൽസ്, ബേണിലെ യൂനിയൻ ഷൂ (1503) തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം ഉദാഹരിച്ചുകൊണ്ട് വ്യക്തമാക്കുന്നു. ചൈനയിലേയും മററും രഹസ്യസംഘടന കളായ മിംഗ് (പ്രകാശം), വൈററ്ലോട്ടസ് (വെള്ളത്താമര), സൊസൈററി ഓഫ് ഗോഡ്‌വർഷിപ്പേഴ്സ് (ദൈവാരാധക രുടെ സംഘം) തുടങ്ങിയവ നേതൃത്വം നൽകിയ കലാപങ്ങളെ പ്പററി ജാൻ ചെസനോ പഠനം നടത്തിയിട്ടുണ്ട്. തൈയ്പിങ്ങ് (1853) കലാപത്തിന്നു നേതൃത്വം കൊടുത്ത ഗോഡ്‌വർഷി പ്പേഴ്സ് സൊസൈററിയുടെ പ്രവർത്തനം അദ്ദേഹം രേഖപ്പെ ടുത്തുന്നു:

''കാർഷികകലാപങ്ങളിൽ മതപരമായ ഘടകങ്ങൾ എല്ലാ യ്പ്പോഴും കാണാം. പക്ഷെ രഹസ്യസംഘടനകളുടെ മീതെ അവയുടെ സ്വാധീനം അത്യന്തം പ്രകടമാണ്. അവയിൽ പല തും നിഗൂഢമായ ആരാധനകളും ഉപനയിക്കുന്ന ചടങ്ങുകളും,

അഗ്നിപരീക്ഷകരം വഴിയുള്ള വിചാരണകളും, അഭേദ്യമായിത്തീരുവാനുള്ള മന്ത്രവിദ്യകളും അനുഷ്ഠിച്ചുവരികയും മരണത്തിനുശേഷം ആത്മീയനിർവാണത്തിൻെറ പ്രത്യാശ അംഗങ്ങളിലുളവാക്കുകയും ചെയ്തിരുന്നു'' (പെസൻട് റിവോരം ട്ട്സ് ഇൻ ചൈന: 1840–1949, പു. 18)

മലബാർ കലാപത്തിനും, അതിനു മുമ്പ് ഏറനാട്ടിൽ നടന്ന കലാപങ്ങരംക്കും ഈ മതപരമായ പരിവേഷം കാണാവുന്നതാണ്. അക്കാരണത്താൽ അവ കാർഷികകലാപങ്ങളല്ലാതായിത്തീരുന്നില്ല. മഞ്ചുഭരണത്തിനെതിരായി യുനാൻ പ്രദേശത്തും (1853-73) വടക്കുപടിഞ്ഞാറൻ ചൈനയിലും (1863–73) മുസ്ലിങ്ങരം കലാപം നടത്തിയിരുന്നു. അവയുടെ സാമൂഹ്യ പശ്ചാത്തലം കാർഷികമായ അസംതൃപ്തിയായിരുന്നു. ഇതേപോലെ കചീചൗ സംസ്ഥാനത്തിലെ മ്യാവോ ന്യൂനപക്ഷം (1854–72) കലാപത്തിലേർപ്പെടുന്നതു കാണാം. ന്യൂനപക്ഷമെന്ന നിലയിൽ അവരനുഭവിച്ചിരുന്ന അവശതകരം കൂടി കലാപങ്ങളുടെ തീക്ഷ്ണത വർധിപ്പിക്കുവാൻ സഹായകമായി (ചെസനോ, പു. 36–7).

മാപ്പിളമാരെ സംബന്ധിച്ച്, ഖിലാഫത്ത് കമ്മിററികളാണ് 1921–ൽ ഒരു സംഘടനയുടെ സ്ഥാനമേറെറടുത്തതെന്നു കാണാം. മുമ്പു നടന്ന സ്വാഭാവികകലാപങ്ങളിലും സംഘടിതമായ ഒരു തുടർച്ച കാണാവുന്നതാണ്. പട്ടാളഭരണം തുടങ്ങിയപ്പോരം അഹിംസയുടെ തത്ത്വസംഹിതയ്ക്കു പകരം ഇസ്ലാമികമായ തത്ത്വം കലാപത്തിന്നു പ്രചോദനം നൽകിയെന്നു കരുതേണ്ടിയിരിക്കുന്നു. അബ്ദുറഹിമാൻ സാഹബിനോടും കെ.പി. കേശവമേനോനോടും ആലിമുസലിയാർ പറഞ്ഞ വാചകങ്ങരം ഇ. മൊയ്തുമൗലവി ഇപ്രകാരം ഉദ്ധരിക്കുന്നു:

''ഞാൻ യാതൊരക്രമത്തിനും മുതിർന്നിട്ടില്ല. തികച്ചും അക്രമരാഹിത്യത്തിൽ ഞാൻ വിശ്വസിക്കുന്നു. നിരപരാധികളെ ഉറങ്ങിക്കിടക്കുമ്പോരം അർധരാത്രിക്കുശേഷം വീട്ടിൽ അക്രമിച്ചു

പ്രവേശിച്ച് അറസ്റ്റ് ചെയ്തതെന്തിനാണെന്ന് ചോദിക്കാനായിരുന്നു ഞാൻ ഉദ്യോഗസ്ഥൻമാരെ സമീപിച്ചത്. എൻെറ കയ്യിൽ ഈ കുത്തിപ്പിടിച്ചിരിക്കുന്ന വടിയല്ലാതെ മററൊന്നും ഉണ്ടായിരുന്നില്ല. അക്രമത്തിൻെറ നേരെ ഒരു പിടി മണ്ണുവാരിയിടാനേ സാധിക്കുകയുള്ളൂവെങ്കിൽ അതു ചെയ്യണമെന്നാണ് ഇസ്ലാമിൻെറ വിധി (മൗലവിയുടെ ആത്മകഥ, പു. 44).

കലാപത്തിനു നേതൃത്വം കൊടുത്ത മുസലിയാർമാരും ഹാജിമാരും തങ്ങൻമാരും ഗാന്ധിയൻ തത്ത്വശാസ്ത്രത്തോക്കാരം ബന്ധപ്പെട്ടിരുന്നത് ''അനീതിക്കെതിരായി ഒരു പിടി മണ്ണു വാരിയിടണ''മെന്ന് ഉദ്ബോധിപ്പിക്കുന്ന ഇസ്ലാമികത്തത്ത്വശാസ്ത്രവുമായിട്ടായിരുന്നു. ചന്ദ്രക്കലയും പച്ചനിറവുമുള്ള ഖിലാഫത്ത് കൊടിയിലെഴുതിയിരുന്ന വാചകങ്ങൾ ഇപ്രകാരമായിരുന്നു:

> ഖിലാഫത്ത്—ദൈവം വലിയവൻ. വൃദ്ധരും യുവാക്കളും, നടക്കുവാൻ കഴിയുന്നവനും, സവാരിചെയ്യാൻ കഴിയുന്നവരും ആരോഗ്യമുള്ളവരും ഇല്ലാത്തവരും ഏതു സ്ഥിതിയിലാണെങ്കിലും യുദ്ധം ചെയ്യുവാൻ പുറപ്പെടുക. നിങ്ങൾ വലിയവരാണ്. ദൈവം നിങ്ങളുടെ കൂടെയാണ്.

മററൊരു വ്യാഖ്യാനപ്രകാരം ഇതേ വരികൾ ''ലാഘവബുദ്ധിയോടും സാവധാനതയോടും കൂടി യുദ്ധത്തിനു പോകുക. നിങ്ങൾ തീർച്ചയായും വിജയിക്കും! ദൈവം തുണയുണ്ട്'' എന്നായിരുന്നു (കേസ് നമ്പർ 4/21, ഹിച്ച്കോക്ക്, പു. 207). അഹിംസാസിദ്ധാന്തത്തിൽ നിന്നും മാപ്പിളമാരെ വ്യതിചലിപ്പിച്ചുകൊണ്ട് കലാപത്തെ ക്ഷണിച്ചുവരുത്തിയത് സാമ്രാജ്യത്വത്തിൻെറ അക്രമപ്രവർത്തനമാണെന്നു പറയാം. പ്രത്യേകിച്ചും ഏറനാടൻ മാപ്പിളമാർ ആലിഗർ പോലുള്ള പുരോഗമനപ്രസ്ഥാനങ്ങളുടേയോ പാശ്ചാത്യനാഗരികതയുടേയോ സ്വാധീനത്തിൽ അന്നുൾപ്പെട്ടിരുന്നുമില്ല. മററു കാരണങ്ങളും കലാപത്തെ പോഷിപ്പിച്ച വസ്തുതകളാണെന്നു കാണാം.

പോർത്തുഗീസുകാർക്കെതിരായി താനൂർ, പരപ്പനങ്ങാടി, തിരൂർ തുടങ്ങിയ പ്രദേശങ്ങളിൽ മാപ്പിളമാർ പൊരുതുകയുണ്ടായ യുദ്ധത്തിൻെറ കഥകൾ പാട്ടുകളിലൂടെ തലമുറകൾ കൈമാറിവന്നു. ഉണ്ണിമൂത്തയും അത്തൻഗുരിക്കളും ചെമ്പൻ പോക്കറും പഴശ്ശിയുദ്ധങ്ങളിൽ പങ്കെടുക്കുകയും ഇംഗ്ലീഷുകാർക്കെതിരായി പടപൊരുതുകയും ചെയ്തു. പിന്നീടാകട്ടെ ജൻമിത്തത്തിൻെറ മർദനപരമായ ചൂഷണങ്ങൾക്കെതിരായും മററു കാരണങ്ങളാലും അമ്പതോളം ചെറിയ ചെറിയ കലാപങ്ങൾ ഇതേ പ്രദേശത്ത് പൊന്തിവന്നിരുന്നു. വള്ളുവനാടൻ ചാവേർപ്പടയുടെ മതപരമായ അനുഷ്ഠാനം തന്നെയാണ് മറെറാരു വിധത്തിൽ മാപ്പിളക്കലാപകാരികൾ ശഹീദുക്കളാവാൻ പിന്തുടർന്നിരുന്ന മാർഗം. പക്ഷെ 1921-ൽ ശഹീദുക്കളുടെ മാർഗം കലാപകാരികളുടെ നേതാക്കൾതന്നെ പിന്തുടർന്നിട്ടില്ലെന്ന ഒരു വ്യത്യാസം കാണാം, വാരിയൻകുന്നത്ത് ഹാജിയെപ്പോലുള്ളവർ മുൻകലാപങ്ങളിൽ ശിക്ഷിക്കപ്പെട്ട വ്യക്തികൾ കൂടിയായിരുന്നു. തൻെറ ശൈശവത്തിൽ കേൾക്കുകയുണ്ടായ ഉറക്കുപാട്ടുകൾ തെയ്പിങ് കലാപം സംബന്ധിച്ച ധീരകൃത്യങ്ങളെപ്പററിയാണെന്നും, അവ തന്നെ അത്യന്തം സ്വാധീനിക്കുകയുണ്ടായെന്നും 1911-ലെ ചൈനീസ് വിപ്ലവത്തിൻെറ ശില്പിയായ സൺയാററ്സെൻ പ്രസ്താവിച്ചിരുന്നത് മാപ്പിള കലാപകാരികളുടെ കാര്യത്തിലും വാസ്തവമാകാം. അങ്ങനെ സാമ്രാജ്യത്വത്തിനും ഫ്യൂഡൽഘടകങ്ങൾക്കും എതിരായുള്ള സമരങ്ങളുടെ വളക്കൂറുള്ള മണ്ണിലാണ് മലബാർ കലാപം പൊട്ടിപ്പുറപ്പെട്ടത്. ഒരു പ്രത്യേക മതക്കാരായതുകൊണ്ടുമാത്രം ഒരു ജനവിഭാഗത്തെ അപമാനിക്കുന്ന വിധം വാർ നൈവ്സ് ആക്ടും, ഔട്ട്രേജസ് ആക്ടും ഗവൺമെൻറ് നടപ്പിലാക്കിയതും അവയ്ക്കെതിരായ പ്രക്ഷോഭം നടക്കുമ്പോൾ അവയുടെ വകുപ്പുകൾ പ്രകാരം ഖിലാഫത്ത് പ്രസ്ഥാനത്തിന്നെതിരായി നടപടികളെടുത്തതും വലിയ തെററായിത്തീർന്നു. യുദ്ധത്തിനു ശേഷം പുനരധിവാസത്തിനു യാതൊരുവിധ സൗകര്യങ്ങളും നൽകാതെ, പെൻഷൻപോലും കൊടുക്കാതെ പിരിച്ചുവിട്ട

അനേകം പട്ടാളക്കാർ ഏറനാട്ടിലും തിരിച്ചെത്തി. അവർ സാമ്രാജ്യത്വവിരുദ്ധമായ കലാപത്തിൽ ധീരമായി പങ്കെടുത്തു.

## കലാപത്തിൻെറ വിപത്ത്

സർ മാൽക്കോം ഹെയ്ലിയുടെ പ്രസ്താവനയനുസരിച്ച് ആകെ മരണം 2339-ഉം മുറിവേററവർ 1652-ഉം പിടിക്കപ്പെട്ടവർ 5995-ഉം, ശിക്ഷിക്കപ്പെട്ടവർ 24167 പേരടക്കം തടവിലാക്കപ്പെട്ടവർ ഒട്ടാകെ 39348 പേരും ആണെന്നു കാണാം. പക്ഷെ 1932–ലെ ഒരു കണക്കു പ്രകാരം 60000 പേർക്കെതിരായി കേസുകൾ റജിസ്റ്റർ ചെയ്തിരുന്നുവെന്നാണ്. അതേ രേഖ 11000 പേരെ തടവിലിട്ടിട്ടുണ്ടെന്നും 17688 പേരുടെ കേസുകൾ ശിക്ഷ റദ്ദാക്കൽ പദ്ധതിപ്രകാരം പിഴ വസൂലാക്കി വിടുതൽ നൽകിയിട്ടുണ്ടെന്നും, 1923-ൽ അന്തമാനിലേക്ക് നാടുകടത്തിയവർ 1277 പേർ ആണെന്നും കാണിക്കുന്നു. ഇതിൽ കോളനൈസേഷൻ സ്കീമിൽ പെട്ടവരുൾപ്പെടുന്നില്ല. കൂടാതെ 38 പേരെ വെടിവച്ചും 308 പേരെ തൂക്കിയും ശിക്ഷിക്കുകയുണ്ടായി. മദ്രാസിലെ ജയിലുകളിൽ 1931–ൽ 1489 പേരും അന്തമാനിൽ 557 പേരും ഉണ്ടായിരുന്നു. തോട്ടംമുതലാളിമാരുടെ സംഘടന ശിക്ഷിക്കപ്പെട്ട മാപ്പിളമാരെ തങ്ങളുടെ തോട്ടങ്ങളിൽ അധ്വാനിക്കുവാൻ വിട്ടുകിട്ടുന്നതിനായി പരിശ്രമിച്ചു. അന്തമാനിലേക്കുള്ള നാടുകടത്തൽ അധ്വാനശീലരായ ഈ കർഷകരെ ഉപയോഗിച്ച് അവിടത്തെ വിഭവങ്ങൾ വിദേശികളായ മുതലാളിമാർക്ക് പിഴിഞ്ഞെടുക്കുവാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നതിൻെറ ഭാഗമാണെന്നു കാണാം. അവിടെ ജറുവകൾ തുടങ്ങിയ കാട്ടുവർഗക്കാർക്കെതിരായി സമരം ചെയ്തുകൊണ്ട് ദുഃഖപൂർണമായ ഒരു ജീവിതമാണവർക്ക് നയിക്കേണ്ടിവന്നത്. ഒരു കുററവാളി ബന്ധനവിമുക്തനായ ശേഷം അഞ്ചു വർഷം തുടർച്ചയായി കൃഷിചെയ്താൽ മാത്രമേ അയാൾക്ക് ഭൂവുടമസ്ഥത ലഭിച്ചിരുന്നുള്ളു. സാമ്രാജ്യത്വചൂഷണത്തിൻെറ മറെറാരു കഥയാണ് അന്തമാനിലെ മാപ്പിളമാരുടെ കഥ. അതെ, ജീവിക്കുന്ന നരകത്തിൻെറ കഥ.

കലാപം ഗ്രാമീണദാരിദ്ര്യത്തെ കൂടുതൽ രൂക്ഷമാക്കി. ഗവൺമെൻറ് 1930–ൽ ഒരു കുടിയാൻ നിയമം നടപ്പിലാക്കിയെങ്കിലും അതിൻെറ ഗുണം മധ്യവർത്തികളായ കാണക്കാർക്കായിരുന്നു ലഭിച്ചത്. വില്യം ലോഗനും മററും ശുപാർശ ചെയ്ത വിധത്തിൽ യഥാർത്ഥ കർഷകനുള്ള സ്ഥിരാവകാശം ഒരു സ്വപ്നമായവശേഷിച്ചു. അത്യന്തം മർദിക്കപ്പെട്ട പാവപ്പെട്ട കർഷകവർഗത്തിനു സജീവമായ ഒരു കർഷകപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിനുള്ള ശക്തിപോലും നഷ്ടപ്പെട്ടു. ഈ സാഹചര്യങ്ങൾ ചൂഷണം ചെയ്യുകയും, തല്പരകക്ഷികൾ 'മാപ്പിളസ്താൻ' വാദംപോലും ഉന്നയിച്ചു ദേശീയധാരക്കെതിരായി നീങ്ങുവാൻ പരിശ്രമിച്ച സത്യം കൂടി അനുസ്മരിക്കേണ്ടിവരുന്നു. ഈ തല്പരകക്ഷികൾ കലാപത്തിൻെറ ''ആഹ്വാനവും താക്കീതും'' വേണ്ടത്ര ശ്രദ്ധിക്കാത്തവരാണെന്നു കാണാം. ഇന്നും കലാപത്തെ വർഗീയമായി ചിത്രീകരിക്കുന്നവർ തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി ബദ്ധപ്പെടുന്നവരാണ്.

കലാപത്തിൻെറ ഏററവും ആശാവഹമായ നേട്ടം പിന്നീടുള്ള സംഘടിതകർഷകപ്രസ്ഥാനത്തിനും ദേശീയസമരത്തിനും ആവേശകരമായ ഉൻമേഷം പകർന്നുകൊടുത്തുവെന്നുള്ളതാണ്. കേരളീയനെപ്പോലുള്ള പിൽക്കാലത്തെ കർഷകസമരസേനാനികൾ ഏറനാട്ടിൽ നിന്നും വാരിയൻകുന്നത്തു ഹാജി തുടങ്ങിയവരിൽ നിന്നും പ്രചോദനം നേടിയിട്ടുള്ളതായി രേഖപ്പെടുത്തുന്നു. ''ആശക്കവകാശമില്ലാത്ത ഒരു കാര്യത്തിനാണെങ്കിൽ പോലും ജനങ്ങൾ സാഹസികമായി നടത്തുന്ന ഒരു സമരം അടുത്ത സമരത്തിന്നാവശ്യമായ പരിശീലനം അവർക്കു നൽകുന്നതിനു ഉപയുക്തമായിത്തീരുന്ന നിമിഷങ്ങൾ ചരിത്രത്തിലുണ്ടെന്ന കാര്യം മാർക്സ് വിലമതിച്ചിരുന്നതാ''യി ലെനിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി (ദ തെയ്പിങ് റവല്യൂഷൻ, ഉദ്ധരിച്ചത്, പു. 178). സാമ്രാജ്യത്വത്തിന്നെതിരായ സമരചരിത്രത്തിലെ അത്തരം വിലപ്പെട്ട നിമിഷങ്ങളായിരുന്നു മാപ്പിളമാർ കാഴ്ചവെച്ചതെന്ന സത്യം അവശേഷിക്കുന്നു.

# 7

# ആത്മവിദ്യാസംഘം

## മലബാറിലെ സാമൂഹ്യവും മതപരവുമായ ഒരു പരിഷ്കരണ പ്രസ്ഥാനം

ചരിത്രപണ്ഡിതന്മാരും സാമൂഹ്യശാസ്ത്രജ്ഞരും കേരളത്തിലെ അധഃകൃത സമുദായങ്ങളുടെ സാമൂഹ്യവും മതപരവുമായ പരിഷ്കരണപ്രസ്ഥാനങ്ങളെ പഠിക്കുന്നതിലും പരിശോധിക്കുന്നതിലും വളരെ താല്പര്യം പ്രദർശിപ്പിച്ചു പോരുന്നുണ്ട്. ഈ നൂററാണ്ടിലെ കേരളീയസമുദായത്തിൻെറ പരിവർത്തനത്തിൽ ഒരു രാസപരിവർത്തനഘടകമായി പ്രവർത്തിച്ചവയാണ് ഈ പ്രസ്ഥാനങ്ങൾ. ഇവയിൽ ചിലത് ആരംഭത്തിൽ ജാതിയുടെ അടിസ്ഥാനത്തിൽ മതപരമായ പരിഷ്കരണപ്രസ്ഥാനങ്ങളായിരുന്നു. സാമുദായികമായ പ്രതിഷേധമായിരുന്നു അവയുടെ സിദ്ധാന്തം. സാമ്പത്തിക പ്രചോദനങ്ങൾ അവക്കു പ്രേരകശക്തിയായിത്തീരുകയും ചെയ്തിരുന്നു. അതിനാൽ സാർവ്വജനീനസാഹോദര്യ സിദ്ധാന്തത്തോടുകൂടിയതാണെങ്കിലും ഇവയിൽ ചിലത് വിഭാഗീയ പ്രസ്ഥാനമായ, ഒരു ജാതിയുടെയോ ഒരു സമുദായത്തിൻെറയോ, ഭദ്രതയെ മാത്രം ഉയർത്തിപ്പിടിക്കുന്നവയായിത്തീർന്നു.

ഈ നൂററാണ്ടിൻെറ ആദ്യത്തിൽ മലബാർപ്രദേശത്തെ സമൂഹത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയതും ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തവുമായി ഉററ ബന്ധമുള്ളതുമായ ഒരു പ്രസ്ഥാനമാണ് ഈ ലേഖനത്തിൻെറ പരിശോധനാവിഷയം.

ഇതിനും മുമ്പുതന്നെ ശ്രീനാരായണഗുരുവും അദ്വൈതാടിസ്ഥാനത്തിൽ ഹിന്ദുമതത്തെ വ്യാഖ്യാനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ചർച്ചകളും അധഃകൃത സമുദായപരിഷ്കരണത്തിനുള്ള തീവ്രാഭിലാഷവും കേരളത്തിൽ ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിന് (എസ്. എൻ. ഡി. പി.) 1903–ൽ ജന്മം നൽകി. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് അതിന്റെ ആദ്യത്തെ സമ്മേളനം നടന്നത്1. പ്രാമാണികവർഗത്തിനും യാഥാസ്തിക ഹിന്ദുമതത്തിനും എതിരായ സാമൂഹ്യ പ്രതിഷേധത്തിൽ, നാരായണഗുരുവിന്റെ തത്വശാസ്ത്രം തിയ്യരിലേയും ഈഴവരിലേയും മററും പ്രമാണിവർഗം പുതിയ ഒരു ആയുധമായിക്കരുതി. അദ്ദേഹത്തിന്റെ അനുയായികൾ, പൗരസ്വാതന്ത്ര്യത്തിനുള്ള അവരുടെ സമരത്തിൽ, മനുഷ്യത്വത്തിന്റേയും ആത്മാഭിമാനത്തിന്റേയും പ്രതീകമായിട്ടാണ് അദ്ദേഹത്തെ വീക്ഷിച്ചത്. എസ്. എൻ. ഡി. പി. യോഗം അതിന്റെ സുദീർഘ ചരിത്രത്തിൽ ഈഴവരുടെയും തിയ്യരുടെയും മററും സംസ്കൃതവൽക്കരണത്തിനുള്ള ഒരു ഉപാധിയായിട്ടാണ് പ്രവർത്തിച്ചത്2. ആ ജാതിയിലെ ഉയർന്ന തട്ടിലും ഇടത്തരത്തിലുമുള്ള വിഭാഗങ്ങളുടെ സാമ്പത്തിക താല്പര്യങ്ങളെയാണ് അത് പരിരക്ഷിച്ചതും. തിരുവിതാംകൂറിലെ പുലയരുടെ സാമൂഹ്യ സാമ്പത്തിക താല്പര്യങ്ങൾക്കുവേണ്ടി ''സാധുപരിശീലനയോഗം'' എന്നറിയപ്പെടുന്ന, എസ്. എൻ. ഡി. പി. പോലുള്ള ഒരു സംഘടന 1907–ൽ ശ്രീ അയ്യൻ കാളിയും രൂപീകരിക്കുകയുണ്ടായി3.

ഈ സംഘടനകൾ അവയുടെ ജാതിക്കാരിൽ സാമൂഹ്യവും മതപരവുമായ പരിഷ്കരണപ്രവർത്തനം നടത്തിക്കൊണ്ടിരുന്ന കാലത്ത് സാമൂഹ്യ–മതപ്രശ്നങ്ങളോടു പുതിയ ഒരു സമീപനത്തോടുകൂടിയ ഒരു സംഘടന മലബാർ പ്രദേശത്തും പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. 1920-ൽ വാഗ്ഭടാനന്ദൻ രൂപീകരിച്ച ആത്മവിദ്യാസംഘമായിരുന്നു അത്. മലബാറിലെ സാമൂഹ്യപരിവർത്തനത്തിൽ ഒരു പ്രധാന ശക്തിയായിരുന്നു ഈ സംഘം. ശ്രീനാരായണഗുരുവിനെപ്പോലെ അദ്വൈത

സിദ്ധാന്തമാർഗമവലംബിച്ചിരുന്ന ഒരു പ്രമുഖ ദാർശനികനായിരുന്നു വാഗ്ഭടാനന്ദനും. 1885-ൽ തലശ്ശേരിക്കടുത്ത് ഒരു തിയ്യകുടുംബത്തിലാണദ്ദേഹം ജനിച്ചത്. വി. കെ. ഗുരുക്കൾ എന്നായിരുന്നു അദ്ദേഹത്തിൻെറ പേർ. എം. കെ. ഗുരുക്കളുടേയും പറമ്പത്ത് രൈരുനായരുടേയും കീഴിൽ അദ്ദേഹം പരമ്പരാഗതമായ ഗുരുകുല രീതിയിലുള്ള വിദ്യാഭ്യാസം നേടി. വേദ-വേദാംഗങ്ങളിലും തർക്കശാസ്ത്രത്തിലും മററു ശാസ്ത്രങ്ങളിലും അദ്ദേഹം നൈപുണ്യം നേടി. വളരെ വ്യാപകമായി സഞ്ചരിക്കുകയും, മെച്ചപ്പെട്ടതും സമത്വാടിസ്ഥാനത്തിലുള്ളതുമായ ഒരു സമൂഹത്തിനുവേണ്ടി അദ്ദേഹം പ്രചരണം നടത്തുകയും ചെയ്തു. കോഴിക്കോട്ട് ഒരു സംസ്കൃത പാഠശാല ആരംഭിക്കുകയും, അതോടൊപ്പം അവിടെ ബ്രഹ്മസമാജപ്രവർത്തനത്തിൽ സജീവമായി വ്യാപൃതനാവുകയും ചെയ്തു. വി. കെ. ഗുരുക്കൾ. അയ്യത്താൻ ഗോപാലനാണ് 1898-ൽ ബ്രഹ്മസമാജത്തിൻെറ ശാഖ കോഴിക്കോട്ട് സ്ഥാപിച്ചത്. റാംമോഹൻറായിയെപ്പോലെ ഹൈന്ദവതത്വശാസ്ത്രത്തിൽ സമഗ്രപണ്ഡിതനായിരുന്ന വി. കെ. ഗുരുക്കളിൽ ബ്രഹ്മസമാജത്തിൻെറ സിദ്ധാന്തങ്ങളും പ്രവർത്തനവും ഗണ്യമായ സ്വാധീനം ചെലുത്തി. അക്കാലത്തെ ഏററവും മികച്ച വാഗ്മികളിലൊരാളായിരുന്നു അദ്ദേഹം. അതു പരിഗണിച്ച് വാഗ്ഭടാനന്ദൻ എന്ന പട്ടം (ആലത്തൂർ സ്വാമി ശിവാനന്ദയോഗിയിൽ നിന്ന്) ശ്രീ വി. കെ. ഗുരുക്കൾക്കു ലഭിച്ചു.

മികച്ച പണ്ഡിതൻ, സാമൂഹ്യ പരിഷ്കരണവാദി, സംഘാടകൻ, പത്രപ്രവർത്തകൻ, ദേശാഭിമാനി—ഈ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയിരുന്നു വാഗ്ഭടാനന്ദനിൽ. അതിനാൽ ജാതിമേധാവിത്വത്തിലും പുരോഹിതരുടെ അപ്രമാദിത്വത്തിലും അള്ളിപ്പിടിച്ചു കഴിഞ്ഞിരുന്ന ഹിന്ദു യാഥാസ്ഥിതികവാദികൾ അവരുടെ അടിവേരിനെതിരെ കത്തിവെയ്ക്കുന്ന ഒരു വിപ്ളവകാരിയായിട്ടാണ് വാഗ്ഭടാനന്ദനെ വീക്ഷിച്ചത്. ഹൈന്ദവതത്വശാസ്ത്രത്തിലെ പ്രാചീന ധർമ്മസംഹിതയായിരുന്നു, അല്ലാതെ അതിൻെറ പുരോഹിത വർഗത്തിൻെറ

മുരട്ടുവാദമായിരുന്നില്ല അദ്ദേഹം ഉയർത്തിക്കാട്ടിയത്. ആത്മവിദ്യ എന്ന പേരിൽ അദ്ദേഹം രചിച്ച അദ്വൈത പ്രബന്ധം അദ്ദേഹത്തിന്റെ സംഘടനയായ ആത്മവിദ്യാസംഘത്തിന്റെ മാനിഫെസ്റ്റോ ആയിരുന്നു. ''ബ്രഹ്മധർമ്മം'' പ്രചരിപ്പിക്കുന്നതിനായി, എല്ലാ മതങ്ങളിലും നിന്ന് ഒഴിഞ്ഞുനിന്ന റാംമോഹൻറായിയെ 'നവഭാരത പിതാവായി' പ്രസ്തുത പ്രബന്ധത്തിന്റെ മുഖവുരയിൽ വാഗ്ഭടാനന്ദൻ വിശേഷിപ്പിച്ചു. ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തുന്ന നയം സ്വീകരിച്ചതിൽ ആര്യസമാജത്തെ അദ്ദേഹം വിമർശിക്കുകയും ചെയ്തു4.

റാംമോഹൻറായിയുടെ സിദ്ധാന്തം അനുസരിച്ച വാഗ്ഭടാനന്ദൻ വിഗ്രഹാരാധനയെ എതിർത്തു. അദ്ദേഹത്തിന്റെ സംഘം 'നിർഗുണോപാസന' യോ അല്ലെങ്കിൽ വിഗ്രഹമില്ലാതുള്ള ആരാധനയോ മതി എന്ന് പ്രചരിപ്പിക്കകയും ചെയ്തു. എന്നാൽ ബ്രാഹ്മണ പുരോഹിത മേധാവിത്വത്തോടുള്ള പ്രതിഷേധം പ്രകടിപ്പിക്കാനായി കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട് എന്നീ നഗരങ്ങളിലെ തിയ്യർ നാരായണഗുരുവിനെക്കൊണ്ട് പ്രതിഷ്ഠ നടത്തിച്ച് പുതിയ ക്ഷേത്രങ്ങൾ ഏർപ്പെടുത്തി5. സാമൂഹ്യഹീനതയ്ക്കു വഴിവെച്ച എല്ലാത്തരം ക്രിയകൾക്കും ചടങ്ങുകൾക്കും എതിരായിരുന്നു വാഗ്ഭടാനന്ദന്റെ സംഘം. നാരായണഗുരുവിനെപ്പോലെ വാഗ്ഭടാനന്ദനും ജാതിയെ എതിർക്കുകയും മതത്തിന്റെ സകലവിധ വിഭാഗീയതകൾക്കുമെതിരായി പ്രക്ഷോഭം നടത്തുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യസ്നേഹത്തിന്റെയും മിതവാദിത്വത്തിന്റെയുമായ ഒന്നായിരുന്നു അദ്ദേഹം വിഭാവനം ചെയ്ത വ്യവസ്ഥ. തന്റെ ആദർശങ്ങൾ പ്രചരിപ്പിക്കാനായി **1921–ൽ**, 'അഭിനവ കേരളം' എന്ന ഒരു പത്രിക അദ്ദേഹം ആരംഭിച്ചു. ഇതായിരുന്നു അതിന്റെ മുദ്രാവാക്യം:

''ഉണരുവിൻ, അഖിലേശ്വരനെ സ്മരിപ്പാൻ,
ക്ഷണമെഴുന്നേൽക്കിൻ, അനീതിയോടെതിർപ്പാൻ''.

ഇതിൽനിന്ന്, അദ്ദേഹത്തിൻെറ പ്രസ്ഥാനം എല്ലാ അനീതികൾക്കുമെതിരായ ഒരു പ്രതിഷേധ പ്രസ്ഥാനമാണെന്ന് സ്പഷ്ടമാണല്ലൊ. വ്യക്തികൾക്കു ഒരു പെരുമാററച്ചട്ടവും സംഘം നിർബന്ധമാക്കി; വിശേഷിച്ചും ജനന—മരണ—വിവാഹാദികളിൽ അനുസരിക്കേണ്ട ചട്ടങ്ങൾ. നാരായണഗുരു നയിച്ച പ്രസ്ഥാനം അതിൻെറ പരിഷ്കരണക്രമത്തിൽ ബ്രാഹ്മണരുടെ ക്രിയകളും ചടങ്ങുകളും ഉൾപ്പെടുത്തുകയും അധഃകൃത സമുദായാംഗങ്ങൾക്കിടയിൽ സംസ്കൃതവൽക്കരണത്തിനു വഴിവെയ്ക്കുകയുമാണ് ചെയ്തത്. എന്നാൽ ആത്മവിദ്യാസംഘമാകട്ടെ ഈ സംസ്കൃതവൽക്കരണപ്രക്രിയയ്ക്ക് കാര്യമായി സഹായിക്കുന്നതായിരുന്നില്ല. എന്തുകൊണ്ടെന്നാൽ വിഗ്രഹാരാധനയ്ക്കും മററു മതചടങ്ങുകൾക്കും എതിരായിരുന്നു ആത്മവിദ്യാസംഘം.

മലബാറിലെ ഓണംകേററാമൂലകളിൽപ്പോലും ഈ സംഘത്തിന് ധാരാളം അനുയായികളുണ്ടായിരുന്നു. പാരമ്പര്യപണ്ഡിതന്മാരും ബുദ്ധിജീവികളും ഈ പ്രസ്ഥാനത്തിൽ നല്ല താല്പര്യം പ്രദർശിപ്പിക്കുകയുണ്ടായി. ബ്രാഹ്മണരിലും സവർണ്ണജാതിയിലും പെട്ടവർ പോലും ഈ സംഘത്തിൽ അംഗങ്ങളായി ചേർന്നു[6]. ഏതെങ്കിലും ഒരു പ്രത്യേക ജാതിയുടെ പരിധിയിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല അത്. എന്നാൽ ഇതിൻെറ അനുയായികളിൽ നല്ലൊരു ഭാഗം തിയ്യ സമുദായക്കാരായിരുന്നു എന്നുവേണം പറയാൻ. 1914-ൽ തന്നെ അയിത്തജാതിക്കാരുടെ പരിഷ്കരണത്തിന്നും വാഗ്ഭടാനന്ദൻ പ്രവർത്തനം ആരംഭിച്ചിരുന്നു. അവരെ അദ്ദേഹം ഹരിയുടെ അഥവാ ദൈവത്തിൻെറ മക്കളായിട്ടാണ് വിവക്ഷിച്ചത്[7]. മിശ്രവിവാഹം, മിശ്രഭോജനം മുതലായവയ്ക്കായി അദ്ദേഹം പ്രചരണം നടത്തിപ്പോന്നു. അഴീക്കോടുവെച്ചു അദ്ദേഹം ഒരു മിശ്രഭോജനം സംഘടിപ്പിച്ചു. അക്കാലത്ത് അത് വലിയ ഒരു വിപ്ലവം തന്നെയായിരുന്നു. ഹീനജാതിക്കാരുടെ ലക്ഷണമായി പുലയ സ്ത്രീകൾ ധരിച്ചിരുന്ന കല്ലുമാല വലിച്ചെറിയാൻ അദ്ദേഹം അവരെ പ്രേരിപ്പിച്ചു.

വാഗ്ഭടാനന്ദൻെറ ഈ പ്രവർത്തനങ്ങളും പരിഷ്കരണ സിദ്ധാന്തവും അദ്ദേഹത്തിൻെറ അനുയായികളെ ഉദ്ബുദ്ധരാക്കി. ടി. വി. അനന്തൻ, എം. ടി. കുമാരൻ, ടി. വി. കുട്ടി എന്നിവരെപ്പോലുള്ള ചില അനുയായികൾ പിന്നീട് സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ചേരുകയും അറസ്റ്റ് വരിക്കുകയും ചെയ്യുകയുണ്ടായി. വാഗ്ഭടാനന്ദൻ ഗാന്ധിജി ആരംഭിച്ച സിവിൽ നിയമലംഘന പ്രസ്ഥാനത്തെ പിന്താങ്ങുകയുണ്ടായി. അദ്ദേഹത്തിൻെറ പത്രികയായ ''ആത്മവിദ്യാകാഹളം'' സ്വാതന്ത്ര്യപ്രസ്ഥാനത്തെ പിന്താങ്ങിയിരുന്നു. ''ആരാണു നിയമധ്വംസകർ'' എന്ന തലക്കെട്ടിൽ അദ്ദേഹം ആ പത്രികയിൽ എഴുതിയ ലേഖനം ബ്രിട്ടീഷ് അധികൃതരെ കുപിതരാക്കി. അവർ അദ്ദേഹത്തിന് കർശനമായ താക്കീതു കൊടുത്തു. ഗാന്ധിജി അധഃകൃത സമുദായങ്ങളുടെ ഉന്നമനത്തിനുള്ള പരിപാടിയുമായി മുന്നോട്ടുവന്നതും, ഗുരുവായൂർപോലുള്ള ക്ഷേത്രങ്ങളിൽ പ്രവേശനത്തിനുള്ള ഹരിജനങ്ങളുടെ അവകാശത്തെ പിന്താങ്ങുകയും ചെയ്തത് യാഥാസ്ഥിതികരെ ക്രുദ്ധരാക്കി. അവർ ഗാന്ധിജിയെ ആക്ഷേപിക്കാൻ തുടങ്ങി. വാഗ്ഭടാനന്ദൻ അധഃകൃതസമുദായങ്ങളുടെ അവകാശങ്ങളെ പിന്താങ്ങുക മാത്രമല്ല, ''ഗാന്ധിജിയും ശാസ്ത്രവ്യാഖ്യാനവും'' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. സാമൂഹ്യപരിഷ്കരണത്തിൽ അദ്ദേഹത്തിനുള്ള അദമ്യാഭിലാഷത്തിന് നല്ലൊരു തെളിവാണത്. ദേശാഭിമാനിയെന്ന നിലയിൽ അദ്ദേഹത്തിനുള്ള പങ്കിനെപ്പററി പണ്ഡിതൻമാർ ഗാഢമായി ഗവേഷണം നടത്തേണ്ടതുണ്ട്.

ദുർബലവിഭാഗങ്ങളുടെ സാമ്പത്തികോന്നമനത്തിലും അഗാധമായ താല്പര്യമുണ്ടായിരുന്നു അദ്ദേഹത്തിന്. അതിനാൽ മലബാർപ്രദേശത്തെ മററു പുരോഗമന പ്രസ്ഥാനങ്ങളുമായി അദ്ദേഹം ബന്ധപ്പെടുകയുണ്ടായി. സ്വാതന്ത്ര്യഭടനും രാഷ്ട്രീയ പ്രവർത്തകനുമായ എ. വി. കുഞ്ഞമ്പു (കരിവെള്ളൂർ) ''അഭിനവ ഭാരത യുവക്സംഘം'' എന്ന ഒരു സംഘടന 1934-ൽ രൂപീകരിച്ചു. ഗ്രാമങ്ങളിൽ ദേശീയബോധം വളർ

ത്തുക, വികസന പരിപാടികൾ നടപ്പിലാക്കുക എന്നിവയായിരുന്നു അതിന്റെ ലക്ഷ്യം. ഈ യുവകസംഘത്തിന്റെ പേരു തന്നെ ഭാഗികമായി വാഗ്ഭടാനന്ദന്റെ ''അഭിനവകേരളം'' ''ആത്മവിദ്യാസംഘം'' എന്നിവയിൽ നിന്നു സ്വീകരിച്ചതാവാനിടയുണ്ടെന്നു കരുതുന്നതിൽ തെററില്ല. കൃഷിക്കാരുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാനായി ഈ യുവകസംഘം കർഷകസമിതികൾ രൂപീകരിച്ചു. പിന്നീട് അത് കർഷകസംഘത്തിൽ ലയിക്കുകയും ചെയ്തു. 1936 ഏപ്രിലിൽ യുവകസംഘത്തിന്റെ ഒന്നാം വാർഷികമാഘോഷിച്ചപ്പോൾ അതിൽ ആദ്ധ്യക്ഷ്യം വഹിച്ചത് വാഗ്ഭടാനന്ദനായിരുന്നു. കർഷകപ്രസ്ഥാനപ്രവർത്തകരായിരുന്ന വിഷ്ണുഭാരതീയനും കെ. ഏ. കേരളീയനും അതിൽ സംബന്ധിച്ചിരുന്നു. പിന്നീട് കർഷകസംഘം കമ്യൂണിസ്ററുപാർട്ടിയുടെ ഒരു പോഷകസംഘടനയായിത്തീർന്നു. ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനഫലമായി ഉളവായ ബൗദ്ധികപ്രബുദ്ധത കർഷകരുടെ സംഘടന പടുത്തുയർത്താൻ വളരെ സഹായിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നുണ്ട് ഈ സംഭവ വികാസങ്ങൾ. ശരിയായ രീതിയിൽ വർഗസംഘടന കെട്ടിപ്പടുക്കുന്നതിനും, ഏകോപിത രാഷ്ട്രീയ പ്രസ്ഥാനത്തിനും ജാതിവിവേചനങ്ങൾ നീക്കം ചെയ്യേണ്ടത് അത്യാവശ്യമായിരുന്നു. വടകരയിൽ കാരക്കാട്ട് സ്ഥാപിച്ച ആത്മവിദ്യാസംഘവും, സംഘത്തിന്റെ കാഹളം മാസികയും, ജാതിക്കെതിരായിപ്പോരാടുന്നതിനും അങ്ങനെ ക്രമേണ കമ്യൂണിസ്ററായിത്തീരുന്നതിനും തന്നെ സഹായിച്ചിട്ടുണ്ടെന്നു ശ്രീ എം. കുമാരൻ മാസ്ററർ (മുൻ എം എൽ.ഏ) ഈ ലേഖകനു നൽകിയ ഒരു അഭിമുഖ സംഭാഷണത്തിന്നിടയിൽ പ്രസ്താവിച്ചത് ഇവിടെ സ്മരണീയമാണ് 8.

വളരെ ഉൽപതിഷ്ണുവായിരുന്ന ഒരു സാമൂഹ്യ പരിഷ്കരണവാദിയായിരന്നു വാഗ്ഭടാനന്ദൻ. ഈ പ്രദേശത്ത് മാർക്സിസ്ററ് ലെനിനിസ്ററു സിദ്ധാന്തം പ്രചരിപ്പിക്കാൻ വാഗ്ഭടാനന്ദന്റെ പരിഷ്കരണപ്രസ്ഥാനം മൂലം വളരെ എളുപ്പമായിത്തീരുകയുണ്ടായി.

ഫറോക്കിലെ ഒരു ഓട്ടുകമ്പനിയിൽ ഒരു ഹരിജൻ തൊഴിലാളിയെ അടിച്ചുകൊന്ന സംഭവത്തെത്തുടർന്ന് കുററക്കാരെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ. പി. ഗോപാലൻ (കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്ററ് മന്ത്രിസഭയിലെ അംഗം) നിരാഹാര സത്യാഗ്രഹം നടത്തുകയുണ്ടായി. ഈ നിരാഹാര സത്യാഗ്രഹത്തെ അനുകൂലിച്ചുകൊണ്ട് വാഗ്ഭടാനന്ദൻ ആവേശകരമായി പ്രസംഗിച്ചു. അതിൽ അദ്ദേഹം ചൂഷണത്തിൻേറതായ സാമ്പത്തികവ്യവസ്ഥയേയും അത് വിദേശീയ ഗവൺമെൻറുമായി കൂട്ടുചേർന്നു നടത്തുന്ന മൃഗീയ ചൂഷണത്തേയും നിശിതമായി അധിക്ഷേപിക്കുകയും ചെയ്തു. ഇതിനു ബദലായി അദ്ദേഹം തൻേറതായ ഒരു സാമ്പത്തിക നയം വിശദീകരിക്കുകയും ചെയ്തു.

> ''നാലണ സൂക്ഷിക്കുന്നവൻ മറെറാരാളെ പട്ടിണി കിടത്തുന്നു. അനവധി ധനം സൂക്ഷിക്കുന്നവൻ അനവധി ജനങ്ങളെ പട്ടിണി കിടത്തുന്നു. അങ്ങനെ, മനുഷ്യൻെറ പൊതുവായ ആവശ്യത്തിനുള്ള ധനം സ്വന്തമാക്കിക്കൂട്ടി വെയ്ക്കുവാൻ ഇവിടെ ആർക്കും അധികാരമില്ല, അവകാശമില്ല. പ്രകൃതിദേവത മനുഷ്യന് അത്യന്താപേക്ഷിതമായ വായുവും വെള്ളവും ഇവിടെ തുല്യാവകാശത്തോടു കൂടിയാണു നൽകിയിരിക്കുന്നത്. ഋഷീശ്വരഭാരതത്തിൻെറ സന്ദേശമതാണ്''9.

ഇത്തരം സന്ദേശം കമ്യൂണിസത്തിൻെറ പ്രത്യയ ശാസ്ത്രത്തോട്, ഉല്പാദനോപാധികളുടെ പൊതു ഉടമാവകാശത്തോട് വളരെ അടുപ്പമുള്ളതാണെന്നു കാണാമല്ലൊ.

1939–ൽ വാഗ്ഭടാനന്ദൻ നിര്യാതനായതോടെ അദ്ദേഹത്തിൻെറ സംഘവും ഏതാണ്ട് ക്ഷയിച്ചു എന്നു പറയാം. അതിന്കാരണം, അതിലും വളരെ പുരോഗമനപരമായ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ മേഖലയിൽ ശക്തിപ്പെടാൻ തുടങ്ങിയതായിരിക്കണം. മിശ്രഭോജനം, ജാതിക്കും അയിത്തത്തിനും എതിരായ സമരം, എന്നിവ കർഷകസംഘവും

അതിൻെറ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്നു. വടകരയിൽ കമ്യൂണിസ്ററുകാർ നടത്തിയ ''കുളിസമരം'' മറെറാരു വിധത്തിൽ വാഗ്ഭടാനന്ദൻെറ പ്രവർത്തനങ്ങളുടെ തുടർച്ചയായിരുന്നു. എന്നിരുന്നാലും ആത്മവിദ്യാസംഘം ചില പ്രവർത്തനങ്ങളുമായി ഇന്നും കേരളത്തിൽ നിലനിൽക്കുന്നുണ്ട്. വാഗ്ഭടാനന്ദനെപ്പററി ഇ.എം.എസ് നമ്പൂതിരിപ്പാട്, വിലയിരുത്തിയിട്ടുള്ളതു നോക്കുക.

''നാരായണഗുരുസ്വാമികളെപ്പോലെ അഖിലകേരള പ്രശസ്തി കിട്ടിയിട്ടില്ലെങ്കിലും സമുദായത്തിൻെറ വളർച്ചയെ സാരമായി സഹായിച്ച മറെറാരു വ്യക്തിയാണ് വടക്കേമലബാറിലെ കോട്ടയം താലൂക്കിൽ ജനിച്ച വാഗ്ഭടാനന്ദഗുരുദേവൻ. പാണ്ഡിത്യത്തിലും വാഗ്മിത്വത്തിലും നാരായണഗുരുവിനെപ്പോലും കവച്ചുവെച്ചിരുന്ന അദ്ദേഹം ആദ്യം ബ്രഹ്മസമാജത്തിലൂടെയും, പിന്നീട് സ്വന്തമായി സ്ഥാപിച്ച ''ആത്മവിദ്യാസംഘം'' മുഖേനയും ജാതിവ്യത്യാസം, മദ്യപാനം മുതലായവയ്ക്കെതിരായി ശക്തിപൂർവം പ്രവർത്തിക്കുകയും ഇതിൽ സവർണ ഹിന്ദുക്കളിൽ ചിലരെപ്പോലും തൻെറ ശിഷ്യരാക്കുകയും ചെയ്തു. വടക്കേമലബാറിൻെറ സാമൂഹ്യവളർച്ചയിൽ വളരെ പ്രധാനമായ ഒരു പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല[10]''.

ഇത്തരം പുരോഗമനപരമായ ഒരു പ്രസ്ഥാനം എന്തുകൊണ്ടു ക്ഷയിച്ചു പോയി എന്ന് അന്വേഷിക്കേണ്ടത് ചരിത്രപണ്ഡിതൻമാരുടെ കടമയാണ്. നാരായണഗുരുദേവൻെറ ആശിർവാദത്തോടെ രൂപീകരിക്കപ്പെട്ട എസ്. എൻ. ഡി. പി. യോഗത്തിൻെറ വിജയത്തിന് കാരണമെന്തെന്ന് പരിശോധിക്കുന്നതും, ഈ പ്രകൃതത്തിൽ താല്പര്യാവഹമാണ്.

''ജനാധിപത്യത്തെ അടിസ്ഥാനമാക്കിയുള്ള പൗരാവകാശ സിദ്ധാന്തം, വിദ്യാഭ്യാസ–സാമ്പത്തിക–രാഷ്ട്രീയ മണ്ഡലങ്ങളിൽ തുല്യാവകാശത്തിന്നായി സമരം ചെയ്യാൻ പിന്നോക്ക

വിഭാഗങ്ങൾക്ക് പ്രേരണ നൽകി'' എന്ന് എം. എസ്. ഏ. റാവു എഴുതുകയുണ്ടായി11. തന്മൂലം മൗലിക പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള സമരം, ആരംഭകാലത്ത്, തിരുവിതാംകൂർ പ്രദേശത്ത് എസ്. എൻ. ഡി. പി.യ്ക്കു കൂടുതൽ ജനപ്രീതി നേടിക്കൊടുത്തു. അധഃകൃത സമുദായത്തിന് ആത്മാഭിമാനം നേടിയെടുക്കുന്നതിനുള്ള സമരത്തിൽ ഒരു ഏകോപന ശക്തിയെന്ന നിലയിൽ അതിനു നാരായണഗുരുവിന്റെ സിദ്ധാന്തം ഉപകരിച്ചു. നായർ, ക്രിസ്ത്യൻ മുതലായ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കെതിരായ തങ്ങളുടെ സമരത്തിൽ ഈഴവരുടെ ഉയർന്ന തട്ടിലുള്ളവർ അവരുടെ ജാതിയിലെ താഴ്ന്ന വിഭാഗങ്ങളുടെ പിന്തുണ ആർജ്ജിക്കാൻ ശ്രമിച്ചു. അങ്ങനെ ഈ പ്രസ്ഥാനം ശക്തിയാർജ്ജിക്കാൻ തുടങ്ങി. രാഷ്ട്രീയപാർട്ടികൾ പോലും ജാതിരാഷ്ട്രീയത്തിൽ മുഴുകാൻ തുടങ്ങി. കാരണം ഈ ജാതിക്കാർ അതിലെ സമുദായാംഗങ്ങളുടെ വോട്ടിന്റെ ശക്തികൊണ്ട് രാഷ്ട്രീയസ്വാധീനം ചെലുത്താൻ തുടങ്ങി. നാരായണഗുരുവിന്റെ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന സിദ്ധാന്തം ഒരൊററ ജാതിയിൽ (ഈഴവ) മാത്രമായി ഒതുക്കി നിർത്തി. പ്രസ്തുത ജാതിയിലെ പ്രമാണിവർഗത്തിന്റെ സ്ഥാപിത താല്പര്യങ്ങൾക്ക് (വിശേഷിച്ചും സാമ്പത്തികം) അത് ആവശ്യമായിരുന്നു. ഡോ. പൽപ്പുവിന്റെ മകനും, നാരായണഗുരുവിന്റെ ശിഷ്യനുമായ നടരാജഗുരു ഈ നടപടിയെ എതിർക്കുകയും, സാർവ്വദേശീയ സാഹോദര്യം എന്ന ആശയത്തെ പ്രചരിപ്പിക്കാൻ വേറെ ഒരു ''ഗുരുകുല'' ക്രമം ഏർപ്പെടുത്തുകയും ചെയ്തു. അതിൽ നാരായണഗുരുവിന്റെ ധാർമ്മിക ചട്ടങ്ങൾ നിഷ്കൃഷ്ടമായി നടപ്പാക്കുകയും ചെയ്തു:- ''കള്ളുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്''. എന്നാൽ യോഗത്തിലെ സാമ്പത്തിക താല്പര്യക്കാരായവരുടെ ഗ്രൂപ്പ് അതിന്റെ അബ്കാരി കുത്തക നിലനിർത്തിപ്പോരുക തന്നെ ചെയ്തു. ഇതിൽ പ്രതിഷേധിച്ച്, എസ്. എൻ. ഡി. പി. യുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് ഗുരുദേവൻ‌ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി12.

എങ്കിലും ഒരു ജാതി എന്ന സിദ്ധാന്തം ഒരൊററ ജാതിക്കാരിൽ പരിമിതപ്പെടുത്തി, ആ ജാതിയിൽപ്പെട്ടവരെ ഒന്നിപ്പിക്കാനും അവരുടെ വോട്ടുശക്തി കൊണ്ടു് രാഷ്ട്രീയസ്വാധീനം നേടാനും ആ ജാതിയിലെ പ്രമാണിവർഗം, ഗുരുദേവൻെറ തത്വശാസ്ത്രത്തെ സമർത്ഥമായി ഉപയോഗപ്പെടുത്തിയെന്നതിലായിരുന്നു അതിൻെറ വിജയം.

ആത്മവിദ്യാസംഘത്തെ സംബന്ധിച്ചിടത്തോളം അതിൻെറ മതനിരപേക്ഷാശയങ്ങളും, പരിഷ്കരണബോധവും പിന്നീട് അഭിനവഭാരതയുവക്സംഘം, കർഷകസംഘം തുടങ്ങിയ കൂടുതൽ പുരോഗമനാത്മകമായ സംഘടനകൾ ഏറെറടുത്തു. അതോടെ സംഘത്തിൻെറ പ്രവർത്തനമണ്ഡലം ചുരുങ്ങിപ്പോയി. മാത്രമല്ല വളരാൻ തുടങ്ങിയ ഒരു ധനികപ്രമാണിവർഗം വാഗ്ഭടാനന്ദൻെറ പ്രസ്ഥാനത്തിൻെറ പിന്നിലുണ്ടായിരുന്നുമില്ല. പണ്ഡിതർ, ബുദ്ധിജീവികൾ, പരിഷ്കരണവാദികൾ മുതലായവരായിരുന്നു അതിൻെറ അനുയായികൾ. തന്മൂലം സാമൂഹ്യവും മതപരവുമായ പരിഷ്കരണത്തിൽ തല്പരരായ ബുദ്ധിജീവികളുടെതായ ഒരു പ്രസ്ഥാനമായിത്തീർന്നിരുന്നു അത്. ഒരു പ്രസ്ഥാനത്തിൻെറ വിജയത്തിന്നാവശ്യമായ മുഖ്യഘടകങ്ങളിലൊന്നായ ജനങ്ങളെ ഒന്നിപ്പിച്ച് കൂട്ടമായി അണിനിരത്തൽ എന്ന പരിപാടി ആത്മവിദ്യാസംഘത്തിനുണ്ടായിരുന്നില്ല. എസ്. എൻ. ഡി. പി. യോഗമാകട്ടെ, സുശക്തമായ സാമ്പത്തിക ലക്ഷ്യത്തോടുകൂടിയ ഒരു പ്രസ്ഥാനമായി മാറുകയും ചെയ്തു. ആത്മവിദ്യാസംഘത്തിൽ അത്തരം ഒരു തത്വശാസ്ത്രം ഉണ്ടായിരുന്നുമില്ല.

ചുരുക്കിപ്പറഞ്ഞാൽ, അദ്വൈതത്തിൻെറ ജ്ഞാന–ഹേതു–യുക്തിവിചാരം ആധാരമാക്കിയുള്ള ഒരു ബൗദ്ധിക മതനിരപേക്ഷ പരിഷ്കരണപ്രസ്ഥാനമായിരുന്നു ആത്മവിദ്യാസംഘം. ദേശീയബോധം വളർത്തുന്നതിനു പ്രവർത്തിച്ച മററു പല (ബംഗാളിലേയും ഇന്ത്യയിലെ ഇതര ഭാഗങ്ങളിലേയും) സാമൂഹ്യ - മത - പരിഷ്കരണപ്രസ്ഥാനങ്ങളെപ്പോലെ ഈ

UNIVERSITY LIBRA

ആത്മവിദ്യാസംഘവും ജാഡ്യതയിലാണ്ടുകിടന്ന പലരേയും തട്ടിയുണർത്തി ദേശീയപ്രസ്ഥാനത്തിന്റെ പ്രധാന ധാരയിലേയ്ക്ക് കൊണ്ടുവരാൻ സഹായിച്ചിട്ടുണ്ട്. ആത്മവിദ്യാസംഘം നടപ്പാക്കാൻ ശ്രമിച്ച സാമൂഹ്യപരിഷ്കരണത്തിന്റെ മതനിരപേക്ഷതാബോധം അഭിനവ ഭാരത യുവക്സംഘവും കർഷകസംഘവും പോലുള്ള പുരോഗമനാത്മക സംഘടനകൾ ഏറ്റെടുത്തു മുന്നോട്ടുകൊണ്ടുപോയി. തിരുവിതാംകൂറിലെ ''യോഗ'' ത്തിനേക്കാൾ തുലോം മതനിരപേക്ഷമായിരുന്നു മലബാറിലെ 'സംഘങ്ങൾ'. ആധുനിക കേരള ശില്പികളിൽ ഒരാളായിരുന്നു വാഗ്ഭടാനന്ദൻ എന്നു പറയാം.

**അടിക്കുറിപ്പുകൾ:**

1. എ. ശ്രീധരമേനോൻ, ''കേരളത്തിന്റെ സാംസ്കാരിക പൈതൃകം– ഒരു മഖവുര'' (കൊച്ചി, 1978), പേജ് 225
2. എം. എസ്. എ. റാവു, ''പാരമ്പര്യം, യുക്തിചിന്ത, മാററം'' (ബോംബെ, 1972), പേജ് 125-130
3. ചെന്താരശ്ശേരി, ''അയ്യങ്കാളി'' (തിരുവനന്തപുരം, 1979)
4. വാഗ്ഭടാനന്ദ: ''ആത്മവിദ്യ'' (കണ്ണൂർ, 1980 പതിപ്പ്), പേജ് 6
5. കെ. കെ. എൻ. കുറുപ്പ്, ''ഇംഗ്ലീഷുവിദ്യാഭ്യാസവും മലബാറിലെ തിയ്യർക്കിടയിലെ സാമൂഹ്യ പുരോഗതിയും'', ഐ. സി. എച്ച്. ആർ. സെമിനാർ, എസ്. വി. യൂണിവേഴ്സിററി, 1981
6. എം. എസ്. നായർ, ''വിപ്ളവകാരിയായ ദാർശനികൻ'', പ്രഗതി, നമ്പർ 7, 1980, പേജ് 106
7. വി. എം. വിഷ്ണുഭാരതീയൻ, ''അടിമകളെങ്ങിനെ ഉടമകളായി'' (തിരുവനന്തപുരം, 1980) പേജ് 113
8. എം. കുമാരൻ മാസ്റ്ററുമായുള്ള (മുൻ എം, എൽ. എ) അഭിമുഖസംഭാഷണം—1981 ഏപ്രിൽ 15. ന് വടകരവെച്ച്.

9. സ്വാമി ബ്രഹ്മവ്രതൻ, ''വാഗ്ഭടാനന്ദ ഗുരുദേവൻ'' (പേജ് 210)

10. ഇ. എം. എസ്. നമ്പൂതിരിപ്പാട്, ''കേരളം മലയാളികളുടെ മാതൃഭൂമി'', പേജ് 281

11. എം. എസ്. എ. റാവു, ''ഇന്ത്യയിലെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ'', (ന്യൂഡൽഹി, 1978), വാല്യം 1, പേജ് 199

12. നടരാജഗുരുവുമായുള്ള അഭിമുഖ സംഭാഷണം (കൊടക്കാട് വെച്ച്).

# 8

# ദേശീയതയും കർഷകപ്രസ്ഥാനവും മലബാറിൽ (1934-47)

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരദ്ധ്യായമാണ് മലബാറിൻെറ സംഭാവന. ഈ സംഭാവന അത്യന്തം സമ്പുഷ്ടമാക്കിയത് ഇവിടത്തെ കർഷക–തൊഴിലാളി പ്രസ്ഥാനങ്ങളായിരുന്നു. നിന്ദിതരും പീഢിതരും പതിതരും ദുഃഖിതരുമായ മലബാറിലെ കർഷകരേയും കർഷകത്തൊഴിലാളികളേയും സംഘടിപ്പിച്ചുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ കുഗ്രാമങ്ങളിൽപോലും എത്തിക്കുവാനുള്ള ബോധപൂർവ്വമായ ഒരു സംരംഭം ഇവിടെയാരംഭിച്ചത് ഇരുപതാം നൂററാണ്ടിൻെറ മുപ്പതുകളിലും നാല്പതുകളിലുമായിരുന്നു. സാമ്രാജ്യത്വത്തിനും അതിൻെറ നെടുംതൂണുകളായ ജൻമിമാർക്കമെതിരായി സംയുക്തമായാവിഷ്കരിക്കപ്പെട്ട ജനമുന്നേററം ഇവിടത്തെ രാഷ്ട്രീയ നവോത്ഥാനത്തിൻെറ ചരിത്രമാണ്. ഗാന്ധിജിയുടെ നേതൃത്വം, റഷ്യൻ വിപ്ലവത്തിൻെറ സന്ദേശം, മുപ്പതുകളിലെ സാമ്പത്തികത്തകർച്ച, സോഷ്യലിസ്റ്റുകളുടെ പുതിയ സമീപനം, സംഘടിക്കുന്ന വർഗബോധം എന്നീ വസ്തുതകൾ സാമ്രാജ്യത്വത്തിനെതിരായ സമരത്തെ പുതിയ വഴിത്തിരിവിലെത്തിച്ചു.

ഉപ്പുനിയമലംഘനത്തിനു ശേഷം നടപ്പിലാക്കപ്പെട്ട 1932–34–ലെ സിവിൽ നിയമലംഘനപ്രസ്ഥാനം വ്യക്തി സത്യാഗ്രഹത്തിലേക്കു നീങ്ങിയതോടു കൂടി കോൺഗ്രസ്സിൻെറ അനുയായികളിൽ വലിയ നിരാശയുണ്ടായി. അതോടെ കോൺഗ്രസ്സിൻെറ സന്ദേശം ജനങ്ങളുടെ ഇടയിലെത്തിക്കുവാനും

തൊഴിലാളികളേയും കർഷകരേയും സംഘടിപ്പിച്ചുകൊണ്ട് ദേശീയപ്രസ്ഥാനത്തെ ശക്തമാക്കുവാനും നേതാക്കൻമാരും സാധാരണ പ്രവർത്തകരും ആവേശപൂർവം പരിശ്രമിച്ചു.

**കേരള കർഷക സംഘം**

അഖിലേന്ത്യാ കിസാൻ സംഘത്തിന്റെ ആവിർഭാവത്തിന് മുമ്പുതന്നെ കേരള കർഷക സംഘം എന്ന സംഘടന രൂപീകരിക്കുവാനുള്ള പരിശ്രമമാരംഭിച്ചിരുന്നു. കർഷകപ്രശ്നങ്ങളേയും ചുററുപാടുകളേയും വിലയിരുത്തുവാൻ 1933 നവംബർ 5–ന് കോഴിക്കോട് ടൗൺഹാളിൽ കേരളത്തിലെ പൊതുപ്രവർത്തകരുടെ ഒരു യോഗം മഞ്ചേരി രാമയ്യരുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. യോഗത്തിൽ കെ. മാധവ മേനോൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം പി. കൃഷ്ണ പിള്ള പിന്താങ്ങി.

''കേരള കർഷകസംഘം എന്നൊരു സംഘടന മലബാറിൽ ഒട്ടാകെ രൂപീകരിക്കുവാനും അതിന്റെ ശാഖകളായി താലൂക്ക് സംഘങ്ങളും അംശഘടകങ്ങളും ഏർപ്പെടുത്തുവാനും ഈ യോഗം തീർച്ചപ്പെടുത്തുന്നു. ഈ യോഗം കർഷകൻമാരുടെ സാമ്പത്തിക ഉന്നതിക്കായി പ്രവർത്തിക്കുന്നതും ഉടനെതന്നെ വർദ്ധിച്ച നിലനികുതി കൊണ്ടുണ്ടാകുന്ന കഷ്ടപ്പാടുകളെ ഗവൺമെൻറിനെ വേണ്ടവിധത്തിൽ അറിയിക്കേണ്ടതുമാകുന്നു'' 1.

മേൽപറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുവാൻ മഞ്ചേരി രാമയ്യർ, യു. ഗോപാലമേനോൻ, കെ. പി. രാമനുണ്ണിമേനോൻ, സി. കെ. ഗോവിന്ദൻനായർ, ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്, ശങ്കരനാരായണൻ എമ്പ്രാന്തിരി, എൻ. ഏ. കൃഷ്ണൻ നായർ, കെ, ഏ. കേരളീയൻ, പി. കെ. രാമനുണ്ണിനായർ, പി. കൃഷ്ണപ്പണിക്കർ, പി. ഹസ്സൻകോയമുല്ല തുടങ്ങിയവരുൾപ്പെട്ട ഒരു കമ്മററിയുണ്ടാക്കുകയും ചെയ്തു.

കർഷകരെ വർഗപരമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയായിരുന്നില്ല ഈ കമ്മററിയുടെ ലക്ഷ്യം. പ്രത്യുത

1931-ൽ ഗവൺമെൻറു നടപ്പിലാക്കിയ റീസെററിൽമെൻറിലെ ക്രമക്കേടുകൾക്കെതിരായി പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുക യെന്നതായിരുന്നു. മലബാറിൻെറ പല ഭാഗങ്ങളിലും സംഘടി പ്പിക്കപ്പെട്ട നികുതിവാർാചരണയോഗങ്ങളിൽ ധാരാളം കർഷകർ പങ്കെടുത്തു. പിന്നീട് 1934 മാർച്ചിൽ പട്ടാമ്പിയിൽവെച്ച് ചേർന്ന മലബാറിലെ ആദ്യത്തെ സമ്മേളനവും, എൻ. ജി. രങ്കയുടെ പ്രസംഗവും പ്രത്യേകം ശ്രദ്ധേയമാണ്2.

മിതവാദികളല്ലാത്ത കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകർ 1934 മേയ് 12-നു കോഴിക്കോട്ടു വെച്ച് യോഗം ചേരുകയും സി. കെ. ഗോവിന്ദൻനായർ പ്രസിഡണ്ടായും പി. കൃഷ്ണ പിള്ള സെക്രട്ടറിയായും കേരള കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കുകയും ചെയ്തു3. ഈ സംഭവഗതികൾ കർഷ കരെ സംഘടിപ്പിക്കുവാനും രാഷ്ട്രീയോൽബുദ്ധരാക്കുവാനുമുള്ള വിപുലമായ ഒരു പ്രസ്ഥാനത്തിൻെറ തുടക്കം കുറിച്ചു.

## അഭിനവ ഭാരത യുവക്സംഘം

ഉത്തരകേരളത്തിലെ കർഷകപ്രസ്ഥാനത്തിൻെറ ആദ്യ നാളുകൾ ചിറക്കൽ താലൂക്കിൽ കരിവെള്ളൂർ കേന്ദ്രമാക്കി പ്രവർത്തിച്ചു വന്നിരുന്ന അഭിനവ ഭാരത യുവക്സംഘത്തി ൻെറ പദ്ധതികളുമായി ബന്ധപ്പെട്ടു കിടക്കുന്നു. കാർഷി കോല്പാദനം വർധിപ്പിക്കുവാനും അങ്ങനെ ദാരിദ്ര്യം ഇല്ലാ താക്കുവാനും വേണ്ടി കരിവെള്ളൂരിൽ തെങ്ങുംതറ കൃഷ്ണ പ്പൊതുവാൾ തുടങ്ങിയവർ രൂപീകരിച്ചിരുന്ന അദ്ധ്വാന പരിശീലനസംഘത്തിന് രാഷ്ട്രീയമായ ഉൽബുദ്ധതയും കർമ്മ പദ്ധതിയും നല്കിയത് ഏ. വി. കുഞ്ഞമ്പു, എം. പി. അപ്പുമാസ്റ്റർ തുടങ്ങിയവരായിരുന്നു. യുവാക്കളുടെ സംഘടന യായി ഈ യുവക്സംഘം 1934 ഏപ്രിൽ 13-ന് നിലവിൽ വന്നു. റോഡു വെട്ടൽ, ഗ്രാമ ശുചീകരണം, നിശാപാഠശാല, പന്തിഭോജനം, ജാതിക്കെതിരായ പ്രവർത്തനം, കോൺഗ്രസ്സിൽ അംഗങ്ങളെ ചേർക്കൽ, ഹിന്ദി പ്രചാരണം, കർഷക സംഘ ങ്ങൾ രൂപീകരിക്കൽ തുടങ്ങിയവയായിരുന്നു യുവക്സംഘ

ത്തിൻെറ പ്രവർത്തനങ്ങൾ. ഈ പരിപാടികൾക്കനുസരിച്ച് വെള്ളൂർ, പെരളം, കരിവെള്ളൂർ, കൊടക്കാട് എന്നീ ഗ്രാമങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കരിവെള്ളൂർ സംയുക്ത കർഷകസംഘം സെപ്തംബർ മാസത്തിൽ നിലവിൽ വന്നു4. പ്രസിഡൻറ് ഏ. വി. കുഞ്ഞമ്പുവും സെക്രട്ടറി അപ്പുമാസ്റ്ററുമായിരുന്നു. കർഷകസംഘത്തിൻെറ ആദ്യ യൂണിററ് കൊളച്ചേരിയിലെ നണിയൂർ എന്ന സ്ഥലത്ത് വി. എം. വിഷ്ണു ഭാരതീയൻ അദ്ധ്യക്ഷനായും കെ. ഏ. കേരളീയൻ സെക്രട്ടറിയായും 1935 ജൂലായിൽ രൂപീകരിച്ചുവെന്നാണ് ഏ. കെ. പൊതുവാൾ, എൻ. ഇ. ബലറാം തുടങ്ങിയവർ രേഖപ്പെടുത്തുന്നത്5. വളരെ വേഗത്തിൽ സംഘത്തിൻെറ യൂണിററുകൾ കല്യാശ്ശേരി മുതൽ കയ്യൂർ വരെയുള്ള ഗ്രാമങ്ങളിൽ രൂപീകരിക്കപ്പെട്ടു. ഇ. പി. ഗോപാലൻ, ആർ. കൃഷ്ണൻ, ഈ. കണ്ണൻ, കെ. സി. ഗോപാലനുണ്ണി തുടങ്ങിയവർ തെക്കേ മലബാറിൽ സംഘത്തിൻെറ യൂണിററുകളുണ്ടാക്കാൻ പ്രവർത്തിച്ചു. ജന്മിമാരുടെ അക്രമങ്ങൾക്കെതിരായും അവരെ നിലനിർത്തുന്ന വിദേശ മേധാവിത്വത്തിനെതിരായും തങ്ങൾ സംഘടിക്കേണ്ടതാണെന്ന ബോധം കർഷകരിലും കർഷകത്തൊഴിലാളികളിലും അങ്ങിനെ വളർന്നുവന്നു.

## കോൺഗ്രസ്—സോഷ്യലിസ്ററുകൾ

ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുന്നവരെ വർഗപരമായ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട് ദേശീയ ബോധം എല്ലാ തലങ്ങളിലും പ്രചരിപ്പിക്കുവാനുള്ള പ്രവർനപദ്ധതിയായിരുന്നു കോൺഗ്രസ്—സോഷ്യലിസ്റ്റുകളുടേത്. അതിനാൽ കർഷകപ്രസ്ഥാനവും രാഷ്ട്രീയോൽബുദ്ധതയും ഒന്നിച്ചായിരുന്നു വളർന്നു വന്നതു്. ഇത്തരം ലക്ഷ്യം മുൻനിർത്തിയായിരുന്നു 1936 ഏപ്രിൽ 11-ന് ലക്നോവിൽ വെച്ച് പുരോഗമനവാദികളായ എല്ലാവരും യോജിച്ചുകൊണ്ട് അഖിലേന്ത്യാ കിസാൻ സഭ രൂപീകരിച്ചത്. സ്വാമി സഹജാനന്ദ, കാര്യാ നന്ദശർമ്മ, മുസാഫർ അഹമ്മദ്, ആചാര്യ

നരേന്ദ്രദേവ്, രാഹുൽ സംകൃത്യായൻ, ഇന്ദുലാൽ യാജ്ഞിക് എന്നിവരടക്കം അഖിലേന്ത്യാതലത്തിലറിയപ്പെടുന്ന വ്യക്തികളായിരുന്നു സഭയുടെ സ്ഥാപകാംഗങ്ങൾ. സഭയുടെ പ്രഖ്യാപിതലക്ഷ്യം, സാമ്പത്തികമായ ചൂഷണത്തിൽനിന്നു പൂർണ്ണസ്വാതന്ത്ര്യം നേടുകയും കർഷകർക്കും, തൊഴിലാളികൾക്കും, മററു ചൂഷിതവർഗങ്ങൾക്കും വേണ്ടി പൂർണ്ണമായ സാമ്പത്തിക-രാഷ്ട്രീയാധികാരം കൈവരിക്കുകയുമാണ്. തങ്ങളുടെ സത്വരമായ രാഷ്ട്രീയ—സാമ്പത്തികാവകാശങ്ങൾക്കു വേണ്ടിയും എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളിൽനിന്നുള്ള മോചനത്തിനുവേണ്ടിയും കർഷകരെ സംഘടിപ്പിക്കുകയെന്നതായിരിക്കും കർഷകപ്രസ്ഥാനത്തിൻെറ പ്രധാന പ്രവർത്തനങ്ങൾ. പൂർണ്ണസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയ സമരത്തിൽ സജീവമായി പങ്കെടുത്തുകൊണ്ട് ഉല്പാദകരായ ജനലക്ഷങ്ങൾക്ക് ആത്യന്തികമായി സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം കൈവരിക്കുന്നതിനായിട്ടായിരിക്കും കർഷകപ്രസ്ഥാനം നിലകൊള്ളുക 6.

മലബാറിലെ കർഷകപ്രസ്ഥാനത്തിൻെറ പിന്നിലുള്ള ലക്ഷ്യം ഇത്തരത്തിലൊരധികാരം കൈവരിക്കുകയെന്നതായിരുന്നു.

ഏ. കെ. ഗോപാലൻ ഡയറക്ടറായും, സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ സെക്രട്ടറിയായും 1936 ജൂലായിൽ മദ്രാസിലേക്കു നയിക്കുകയുണ്ടായ പട്ടിണിജാഥ കർഷകരേയും തൊഴിലാളികളേയും തങ്ങളുടെ ചുററുപാടുകളെപ്പററി ബോധവാൻമാരാക്കുന്നതിനായിരുന്നു. ഏ. കെ. പിള്ളയുടെ അദ്ധ്യക്ഷതയിൽ പറശ്ശിനിക്കടവിൽവെച്ചു 1936 നവംബറിൽ ചിറയ്ക്കൽ താലൂക്ക് കർഷകസംഘത്തിൻെറ ആദ്യസമ്മേളനം നടത്തുകയുണ്ടായി. കർഷകസംഘങ്ങളുടെ വിവിധ യൂണിററുകളെ ഉൾപ്പെടുത്തിക്കൊണ്ട് അഖില മലബാർ കർഷകസംഘം 1937—ൽ പി. നാരായണൻനായർ പ്രസിഡണ്ടായും കെ. ഏ. കേരളീയൻ സെക്രട്ടറിയായും രൂപീകരിച്ചു. അതിൻെറ കേന്ദ്രം കോഴിക്കോട്ടു നിന്നും കല്യാശ്ശേരിയിലേക്കു മാററി.

മലബാർ കർഷകൻെറ ദയനീയമായ നിലയെപ്പററി ഒരു റിപ്പോർട്ട് ഇപ്രകാരം രേഖപ്പെടുത്തുന്നു:

താങ്ങുവാനരുതാത്ത വാരം, പാട്ടം, കടം, നികുതി, വിള നഷ്ടം, സാധനങ്ങളുടെ വിലയിടിവ് തുടങ്ങിയ മഹാമാരികൾ നമ്മുടെ നാട്ടിലെ പാവപ്പെട്ട കൃഷിക്കാരെ പിടികൂടിയിട്ട് കാലം വളരെയായിരിക്കുന്നു....വാശി, നുരി, കൂലി, പൊലി, മുക്കാൽ, ശീലക്കാശ്, അടിയന്തിരപ്പണം, തരകപ്പണം, കുളി പ്പണം, കഴകപ്പണം, ശവപ്പണം, കട്ടിപ്പണം, കാലിപ്പണം, തിരുമുൽക്കാഴ്ച എന്നിങ്ങനെ പലതും (ഇതിൽ ചിലതേ ചിലേടങ്ങളിൽ നടപ്പുള്ളു) കർഷകരെ ഞെക്കിഞെരുക്കുന്നു. ജന്മിക്ക് ശീലക്കേടായാലും, സന്തോഷമായാലും, തിടുക്കം നേരിട്ടാലും അടിയന്തിരം, ജനനം, മരണം, ശ്രാദ്ധം, വിരുന്ന്, പിറന്നാൾ, ഒരിക്കൽവ്രതം, വിശേഷദിവസം ഇങ്ങനെ എന്തു വന്നാലും കൃഷിക്കാരനുതന്നെ നഷ്ടം.....അതോ, കർഷകർ ജന്മിത്വത്തിൻെറ അടിമകളാണ്. അവരുടെ കാലുകൾ ചങ്ങ ലയ്ക്കുള്ളിലാണുള്ളതെന്ന് പ്രത്യക്ഷത്തിൽ കാണ്മാൻ കഴിയില്ല. എന്നാൽ കർഷകർ ഇരുമ്പുചങ്ങലയേക്കാൾ ഭയങ്കര മായ നിയമച്ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ജന്മി ത്വവും അതിൻെറ നെടുംതൂണായ സാമ്രാജ്യാധിപത്യവും അവരെ പിഴിഞ്ഞെടുക്കുന്നു'' 7.

കർഷകരുടെ പുതിയ സംഘടനാബോധം തട്ടിത്തകർക്കു വാൻ ജന്മികുടുംബങ്ങൾ പലവിധത്തിലും പ്രവർത്തിച്ചതു കാണാം. ഭവനഭേദനം, ക്ഷേത്രം തീണ്ടൽ, വണ്ണാത്തി മാററു മുടക്കൽ, കൂട്ടായ്മക്കവർച്ച, സ്വത്തപഹരണം, തുടങ്ങിയ പലവിധത്തിലുള്ള കേസ്സുകൾ കർഷകർക്കും സംഘം പ്രവർ ത്തകർക്കുമെതിരായി അവർ ഫയൽ ചെയ്യുകയുണ്ടായി. കീഴ് മര്യാദപ്രകാരം ലഭിക്കേണ്ടുന്ന, നായാടിക്കിട്ടിയ കാട്ടുപന്നി യുടെ കുറക് കർഷകസംഘം മുടക്കിയെന്ന പേരിൽ കല്യാട്ടു നമ്പ്യാർ കേസ് നടത്തിയതു കാണാം 8. പ്രസ്ഥാനത്തെ ഭിന്നിപ്പിക്കുവാനും നശിപ്പിക്കുവാനും കള്ളക്കേസുകളുണ്ടാക്കി കൃഷിക്കാരെ കോടതി കയററുകയെന്നത് ജന്മിമാരുടെ ഒരു അടവായിരുന്നു.

## വർഗബോധവും സാഹിത്യവും

വർഗബോധം വളർത്തുവാനും തൊഴിലാളികളുടേയും കർഷകരുടേയും പ്രശ്നങ്ങൾ സജീവമായി അവതരിപ്പിക്കുവാനും ഉതകുന്ന വിധത്തിലുള്ള പുരോഗമനസാഹിത്യം മലബാറിൽ വളർന്നുവന്നതും ഇതേ പശ്ചാത്തലത്തിലായിരുന്നു. കെ. ദാമോദരൻെറ രക്തപാനം, പാട്ടബാക്കി തുടങ്ങിയ നാടകങ്ങൾ കർഷകസമ്മേളനങ്ങളിലും മററും അഭിനയിച്ചുവന്നു. ഈ നാടകങ്ങളിൽ അഭിനയിച്ചുവെന്നതിൻെറ പേരിൽ തെക്കേ മലബാറിൽ ചില കുടിയാൻമാരെ ജന്മിമാർ ഒഴിപ്പിക്കുകയുണ്ടായി. പരിവർത്തനത്തിൻെറ ആഹ്വാനമുൾക്കൊള്ളുന്ന അനേകം കവിതകൾ ജനങ്ങൾക്കിടയിൽ പ്രചരിച്ചുവന്നു. പൂരക്കളി തുടങ്ങിയ പ്രാചീന കലാരൂപങ്ങളിലൂടെയും നാടൻ പാട്ടുകളുടെ ഈരടികളിലൂടെയും ഈ പുരോഗമനസാഹിത്യം ചിത്രീകരിച്ചത് മർദിതരുടേയും പതിതരുടേയും ദയനീയ കഥകളും അഭിലാഷങ്ങളുമായിരുന്നു. കർഷകസംഘത്തിനുവേണ്ടിയുള്ള പതാകഗാനത്തിൽ ടി. എസ്. തിരുമുമ്പ് പുതിയ യുഗത്തിനു വേണ്ടി പാടുകയാണ്:

''കർഷകന്മാരേ ! തൊഴിലാളി വർഗമേ !
ചൂഷിതന്മാരേ ! ദരിദ്രന്മാരേ !
വന്നു തടിക്കുകിച്ചെങ്കൊടിക്കീഴിൽ നാ–
മൊന്നു തയ്യാറായ് പുറപ്പെടുക.
എന്തിനാണെന്നോ, ദാരിദ്ര്യം ശമിപ്പിക്കാൻ
മർദ്ദനത്തോടു പടപൊരുതാൻ.
പട്ടിണി സൃഷ്ടിക്കുമമ്മുതലാളിത്ത–
ക്കോട്ടയെച്ചുട്ടു പൊട്ടിച്ചെറിയാൻ.
ദുസ്സഹം സ്വാർത്ഥതാല്പര്യം പുലർത്തുന്നൊ
രിസ്സമുദായ ഘടന മാററാൻ
സാമ്രാജ്യ മേധാവിത്വത്തെ തകർക്കുവാൻ
ജന്മിവ്യവസ്ഥ പൊളിച്ചു ചീന്താൻ.
ചൂഷക ചൂഷിത ഭാവത്തെപ്പോക്കുവാൻ
സോഷ്യലിസത്തെ സംസ്ഥാപിക്കുവാൻ'' 9.

ചൈന, വിയററ്നാം തുടങ്ങിയ പല രാജ്യങ്ങളിലും ഇതേ കാലഘട്ടത്തിൽ ഇത്തരത്തിൽ സാമ്രാജ്യത്വ വിരോധം പ്രചരിപ്പിക്കുന്ന ഒരു സാഹിത്യപരമ്പര ജനങ്ങളെ ഉൽബുദ്ധരാക്കുവാൻ വളർന്നു വരികയുണ്ടായി. മലബാറിൽ വർഗസംഘടനകൾ കെട്ടിപ്പടുക്കുവാനും സ്വാതന്ത്ര്യസമരം ശക്തമാക്കുവാനും ഇത്തരം സാഹിത്യസൃഷ്ടികൾ സഹായകമായി.

## കാസർഗോഡ് താലൂക്ക് കർഷകസംഘം

മലബാറിലെ മററു താലൂക്കുകളിൽ സംഘടിപ്പിക്കപ്പെട്ടതുപോലെ കാസർഗോഡ് താലൂക്കിലും ശക്തമായ ഒരു കർഷകപ്രസ്ഥാനം രൂപം കൊണ്ടിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ മലബാറിൽ നിന്നും വേറിട്ടുകൊണ്ട് തെക്കൻ കർണ്ണാടകജില്ലയിലുൾക്കൊണ്ട ഈ പ്രദേശത്തിൻെറ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണങ്ങളായിരുന്നു. റയററുവാരി സമ്പ്രദായത്തിൽ ഗവൺമെൻറ് ഭൂനികുതി വസൂലാക്കിയിരുന്നു. മലബാറിലെ 'കാണ'വ്യവസ്ഥയും കാസർഗോഡിലെ 'കാണവ്യവസ്ഥയും' തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നു. മലബാറിലെ ജൻമിക്കു ഭൂമിയിൽ പരമാധികാരമുണ്ടായിരുന്നപ്പോൾ കാസർഗോഡിലെ മൂലഗണി അവകാശം ഗവൺമെൻറിൻെറ കീഴിലുള്ള കുടിയായ്മ മാത്രമായിരുന്നു. മലബാറിൽ തരിശുഭൂമിക്കു നികുതിയില്ലായിരുന്നു. ഇവിടെ പാറക്കെട്ടിനു പോലും നികുതി ചുമത്തപ്പെട്ടു. മലബാറിൽ നികുതി ബാക്കിക്കു ഭൂമിലേലം ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. പക്ഷെ കാസർഗോഡിൽ അതൊരു പതിവു നടപടിയായിരുന്നു. ഈ വ്യത്യാസങ്ങൾ ഇവിടത്തെ കർഷകൻെറ സ്ഥിതി അത്യന്തം ദയനീയമാക്കി. ഈ പശ്ചാത്തലം ശക്തമായ ഒരു കർഷകപ്രസ്ഥാനവും ദേശീയപ്രസ്ഥാനവും ഇവിടെ വളർന്നു വരാൻ സഹായിച്ചു. ഏതാണ്ട് അൻപതോളം കർഷകസംഘം യൂണിററുകൾ ഇവിടെ സംഘടിപ്പിക്കുകയുണ്ടായി.

മലബാറിൽ കർഷകപ്രസ്ഥാനത്തിനു നേതൃത്വം കൊടുത്ത പി. കൃഷ്ണപിള്ള, ഏ. കെ. ഗോപാലൻ, കെ. ഏ. കേര

ളീയൻ, കെ. പി. ആർ. ഗോപാലൻ, വിഷ്ണു ഭാരതീയൻ, ഏ. വി. കുഞ്ഞമ്പു, വി. വി. കുഞ്ഞമ്പു, ഇ. കെ. നായനാർ, ഏ. കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ കാസർഗോഡ് താലൂക്കിലും കർഷകപ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തു. അതോടൊപ്പം ഈ പ്രദേശത്തു നിന്നുതന്നെ ജനസംഘാടകരായ രാഷ്ട്രീയ പ്രവർത്തകന്മാർ ഉയർന്നുവന്നു. ടി. എസ്. തിരുമുമ്പ്, കെ. മാധവൻ, ടി. കെ. ചന്തൻ, മടിക്കൈ കുഞ്ഞിക്കണ്ണൻ, സി. എം. കുഞ്ഞിരാമൻ നായർ, പി. അമ്പുനായർ, എൻ. ജി. കമ്മത്ത്, കെ. കൃഷ്ണഷെട്ടി, ബി. വി. കക്കില്ലായി, കോയ്യൻ കുഞ്ഞിക്കണ്ണൻ, ബി. വി. കുഞ്ഞമ്പു, കെ. ടി. കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങിയ പലരും ഇവരിലുൾപ്പെടുന്നു.

കാസർഗോഡ് താലൂക്ക് കർഷകസംഘത്തിൻെറ ആദ്യസമ്മേളനം കാഞ്ഞങ്ങാട്ടുവെച്ച് കെ. പി. ആർ. ഗോപാലൻെറ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സംഘത്തിൻെറ നൂററിമുപ്പതോളം വാളണ്ടിയർമാർ 1938 ഡിസംബറിൽ തെക്കേതൃക്കരിപ്പൂരിൽ നിന്നും മംഗലാപുരത്തേക്കു ജാഥ നയിക്കുകയും ജന്മിമാരുടെ അക്രമപ്പിരിവുകൾ അവസാനിപ്പിക്കുവാനഭ്യർത്ഥിച്ചുകൊണ്ടുള്ള മെമ്മോറാണ്ഡം ജില്ലാ കളക്ടർക്കു സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 1939 ജനുവരിയിൽ കൊടക്കാട്ടുവെച്ചു അഭിനവ ഭാരതയുവക്സംഘത്തിൻെറ നാലാം വാർഷിക സമ്മേളനവും താലൂക്ക് കർഷകസംഘത്തിൻെറ രണ്ടാം വാർഷിക സമ്മേളനവും സംയുക്തമായി ആഘോഷിച്ചു. എൻ. ജി. രങ്ക, ഏ. കാമേശ്വരറാവു, മൊയ്തുമൗലവി, അബ്ദുറഹിമാൻ സാഹിബ് തുടങ്ങിയ പ്രമുഖ രാഷ്ട്രീയ നേതാക്കൻമാർ ഈ യോഗങ്ങളിൽ പങ്കെടുത്തു. കളിയാട്ടം തുടങ്ങിയ അവസരങ്ങളിൽ നടത്തുന്നതുപോലെ പൊതുസദ്യയോടുകൂടിയ ഈ സമ്മേളനങ്ങൾ പന്തിഭോജനത്തിന് പ്രാധാന്യം കൊടുക്കുകയും അവയിൽ പ്രശസ്ത നായർ തറവാടുകളിലെ അമ്മമാരെ പങ്കെടുപ്പിക്കുകയും ചെയ്തു. ഇപ്രകാരം സംഘവും അതിൻെറ പ്രവർത്തനങ്ങളും രാഷ്ട്രീയമായ ഉണർവ് നിലനിർത്തിവന്നു. കാസർഗോഡിനെ മലബാർ പ്രദേശത്തോടു

ചേർക്കുവാനുള്ള ഐക്യകേരള പ്രക്ഷോഭണത്തിനും സംഘം നേതൃത്വം നൽകി.

## കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിലേക്ക്

രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോരം കോൺഗ്രസ്സിന്റെ പ്രവർത്തനപദ്ധതികളിൽ അസംതൃപ്തരായ കേരളത്തിലെ കോൺഗ്രസ്-സോഷ്യലിസ്ററുകരം 1939 ഡിസംബറിൽ തലശ്ശേരിയിൽ രഹസ്യമായി സമ്മേളിക്കുകയും 1940 ജനുവരി 26 മുതൽ ഇന്ത്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ ഘടകമായി രൂപാന്തരപ്പെട്ടുകൊണ്ട് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഈ മാററത്തോടെ കർഷകസംഘത്തിന്റെ യൂണിററുകരം കമ്മ്യൂണിസത്തിന്റെ പ്രചാരണ കേന്ദ്രങ്ങളായി മാറി. യുദ്ധത്തിനും യുദ്ധകാല മർദനങ്ങരംക്കുമെതിരായി 1940 സെപ്തംബർ 15-ന് മലബാറിലെങ്ങും പ്രതിഷേധ ദിനമാചരിക്കുവാൻ പാർട്ടി തീരുമാനമെടുത്തു. ഈ ഘട്ടത്തിൽ പാർട്ടിക്കു നേരിടേണ്ടിവന്ന വിഷമങ്ങളെപ്പററി ഈ. എം. എസ് നമ്പൂതിരിപ്പാട് അനുസ്മരിക്കുകയാണ്:

''കമ്മ്യൂണിസ്ററുകാർ ഒരു പ്രത്യേക സാഹചര്യത്തിലായിരുന്നു; ഒരു വശം നിയമവിരുദ്ധമായ ഒരു സ്വതന്ത്രപാർട്ടിയുമായി അവർ പ്രവർത്തിക്കുകയും കോൺഗ്രസിന്റെ ഔദ്യോഗിക നയത്തിനെതിരായി പോരാടുകയും ചെയ്യുമ്പോരം മറുവശത്ത് അവർ കോൺഗ്രസ് സംഘടനയുടെ പ്രാദേശിക-ജില്ലാ-സംസ്ഥാന ഘടകങ്ങളുടെ നേതാക്കന്മാരായിരുന്നു 10.

സെപ്തംബർ 15—നു മൊറാഴ, മട്ടന്നൂർ തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ മർദനവും സംഘട്ടനങ്ങളും കാരണം സംഘത്തിന്റെ പ്രവർത്തനങ്ങരം പോലീസ് നിരോധിക്കുകയും സംസ്ഥാനകോൺഗ്രസിന്റെ നേതൃത്വം ഹൈക്കമാൻഡ് പിരിച്ചുവിടുകയും ചെയ്തു. പക്ഷെ ജന്മിത്വത്തിനും യുദ്ധത്തിനുമെതിരായി കമ്മ്യൂണിസ്ററുകാർ നാടെങ്ങും പ്രവർത്തിച്ചുവന്നു.

ബ്രിട്ടീഷ് ഭരണം നശിക്കട്ടെ !
ജന്മിത്വം നശിക്കട്ടെ !
കർഷകസംഘം സിന്ദാബാദ് !
സോവിയററ് ഭരണം സിന്ദാബാദ് !
വാരം കൊടുക്കരുത് !
പട്ടാളത്തിൽ ചേരരുത് !
യുദ്ധഫണ്ടിലേക്കു സംഭാവന നൽകരുത് !

തുടങ്ങിയ മുദ്രാവാക്യങ്ങളോടെ ഗ്രാമങ്ങളിൽ കമ്മ്യൂണിസ്ററുകാർ തങ്ങളുടെ പ്രവർത്തനം തുടർന്നുവന്നു. അത്തരത്തിലുള്ള ഒരു ജാഥയിൽ പങ്കെടുത്ത പ്രവർത്തകർക്കെതിരായി കയ്യൂരിൽ (12 മാർച്ച് 1941) നടന്ന പോലീസ് നടപടികളും തുടർന്നുണ്ടായ കയ്യൂർ സമരവും പ്രത്യേകം പ്രസ്താവ്യമാണ്. കയ്യൂർ സമരത്തെത്തുടർന്ന് ആ പ്രദേശങ്ങളിൽ പോലീസ് നടത്തിയ മർദനത്തെപ്പററി ഗവൺമെൻറിനു ഒരന്വേഷണം പോലും നടത്തേണ്ടതായി വന്നു. മഠത്തിൽ അപ്പു, കോയിത്താററിൽ ചിരുകണ്ടൻ, പള്ളിക്കൽ അബുബക്കർ, പൊടവര അമ്പുനായർ എന്നീ കർഷകയുവാക്കളെ ഈ കേസിൽ ഗവൺമെൻറു തൂക്കിലേററി11. ജന്മിമാരും സർക്കാരും കർഷകപ്രസ്ഥാനം അടിച്ചമർത്തുവാനുള്ള ഒരവസരമായിട്ടിത് ഉപയോഗപ്പെടുത്തുകയും ചെയ്തു.

യുദ്ധത്തിൽ റഷ്യ പങ്കെടുത്തതോടുകൂടി കമ്മ്യൂണിസ്ററുകാരെ സംബന്ധിച്ചു ഇതുവരെ പിന്തുടർന്ന നയത്തിൽ ഒരു മാററമാവശ്യമായി വന്നു. ബ്രിട്ടൻ, റഷ്യ തുടങ്ങിയ ശക്തികൾ പരാജയപ്പെടുകയാണെങ്കിൽ ഫാസിസ്ററുകളായ മറെറാരു സാമ്രാജ്യശക്തി വളർന്നുവരുമെന്നതിനാൽ സാമ്രാജ്യയുദ്ധം ജനകീയ യുദ്ധമായി അവർക്കു അംഗീകരിക്കേണ്ടിവന്നു. ചൈനയിലേയും മററും കമ്മ്യൂണിസ്ററുകാർക്കു ഇത്തരം സ്ഥിതിവിശേഷം നേരിടേണ്ടിവന്നിരുന്നില്ല. കാരണം അവർക്കു യുദ്ധം ചെയ്യേണ്ടിവന്നത് ജപ്പാൻകാരോടായിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ ഒരു പ്രധാന ഘട്ടത്തിൽ ബ്രിട്ടീഷുകാരോടു തത്വത്തിലെങ്കിലും സൗഹാർദം പുലർത്തുന്ന ഒരു നയം

ഇന്ത്യൻ കമ്മ്യൂണിസ്ററുകാർക്ക് അംഗീകരിക്കേണ്ടിവന്നു. ഈ നയം അല്പകാലത്തേക്കെങ്കിലും കർഷകപ്രസ്ഥാനത്തിൻെറ ഊർജസ്വലത കുറച്ചുവെന്നു പറയേണ്ടിയിരിക്കുന്നു. കെ. ദാമോദരൻ, ഇ. എം. എസ്, തുടങ്ങിയവർ പാർട്ടിയുടെ അന്നത്തെ നയത്തെപ്പററി സ്വയം വിമർശനം നടത്തുന്നുണ്ട്12. എൻ. സി. ശേഖറിനെപ്പോലുള്ളവർ പാർട്ടിയുടെ നയം തികച്ചും ശരിയാണെന്നു വിശ്വസിക്കുന്നു13.

ചിററൂർ ജില്ലയിലും മററും ഈ അവസരം കിസാൻസഭകൾ യുദ്ധത്തെ ജനകീയയുദ്ധമായി അംഗീകരിക്കുവാൻ തയ്യാറാകാത്തതിനാൽ എൻ. ജി. രങ്ക കിസാൻസമ്മേളനത്തിൽ പങ്കെടുക്കാതെ സ്ഥലംവിട്ട രംഗങ്ങൾ ഉണ്ടായിട്ടുണ്ട്. അഖിലമലബാർ കർഷകസംഘത്തിൻെറ നിരോധനം പിൻവലിക്കുവാൻ ഗവൺമെൻറു കൂട്ടാക്കാത്തതിനാൽ സംഘം മലബാർ കിസാൻ സംഘമെന്ന മറെറാരു പേരിൽ രൂപം മാറിക്കൊണ്ട് കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വം സ്വീകരിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കടുംകൃഷിയിലും ശ്രദ്ധ തിരിക്കുകയും ചെയ്തു. പാർട്ടിയെ ഗവൺമെൻറു നിയമവിധേയമാക്കുകയാൽ ഇത്തരം പ്രവർത്തനങ്ങൾ പ്രത്യക്ഷത്തിൽ സംഘടിപ്പിക്കുവാനും കഴിഞ്ഞു.

പൂഴ്ത്തിവെയ്പ്, കരിഞ്ചന്ത തുടങ്ങിയ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കെതിരായി കിസാൻസംഘം മലബാറിൽ പ്രക്ഷോഭണം നടത്തി. ഒരു കമ്മിപ്രദേശമായ കരിവെള്ളൂരിൽ നിന്നും ചിറക്കൽ കോവിലകത്തേക്കുള്ള വാരമായി നെല്ലു കടത്തിക്കൊണ്ട്പോകുന്നത് തടഞ്ഞുവെച്ച കൃഷിക്കാരെ പോലീസ് മർദിക്കുകയും വെടിവെയ്ക്കുകയും ചെയ്തു. രണ്ടു പേരുടെ ജീവഹാനിക്കിടവരുത്തിയ ഈ സംഭവം (1946 ഡിസംബർ) കിസാൻസംഘത്തിൻെറ അന്നത്തെ പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നു. അതുപോലെ കല്യാട്ടു നമ്പ്യാരുടേയും കരയ്ക്കാട്ടിടത്തിൽ നായനാരുടേയും തരിശുഭൂമി കൃഷിചെയ്യുവാൻ ശ്രമിച്ചതിൻെറ പേരിൽ കർഷകരെ അടിച്ചമർത്തുവാൻ ഗവൺമെൻറു മലബാർ സ്പെഷ്യൽ പോലീസിനെ

ഏർപ്പെടുത്തി. ഇതാകട്ടെ കാവുമ്പായിക്കുന്നിൽവെച്ചുള്ള ഒരു വെടിവെപ്പിലവസാനിക്കുകയും (1946 ഡിസംബർ 30) സ്ഥലത്തുവച്ചു തന്നെ ആറു പേർ മരിക്കുകയും ചെയ്തു. മണ്ണിനു വേണ്ടിയുള്ള കർഷകൻെറ ദാഹത്തെ അടിച്ചമർത്തുവാൻ ഈ ഭീകര സംഭവങ്ങൾക്കൊന്നിനും കഴിഞ്ഞില്ല. ജന്മിത്വത്തിനും അതിന് പിന്തുണ നൽകുന്ന ഗവൺമെൻറിന്നുമെതിരായി സംഘടിച്ചുകൊണ്ട് ഒരു ജനാധിപത്യ–സോഷ്യലിസ്ററു ഭരണം കെട്ടിപ്പടുക്കുവാനുള്ള സംരംഭമാണ് പിന്നീട് നടന്നത്.

## നിഗമനങ്ങൾ

സമൂഹത്തിലെ വിവിധ ഘടകങ്ങളെ വർഗപരമായ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട് ശക്തമായ ഒരു ദേശീയ പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ കോൺഗ്രസ്–സോഷ്യലിസ്റ്റുകൾക്കും പിന്നീടു കമ്മ്യൂണിസ്ററുകാർക്കും കഴിയുകയുണ്ടായി. കോൺഗ്രസിൽ നിന്നു വ്യത്യസ്തമായിട്ടുള്ള ഒരു കാര്യപരിപാടി ജനങ്ങൾക്ക മുമ്പിൽ വെച്ചുകൊണ്ട് ജനപിന്തുണ നേടുവാനും സ്വാതന്ത്ര്യപ്രസ്ഥാനത്തെ കുഗ്രാമങ്ങളിൽപ്പോലും എത്തിക്കുവാനും അവർക്കു കഴിഞ്ഞു. കയ്യൂർ പോലെയുള്ള ഒരു വിദൂരഗ്രാമത്തിലെ നിരക്ഷരകുക്ഷികളും മർദിതരുമായ കർഷകർ രാഷ്ട്രീയപ്രേരിതരായ സ്വാതന്ത്ര്യസമരഭടന്മാരായി രൂപാന്തരപ്പെടുന്ന ദൃശ്യം ചരിത്രവിദ്യാർത്ഥികളെ സംബന്ധിച്ച് പഠനാർഹമായ ഒരു വസ്തുതയാണ്. ഈ മാററത്തിനു നേതൃത്വം കൊടുത്തത് കർഷകപ്രസ്ഥാനമാണെന്നു പറയാം. ജന്മിമാരുടേയും മുതലാളിമാരുടേയും പിടിയിലമർന്നിട്ടുള്ള കോൺഗ്രസിനു നടപ്പിലാക്കാൻ കഴിയാതെ പോയതും ഇത്തരത്തിലുള്ള സമൂലമായ ഒരു പരിവർത്തനത്തിനുള്ള പദ്ധതികളായിരുന്നു. ഇന്ത്യയുടെ മറേറതു പ്രദേശത്തിലേതിനേക്കാളും ശക്തമായ ഒരു രാഷ്ട്രീയപ്രസ്ഥാനം ഇവിടെ വളർന്നുവന്നത് സമൂഹത്തിൻെറ പ്രത്യേക പ്രശ്നങ്ങളെ നേരിടുന്നതിൽ കോൺഗ്രസ്–സോഷ്യലിസ്ററുകളും പിന്നീടു കമ്മ്യൂണിസ്ററുകാരും കാണിച്ച സമർപ്പണ ബുദ്ധിയും വർഗബോധവും നേതൃത്വവുമാണെന്നു പറയാം.14.

തകർന്ന മരുമക്കത്തായ കുടുംബങ്ങളും, റയററുവാരി സമ്പ്രദായത്തിലെ നികുതി പിരിവും, അസ്ഥിരമായ കുടിയായ്മകളും, ജന്മിമാരുടെ അക്രമപ്പിരിവുകളും മർദ്ദനവും, യുദ്ധകാലത്തെ സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയും എല്ലാം ഒത്തുചേർന്നു ഒരു സമൂലപരിവർത്തനത്തിനു ജനങ്ങളെ മാനസികമായി സന്നദ്ധരാക്കി. ധാരാളം 'അസന്നിഹിത' ജന്മിമാരുടേയും വളരെയധികം കുടിയാന്മാരുടേയും സമ്മിശ്രണം മലബാറിൽ നിലനിന്നത് അവിടെ കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിൻെറ ഉയർച്ചക്കു ഹേതുവായിത്തീർന്നുവെന്നാണ് സി. ജെ. ഫുള്ളർ രേഖപ്പെടുത്തുന്നത്[15]. കർഷകപ്രസ്ഥാനത്തിൻെറ വളർച്ചയും ഇതേ കാരണം കൊണ്ടായിരുന്നു.

ഉത്തരകേരളത്തിൽ നിലനിന്നിരുന്ന കഴകം, മുച്ചിലോട് കണ്ണങ്ങാട് തുടങ്ങിയ ജാതിസഭകൾ കർഷകസംഘങ്ങളുടെ പ്രവർത്തനങ്ങൾക്കു സഹായകരമായ പരമ്പരാഗത സംഘടനകളായിരുന്നു. അവ പുതിയ ആശയത്തേയും വർഗബോധത്തേയും പ്രചരിപ്പിക്കുന്നതിനുള്ള മാധ്യമങ്ങളായിത്തീർന്നു. കർഷകകലാപങ്ങളെന്നു പൊതുവെ വിശേഷിപ്പിക്കാവുന്ന മാപ്പിളലഹളകളുടെ ഈററില്ലമായ തെക്കേ മലബാറിലെ ഏറനാട്ടിലും മററും വടക്കേ മലബാറിലെപ്പോലെ ശക്തമായ ഒരു കർഷകപ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ കോൺഗ്രസ്–സോഷ്യലിസ്റ്റുകൾക്കും കമ്മ്യൂണിസ്റ്റുകാർക്കും കഴിഞ്ഞില്ല. ചരിത്രവിദ്യാർത്ഥികളെ സംബന്ധിച്ചു പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണിത്. മലബാർ കലാപത്തെ തുടർന്നുള്ള മർദനവും മുസ്ലിംലീഗിൻെറ വളർച്ചയും മാപ്പിളമാരായ കർഷകരെ ധാരാളമായി പ്രസ്ഥാനത്തിലേക്കാകർഷിക്കാൻ സഹായിച്ചില്ല. ഈ സ്ഥിതിവിശേഷത്തെ ഒരു രേഖയിൽ ഇപ്രകാരം വിവരിക്കുന്നു. ''മാപ്പിളമാരുടെ പിന്തുണ നേടുവാനുള്ള കോൺഗ്രസ്സിൻെറ പരിശ്രമത്തിന് അല്പമാത്രം വിജയമാണ് ലഭിക്കുന്നത്. ഏറനാട്ടിലെ പ്രമുഖരായ മാപ്പിളമാർ കോൺഗ്രസ് വിരുദ്ധമായ ഒരു നീക്കം ആരംഭിക്കുകയും മുസ്ലിങ്ങളോടു കോൺഗ്രസ്സിൽ

ചേരരുതെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്''16. ഇത്തരം നീക്കങ്ങളെ ചെറുത്തുകൊണ്ടായിരുന്നു അവിടങ്ങളിൽ പ്രസ്ഥാനം വളർന്നത്.

വാരം, പാട്ടം തുടങ്ങിയ കാര്യങ്ങളിൽ വിട്ടുവീഴ്ചകറം, കുടിയായ്മ കമ്മിററിയുടെ നിയമനം, അക്രമപ്പിരിവുകളവസാനിപ്പിക്കൽ, മുതലായ കാര്യങ്ങറംക്കു വേണ്ടിയായിരുന്നു കർഷക പ്രസ്ഥാനം സംഘടിപ്പിക്കപ്പെട്ടതെന്ന് വല്ലവരും വിലയിരുത്തുകയാണെങ്കിൽ അതു വസ്തുതകളെ ലാഘവബുദ്ധിയോടെ സമീപിക്കുന്നതിന് തുല്യമായിരിക്കും. അതുപോലെതന്നെയാണ് അതിനെ കുടിയാൻമാരുടെ ഒരു പ്രസ്ഥാനമായി വിലയിരുത്തുന്നതും. ജനാധിപത്യ വ്യവസ്ഥയിലും ദേശീയതയിലും അടിയുറച്ച ഒരു സോഷ്യലിസ്ററു രാഷ്ട്രം കെട്ടിപ്പടുക്കലായിരുന്നു കർഷകപ്രസ്ഥാനത്തിൻെറ ആത്യന്തികലക്ഷ്യം.

**അടിക്കുറിപ്പുകൾ:**

1. മാതൃഭൂമി, നവംബർ 7, 1933
2. കെ. ഏ. കേരളീയൻ, ''മലബാറിലെ കർഷകപ്രസ്ഥാനം'', പ്രഭാതം, മെയ് 1939
3. മാതൃഭൂമി, ജൂൺ 11, 1934
4. ഏ. വി. കുഞ്ഞമ്പുവുമായുള്ള ലേഖകൻെറ ഇൻറർവ്യൂ, ആഗസ്ററ് 25, 1977
5. ഏ. കെ. പൊതുവാറം, 'കേരളത്തിലെ കർഷകപ്രസ്ഥാനത്തിൻെറ ചരിത്രം' (തൃശ്ശൂർ, 1962), പു. 38 – 9. ബാലറാം, ''കേരളത്തിലെ കമ്മ്യൂണിസ്ററു പ്രസ്ഥാനം'' (കൊല്ലം, 1973), പു. 79
6. ഇ. എം. എസ്. നമ്പൂതിരിപ്പാട്, ''കർഷകരും പദ്ധതിയും'' ആറം ഇന്ത്യാ കിസാൻസഭയുടെ സുവർണ്ണ ജൂബിലി സുവനീർ (തൃശ്ശൂർ, 1961), പു. 53

7. പ്രഭാതം, മേയ് 8, 1939

8. കിങ്ങ് എമ്പറർ വേഴ്സസ് ചേണിച്ചേരി കുഞ്ഞമ്പു നമ്പ്യാർ ആൻഡ് അദേഴ്സ്, സെഷൻസ് കോർട്ട്, നോർത്തു മലബർ, നമ്പർ 2/1939, മാർച്ച് 25, 1939.

9. ടി. എസ്. തിരുമുമ്പ് ഈ ലേഖകനയച്ചുതന്ന കുറിപ്പുകൾ, ജൂലായ് 15, 1978

10. ഇ. എം. എസ്. നമ്പൂതിരിപ്പാട്, 'കേരളം, യെസ്റ്ററർ ഡേ ടുഡേ ആൻഡ് ടുമോറോ (കൽകത്ത, 1968 പതിപ്പ്), പു. 170

11. കെ. കെ. എൻ. കുറുപ്പ്, ദി കയ്യൂർ റയട്ട് (കാലിക്കററ്, 1978)

12. കെ. ദാമോദരൻ, 'മെമ്മയർ ഓഫ് ആൻ ഇന്ത്യൻ കമ്മ്യൂണിസ്ററു', ന്യൂ ലഫ്ട് റിവ്യു, നമ്പർ 93, സെപ്തംബർ-ഒക്ടോബർ 1975, നമ്പൂതിരിപ്പാട്, അടിക്കുറിപ്പ്, 10, പു. 174

13. എൻ. സി. ശേഖറുമായി ലേഖകൻെറ ഇൻററർവ്യൂ, ജൂൺ 13, 1980

14. കെ. ഗോപാലൻകുട്ടി, ''ദി റൈസ് ആൻഡ് ഗ്രോത്ത് ഓഫ് ദി കമ്മ്യൂണിസ്ററു പാർട്ടി ഇൻ മലബാർ, 1934–47'', പ്രസിദ്ധീകരിക്കാത്ത എം. ഫിൽ പ്രബന്ധം, ചരിത്രവിഭാഗം, ജവഹർലാൽ നെഹ്റു യൂണിവേഴ്സിററി.

15. സി. ജെ. ഫുള്ളർ, ദി നായേഴ്സ് ടുഡേ (കേംബ്രിഡ്ജ്, 1976), പു. 18

16. മദ്രാസ് ഗവൺമെൻറിൻെറ ജൂലായ് 1942, ആദ്യ പകുതിയിലെ ഫോർട്ട് നൈററ്ലി റിപ്പോർട്ട്.

# 9

## കാസർക്കോട് താലൂക്കിലെ കർഷക പ്രസ്ഥാനം: 1936–42

ഇന്നത്തെ കേരളത്തിൻെറ വടക്കേ അററത്തു കർഷകപ്രസ്ഥാനം വ്യാപിച്ചിരുന്നത് എല്ലാ വിധത്തിലും സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗമായിട്ടായിരുന്നു. ആദ്യം അതു കോൺഗ്രസ്സ് പ്രസ്ഥാനത്തിൻെറ ഒരു ഭാഗമായിരുന്നു. ക്രമേണ ഈ രാഷ്ട്രീയപ്രവർത്തകന്മാർ കമ്മ്യൂണിസ്ററുകാരായി മാറി 1. ആയതിനാൽ ഈ ഭാഗത്തെ കർഷകപ്രസ്ഥാനത്തെപ്പററിയുള്ള പഠനം ഇവിടുത്തെ കമ്മ്യൂണിസത്തിൻെറ ആദ്യകാലത്തെപ്പററിയുള്ള പഠനവുമാണ്.

ചരിത്രപരമായ യാദൃച്ഛികകാരണങ്ങളാൽ കാസർക്കോട് താലൂക്ക് തെക്കൻ കർണ്ണാടക ജില്ലയിലാണുൾപ്പെട്ടിരുന്നതെങ്കിലും ജനങ്ങളിൽ ഭൂരിപക്ഷവും മലയാളമാണ് സംസാരിച്ചിരുന്നത്. പാരമ്പര്യമായി കാസർക്കോട് കേരളത്തിൻെറ ഭാഗമായിരുന്നു. ഹൈദരാലിയുടെ നേതൃത്വത്തിലുള്ള മൈസൂർ ആക്രമണത്തിന്നു മുമ്പ് ചിറക്കലെ കോലത്തിരിമാരുടെ അധികാരത്തിലായിരുന്നു ഈ ഭാഗം. ആയതിനാൽ ഭൂപരമായ അവകാശങ്ങളിൽ പലതും മലബാറിലുപയോഗിക്കുന്ന പൊതുപദങ്ങളെക്കൊണ്ടും അല്ലെങ്കിൽ കർണ്ണാടകത്തിലുള്ള പദങ്ങളെക്കൊണ്ടും സൂചിപ്പിച്ചിരുന്നവ ഫലത്തിലൊന്നായിരുന്നു2. ഈ താലൂക്കിലെ കൃഷിക്കാരുടെ സങ്കടങ്ങളും മലബാറിലെ കർഷകവർഗമനുഭവിക്കുന്നവ തന്നെയായിരുന്നു. ഈ പ്രദേശത്തെ വമ്പിച്ച തോതിലുള്ള കുരുമുളക് കൃഷിയും 'കുമിരി' ഭൂമിയിലെ പുനംകൃഷിയും മലബാറിലെ മററു താലൂക്കുകളുടേതിന്നു തുല്യമായിരുന്നു.

## കോൺഗ്രസ്-സോഷ്യലിസ്ററുകൾ

കേരളത്തിലെ ദേശീയപ്രസ്ഥാനം ഏതാണ്ട് 1928-ൽ തന്നെ ഒരു കർഷകപ്രസ്ഥാനത്തിൻെറ വ്യക്തമായ സ്വഭാവം നേടിക്കഴിഞ്ഞിരുന്നു. ആദ്യത്തെ കിസാൻസമ്മേളനം 1928-ൽ എറണാകുളത്തുവെച്ച് ചേർന്നു[3]. അത് നവീനവും കൂടുതൽ ഫലപ്രദവുമായ കുടിയായ്മനിയമം പാസ്സാക്കുവാനുള്ള പ്രമേയം പാസ്സാക്കി. പ്രത്യേകിച്ച് രണ്ടു കൊല്ലത്തിന്നിടയിൽ സംഘടിതമായ തൊഴിലാളിപ്രസ്ഥാനവും കേരളത്തിലാരംഭിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ തീവ്രവാദികൾ 1934 മെയ്മാസത്തിൽ പാററ്നയിൽ സമ്മേളിച്ചപ്പോൾ അവർ കോൺഗ്രസ്-സോഷ്യലിസ്റ്റുപാർട്ടി രൂപീകരിക്കുകയും അതിൻെറ ഒരു ശാഖ കേരളത്തിൽ സ്ഥാപിക്കുകയും ചെയ്തു. അവർ ഉൽസാഹപൂർവ്വം കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിക്കുന്നതിൽ പങ്കെടുത്തു. കേരളപ്രദേശ് കോൺഗ്രസ്സിലെ ഇടതുപക്ഷക്കാരായ തീവ്രവിഭാഗം ആദ്യത്തെ അഖില കേരള ട്രെയ്ഡ്യൂണിയൻ സമ്മേളനം 1935 മെയ്മാസത്തിൽ കോഴിക്കോടുവെച്ച് നടത്തി. അങ്ങിനെ കേരളത്തിലെ സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗമായിട്ടാണ് അദ്ധ്വാനിക്കുന്ന വർഗവും കർഷകരും ഇവിടെ ഉണർന്നെഴുന്നേററത്.

ഇത്തരത്തിലുള്ള ഉണർന്നെഴുന്നേൽക്കൽ മദ്രാസ് സംസ്ഥാനത്തിൻെറ മററു ഭാഗങ്ങളിലുമുണ്ടായിരുന്നു. ഉദാഹരണത്തിന്നു 1932-ൽ ഉദയാർപാളയം ജമീൻദാരുടെ കുടിയാൻമാർ ഭരണാധികാരികളുടെ മുമ്പാകെ പാട്ടം നിജപ്പെടുത്തുവാനും, ഭൂമി സർവ്വെ ചെയ്യുവാനും, ചെറുകൃഷിയുടെ മീതെയുള്ള നികുതികളും നിയമവിരുദ്ധമായ പിരിവുകളും എടുത്തുകളയുവാനും, കുളങ്ങളും നീർച്ചാലുകളും നന്നാക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം സമർപ്പിച്ചു[4]. അങ്ങിനെ ഉണർന്നെഴുന്നേററ കൃഷിക്കാർ തങ്ങളുടെ സങ്കടങ്ങളെപ്പററി ബോധവാന്മാരാവുകയും തങ്ങളുടെ ഭീരുത്വമുപേക്ഷിച്ചുകൊണ്ട് സ്വയം സംഘടിക്കുകയും ചെയ്തു. രാജ്യത്തിലെ രാഷ്ട്രീയസ്ഥിതികളെപ്പററി അവരെ സമയോചിതമായി

പഠിപ്പിക്കുകയും ചെയ്തിരുന്നു. 1935–ലെ ഇന്ത്യാ നിയമം പാസ്സാക്കിയപ്പോൾ കിസാൻനേതാക്കൻമാരായ പ്രൊഫസ്സർ എൻ. ജി. രങ്ക തുടങ്ങിയവർ സാമാന്യജനങ്ങളുടെ മുമ്പാകെ ഈ പ്രശ്നം അവതരിപ്പിച്ചിരുന്നു. "ആരാണ് അധികാരത്തിൽ വരിക? (ഈ പുതിയ ഭരണഘടനയ്ക്കു കീഴിൽ) ജമീന്ദാർമാരും ഹുണ്ടികക്കാരും വെളുത്ത വാണിജ്യപ്രമുഖന്മാരും! അവരധികാരത്തിലെത്തുമ്പോൾ മുസ്സോളിനിയേക്കാളും ഹിററ്ലറേക്കാളും ഏകാധിപതികളായിരിക്കും" എന്നാണ് എൻ. ജി. രങ്ക പറഞ്ഞത്[5].

## കർഷകപ്രസ്ഥാനവും കോൺഗ്രസ് കമ്മ്യൂണിസ്ററുകളും

കോൺഗ്രസ് സോഷ്യലിസ്ററു പാർട്ടിയിലെ ഏററവും തീവ്രവാദികളായ വിഭാഗം പിന്നീട് കോൺഗ്രസ്കമ്മ്യൂണിസ്റ്റുകളായി മാറി. അവർ മാതൃസംഘടനയുടെ ഉള്ളിൽനിന്നു കൊണ്ട് കർഷകസംഘവും അതുപോലുള്ള മററു സംഘങ്ങളും രൂപീകരിച്ചു[6]. സമകാലിക സമൂഹത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ഒരു ശക്തിയുള്ള ചുററികയായി അവർ സാഹിത്യത്തെ സ്വീകരിച്ചു. ഈ കാലത്ത് എഴുതിയിരുന്ന മലയാളത്തിലെ ഒരു പ്രശസ്തമായ നാടകം കെ. ദാമോദരന്റെ "പാട്ടബാക്കി"യാണ്. അത് ഗ്രാമങ്ങളിൽ നിലവിലുള്ള പലിശസമ്പ്രദായത്തേയും മററു തിന്മകളെയും ഹൃദയസ്പർശിയായ രീതിയിൽ ചിത്രീകരിച്ചു. മലബാറിലെ പല താലൂക്കുകളിലും കോൺഗ്രസ്കമ്മ്യൂണിസ്ററുകളുടെ നേതൃത്വത്തിൽ കർഷകസംഘങ്ങൾ രൂപംകൊള്ളുകയും ജന്മിമാർ വസൂലാക്കിയിരുന്ന വർദ്ധിച്ച പാട്ടംപിരിവുകൾക്കെതിരായി തീവ്രമായ തോതിൽ സമരങ്ങളാരംഭിക്കുകയും ചെയ്തു. കർഷകപ്രസ്ഥാനം മലബാറിലെ എല്ലായിടത്തും കർഷകസംഘങ്ങൾ രൂപീകരിച്ചു[7]. അവരുടെ പ്രധാനമായ ആവശ്യങ്ങൾ പാട്ടം കുറക്കലും ജന്മിത്വമവസാനിപ്പിക്കലും കൃഷിഭൂമി കർഷകന് കൊടുക്കലുമായിരുന്നു. കർഷകപ്രസ്ഥാനത്തിന്റെ പ്രത്യേകതകളിലൊന്ന് ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളും

വമ്പിച്ച സഹാനുഭൂതിയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നു വെന്നതാണ്.

മലബാറിലും മററു ഭാഗങ്ങളിലുമുള്ള ബഹുജനങ്ങളുടെ കർഷകപ്രസ്ഥാനത്തിന്നു കാസർക്കോട് താലൂക്കിലെ കർഷക പ്രസ്ഥാനത്തിൻെറ മീതെ ഒരു വലിയ സ്വാധീനമുണ്ടായി രുന്നു. 1938–ൽ അവരും അതുപോലെയുള്ള കർഷകസംഘ ങ്ങൾ രൂപീകരിച്ചു[8]. വില്ലേജ് കർഷകസംഘങ്ങൾക്ക് അവ രുടേതായ ഓഫീസും ഓഫീസ് ഭാരവാഹികളുമുണ്ടായി. വരി സംഖ്യ ഒരു വർഷത്തേക്കു രണ്ടണയായിരുന്നു[9]. എല്ലാ യൂണി ററുകളേയും ബാധിക്കുന്ന പൊതുചിലവുകൾ നിർവഹിക്കു ന്നതിനായി സംഘത്തിന് 'കർഷകസംഘ ധനശേഖര ഫണ്ട്' ഉണ്ടാക്കി. കാർഷികോല്പന്നങ്ങളായ നെല്ല്, തേങ്ങ, പച്ചക്കറി കൾ മുതലായ പലതും സംഭാവനയായി ഫണ്ടിലേക്ക് സ്വീക രിച്ചു[10]. കർഷക പഠനക്ലാസുകൾ എന്നറിയപ്പെടുന്ന വയോ ജനക്ലാസുകൾ സംഘം ആരംഭിക്കുകയും രാഷ്ട്രീയസ്ഥിതി കളെപ്പററിയും കൃഷിക്കാരുടെ സ്ഥിതികളെപ്പററിയും ഈ ക്ലാസുകളിൽ പഠിപ്പിച്ചുവരികയും ചെയ്തു. അത് വായന ശാലകളും മഹിളാസഭകളെന്നറിയപ്പെടുന്ന സ്ത്രീസമാജങ്ങളും ആരംഭിച്ചു. സംഘത്തിൻെറ മറെറാരു വിഭാഗം ബാലസമാജമാ യിരുന്നു. സംഘത്തിൻെറ സാമൂഹ്യപരമായ ഇത്തരം പ്രവർ ത്തനങ്ങൾ സമൂഹത്തിലെ താഴ്ന്ന കിടയിലുള്ള ജനങ്ങൾക്കിട യിൽ രാഷ്ട്രീയബോധം ഉളവാക്കി. സംഘത്തിൻെറ മറെറാരു പ്രവർത്തനം ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ നിർമ്മാണാ ത്മക പരിപാടികളെ പ്രചരിപ്പിക്കുകയും കോൺഗ്രസ്കക്ഷി യിൽ ആളെച്ചേർക്കുകയുമായിരുന്നു. രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ സംഘം യുദ്ധവിരുദ്ധ പ്രക്ഷോഭ ങ്ങൾ കൃഷിക്കാർക്കിടയിൽ പ്രചരിപ്പിച്ചു[11]. കർഷകസംഘ ത്തിൻെറ ചിഹ്നം ചുകപ്പുകൊടിയിലെ അരിവാളും മുട്ടി യുമാണ്. 1939 മുതൽ 42 വരെയുള്ള സംഘത്തിൻെറ മുദ്രാ വാക്യങ്ങൾ, 'ജന്മിത്വം നശിക്കട്ടെ', 'ബ്രിട്ടീഷ് ഗവൺ മെൻറ് നശിക്കട്ടെ', 'യുദ്ധസംരംഭങ്ങളെ സഹായിക്കരുത്',

'സൈന്യത്തിൽ ചേരരുത്,' 'ഇങ്കിലാബ് സിന്ദാബാദ്' എന്നിവയായിരുന്നു. കാസർക്കോട് താലൂക്കിൽ മാത്രം സംഘത്തിനു നാല്പത് യൂണിററുകളുണ്ടായി.

## പുതിയനിയമനിർമ്മാണം

കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനായും ജൻമിത്വത്തിന്നെതിരായും സംഘം സജീവമായി നടപടികളെടുത്തു. മലബാറിലേയും കാസർക്കോട്ടെയും കർഷകപ്രസ്ഥാനങ്ങളുടെ സജീവമായ സമ്മർദ്ദത്തിൽ 1938 ഒക്ടോബറിൽ മദ്രാസ് ഗവൺമെൻറ് 1929—ലെ മലബാർ കുടിയായ്മ നിയമം (1930-ലെ XIV—ാം മദ്രാസ് നിയമം) ഭേദഗതി ചെയ്യുവാനുള്ള ഒരു ബില്ല് മദ്രാസ് നിയമനിർമ്മാണസഭയിൽ കൊണ്ടുവരുന്നതിന്നു നോട്ടീസ് നൽകി. എന്നാൽ കൂടുതൽ ഭേദഗതിചെയ്ത ഒരു നിയമം കൊണ്ടുവരേണ്ടതിന്നുള്ള തുടർച്ചയായ ആവശ്യപ്പെടൽ കാരണം ഒരു സമ്പൂർണ്ണമായ നിയമമുണ്ടാക്കുവാനായി ഗവൺമെൻറ് പിന്നീട് മലബാർ കുടിയായ്മ കമ്മിററിയെ നിശ്ചയിച്ചു[12]. ഈ കമ്മിററിയുടെ നിശ്ചയത്തിന്നുംമുമ്പ് തന്നെ കാസർക്കോട് താലൂക്കിലെ കർഷകസംഘം 1938 ഡിസംബർ 8—ന് തൃക്കരിപ്പൂരിലെ ഒളവറയിൽനിന്ന് മംഗലാപുരംവരെ പദയാത്ര നടത്തി തെക്കൻ കർണ്ണാടകജില്ലാ കളക്ടർക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. കർഷകസംഘത്തിൻെറ നാല്പ്പത് യൂണിററുകളിൽനിന്നുമുള്ള പ്രതിനിധികൾ അടങ്ങിയ ഈ പ്രതിനിധിസംഘം താഴക്കാട്ടുമന സുബ്രഹ്മണ്യൻ തിരുമുമ്പിൻെറ നേതൃത്വത്തിൽ പുറപ്പെടുകയും അവരുടെ യാത്രയിൽ ജില്ലയുടെ വിവധ ഭാഗങ്ങളിലുള്ള കർഷകർ സ്വീകരണങ്ങളേർപ്പെടുത്തുകയും ചെയ്തു. ഇവർ കാസർക്കോടു താലൂക്കിലുള്ള കർഷകരുടെ സങ്കടങ്ങൾ, മിക്കതും മലബാറിൽ കണ്ടുവരുന്നത് തന്നെ, എണ്ണിപ്പറയുകയും ചെയ്തു. മലബാർ കർഷകസംഘവും അതേവിധത്തിലുള്ള ഒരു മെമ്മോറാണ്ടം മലബാർ ജില്ലാകളക്ടർക്കും സമർപ്പിച്ചു[13]. കേരളത്തിലെ കർഷകപ്രസ്ഥാനത്തെ സംബന്ധിച്ചു ഈ രണ്ടു രേഖകളും വളരെ വിലപിടിച്ചതാണ്.

**മെമ്മോറാണ്ടം**

കാസർക്കോട് താലൂക്കിലെ കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ എടുത്തുപറഞ്ഞ കർഷകരുടെ സങ്കടങ്ങൾ ഇവയാണ [14].

1. കുടിയാൻെറ സ്ഥിരാവകാശം സാധൂകരിക്കുന്ന നിയമമില്ലാത്തതിനാൽ കുടിയാൻമാരെ ഏതു സമയത്തും ഒഴിപ്പിച്ചുവരുന്നു.
2. ഒരു സ്ഥലത്തിൻെറ മീതെയുള്ള തങ്ങളുടെ അവകാശം കാണിക്കുന്ന യാതൊരു രേഖയും അവർക്കു കൊടുത്തിരുന്നില്ല.
3. ജന്മിക്കു വാരം കൊടുത്താൽ അതിന്നു രശീത് കൊടുക്കപ്പെട്ടിരുന്നില്ല.
4. നിയമവിധേയമല്ലാത്ത പിരിവുകളായ വാശി, നുരി, മുക്കാൽ, ശീലക്കാശ്, പൊലി, വെച്ചുകാണൽ മുതലായവ ജന്മിമാർ പിരിച്ചെടുത്തു [15].
5. കുരുമുളക് കൃഷിയെ സംബന്ധിച്ചു ഓരോ നാലു കൊല്ലത്തിനു ശേഷവും അഞ്ചാം കൊല്ലത്തിൽ ജന്മി മുഴുവൻ പത്തിന്നു രണ്ടെടുക്കുന്നതാണ് പതിവ്.
6. മറെറാരു സങ്കടം ''പൊളിച്ചെഴുത്ത്'' എന്നതാണ്. വെറുമ്പാട്ടത്തിൽ അഥവാ ചാലഗണി അവകാശപ്രകാരം ഒരു കുടിയാൻെറ കൃഷിഭൂമി നിശ്ചിത അവധിക്കുശേഷം പൊളിച്ചെഴുത്തിന്ന് അഥവാ പാട്ടം പുതുക്കുന്നതിന് വിധേയമാണ്. കാസർക്കോട് താലൂക്കിലെ പല ചാർത്തുകളിലും നാലു കൊല്ലത്തിന്നുശേഷം ഇത്തരം പുതുക്കൽ നടന്നിട്ടുണ്ട്. ഇങ്ങിനെ പുതുക്കുമ്പോൾ ജന്മിക്കു കൂടുതൽ ശീലക്കാശ് അഥവാ മാനുഷം കൊടുക്കുന്ന കുടിയാന്നു ഭൂമി കൊടുക്കാവുന്നതാണ്.
7. കൃത്യമായ തോതിൽ പാട്ടം നിശ്ചയിക്കുന്ന സമ്പ്രദായവും നിലവിലില്ല. അത് ഓരോ ജൻമിയെ സംബന്ധിച്ചും ഓരോ കുടിയാനെ സംബന്ധിച്ചും വ്യത്യസ്തമാണ്. ആയതിനാൽ ഓരോ ഇനത്തിലും മര്യാദപാട്ടം നിശ്ചയിക്കേണ്ടത് ഒരാവശ്യമാണ്.

8 സാധാരണ ജൻമിമാർ കുടിയാനിൽ നിന്നും മുൻകൂറായി ഒരു സംഖ്യ മാനുഷമായും കൊഴുക്കാണമായും ആവശ്യപ്പെട്ടു. ആയതിനാൽ ഇതിന്നു പണമില്ലാത്തവർക്ക് ഭൂമി കൃഷിക്കു കിട്ടുവ്യൻ സന്ദർഭമുണ്ടായില്ല.

9. നാട്ടുമര്യാദപ്രകാരമുള്ള 'ഉത്സവക്കാഴ്ചകൾ' മറെറാരു നിയമവിധേയമല്ലാത്ത പിരിവാണ്. ഇത് ഒരു തരത്തിലുള്ള അടിയായ്മയുടെ പിരിവ് ആയിരുന്നു. ജന്മിയുടെ വീട്ടിൽ ഉത്സവമോ, ആഘോഷങ്ങളോ മററോ നടക്കുമ്പോൾ ചില സമ്മാനങ്ങൾ ജന്മിക്ക് കൊടുക്കുവാൻ കുടിയാൻ ബാദ്ധ്യസ്ഥനാവുന്നു.

10. ഈ ജൻമിമാർ വർഗീയത ശക്തിപ്പെടുത്തുകയും ഒരു ജാതിക്കെതിരായി മറെറാരു ജാതിയെക്കൊണ്ട് കളിപ്പിക്കുകയും ചെയ്യുന്നു.

ഈ തരത്തിലുള്ള സങ്കടങ്ങൾ പരിഗണിച്ചുകൊണ്ട് മെമ്മോറാണ്ടക്കാർ തങ്ങൾ കൃഷിചെയ്യുന്ന ഭൂമിയിൽ കുടിയാനു സ്ഥിരാവകാശം കൊടുക്കുന്ന കുടിയായ്മനിയമവും കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. കൂടാതെ മലബാർ കുടിയായ്മനിയമം തെക്കൻ കർണ്ണാടക ജില്ലയിലേക്കു കൂടി ബാധകമാക്കണമെന്നും അവരാവശ്യപ്പെട്ടു. റവന്യൂ ഉദ്യോഗസ്ഥൻമാർ നികുതിബാക്കി ഈടാക്കുന്നതിനായി ഭൂമിയിലെ വിളവുകൾ ജപ്തിചെയ്യുന്നത് ഒരു സാധാരണ പതിവായിരുന്നു 16. ആയതിനാൽ അത്തരം വിളജപ്തികൾ റദ്ദാക്കണമെന്ന് മെമ്മോറാണ്ടക്കാർ ആവശ്യപ്പെട്ടു. കാസർകോട്ടെ ഭൂരിഭാഗം ജനങ്ങളും മലയാളികളായിരുന്നതിനാൽ ഭാഷാപരമായ അടിസ്ഥാനത്തിൽ കാസർക്കോടിനെ മലബാറിനോടു ചേർക്കേണ്ടതാണെന്നും പാട്ടബാക്കികൾ റദ്ദാക്കണമെന്നും അവരുന്നയിച്ചു. തങ്ങളുടെ കാർഷികകടങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള ഇളവുകൾക്കും അവരാവശ്യപ്പെട്ടു. കൂടാതെ കർഷകൻമാർക്കിടയിൽ ഐക്യവും ഉത്ഗ്രഥനവും കൂടി അവരാഗ്രഹിച്ചു. മെമ്മോറാണ്ടത്തിൽ ഇങ്ങനെരേഖപ്പെടുത്തി: ''പരസ്പരം സ്നേഹമോസഹിഷ്ണുതയോ ഇല്ലാതെ തങ്ങളിൽ കലഹിക്കുകയും വിഭജിക്കപ്പെടുകയും

ചെയ്തിരിക്കുന്ന ഞങ്ങൾ ഇപ്പോൾ കൂട്ടായി യോജിക്കുവാനും ഗവൺമെൻറിൻെറ ശ്രദ്ധയിലേക്കു ഞങ്ങളുടെ ദയനീയമായ സ്ഥിതി കൊണ്ടുവരുവാനും അതിൻെറ പരിഹാരം നേടുവാനും ഇപ്പോൾ ആരംഭിച്ചിരിക്കുന്നു'' 17.

## വർഗസമരം

ഐക്യത്തിൻെറ പ്രതീകമെന്ന നിലയിൽ മലബാറിലെ കർഷകസംഘത്തിൻെറ എല്ലാ യൂണിററുകളും കാസർക്കോട് താലൂക്കിലേക്കുംകൂടി കുടിയായ്മനിയമം വേണമെന്നു ആവശ്യപ്പെട്ടു 18. മറുഭാഗത്ത് മലബാറിലേയും കാസർക്കോട്ടേയും ജന്മിസഭ, ബില്ല് കാസർക്കോട്ടേക്കും ഗൂഡലൂരിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്നെതിരായിരുന്നു. ജന്മിസഭയുടെ ഇതേ അഭിപ്രായമാണ് കാസർക്കോട്ടേയും മലബാറിലേയും മററു ജന്മിമാരും പിന്താങ്ങിയത് 19. അങ്ങനെ കർഷകർ ഒരേ ആവശ്യത്തിന്നുവേണ്ടി ഒററക്കെട്ടായി നിൽക്കുകയും കർഷകസംഘം അതിൻെറ പ്രതീകമായിത്തീരുകയും ചെയ്തു. കർഷകപ്രസ്ഥാനം ചില ഭാഗങ്ങളിൽ എത്രയും തീവ്രവാദപരമായിരുന്നു. കമ്മിററി റിപ്പോർട്ട് ചെയ്യുകയാണ്: ''ഈ ഭാഗത്ത് ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ബന്ധങ്ങൾ അത്രയധികം മോശമായിക്കഴിഞ്ഞിരിക്കുന്നു. അതു കഴിയുന്നത്ര വേഗം അതിൻെറ ശരിയായ നിലയിൽ കൊണ്ടുവരേണ്ടതാണ്''. ഈ സ്ഥിതി പരിഗണിച്ചുകൊണ്ടു കമ്മിററി അതിൻെറ അവസാനത്തെ യോഗത്തിൽ 1940 ഫെബ്രുവരിയിൽ 'നിയമത്തെ ഉടനടി ചന്ദ്രഗിരിപ്പുഴയ്ക്കു തെക്കു കിടക്കുന്ന കാസർക്കോട് താലൂക്കിലേക്കും പുഴയുടെ വടക്കുള്ള ബേഡഡ്ക്ക, ബന്ദടുക്ക എന്നീ ഗ്രാമങ്ങളിലേക്കുംകൂടി വ്യാപിപ്പിക്കണമെന്ന്'' അഭിപ്രായപ്പെട്ടു 20.

കാസർക്കോട് താലൂക്കിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സംഘടിതപ്രയത്നത്തിൻെറ ആദ്യത്തെ ഫലം അവർ നേടിയെടുത്തു. നിയമത്തിൻെറ കാസർക്കോട്ടേക്കുള്ള വ്യാപ്തിയെ എല്ലാ വിധത്തിലും എതിർത്തിരുന്ന

ജൻമിത്വത്തിൻെറ സ്ഥാപിതതാൽപര്യങ്ങൾക്കു ഈ ശുപാർശ കനത്ത ഒരടിയായിരുന്നു. 1940–നുശേഷം കർഷകസംഘം അതാതിടത്തെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടേയും ജൻമിമാരുടേയും മർദനാത്മകമായ പ്രവർത്തനങ്ങളെ ബലപൂർവം ചെറുത്തുനില്ക്കുന്ന പരിപാടികൾ സ്വീകരിച്ചു. പല ഗ്രാമങ്ങളിലും ഖജനാവിലേക്കുള്ള കുടിശ്ശികയ്ക്കും ജൻമിമാരുടെ പാട്ടബാക്കിക്കും വിളവുകൾ ജപ്തിചെയ്തപ്പോൾ കർഷകസംഘത്തിൻെറ ആഭിമുഖ്യത്തിൽ അത്തരം ജപ്തിവിളവുകൾ കർഷകർ കൊയ്തെടുത്തു. നിയമനടപടികൾക്കനുസൃതമായി ഒരു കർഷകൻെറ ഭൂമിയൊഴിപ്പിച്ചെടുക്കുമ്പോൾ മററു കാർഷികതൊഴിലാളികൾ സഹകരിക്കാതിരുന്നതിനാൽ ജൻമിമാർക്കു ആ ഭൂമി കൃഷിചെയ്യുന്നതിൽ വലിയ വിഷമങ്ങളനുഭവപ്പെട്ടു. ഒരു പോലീസുകാരൻെറ മരണത്തിലവസാനിച്ച കയ്യൂർപ്രക്ഷോഭം കർഷകപ്രസ്ഥാനത്തിൻെറ ഐക്യം വർധിപ്പിച്ച മറെറാരു ഘടകമായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ ഐക്യകക്ഷികളുടെ കൂട്ടത്തിൽ ഇന്ത്യയെ ചേർത്തപ്പോൾ കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനം കോൺഗ്രസ്സിലെ ഇടതുപക്ഷക്കാരുടെ നേതൃത്വത്തിൽ പുതിയൊരു വഴി സ്വീകരിച്ചു. 1940 സെപ്ററംബർ 15–നു ബ്രിട്ടീഷ്ഭരണത്തിൻെറ മർദനത്തിനെതിരായി കരിദിനം ആചരിക്കുവാൻ അവർ തീർച്ചപ്പെടുത്തി. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുന്നതിൽ തൊഴിലാളികളും കർഷകരും പരസ്പരം യോജിക്കുകയും അവരുടെ തലശ്ശേരിയിലെ ഒരു സമ്മേളനത്തിൽ പോലീസ് നടത്തിയ വെടിവെപ്പിൽ രണ്ടു പേർ മരിക്കുകയും ചെയ്തു 21. വടക്കേ മലബാറിലെ മൊറാഴ എന്ന സ്ഥലത്തുവെച്ചുള്ള മറെറാരു പ്രതിഷേധയോഗത്തിൽ (മിക്കവരും കർഷകരായിരുന്നു) പോലീസുകാരും നാട്ടുകാരും തമ്മിലുണ്ടായ ഏററുമുട്ടലിൽ ഒരു പോലീസ് സബ്ബ്ഇൻസ്പെക്ടറും ഒരു ഹെഡ്കോൺസ്റ്റബിളും മൃതിയടഞ്ഞു.

## കയ്യൂർപ്രക്ഷോഭണം

മലബാറിലെ ഈ സംഭവവികാസങ്ങൾ കാസർക്കോട്താലൂക്കിലെ രാഷ്ട്രീയപ്രവർത്തകന്മാരിലും കർഷകസംഘത്തിലും പ്രതികരണങ്ങളുളവാക്കി. സംഘം അതിൻെറ യുദ്ധവിരുദ്ധപ്രചരണത്താൽ ഗ്രാമങ്ങളെ ഇളക്കിവിടുകയും കോൺഗ്രസ്വളണ്ടിയർസേന രൂപീകരിക്കുകയും ചെയ്തു. നീലേശ്വരം ഫർക്കയിലെ ഒരു ഗ്രാമമായ കിനാനൂരിൽ ഒരു കർഷകൻെറ വിള കോടതിനടപടിപ്രകാരം ഒരു ജന്മിക്കുവേണ്ടി ജപ്തി ചെയ്തിരുന്നു. വിഷമത്തിലായ ഈ കർഷകൻെറ വിള കർഷകസംഘത്തിൻെറ നേതൃത്വത്തിൽ കൊയ്തെടുത്തു. ഈ സംഭവത്തിൽ അടുത്ത ഗ്രാമമായ കയ്യൂരിലെ ചില സംഘപ്രവർത്തകൻമാരും സജീവമായി പങ്കെടുത്തിരുന്നു. ഈ അന്തരീക്ഷത്തിൽ കയ്യൂരിൽ ഒരു യുദ്ധവിരുദ്ധജാഥ നയിച്ചിരുന്നു. പോലീസ് 'രാജ്യദ്രോഹി' കളായ ആരംക്കാരെ അന്വേഷിച്ചു അവിടെയെത്തുകയും ചില ഗ്രാമീണരെ കഠിനമായി മർദിക്കുകയും ചെയ്തു. സ്ഥലത്തെ ജന്മിമാർ പിന്തുണനൽകിയ ഈ പോലീസ് മർദനങ്ങൾക്കെതിരായി 1941 മാർച്ച് 28 –നു ഗ്രാമവാസികൾ ഒരു ജാഥ നയിച്ചു. അതിൽ പലരും കയ്യൂർ കർഷകസംഘത്തിലെ അംഗങ്ങളായിരുന്നു. ഒരു വാറണ്ടു നോട്ടീസ് നടത്തുവാൻ ഗ്രാമത്തിലെത്തിയിരുന്ന സുബ്ബരായ എന്ന പോലീസുകാരൻ ജാഥയുടെ വഴിയിലുള്ള ഒരു ചായപ്പീടികയിലിരുന്നിരുന്നു. ഗ്രാമീണർ അയാളോടു കോൺഗ്രസിൻെറയും കർഷകസംഘത്തിൻേറയും കൊടികൾ പിടിക്കുവാൻ ആവശ്യപ്പെട്ടു. അയാൾ അതിന്നു കൂട്ടാക്കാഞ്ഞപ്പോൾ അവർ അയാളെ ഭീഷണിപ്പെടുത്തി. അവസാനം അയാൾ മറുകരയിലേക്കു രക്ഷപ്പെടാമെന്നുള്ള നിലയിൽ അടുത്തുള്ള പുഴയിൽ ചാടി. പ്രക്ഷോഭകാരികളായിത്തീർന്ന ജനങ്ങൾ 'പോലീസുകാരനെ വിട്ടുകൂട' എന്നാർത്തുവിളിച്ചുകൊണ്ട് ആണ്ടുകൊണ്ടിരിക്കുന്ന അയാളുടെ നേർക്ക് കല്ലെറിയുകയും അങ്ങിനെ അയാൾ പുഴയിൽ വെച്ചു തന്നെ മരിക്കുകയും ചെയ്തു. ഈ കേസ്സിൽ ഗവൺമെൻറ് 60 പ്രതികളുടെ പേരിൽ കേസ് ചാർജ് ചെയ്തു 22. അവരിൽ

പലരും കർഷകന്മാരും കമ്മ്യൂണിസ്റ്റ് ആദർശത്തോട് ചായ്‌വുള്ള കർഷകസംഘം അംഗങ്ങളുമായിരുന്നു. ഇത്തരം അക്രമാസക്തമായ പരിപാടികളെത്തുടർന്ന് ഗവൺമെൻറ് കർഷകസംഘത്തിൻെറ എല്ലാ പ്രവർത്തനങ്ങളും അടിച്ചമർത്തി. കമ്മ്യൂണിസ്റ്റ്കാർ ഈ അവസരത്തിൽ അവരുടെ നേതാക്കന്മാരേററടുത്ത പ്രക്ഷോഭകരവും യുദ്ധവിരുദ്ധവുമായ പ്രചരണങ്ങളെത്തുടർന്ന് പോലീസ്നിരോധപ്രകാരം ഒളിവിലായി. അതിൻെറ പല നേതാക്കന്മാരെയും അറസ്റ്റു ചെയ്യുകയും മററു പലരും ഒളിവിൽ പോകുകയും ചെയ്തു 23.

എന്നാൽ നീലേശ്വരം ഫർക്കയിലെ മററു ഗ്രാമങ്ങളിലെ കർഷകർ കയ്യൂർപ്രക്ഷോഭത്തിലെ പ്രതികളെ സഹായിക്കാൻ പ്രതിരോധക്കമ്മിററികൾ രൂപീകരിച്ചു. അത്തരം പ്രവർത്തനങ്ങൾ കർഷകരിൽ സാഹോദര്യം വളർത്തുവാനും അവരെ യോജിപ്പിക്കുവാനും അത്യന്തം ഉപകരിച്ചു. ഈ കേസ്സിൽ വധശിക്ഷയ്ക്കു വിധിച്ച നാലു പ്രതികളെ 1943 മാർച്ച് 29–നു കണ്ണൂർ സെൻട്രൽ ജയിലിൽ വെച്ചു തൂക്കിക്കൊന്നു 24.

## ചേരിമാററം

ഈ രക്തസാക്ഷികൾ തൂക്കുമരത്തിലേറുമ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ രണ്ടാം ലോകമഹായുദ്ധത്തിൽ ഐക്യകക്ഷികളുടെ ഭാഗത്തു റഷ്യ ചേർന്നതിനെത്തുടർന്നു ബ്രിട്ടീഷ്ഗവൺമെൻറിനു പിന്തുണ കൊടുക്കുകയാണുണ്ടായത്. തുടർന്ന് ഗവൺമെൻറ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിരോധം പിൻവലിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം കയ്യൂർരക്തസാക്ഷികളുടെ ചരമം പ്രമാണിച്ച് മാർച്ച് 29 അഖിലേന്ത്യാ കർഷകദിനമായി കമ്മ്യൂണിസ്റ്റു പാർട്ടി ആചരിച്ചുവന്നു. കയ്യൂർപ്രക്ഷോഭത്തിന്നുശേഷം കുറച്ചു വർഷം കർഷകസംഘം അതിൻെറ പ്രക്ഷോഭകരമായ പ്രവർത്തനങ്ങൾ ഉപേക്ഷിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി അതിൻെറ മാറിയ നയംവഴി ബ്രിട്ടീഷ്ഗവൺമെൻറിനു പിന്തുണ കൊടുത്തപ്പോൾ കർഷകസംഘത്തിനും ബ്രിട്ടീഷുഭരണത്തെ പിന്താങ്ങുകയല്ലാതെ മററു വഴിയുണ്ടായിരുന്നില്ല.

പക്ഷെ, മാർക്സിസത്തിന്റെ വർഗസമരമെന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തിയെന്നോണം ജന്മിത്വത്തിന്നെതിരായി സംഘം അതിന്റെ വിദ്വേഷം തുടർന്നുവന്നു.

മേൽക്കൊടുത്ത ഈ അപഗ്രഥനം കാസർക്കോട് താലൂക്കിലെ കർഷകപ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ കേരളാ പ്രദേശ് കോൺഗ്രസ്സ് നേതാക്കന്മാരുടെ ആഭിമുഖ്യത്തിലാണ് ജന്മമെടുത്തതെന്നു വ്യക്തമാക്കുന്നു. രാഷ്ട്രീയ സംഘടനകൾ ഉണ്ടാക്കിക്കൊണ്ടും തങ്ങളുടെ രാഷ്ട്രീയതത്വശാസ്ത്രം കൊണ്ടും കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളും കോൺഗ്രസ്സ് കമ്മ്യൂണിസ്റ്റുകളും കർഷകപ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തി. രാഷ്ട്രീയനേതാക്കന്മാർ ജന്മിത്വവും പ്രഭുത്വവും തകരണമെന്ന് പ്രചരിപ്പിച്ചു. കൃഷിക്കാരുടെ കൂടെ ഭൂമി യില്ലാത്ത കർഷകത്തൊഴിലാളികളും യോജിച്ചുനിന്നു. കർഷക സംഘങ്ങൾ നേതൃത്വം കൊടുത്ത ബഹുജനപ്രസ്ഥാനം ജന്മിത്വത്തിന്റെ നിക്ഷിപ്തതാല്പര്യങ്ങളെ ഒരളവോളം ഭീഷണിപ്പെടുത്തുന്നതിൽ വിജയം കൈവരിച്ചു. തെക്കൻ കർണ്ണാടക ജില്ലാകളക്ടർക്ക കൊടുത്ത മെമ്മോറാണ്ടം കേരളത്തിലെ കർഷക ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുന്നു. 1940–ൽ കർഷകനിയമം കാസർക്കോട് താലൂക്കിലേക്കു വ്യാപിപ്പിക്കുവാൻ ശുപാർശയുണ്ടായത് മലബാറിലേയും കാസർക്കോട്ടേയും കർഷകസംഘങ്ങളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണ്. വർഗീയതയും മററു ശിഥിലീകരണ പ്രവണതകളും മറന്നുകൊണ്ട് മർദിതരായ കൃഷിക്കാർ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ സ്വയം സംഘടിച്ചുകൊണ്ട് മുന്നോട്ടു വന്നു.

**അടിക്കുറിപ്പുകൾ:**

1. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്, ആത്മകഥ (1969), പേജ് 346.
2. ഒരു ഭൂവുടമയെ സാധാരണയായി മലബാറിൽ 'ജന്മി' യെന്നു വിളിക്കുന്നു. 'കാണം' യഥാർത്ഥത്തിൽ ഒരു

'പണയ'വും. 'വെറുമ്പാട്ടം' അല്ലെങ്കിൽ 'ചാലഗണി' മലബാറിലെ 'വെറുമ്പാട്ട'ത്തിൽ നിന്ന് ഭിന്നവുമല്ല.

3. വിക്ടർ, എം. ഫിക്ക്, കേരള: യനാൻ ഓഫ് ഇന്ത്യ (ബോംബെ, 1970), പേജ് 12.

4. മദ്രാസ് ഗവൺമെൻറിൻെറ ജി. ഒ. എം. എസ്. 97 പബ്ളിക്, 16–1-1932 (തമിഴ്നാട് ആർക്കൈവ്സ്).

5. മദ്രാസ് ഗവൺമെൻറിൻെറ ജി. ഒ. എം. എസ്, 353 പബ്ളിക്ക് (ജനറൽ), 28–2–1935 (തമിഴ്നാട് ആർക്കൈവ്സ്).

6. വിക്ടർ, എം. ഫിക്:കേരള, യെനാൻ ഓഫ് ഇന്ത്യ, പേജ് 18.

7. പി. വി. കെ., രക്തസാക്ഷികൾ, കലിക്കററ് (1953).

8. കാസർക്കോട് താലൂക്കിലെ കർഷകസംഘത്തിൻെറ പ്രസിഡൻറായ താഴക്കാട്ടു മനയിലെ സുബ്രഹ്മണ്യൻ തിരുമുമ്പ് ആയിരുന്നു, ഇവിടുത്തെ പല ഗ്രാമങ്ങളിലും സംഘം രൂപീകരിക്കുന്നതിന് നേതൃത്വം കൊടുത്തത്. സമകാലികമായ ഒരു വിധിന്യായത്തിൽ പ്രസ്താവിച്ചു: ''ഒരു പ്രമുഖ ജന്മികുടുംബത്തിലെ അംഗമായ ഒരു താഴക്കാട്ടു മന സുബ്രഹ്മണ്യൻ തിരുമുമ്പ് ആണ് നാലു കൊല്ലങ്ങൾക്കു മുമ്പ് ഈ സംഘങ്ങൾ സ്ഥാപിച്ചതെന്ന് അറിയുന്നു''. എൽ. എസ്. പാർത്ഥസാരഥിഅയ്യർ, ഡിസ്ട്രിക്ററ് ജഡ്ജ്, സെഷ്യൻസ് കോടതി, തെക്കൻ കർണാടക, Sc/44/1941 കേസിലെ വിധിന്യായം, 9-2-1942, പേജ് 15.

9. ജി.ഒ, 1328-29, ഹോം, സ്വകാര്യം, 26-10-1942, പേജ്, 235,

10. അതേ ജി. ഒ., പേജ് 536–538

11. പ്രഭാതം (മലയാളം മാസിക), ''മലബാറിലെ കർഷക പ്രസ്ഥാനം'', 10 ജൂലായി 1939 (കാലിക്കററ്), പേജ് 20.

12. കമ്മിററി, ജി. ഒ. 1666 (റവന്യൂ), 5 ജൂലായി 1939, നമ്പർ കല്പനയിലാണ് നിലവിൽ വന്നത്.

13. എ. കെ. ഗോപാലൻ, എൻെറ ജീവിതകഥ (1972), പേജ് 142.
14. മെമ്മോറാണ്ടം ജി. ഒ. 1328–29, ഹോം 26-10-1942-ൽ കൊടുത്തിട്ടുണ്ട്.
15. ജൻമിമാർ പിരിച്ചെടുത്ത ചില പിരിവുകളാണ് വാശിയും നുരിയും! നെല്ലു വാരമായിക്കൊടുക്കുമ്പോഴാണ് ഇവ പിരിച്ചിരുന്നത്. നുരി എണ്ണുന്നതിനുള്ള ഒരു സമ്പ്രദായമാണ്. ഒരു പ്രത്യേക എണ്ണം അളവെത്തിയാൽ ഒരുപിടി നെല്ല് വാരിവെക്കും. അങ്ങനെ വെച്ച അളവ് അവസാനം ജൻമിക്കാണ്. ചില ആധാരങ്ങളിൽ നുരിയുടെ അളവ് പറഞ്ഞിരിക്കും, ചിലതിൽ വാശിയുടെ അളവും. പത്തിന് ഒന്നും ഒന്നേമുക്കാൽ ഇടങ്ങഴി അളവു വരുന്നതാണ് വാശി. ഇതു നെല്ലിൻെറ കൂടുതൽ ഉണക്കത്തിൽ കുറവു വരാതിരിക്കാനാവണം. മുക്കാലും ശീലക്കാശും ചില പ്രത്യേക പിരിവുകളാണ്. പൊലി പാട്ടബാക്കിയുടെ മീതെയുള്ള പലിശയാണ്. വെച്ചുകാണൽ ഒരു തരത്തിലുള്ള സമ്മാനമാണ്.
16. ഇത് ഒരുദാഹരണം കൊണ്ട് വ്യക്തമാക്കാം. ചെറുവത്തൂർ ഗ്രാമത്തിലെ 5-ാം നമ്പർ പട്ടയത്തിൽ നിന്നുള്ള നികുതി 100ക. യാണ്. ഇതടക്കേണ്ട ജൻമി രാമൻ നമ്പ്യാർ ഇതു വീഴ്ച വരുത്തിയാൽ ഈ പട്ടയത്തിലെ ഏതെങ്കിലും സർവ്വെ നമ്പറിലുള്ള ഭൂമിയിലെ വിളവു മുഴുവൻ ജപ്തിചെയ്തു വിററ് നികുതി 100 ക. ഈടാക്കാം. ആ സർവ്വെ നമ്പറിലെ കുടിയാൻ ജൻമിക്ക് 30ക.യുടെ പാട്ടമാണ് കൊടുക്കേണ്ടിയിരിക്കുക. അപ്പോൾ ജൻമി നികുതി കൊടുക്കാത്തതിന്ന് കുടിയാന്നു 70ക. നഷ്ടം. കൂടാതെ ജപ്തിയുടെ മററു ചെലവുകളും.
17. കർഷകരുടെ 8–12–1938 ലെ തെക്കൻ കർണ്ണാടക ജില്ലാ കളക്ടരുടെ മുമ്പാകെയുള്ള മെമ്മോറാണ്ടം. ജി. ഓ. 1328– 29, ഹോം, 26–10–1942.

18. മലബാർ കുടിയായ്മനിയമത്തെപ്പററിയുള്ള ചോദ്യാവലി ബഹുജനാഭിപ്രായമറിയുവാൻ വിതരണം ചെയ്തപ്പോഠം അതിലെ 12–ാം ചോദ്യം മലബാർ കുടിയായ്മനിയമം കാസർകോടു താല്ലൂക്കിലേക്കും ഗുഡല്ലൂരിലേക്കും വ്യാപിപ്പിക്കണമോ എന്നതായിരുന്നു. മലബാറിലേയും കാസർക്കോട്ടേയും കർഷകസംഘങ്ങഠം വ്യാപിപ്പിക്കണമെന്നു ആവശ്യപ്പെട്ടു (മലബാർ കുടിയായ്മക്കമ്മിററി അച്ചടി റിപ്പോർട്ടുകഠം).
19. മലബാർ കുടിയായ്മ കമ്മിററി അച്ചടിറിപ്പോർട്ടുകഠം.
20. അതേ രേഖകഠം
21. അബുവും ചാത്തുക്കുട്ടിയുമാണ് ഈ രക്തസാക്ഷികഠം.
22. ഇതിൽ വധശിക്ഷയ്ക്കു വിധിച്ച കെ. പി. ആർ. ഗോപാലനെ പിന്നീടു വിട്ടയയ്ക്കുകയാണുണ്ടായത്. ജി. ഓ. 1265 (ഹോം), 24–3–42.
23. ജി. ഓ. 678 (ഹോം), 24-3–1943.
24. മടത്തിൽ അപ്പു (23), പൊടവര കുഞ്ഞമ്പുനായർ (29), കൊയിത്താററിൽ ചിരുകണ്ടൻ (20), പള്ളിക്കാൻ അബ്ബക്കര് (30), എന്നിവരാണ് കോടതിയുടെ കല്പനപ്രകാരം തൂക്കിക്കൊല്ലപ്പെട്ടത്. ഇപ്പോഠം കേരളാഗവൺമ്മെൻറ് ഈ പ്രക്ഷോഭത്തെ സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായംഗീകരിച്ചു കൊണ്ടു കേസ്സിൽപ്പെട്ടു ജയിലിൽ കിടന്നവർക്കു രാഷ്ട്രീയപെൻഷൻ കൊടുത്തുവരുന്നു.

# 10

# മലബാർ കുടിയായ്മ കമ്മിററി റിപ്പോർട്ടും ഭിന്നാഭിപ്രായവും

അഖില മലബാർ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ഇവിടുത്തെ പ്രാദേശിക കർഷകസംഘങ്ങൾ സംഘടിപ്പിച്ച പ്രക്ഷോഭങ്ങൾ സമഗ്രമായ ഒരു കുടിയായ്മ നിയമം നടപ്പിലാക്കേണ്ടതിന്നു വേണ്ടത്ര സമ്മർദം മദ്രാസ് ഗവൺമെൻറിൽ ചെലുത്തിയ പശ്ചാത്തലത്തിലാണ് കുട്ടികൃഷ്ണ മേനോൻ കുടിയായ്മ കമ്മിററി നിയമിക്കപ്പെട്ടത്. നിലവിലുള്ള മലബാർ കുടിയായ്മ നിയമ(1929)ത്തിന്ന് പകരം പുതിയൊരു കുടിയായ്മനിയമം കൊണ്ടുവരുന്നതിന്നാവശ്യമായ ശുപാർശകൾ നടത്തുവാൻ 1939–ൽ ഈ കമ്മിററി നിലവിൽ വന്നു. കമ്മിററി 1940 ഫെബ്രുവരിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ തോട്ടങ്ങളും പുനംനടപ്പും ഒഴിവാക്കിക്കൊണ്ടുള്ള കൃഷിഭൂമിയിൽ നടപ്പ്കർഷകന്ന് സ്ഥിരാവകാശം അനുവദിക്കുവാനും കുടിയിരിപ്പുകൾ സ്ഥിരമായി അംഗീകരിക്കുവാനും മര്യാദപാട്ടം നിശ്ചയിക്കുവാനും പൊളിച്ചെഴുത്തും മററും നടത്തുവാനുള്ള ജന്മിയുടെ അധികാരങ്ങൾ ഇല്ലാതാക്കുവാനും തരിശുഭൂമിയിൽ കൗം സമ്പ്രദായം നടപ്പിലാക്കുവാനും മററുമുള്ള ശുപാർശകളാണ് ഉൾക്കൊള്ളിച്ചത്. ഇതനുസരിച്ചു നടപ്പിൽ വരുത്തുന്ന നിയമം മലബാറിന്നും ഗൂഡല്ലൂർ താലൂക്കിന്നും കാസർഗോഡ് താലൂക്കിലെ ചന്ദ്രഗിരിപ്പുഴയുടെ തെക്കുള്ള ഗ്രാമങ്ങൾക്കും വടക്കുഭാഗത്തുള്ള ബേഡഡുക്ക, ബന്തഡുക്ക ഗ്രാമങ്ങൾക്കും ബാധകമാക്കേണ്ടതാണെന്നും കമ്മിററി ശുപാർശ ചെയ്തു.

ഏതാണ്ട് അറുപത് വർഷങ്ങൾക്ക് മുമ്പ്, 1882-ൽ വില്യം ലോഗൻ കമ്മിഷൻ സമർപ്പിച്ച ശുപാർശകളുടെ ചുവടുപിടിച്ചു കൊണ്ടുള്ള ഒരു നിയമനിർമാണം ആവശ്യപ്പെടുകയല്ലാതെ, സമഗ്രമായ കാർഷികപരിഷ്കരണം സാധ്യമാക്കുന്ന ഒരു നിയമം ആവശ്യപ്പെടുവാൻ ഈ കമ്മിററിക്ക് കഴിഞ്ഞില്ല. ജന്മിത്വത്തെ നിലനിർത്തിക്കൊണ്ട് കുടിയാന്നു ചില സംരക്ഷണങ്ങൾ നല്കുകയെന്നതിലുമുപരി സമൂഹത്തെ ആധുനികവല്ക്കരിക്കുന്നതിനുള്ള ഒരു കാർഷികനിയമം ശുപാർശ ചെയ്യുവാൻ ഈ കമ്മിററി തയ്യാറായിരുന്നില്ല. ജന്മിമാരും ഉദ്യോഗസ്ഥരും കോൺഗ്രസ് എം. എൽ. എ. മാരും മററുമടങ്ങിയ ഈ കമ്മിററിയുടെ വർഗപരമായ സ്വഭാവം നിഴലിക്കുന്ന വിധത്തിൽ ജന്മിത്വം നിലനിർത്തിക്കൊണ്ടുള്ളതായിരുന്നു ഈ ശുപാർശകൾ. നേരിട്ടു കൃഷിചെയ്യാത്ത ഭൂവുടമകളെയും അർധ-ഫ്യൂഡൽ ഉല്പാദനബന്ധങ്ങളെയും നിലനിർത്തുന്ന വിധത്തിലായിരുന്നു കമ്മിററിയുടെ ശുപാർശകൾ. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് കോൺഗ്രസ്സ് മന്ത്രിസഭ രാജിവെച്ച പശ്ചാത്തലത്തിൽ കമ്മിററിയുടെ ശുപാർശകൾ നിയമരൂപത്തിൽ നടപ്പിൽ വന്നില്ല. എങ്കിലും ഈ കമ്മിററിയുടെ റിപ്പോർട്ട് ഒരു ചരിത്രരേഖയെന്ന നിലയിൽ അത്യന്തം പ്രധാന്യമർഹിക്കുന്നു. ഈ റിപ്പോർട്ടിനുള്ള ഭിന്നാഭിപ്രായക്കുറിപ്പായി കമ്മിററിയിലെ അംഗമായ ഈ. എസ്. നമ്പൂതിരിപ്പാട് എഴുതിച്ചേർത്ത അഭിപ്രായങ്ങളും കമ്മിററിയുടെ റിപ്പോർട്ടുകളും കേരളത്തിലെ ഭൂപരിഷ്കരണനിയമങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന രേഖകളാണെന്നു പറയാം.

അത്യന്തം വിഭിന്നമായ ഈ സമീപനങ്ങളുടെ വെളിച്ചത്തിലാണ് പിന്നീടുള്ള നിയമനിർമ്മാണങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇ. എം. എസിൻെറ ഭിന്നാഭിപ്രായക്കുറിപ്പ് ജന്മിത്വമവസാനിപ്പിക്കുവാനും അർധഫ്യൂഡൽ ബന്ധങ്ങൾ ഇല്ലാതാക്കുവാനും ആവശ്യപ്പെട്ടു. കമ്മിററിയിലെ ബഹുഭൂരിപക്ഷവും ജൻമിത്വം നിലനിർത്തിക്കൊണ്ട് കുടിയാന്നു സംരക്ഷണം നൽകുവാൻ മാത്രമാണു ആവശ്യപ്പെട്ടത്. വ്യത്യസ്തമായ ഈ ആശയഗതികൾ 1970-ൽ ജൻമിത്വമവസാനിപ്പിച്ചുകൊണ്ടുള്ള

കേരള ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതു വരെ ഇവിടുത്തെ കാർഷികനിയമങ്ങളെ സ്വാധീനിക്കുകയുണ്ടായി. ജന്മിത്വം എന്തുകൊണ്ടവസാനിപ്പിക്കേണ്ടിയിരിക്കുന്നു വെന്ന് വ്യക്തമാക്കുന്ന ഒരു രാഷ്ട്രീയ–സ്വാമ്പത്തിക രേഖയെന്ന നിലയിൽ ഇ. എം. എസിന്റെ ഭിന്നാഭിപ്രായക്കുറിപ്പ് അത്യന്തം പ്രാധാന്യമർഹിക്കുന്നു.

## ഭിന്നാഭിപ്രായക്കുറിപ്പ്

നടപ്പുകുടിയാന്ന് സ്ഥിരാവകാശം കൊടുക്കണമെന്ന് 1882-ൽ വില്യം ലോഗൻ ശുപാർശ ചെയ്തപ്പോഠം അത് 'വിപ്ല വാത്മകവും' 'സമൂലപരിവർത്തനാത്മകവും' മററുമായി പരിഗണിക്കപ്പെട്ടു. തങ്ങളുടെ മീതെ പൊട്ടിവീണ ഇടിത്തീയായി ട്ടാണു ജന്മിമാർ അദ്ദേഹത്തെ വിലയിരുത്തിയത്. എന്നാൽ 1940-ൽ, ജന്മിത്വം അവസാനിപ്പിക്കേണ്ടതാണെന്നും സമൂഹ ത്തിന്റെ ആധുനികവൽക്കരണത്തിന്നു അത്യന്താപേക്ഷിത മായ ഒരു പ്രായോഗിക നടപടിയെന്ന നിലയിൽ നഷ്ടപരി ഹാരം കൊടുക്കാതെ തന്നെ ഇത് നടപ്പിൽ വരുത്തേണ്ടതാണെ ന്നും ഇ. എം. എസ്. സമർഥിക്കുകയുണ്ടായി. വിപ്ളവാത്മ കമായ ഒരു പ്രഖ്യാപനമെന്ന നിലയിൽ ഈ ചരിത്രരേഖ പ്രത്യേകം പഠനമർഹിക്കുന്നു.

ജന്മിത്വം നിലനിർത്തേണ്ടതാണോ അതല്ല അവസാനി പ്പിക്കേണ്ടതാണോ എന്നുള്ള അടിസ്ഥാനതത്വത്തെപ്പററി വിചി ന്തനം ചെയ്യാത്ത ഒന്നാണ് കമ്മിററിയുടെ റിപ്പോർട്ടെന്ന് അദ്ദേഹം കുററപ്പെടുത്തി. ജന്മസ്വത്തുക്കളുടേയും ജന്മിമാരു ടേയും ആവിർഭാവത്തെപ്പററി അദ്ദേഹത്തിന്റെ നിഗമനങ്ങൾ വില്യം ലോഗന്റേതുമായി പൊരുത്തപ്പെടുന്നു. ഫ്യൂഡൽ ഘട കങ്ങളെന്ന നിലയിൽ സാമൂഹ്യ-സാമ്പത്തിക–സാംസ്കാരിക– രാഷ്ട്രീയ ആധിപത്യം കയ്യാളിയിരുന്ന ജന്മിമാർ ബ്രിട്ടീഷാ ധിപത്യത്തോടെ സാമ്പത്തികശക്തി മാത്രമായി രൂപാന്തരപ്പെ ടുകയാണുണ്ടായത്. ആധുനിക സാംസ്കാരവും മുതലാളി ത്തസമൂഹവും വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഫ്യൂഡൽ സമൂഹത്തിന്നും മധ്യകാലസംസ്

കാരത്തിന്നും നിലനിൽക്കുവാൻ കഴിയുകയില്ലെന്ന് തൻെറ ഭിന്നാഭിപ്രായക്കുറുപ്പിൽ അദ്ദേഹം വ്യക്തമാക്കി. സ്വത്തിൻെറ ആവിർഭാവത്തെ സംബന്ധിച്ച് ലണ്ടൻ യൂണിവേഴ്സിററിയിലെ സാമ്പത്തികശാസ്ത്രപ്രൊഫസറായ എഡ്വിൻ കാനൻെറ 'വെൽത്ത്' (സമ്പത്ത്) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ നിഗമനങ്ങൾ അദ്ദേഹം ഉദ്ധരിക്കുകയും, ഇംഗ്ലണ്ടിലും മററും സ്വകാര്യസ്വത്ത് ആവിർഭവിക്കുന്നതിന്നും വളരെ മുമ്പുതന്നെ മലബാറിൽ സ്വകാര്യസ്വത്തും പരമാവകാശവും നിലനിന്നിരുന്നുവെന്നുള്ള ഫിഫ്ത്ത് റിപ്പോർട്ടിൻേറയും അതുപോലെ ലോഗനെ വിമർശിച്ചുകൊണ്ടുള്ള ചാംസ് ടേർണറുടേയും അഭിപ്രായങ്ങൾ തെററാണെന്നു സമർത്ഥിക്കുകയും ചെയ്തു. ''ഭൂസ്വത്തെന്ന ആശയം വളരെ മുമ്പ് ആവിർഭവിച്ചതാണെന്നു വിചാരിക്കുക വയ്യ. ഭൂമിയുമായി പ്രാചീനമനുഷ്യസമൂഹത്തിന്നുള്ള ബന്ധം ഇന്നത്തെ മനുഷ്യവർഗത്തിന്നു കടലുമായുള്ളതുപോലെയാണെന്നു കാണാം'' എന്നായിരുന്നു കാനൻെറ നിഗമനം. ചരിത്രപരമായ ഈ വസ്തുത മറന്നുകൊണ്ടാണ് ഇന്നത്തെ ജൻമിമാരുടെ പൂർവികൻമാർക്ക് തങ്ങളുടെ ജൻമഭൂമിയിൽ പ്രാചീനകാലം മുതൽ സ്വകാര്യസ്വത്തവകാശമുണ്ടെന്ന് പലരും സിദ്ധാന്തിക്കുന്നതെന്നും ഇ. എം. എസ് രേഖപ്പെടുത്തി.

ബ്രിട്ടീഷാധിപത്യത്തിന്നു മുമ്പ് മലബാറിൽ നിലനിന്നിരുന്ന കാർഷികബന്ധങ്ങൾ നാട്ടുനടപ്പനുസരിച്ചുള്ളവയാണെന്നും കരാറടിസ്ഥാനപ്പെടുത്തിയുള്ളവയല്ലെന്നും അദ്ദേഹം വിവരിച്ചു. ബ്രിട്ടീഷുഭരണത്തിന്നു മുമ്പുള്ള കാലം സ്ഥിരാവകാശം അനുഭവിച്ചിരുന്ന കാണക്കാർക്ക് അന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ സ്ഥിരാവകാശം അനുവദിച്ചുകൊടുത്താൽ കാർഷികപ്രശ്നങ്ങളൊന്നും തന്നെ പരിഹരിക്കപ്പെടുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇവിടെയും അദ്ദേഹം കാണക്കാർക്ക് സ്ഥിരാവകാശം കൊടുക്കേണ്ടതില്ലെന്നു ശുപാർശ ചെയ്ത ലോഗൻെറ ആശയങ്ങൾ തന്നെ സ്വീകരിക്കുകയാണുണ്ടായത്.

കൂടാതെ ബ്രിട്ടീഷാധിപത്യത്തിന്നു കീഴിൽ മലബാറിൻെറ സാമ്പത്തികസ്ഥിതിയിൽ വന്ന പരിവർത്തനങ്ങളെക്കൂടി അദ്ദേഹം രേഖപ്പെടുത്തി. ഇത്തരം മാററങ്ങളെപ്പററി ഇന്ത്യൻ ഇൻഡസ്ട്രിയൽ കമ്മിഷൻ (1916–'18) തങ്ങളുടെറ റിപ്പോർട്ടിൽ സുദീർഘം പ്രതിപാദിക്കുകയുണ്ടായ വസ്തുതകൾ അദ്ദേഹം ഉദ്ധരിച്ചു. ഉദാഹരണത്തിന്ന് ''തീവണ്ടിയുടെയും ആവിക്കപ്പലിൻെറയും ആവിർഭാവവും, സൂയസ്സ് മാർഗം തുറന്നിട്ടതും, ബ്രിട്ടീഷാധിപത്യത്തിൻെറ വളർച്ചയിൽ സമാധാനവും സുരക്ഷയും വിപുലപ്പെടുത്തിയതും ഇവിടെ വലിയ മാററങ്ങൾക്കിടവരുത്തി''. ഗ്രാമപ്രദേശങ്ങളിൽ പരമ്പരാഗതമായി നിലനിന്ന ധാന്യവിളകൾക്ക പകരം നാണ്യവിളകൾ കൃഷി ചെയ്യുവാനും അങ്ങനെ സാമ്പത്തികമാററങ്ങൾ കൈവരിക്കുവാനും തീവണ്ടി സഹായിച്ചു. എന്നാൽ ഇൻഡസ്ട്രിയൽ കമ്മിഷൻ തന്നെ ചൂണ്ടിക്കാണിച്ചതുപോലെ കാർഷികമൂലധനക്ഷാമം ഗ്രാമങ്ങളിലെങ്ങും നിലനിന്നു. ഫലമാകട്ടെ കാർഷികമൂലധനക്ഷാമത്താൽ വർഷംതോറും കർഷകൻ കടപ്പെട്ടാകൊണ്ടിരുന്നു. വിവിധ തരത്തിലുള്ള നിർമിതവസ്തുക്കളുടെ ഇറക്കുമതികൾ ഇന്ത്യൻ ചെറുകിടവ്യവസായങ്ങളെ തകർക്കുകയും ചെയ്തു. കൂടാതെ നഗരങ്ങളിലെ പണം കടംകൊടുക്കുന്ന വസ്ത്രവ്യാപാരികളുടെ പിടിയിൽനിന്നും പരമ്പരാഗത നെയ്ത്തുതൊഴിലാളികൾക്ക് മോചനം കിട്ടാത്ത സ്ഥിതി വരികയും ചെയ്തു.

ഇത്താം സാമ്പത്തികമാററങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഇ. എം. എസ്. രേഖപ്പെടുത്തിയ ഒരു പ്രധാന വസ്തുത ഫ്യൂഡലിസത്തിന് മീതെ ആധിപത്യമുറപ്പിച്ചിട്ടുള്ള ഒരു മുതലാളിത്തസമ്പ്രദായത്തിന് ഇന്ത്യൻ സാമ്പത്തികസ്ഥിതി അധീനപ്പെട്ടുകഴിഞ്ഞുവെന്നതാണ്. ഈ മുതലാളിത്തവ്യവസ്ഥിതിയാകട്ടെ ഇന്ത്യയിൽ ജൻമിത്വം അവസാനിപ്പിക്കുകയോ വമ്പിച്ച വ്യാവസായികസ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയോ ചെയ്തില്ല. മററു രാജ്യങ്ങളിൽ അത് ഫ്യൂഡലിസത്തെ നശിപ്പിക്കുകയും വമ്പിച്ച വ്യാവസായിക സ്ഥാപനങ്ങൾ

നിർമിക്കുകയും ചെയ്ത ഒന്നായിരുന്നു. ബ്രിട്ടീഷുകാർ ഇവിടെ ഉണ്ടാക്കുകയോ നിലനിർത്തുകയോ ചെയ്ത ഭൂവുടമകരം മുതലാളിത്ത മൂലധനത്തിന് കീഴിൽ വരികയും കാർഷികത്വം വ്യവസായത്തിൻെറ ദാസ്യവൃത്തിയിലേർപ്പെടുകയും ചെയ്തപ്പോഴം ഇവിടെ ഫ്യൂഡലിസത്തെയും കാർഷികത്വത്തെയും അധീനപ്പെടുത്തിയ വ്യാവസായികത്വത്തെ നിയന്ത്രിച്ച മൂലധനം വൈദേശികമാണെന്നുള്ളതാണ് ഒരു പ്രധാന വ്യത്യാസം.

## ചരിത്രപരമായ ആവശ്യം

ഇത്തരം ഒരു ചരിത്രപശ്ചാത്തലത്തെ വിശകലനംചെയ്തുകൊണ്ട് ജന്മിത്വം അവസാനിപ്പിക്കേണ്ടത് ചരിത്രപരമായ ഒരാവശ്യമാണെന്ന് ഒരു സാമൂഹ്യശാസ്ത്രജ്ഞൻെറ ഉൾക്കാഴ്ചയോടെ അദ്ദേഹം രേഖപ്പെടുത്തി. ചരിത്രപരമായി ഇവിടെ നിലനിന്ന ഏററവും വലിയ വൈരുദ്ധ്യം, സാമൂഹ്യ–സാംസ്കാരിക– രാഷ്ട്രീയ രംഗങ്ങളിൽ ബ്രിട്ടീഷാധിപത്യം ഫ്യൂഡലിസത്തെ നിഷ്കാസനം ചെയ്തുവെങ്കിലും ഭൂമിയെ സംബന്ധിച്ച കാര്യങ്ങളിൽ നിയമപരമായി അതിനെ നിലനിർത്തിയെന്നുള്ളതാണ്. ഫ്യൂഡൽ പ്രഭുക്കളുടെ രാഷ്ട്രീയാധിപത്യം ഇല്ലാതാക്കിയതോടൊപ്പം അവരുടെ മധ്യകാല ഫ്യൂഡൽ സംസ്കാരവും ഇല്ലാതാക്കുകയുണ്ടായി. ബ്രിട്ടീഷുകാർ ഇവിടത്തെ ഫ്യൂഡൽ സമ്പ്രദായത്തെ തങ്ങളുടെ സാമ്പത്തികാധിപത്യത്തിന് കീഴിലാക്കിയെങ്കിലും സ്വാഭാവികമായി അവർ ഇല്ലാതാക്കേണ്ടിയിരുന്ന ഭൂപ്രഭുക്കന്മാരെ ശക്തമാക്കുകയാണുണ്ടായത്.

മലബാർ കുടിയായ്മ കമ്മിററി ശേഖരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ അദ്ദേഹം, ഓരോ വർഷവും ജന്മിമാർ തങ്ങളുടെ കുടിയാന്മാരിൽനിന്നും ഈടാക്കി വരുന്ന സംഖ്യയുടെ ഒരേകദേശ രൂപം നൽകുകയുണ്ടായി. മലബാറിൽ 1347-ാം ഫസലിയിൽ (1938-9) കൃഷിചെയ്തിട്ടുള്ള 1,506,992 ഏക്കർ ഭൂമിയിൽ 171,662 ഏക്കർ ഭൂമി മാത്രമായിരുന്നു ജൻമിമാർ നേരിട്ട് കൃഷിചെയ്തത്. അതായത് 1,335,327 ഏക്കർ ഭൂമിയും

കുടിയാന്മാരാണ് കൃഷിചെയ്തിരുന്നത്. നെൽവയലിൽ നിന്നും ഏക്കറൊന്നിന്ന് 100 പറയും തെങ്ങിൻതോട്ടത്തിൽനിന്ന് ഏക്കറൊന്നിന് 30ക.യും ലഭിക്കുന്നുവെന്നു കണക്കാക്കിയാൽ 352,132 ഏക്കർ തെങ്ങിൻതോപ്പിൽനിന്നും ഏക്കറിന് 6ക. പ്രകാരം 20 ലക്ഷം ക.യും, നെൽവയലിന്ന് ഏക്കറിന് 40ക. പ്രകാരം 561,550 ഏക്കറിന് 225 ലക്ഷം ക.യും, പുഞ്ചഭൂമിയുടെ നികുതിയായ 21 ലക്ഷം ക.യുടെ മൂന്നിരട്ടി പാട്ടം കണക്കാക്കിയാൽ 63 ലക്ഷം ക. ഈ ഇനത്തിലും, അങ്ങനെ ഒട്ടാകെ 308 ലക്ഷം ക. കുടിയാന്മാരിൽ നിന്നും വർഷംതോറും ജന്മിമാർ പിരിച്ചെടുക്കുന്നു. അതിൽ നാല്പത്തഞ്ചരലക്ഷം ക. സർക്കാർ നികുതി കഴിച്ചാൽ ഇരുനൂററമ്പത്തിരണ്ടര ലക്ഷം ക. ജന്മിമാർ സ്വന്തം ആവശ്യങ്ങൾക്കെടുക്കുന്നു, ഈ തുക കണക്കാക്കിയതിൽ പററാവുന്ന തെററുകൾ പരിഗണിച്ചാൽപോലും രണ്ട് കോടി ക. വർഷംതോറും ജന്മിമാർ കയ്യടക്കുന്നു. സാമൂഹ്യമായ യാതൊരുവിധ ഉത്തരവാദിത്വവും നിർവഹിക്കുവാനില്ലാത്ത ഒരു വർഗമാണ് വ്യാവസായിക വികസനത്തിനും മററും അത്യാവശ്യമായ ഈ മൂലധനം കയ്യടക്കുന്നത്. കാർഷികാഭിവൃദ്ധിയ്ക്കാവശ്യമായ യാതൊരു വിധ സേവനവും ഈ വർഗത്തിൽനിന്നും ലഭിക്കുന്നില്ലതാനും.

## സാമ്പത്തിക പദ്ധതിയും ജന്മിത്വം അവസാനിപ്പിക്കലും

യാതൊരുവിധ സേവനവും നിർവഹിക്കാത്ത നാശോന്മുഖമായ ഒരു വർഗത്തിന് നൽകുന്ന ഈ വൻപിച്ച തുക ഗ്രാമീണ സാമ്പത്തിക വ്യവസ്ഥിതിയുടെ കാതലായ വിഹിതമാണെന്ന് കാണാം. ഓരോ വർഷവും മലബാറിലെ കർഷകൻ കൊടുത്തുവരുന്ന ഈ സംഖ്യ ഗ്രാമീണ ഋണബാധ്യത വർധിപ്പിക്കുകയും അയാളുടെ ജീവിതനിലവാരം ഏററവും ശോചനീയമാക്കുകയും ചെയ്യുന്നു. ഈ പരിതഃസ്ഥിതിയിൽ കാർഷിക രംഗത്ത് മൂലധനം നിക്ഷേപിക്കാൻ അയാൾക്ക് കഴിയുന്നില്ല. ഈ സ്ഥിതി മാറാതിരിക്കുന്നിടത്തോളം കാലം കാർഷിക

പുരോഗതിയെപ്പററിയുള്ള ഗവേഷണങ്ങളും പ്രചാരവേലകളും ഉപയോഗശൂന്യമാണെന്നും ഇ. എം എസ്. രേഖപ്പെടുത്തി.

പ്രൊവിൻഷ്യൽബാങ്കിങ്ങ് കമ്മിററിയുടെറിപ്പോർട്ടനുസരിച്ച് മലബാറിലെ കർഷകരുടെ ഒട്ടാകെ ഋണബാധ്യത ഏതാണ്ട് 15 കോടി ക. വരും. അതിൽ നാലു കോടി ക. കൃഷിചെയ്യാത്ത കാർഷികവർഗ്ഗങ്ങളുടേതായും മറെറാരു നാലു കോടി ക. മററിനങ്ങളിൽപെട്ടതായും പരിഗണിച്ചാൽ ഏഴു കോടി ക. യുടെ ഋണബാധ്യത യഥാർഥകൃഷിക്കാരിൽതന്നെ നിക്ഷിപ്തമാണ്. ഗവൺമെൻറ് ഈ കടത്തിന്നു 9 ശതമാനം പലിശ ചുമത്തി മുതലുടമകാംക്ക കടപ്പത്രങ്ങാം നൽകിയാൽ അവ 30 വർഷം കൊണ്ട് കൃഷിക്കാർ അടച്ചുതീർക്കുന്നതാണെന്ന് കരുതാം. കടപ്പത്രത്തിൻെറ വാർഷികഗഡുവും പലിശയും കൂടി 63 ലക്ഷം ക. വരുന്നു. ഒരു 50 ലക്ഷം ക. കാർഷികാഭിവൃദ്ധിക്കും പരസ്പര സഹായസംഘങ്ങളുണ്ടാക്കുവാനും മററും നീക്കി വെച്ചാൽ രണ്ടര കോടി ക. യിൽ ബാക്കിവരുന്ന 137 ലക്ഷം ക. കൃഷിക്കാരൻെറ ജീവിതനിലവാരമുയർത്തുവാൻ ലഭിക്കുന്നു. അതവരുടെ കുട്ടികളുടെ വിദ്യാഭ്യസത്തിനും പോഷകാഹാരത്തിനും മററും ഉപകാരപ്രദമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കർഷകൻെറ ജീവിതനിലവാരമുയരുമ്പോാം വ്യവസായത്തൊഴിലാളികളുടെ അദ്ധ്വാനശക്തിയും വർദ്ധിക്കുന്നു. കർഷകരുടെ ഉപയോഗത്തിന് ലഭിക്കുന്ന മൊത്തം 137 ലക്ഷം ക. യിൽ ഒരു പ്രധാന വിഹിതം വസ്ത്രം, ഓട് തുടങ്ങിയ വ്യവസായങ്ങളിൽ എത്തിച്ചേരും. യഥാർഥത്തിൽ മലബാറിൽ മൂലധനം ഭൂമിയിൽ നിക്ഷേപിക്കപ്പെടുന്നതല്ലാതെ വ്യാവസായികരംഗത്തേക്ക് വരുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. റജിസ്ട്രേഷൻ വകുപ്പിൻെറ കണക്കനുസരിച്ച് 1938—ൽ 22601 വിലപ്പനരേഖകാം മലബാറിൽ റജിസ്ററർ ചെയ്തിട്ടുണ്ട്. അവയുാംക്കൊള്ളുന്ന സംഖ്യ 89,62,288 ക.യും കൂടാതെ 42077 പണയങ്ങളിലെ ആകത്തുക 75,85,359 ക. വന്നിരുന്നു. അപ്പോാം ഏതാണ്ട് 160 ലക്ഷം ക. യിലധികം ഓരോ വർഷവും ഭൂമി

യിൽ നിക്ഷേപിക്കപ്പെടുന്നു. ഈ സംഖ്യയുടെ 25 ശതമാനം അഥവാ 40 ലക്ഷം ക. സ്വയം കൃഷിനടത്തുവാൻ വേണ്ടി ഭൂമിയിൽ നിക്ഷേപിച്ചതാണെന്ന് പരിഗണിച്ചാൽ പോലും ബാക്കി വരുന്ന 120 ലക്ഷം ക. പ്രത്യുല്പാദനപരമായ വ്യവസായം, വാണിജ്യം തുടങ്ങിയ രംഗങ്ങളിൽ ലഭിക്കേണ്ടതാണെന്ന് കാണാം. ഇതിൽ 50 ശതമാനമെങ്കിലും അഥവാ 60 ലക്ഷം ക. യെങ്കിലും വ്യവസായികരംഗത്ത് വരേണ്ട മൂലധനമത്രെ. അപ്രകാരം നോക്കുമ്പോഠം സർ ബസീൽ ബ്ലാക്കററ് പ്രസ്താവിച്ചതുപോലെ "ഇന്ത്യക്ക് അവഠംക്കാവശ്യമായ മൂലധനം മാത്രമല്ല മററു രാജ്യങ്ങഠംക്കാവശ്യമായ മൂലധനം പോലും നൽകുവാനുള്ള നേതൃത്വം വഹിക്കുവാനും കഴിയുന്നതാ"ണെന്ന് ഇ. എം. എസ് തൻെറ റിപ്പോർട്ടിൽ എടുത്തുകാട്ടി. ഇപ്രകാരത്തിലുള്ള ഒരു നീക്കം ഒരു സോഷ്യലിസ്റ്റ് പരീക്ഷണമല്ലെന്നും മുതലാളിത്തത്തിൻെറ വികസനത്തിനാവശ്യമായ ഒരു വസ്തുതയാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

## നഷ്ടപരിഹാരം

പ്രായോഗികമായി നോക്കുമ്പോഠം നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹം രേഖപ്പെടുത്തി. കാരണം പാവപ്പെട്ട കർഷകന് അതിൻെറ കഴിവില്ലെന്നതുതന്നെ. ഒരു ചെറിയ സംഖ്യ കൊടുക്കണമെന്ന് വെച്ചാൽതന്നെ അത് വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതായിരിക്കും അതിനാൽ ചെറുകിടക്കാരായ പല ജന്മിമാരുടെയും സാമ്പത്തികവിഷമങ്ങഠം ഒഴിവാക്കുവാൻ ഒരു കുടുംബത്തിൻെറ സ്വന്തം കൃഷിയാവശ്യത്തിന് 20 ഏക്കർ ഭൂമി വീണ്ടെടുക്കുവാൻ അനുവദിച്ചാൽ മതിയാകുന്നതാണ്.

ജന്മിത്വമവസാനിപ്പിക്കുവാനായി ഇത്തരം ഒരു ശുപാർശ ചെയ്യുന്നതോടൊപ്പം ഈ നടപടികളൊന്നും തന്നെ പെട്ടന്ന് നടപ്പാക്കുവാൻ പോകുന്നില്ലെന്ന് കൂടി അദ്ദേഹം രേഖപ്പെടുത്തി. അതിനാൽ കുടിയായ്മകമ്മിററിയുടെ റിപ്പോർട്ടിൽ പ്രായോഗികമായ മററു ചില ഭേദഗതി കൂടി അദ്ദേഹം നിർദേശിച്ചു. ഈ നിർദേശങ്ങഠം ഒരു ജന്മി കുടുംബത്തിന് സ്വന്തം കൃഷി

ക്കായി ഒഴിപ്പിക്കാവുന്ന പരമാവധി വിസ്തീർണ്ണം 20 ഏക്കറായി ചുരുക്കണമെന്നും 2000 ക.യിലധികം വാർഷികവരുമാനം കിട്ടുന്ന ജന്മിമാർ കുടിയാന്മാരെ ഒഴിപ്പിക്കരുതെന്നും കൃഷി ച്ചെലവ് ഏക്കറിന് 25 പാലക്കാടൻ പറയായി പരിഗണിക്കണ മെന്നും കുരുമുളക് കൃഷിയിൽ ജന്മിമാർ മുഴുവൻ വിളവു മെടുക്കുന്ന പത്തിൽ രണ്ടെന്ന സമ്പ്രദായം (അഞ്ചിൽ ഒരു ഭാഗം) പന്ത്രണ്ടിൽ രണ്ടായി (ആറിൽ ഒരു ഭാഗം) മാററണമെന്നും അദ്ദേഹം രേഖപ്പെടുത്തി. കൂടാതെ സമൂഹത്തിലെ ഏററവും ദുർ ബലരായ കുടിയിരിപ്പുകാരെ സംബന്ധിച്ച് വാരവും നികു തിയും ഇളവ് ചെയ്തുകൊടുക്കേണ്ടതാണെന്നും അദ്ദേഹം ശുപാർശ ചെയ്തു. കൂടാതെ ഉരംക്കുടിക്കാർക്ക് സ്ഥിരാവ കാശം നൽകുവാനും.

അന്നത്തെ ചുററുപാടുകരം വെച്ച് നോക്കുമ്പോരം തികച്ചും വിപ്ലവാത്മകമായ ഒരു ഭിന്നാഭിപ്രായക്കുറിപ്പാണ് ഇ. എം എസ് തയ്യാറാക്കിയതെന്ന് കാണാം. നഷ്ടപരിഹാരം കൊടുത്തു കൊണ്ട് ജന്മിത്വമവസാനിപ്പിച്ചതു തന്നെ കേരളത്തിൽ 1970–ലാണ്. ജന്മിമാർക്ക് നഷ്ടപരിഹാരം കൊടുക്കുകയെന്ന ആശയത്തെ തന്നെ ലെനിൻ അപലപിച്ചിട്ടുള്ളത് പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു. ഒരു മാർക്സിസ്റ്റിൻെറ നില യിൽ ഫ്യൂഡൽ ബന്ധങ്ങരംക്കറുതിവരുത്തുവാനും മുതലാളി ത്തത്തിലേക്കുള്ള വളർച്ച പൂർത്തീകരിക്കാനാവശ്യമായ പശ്ചാ ത്തലമെരുക്കുവാനും ഇ. എം. എസ്. തൻെറ ശുപാർശകളി ലൂടെ നിർദേശിച്ചു. പക്ഷേ അന്നത്തെ ചുററുപാടിൽ അവ ശ്രദ്ധിക്കാതെ പോയി. എന്നാൽ മലബാറിലെ കർഷകനെ സംബന്ധിച്ച് ഒരു പുതിയ കാലഘട്ടത്തിൻെറ പ്രഖ്യാപനവും വാഗ്ദാനവുമായിരുന്നു ഈ ശുപാർശകരം. മലബാറിലെ കമ്മ്യൂണിസ്റ്റ്–കർഷക പ്രസ്ഥാനങ്ങരം പിന്നീടു നേതൃത്വം കൊടുത്തത് ഈ ശുപാർശകരം നടപ്പിലാക്കുവാനും ഫ്യൂഡൽ ബന്ധങ്ങരം അവസാനിപ്പിക്കുവാനും വേണ്ടിയാണ്. ചരിത്ര പരമായ ഇത്തരം ഒരു പരിവർത്തനത്തെ ലക്ഷ്യം വെച്ചു കൊണ്ടുള്ള ഒരടിസ്ഥാന പ്രമാണമാണ് ഭിന്നാഭിപ്രായക്കുറിപ്പി

ലൂടെ ഇ.എം.എസ്. ഇവിടുത്തെ കർഷകന്നു നല്കിയിട്ടുള്ളത്. ഇവിടുത്തെ ഫ്യൂഡൽബന്ധങ്ങൾക്ക് അറുതിവരുത്തേണ്ടത് ചരിത്രപരമായ ഒരാവശ്യമാണെന്ന് ഈ രേഖ ചൂണ്ടിക്കാട്ടുന്നു. ജന്മിമാരുടെ പരമാധികാരത്തെ ലോഗൻ ചോദ്യം ചെയ്തപ്പോൾ മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ജന്മിത്വം കാലഘട്ടത്തിന്നു നിരക്കാത്തതാണെന്നും അതിന്റെ നാശംകൊണ്ടേ മാത്രമേ സാമൂഹ്യപുരോഗതി കൈവരികയുള്ളുവെന്നും ഇ. എം. എസ്. ചൂണ്ടിക്കാട്ടി. മലബാറിലെ കാർഷികബന്ധങ്ങളുടെ പഠനത്തിൽ ഈ ചരിത്രരേഖ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

11

# റയട്ടുവാരിയും ഭൂകുത്തകയും കാസർഗോഡ് താലൂക്കിൽ

കാസർക്കോട് താലൂക്കിനെ പണ്ടു ബേക്കൽ എന്നാണ് വിളിച്ചിരുന്നത്. മലയാളം സംസാരിച്ചു വന്ന ഈ പ്രദേശം ഇന്നു കേരളസംസ്ഥാനത്തിൽ കണ്ണൂർ ജില്ലയുടെ ഭാഗമാണ്. ടിപ്പുസുൽത്താൻെറ അധീനപ്രദേശങ്ങരംക്കമീതെ 1799-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അതിൻെറ പരമാധികാരം സ്ഥാപിച്ചപ്പോരം കല്ലായിപ്പുഴയുടെ വടക്കുഭാഗമുള്ള പ്രദേശം കർണ്ണാടക ജില്ലയുടെ ഭാഗമായിത്തീർന്നു. ഈ പ്രദേശത്താണ് റയട്ടുവാരി സമ്പ്രദായത്തിൻെറ പിതാവായ തോമസ് മൺറോ ഭൂനികുതി വ്യവസ്ഥപ്പെടുത്തുന്നതിലുള്ള തൻെറ പരീക്ഷണങ്ങളാരംഭിച്ചത്. റയട്ടുവാരിയെന്നറിയപ്പെട്ട അദ്ദേഹത്തിൻെറ നികുതി വ്യവസ്ഥ തത്വത്തിൽ കർഷകനുമായിട്ടുള്ള സ്ഥിരനികുതി നിശ്ചയമായിരുന്നു. കൊളോണിയൽ സമ്പ്രദായത്തിൻെറ സാമ്പത്തികവശം വിശകലനം ചെയ്ത രമേശ് ചന്ദ്രദത്തിനെപ്പോലുള്ള പണ്ഡിതന്മാർ റയട്ടുവാരിനികുതി വ്യവസ്ഥ, അത് ഭൂവുടമയെന്ന നിലയിൽ കൃഷി ചെയ്യുന്നവനുമായി നടപ്പിലാക്കിയിട്ടുള്ള ഒരു വ്യവസ്ഥയെന്ന നിലയിൽ, അതിൻെറ പ്രശംസകരായിരുന്നു[1]. പക്ഷെ പ്രയോഗത്തിൻമ ൺറോവിൻെറ ആദർശത്തിലുള്ള കർഷകൻ ആയിരക്കണക്കിൽ ഏക്കർ വിസ്തീർണ്ണമുള്ള ഭൂമിയുടെ കുത്തകയാളുന്ന അസന്നിഹിതഭൂവുടമയായ ഒരു ജമിന്താർ മാത്രമായിരുന്നു. കാസർക്കോട് താലൂക്കിൽ തെക്കേ തൃക്കരിപ്പൂർ ഗ്രാമത്തിലെ താഴക്കാട്ടു മനയെന്ന ജന്മികുടുംബത്തെ മാതൃകയാക്കിക്കൊണ്ടുള്ള ഒരു പഠനം റയട്ടുവാരി സമ്പ്രദായത്തിലുരംക്കൊണ്ടിരുന്ന ചില പ്രധാന

അക്കാദമിക പ്രശ്നങ്ങളെ മുന്നോട്ടു കൊണ്ടുവരുന്നു. കൂടാതെ കോളണിഭരണം കർഷകവർഗത്തിൽ നിന്നും അതിൻെറ സാമ്പത്തികമിച്ചം എങ്ങിനെ തുടർച്ചയായി ശോഷിപ്പിച്ചെടുത്തുവെന്നും ഉദാഹരിക്കുന്നു.

ഈ പ്രത്യേക ജന്മികുടംബം കേരളത്തിലെ ആദ്യകാല ബ്രാഹ്മണ ഉപനിവേശ കേന്ദ്രങ്ങളിലൊന്നായ പയ്യന്നൂർ ഗ്രാമത്തിലുൾപ്പെട്ടതായി പരിഗണിക്കപ്പെടുന്നു. ബ്രാമണസമ്പ്രദായത്തിന്നു വിരുദ്ധമായി ഈ കുടുംബാംഗങ്ങൾ മരുമക്കത്തായം തുടർന്നുവരുന്നു2. പരശുരാമൻ കല്പിച്ചതാണ് പ്രസ്തുത സമ്പ്രദായമെന്നു അവർ ന്യായീകരിക്കുകയും ചെയ്തു. കേരളോല്പത്തി എന്ന ഗ്രന്ഥം ഈ ഐതിഹ്യം രേഖപ്പെടുത്തുന്നു. പയ്യന്നൂർ ഗ്രാമത്തിലെ 16 ബ്രാഹ്മണകുടുംബങ്ങൾ താഴക്കാട്ടുമന, കുഞ്ഞിമംഗലത്തുമന, കുന്നത്തുമന, തളിയിൽ മന, കോക്കുന്നത്തുമന, രയരമംഗലത്തുമന, താററിയേരിമന, തേളക്കാട്ടുമന, ആഞ്ഞിക്കരമന, കൊട്ടാരത്തുമന, താവത്തുമന, തേളപ്പുറത്തുമന, കുറിഞ്ഞിലക്കാട്ടുമന, കുറുവേലിമന, കതുകിൽമന, കൊഴുവിൽമന എന്നിവയാണ്. ഇവയിൽ ഇപ്പോൾ അവശേഷിക്കുന്നവ താഴ്ക്കാട്ടുമനയും കുഞ്ഞിമംഗലത്തുമനയും കുന്നത്തുമനയും തളിയിൽമനയും രയരമംഗലത്തുമനയും മാത്രമാണ്. യജുർവേദികളായ ഈ കുടുംബാംഗങ്ങളെ തിരുമുമ്പ് എന്നു വിളിച്ചുവരുന്നു. മനയിലെ പുരുഷൻമാർ നായന്മാരുടെ വിവിധ വിഭാഗങ്ങളിൽ പെട്ട സ്ത്രീകളെ വിവാഹം ചെയ്യുന്നു. സ്ത്രീകളെ നമ്പൂതിരിമാർക്കും ബ്രാഹ്മണർക്കും വിവാഹം ചെയ്തു കൊടുക്കുന്നു. പക്ഷെ ബ്രാഹ്മണരും നമ്പൂതിരിമാരുമായ ഈ വരൻമാരെ മതപരമായ ചില അനുഷ്ഠാനങ്ങളോടെ അന്യം നിന്നുപോയ മനകളിൽ ഏതെങ്കിലുമൊന്നിൽ ദത്തെടുക്കുന്നു. അതിനുശേഷമാണ് വിവാഹം നടത്തിവരുന്നത്. ഇങ്ങിനെ ദത്തെടുക്കപ്പെട്ടവരെ അമ്മോമൻ എന്നു വിളിച്ചുവരുന്നു. ദത്തെടുക്കലിൻെറ ഈ ചടങ്ങുകൾ വരൻമാരെ മക്കത്തായസമ്പ്രദായത്തിൽ നിന്നും വേർപെടുത്തിക്കൊണ്ട് മരുമക്കത്തായ സമ്പ്രദായത്തിലേക്കു കൊണ്ടുവരുന്നു3.

ഈ ജന്മികുടുംബങ്ങളുടെ അഥവാ മനകളുടെ ഗ്രാമ ക്ഷേത്രം പയ്യന്നൂരിലെ സുബ്രഹ്മണ്യക്ഷേത്രമാണ്. ക്ഷേത്രത്തിൻെറ ഉടമകളെന്ന നിലയിൽ അവർക്കു രാഷ്ട്രീയാധിപത്യവും സ്വാധീനവും ലഭിച്ചു. ഒരു ഫ്യൂഡൽ കാലഘട്ടത്തിൽ പ്രധാന കുടുംബമെന്ന നിലയിൽ പ്രവർത്തിക്കുകയും കർഷകരുടെയും ഭൂമിയുടേയും മീതെ അതിൻെറ ആധിപത്യമുറപ്പിക്കുകയും ചെയ്തു. ഈ കുടുംബം അതിൻെറ കീഴിൽ 18½ ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം ചെയ്യുകയുംചെയ്തു. നാട്ടുകാർക്കിടയിൽ ബ്രാഹ്മണമതത്തിൻെറ ആശയങ്ങൾ പ്രചരിപ്പിക്കുന്ന കേന്ദ്രങ്ങളായിരുന്നു ഈ ക്ഷേത്രങ്ങൾ. ഈ കുടുംബത്തിൻെറ ആസ്ഥാനം കൊട്ടാരം അഥവാ അരമനയെന്നറിയപ്പെട്ടു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണകൂടം ആയിരക്കണക്കിൽ ഏക്കർ ഭൂമിയുടെ ഉടമാവകാശികളായ ഈ കുടുംബവുമായിട്ടാണ് സ്ഥിരനികുതി വ്യവസ്ഥയിലേർപ്പെട്ടത്. ഈ കുടുംബത്തിൻെറ ഭൂമി കാസർക്കോട് താലൂക്കിൽ വടക്കേ തൃക്കരിപ്പൂർ, തെക്കേ തൃക്കരിപ്പൂർ, ഉദിനൂർ, മാണിയാട്ട്, പിലിക്കോട്, കൊടക്കാട്, ചീമേനി, ക്ലായിക്കോട്, കയ്യൂർ, തിമിരി, ചെറുവത്തുർ, നീലേശ്വരം എന്നീ ഗ്രാമങ്ങളിലും ചിറക്കൽ താലൂക്കിലെ മററു പല അംശങ്ങളിലുമായിട്ടാണ് സ്ഥിതി ചെയ്തത് 4. കമ്പനിയുടെ കർഷകൻ അഥവാ റയട്ട് ഇത്തരം കുടുംബങ്ങളായിരുന്നുവെന്നതാണ് വാസ്തവം. യഥാർത്ഥ കർഷകൻ ഈ നികുതിവ്യവസ്ഥയുടെ ചിത്രത്തിലെങ്ങും തന്നെ വന്നില്ല. എന്നിട്ടും ''കർഷകനുമായിട്ടുള്ള''തെന്ന നിലയിൽ റയട്ടുവാരിയെന്നു വ്യവഹരിച്ചുവന്നു. കൊളോണിയൽ ഭരണത്തിന്നു മുമ്പ് ഇവിടെ നിലനിന്ന കാർഷിക ബന്ധങ്ങൾ സാമ്പത്തികമിച്ചം കഴിയുന്നത്ര ചൂഷണം ചെയ്യുവാൻ വ്യവസ്ഥപ്പെടുത്തുകയെന്നതായിരുന്നു കമ്പനിയുടെ പ്രധാന ലക്ഷ്യം.

ഈ കുടുംബത്തിൻെറ സ്വത്തുക്കൾ സംബന്ധിച്ചുള്ള ഒരു പഠനം കോളണിഭരണത്തിൻ കീഴിൽ വിവിധ സ്ഥലങ്ങളിൽ വിവിധ രീതിയിലുള്ള കുടിയായ്മകൾ എങ്ങിനെ

രൂപപ്പെട്ടുവെന്നു വ്യക്തമാക്കുന്നു. ഈ കുടുംബത്തിന്നു മലബാറിലും സ്വത്തുക്കളുണ്ടായിരുന്നു. മലബാർ സമ്പ്രദായമനുസരിച്ച് ഒരു ഭൂവുടമ മണ്ണിൽ പരമാവകാശമുള്ള ജന്മാവകാശിയാണ്. മലബാറിൽ അപ്രകാരം ഈ കുടുംബം തങ്ങളുടെ സ്വത്തുക്കളിൽ ജന്മാവകാശമുള്ളവരായിരുന്നു. പക്ഷെ കാസർക്കോട് താലൂക്കിൽ അഥവാ ബേക്കൽ താലൂക്കിലുള്ള അവരുടെ സ്വത്തുക്കൾ കർണ്ണാടക റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കണ്ണിൽ ''വർഗം'' മാത്രമായിരുന്നു. ദക്ഷിണ കർണ്ണാടകത്തിലെ കർണ്ണാടകപ്രദേശങ്ങളിൽ സ്വത്തുക്കൾ വിക്രയം ചെയ്യുവാനധികാരമുള്ള വ്യക്തിയെ 'വർഗദാർ' എന്നായിരുന്നു വിളിച്ചുവന്നത്. ഒരു ഭൂവുടമയുടെ പ്രത്യേകവർഗത്തിൽ അഥവാ എഴുത്തോലയിൽ പെട്ട ഭൂമിയെ വർഗം എന്നു വിളിച്ചുവെന്നതാണ് വർഗം എന്ന പദം സംബന്ധിച്ചുള്ള ചരിത്രപരമായ വിശദീകരണം5. പതിനാലാം നൂററാണ്ടിൽ ദക്ഷിണ കർണ്ണാടകത്തിലെ മുഴുവൻ ഭൂമിയും വർഗദാർമാരായ ആരക്കാർക്കിടയിൽ വിഭജിക്കപ്പെട്ടതായിരുന്നു.

ചുരുക്കത്തിൽ ഭൂവുടമകളായ താഴക്കാട്ടുമന മലബാർ സ്വത്തുക്കളിൽ പരമാധികാരമുള്ള ജന്മിയും, ദക്ഷിണ കർണ്ണാടകത്തിൽ അത്രതന്നെ അവകാശമില്ലാത്ത വർഗദാരുമായി മാറി. പക്ഷെ കൊളോണിയൽ ഭരണത്തിനു മുമ്പുള്ള കാലഘട്ടത്തിൽ രണ്ടു പ്രദേശത്തെയും ഭൂസ്വത്തുക്കളിൽ അവർക്ക് ഒരേതരം അവകാശം തന്നെയാണുണ്ടായിരുന്നത്. മലബാറിലെ പരമാധികാരിയായ ജന്മി ദക്ഷിണ കർണ്ണാടകത്തിൽ വർഗദാരുടെ നിലയിലേയ്ക്ക് തരം താഴ്ത്തപ്പെട്ടു. ഒരു വർഗദാർ, മൂല വർഗദാർ അല്ലെങ്കിൽ പ്രാഥമിക ഉടമസ്ഥൻ എന്നുകൂടി വിളിക്കപ്പെട്ടു6. ഇതിൻെറ ഫലമായി കുടിയായ്മകളിലും മാററങ്ങൾ സംഭവിച്ചു. മലബാറിൽ സർവ്വസാധാരണവും പല തർക്കങ്ങൾക്കും കാരണവുമായ കാണാവകാശം കാസർക്കോട് താലൂക്കിൽ ഫലങ്ങൾ ശേഖരിക്കുവാൻ മാത്രം അവകാശമുള്ള ഒരു പണയം അഥവാ കർണ്ണാടകത്തിലെ ഇളിദർ

വാറിന്നു തുല്ല്യമാണ്. അതാകട്ടെ മററു ചിലപ്പോ**ം** മൂല ഗണിഅവകാശത്തിനും തുല്ല്യമാണ്. മലബാറിൽ കാണാവകം ശത്തിനു സാധാരണയായി അനുവദിച്ചുവന്നിരുന്ന 12 വർഷം ദക്ഷിണകർണ്ണാടകത്തിൽ ഈ കുടിയായ്മകാക്ക് അനുവദിച്ചി രുന്നില്ല. ചാലഗണി അല്ലെങ്കിൽ വൈദിഗണി ഒരു ചാർത്തവ കാശത്തെ സൂചിപ്പിക്കുന്നു. ഭൂവുടമസ്ഥനുള്ള പാട്ടത്തെ ഗണി യെന്നു വിളിച്ചുവരുന്നു. ഇത്തരം അവകാശങ്ങളെല്ലാം പര മാവകാശങ്ങളല്ലെന്നതിനാൽ ഒരു വർഗദാർക്കു കൃഷിക്കാരനായ കുടിയാനെ ഒഴിപ്പിക്കുവാൻ കഴിഞ്ഞു. ഗവൺമെൻറിൻെറ കീഴിൽ നേരിട്ടുള്ള കുടിയാനായ വർഗദാർക്കു മാത്രമായിരുന്നു സ്ഥിരാവകാശം ലഭിച്ചിരുന്നത്. അതാകട്ടെ അയാൾ നികുതി നിശ്ചയത്തിൽ ചെയ്ത പ്രകാരമുള്ള ഭൂനികുതി ഗവ ൺമെൻറിന്നു കൊടുക്കണമെന്ന വ്യവസ്ഥ അടിസ്ഥാനമാക്കി മാത്രമാണ്. ഈ താലൂക്കിൽ പട്ടയം മാററുവാനുള്ള അംഗീ കൃത ഫോറത്തിൽ ഭൂമിയുടെ സ്വഭാവം വ്യക്തമാക്കുന്ന കോളത്തിൽ 'സർക്കാർ' എന്നു കാണിച്ചുവെന്നത് വർഗദാർ വെറും കർഷകനാണെന്ന് കാണിക്കുന്നു.

മലബാറിൽ താഴക്കാട്ടുമനയുടേതായ സ്വത്തുക്കൾ ആ കുടുംബത്തിൻെറ സ്വകാര്യസ്വത്തുക്കളായും ദക്ഷിണകർണ്ണാട കത്തിൽ 'ചാർത്തു' ഭൂമിയായും നിലനിന്നു. സ്വത്തുക്ക ളുടെ സ്വഭാവത്തിലുള്ള ഈ വ്യത്യാസം നികുതി വ്യവസ്ഥ പ്പെടുത്തുന്നതിനേയും സ്വാധീനിക്കുകയുണ്ടായി. ഭൂനികുതി ഒരു നികുതിയായിട്ടാണോ അതല്ല പാട്ടമായിട്ടാണോ കൊടു ത്തുവരുന്നതെന്നുള്ള ആ പഴയ വിവാദം രണ്ടു വിധത്തിൽ അധികൃതന്മാർ മലബാറിലും തെക്കൻ കർണ്ണാടകത്തിലും നട പ്പിലാക്കി. മലബാറിൽ ഭൂനികുതി ഭൂവുടമകൾ വസൂലാക്കി വന്ന പാട്ടത്തിൻെറ ഒരു വിഹിതമായിട്ടായിരുന്നു. പക്ഷെ തെക്കൻ കർണ്ണാടകത്തിലെ ഭൂവുടമകൾ ഗവൺമെൻറിനു നികു തിക്കു പകരം പാട്ടം തന്നെയാണ് കൊടുത്തിരുന്നത്. ഇവിടെ വസൂലാക്കിവന്ന നികുതിനിരക്കു മലബാറിൽ നിലവിലുള്ള തിൽനിന്നും എത്രയും അധികമായിരുന്നു. സാധാരണയായി

അത് മലബ്ബാറിലുള്ളതിനേക്കാളും രണ്ടോ മൂന്നോ ഇരട്ടിയാണെന്നു കാണാം. മലബാറിലും ദക്ഷിണ കർണ്ണാടകത്തിലും അടുത്തടുത്തായി സ്ഥിതിചെയ്യുന്ന ഒരേതരം വയലിനു വ്യത്യസ്ത നിരക്കിലുള്ള നികുതി ചുമത്തിവന്നു. കർണ്ണാടകത്തിലെ ഉയർന്ന നിരക്കിനു കാരണം ഭൂവുടമസ്ഥൻ ഗവൺമെൻറ് തന്നെയാണെന്നതിനാൽ കീഴിലുള്ള ഭൂവുടമകളിൽ നിന്നും പാട്ടം പിരിച്ചെടുത്തുവെന്നതാണ്.

കാസർക്കോടിലെ തെക്കേ തൃക്കരിപ്പൂർ ഗ്രാമത്തിൽ പെട്ട വസ്തുക്കളും മലബാറിൽ ചിറക്കൽ താലൂക്കിൽ പെട്ട പെരളം അംശത്തിലെ വസ്തുക്കളും ഒരേ തരത്തിൽ പെട്ടതാണെങ്കിലും താഴക്കാട്ടുമന കൊടുത്തുവന്നിരുന്ന നികുതി നിരക്കു വ്യത്യസ്തമായിരുന്നു. നികുതിനിരക്കു എത്ര വ്യത്യസ്തമാണെന്നു താഴെ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു.

| ഗ്രാമത്തിന്റെ പേർ | ഭൂമിയുടെ തരം | റി.സർവ്വെ നമ്പർ, സബ്ഡിവിഷൻ | വിസ്തീർണ്ണം, ഏക്കർ, സെൻറ് | നികുതി ക. ണ. |
|---|---|---|---|---|
| തെക്കേ | | | | |
| തൃക്കരിപ്പൂർ | നഞ്ച | 351/3 | 4.20 | 31.8 |
| ,, | ,, | 355/4 | 4.10 | 30.12 |
| ,, | ,, | 211/2 | 14.10 | 56.6 |
| ,, | തോട്ടം | 145/11 | 1.6 | 6.6 |
| ,, | ,, | 255/2 | 7.14 | 35.11 |
| ,, | ,, | 620/2 | 1.80 | 10.13 |
| ,, | പുഞ്ച | 300/4 | 1.60 | 1.10 |
| ,, | ,, | 303/9 | 0.25 | 0.9 |
| ,, | ,, | 371/8 | 0.97 | i.3 |
| പെരളം | നഞ്ച | 109/1 | 23.40 | 46.13 |
| അംശം | ,, | 110/10 | 1.75 | 3.8 |
| കൊഴുമ്മൽ | ,, | 91/1 | 0.73 | 1.7 |
| ദേശം | തോട്ടം | 25/1 | 1.23 | 3.11 |
| ,, | ,, | 41/5 | 1.49 | 3.0 |
| ,, | ,, | 39/6 | 1.13 | 2.4 |
| ,, | പുഞ്ച | 40/2 | 4.51 | ഇല്ല. |

മലബാറിൽ കാടിന്നും തരിശുഭൂമിക്കും നികുതി ഉണ്ടായിരുന്നില്ല. പക്ഷെ തെക്കൻ കർണ്ണാടകത്തിൽ പട്ടയത്തിൽ പെട്ട കാടിന്നും തരിശിന്നും നികുതി ചുമത്തിയിരുന്നു. ആയതിനാൽ കൊളോണിയൽ ഭരണത്തിൻെറ ചൂഷണം ദക്ഷിണ കർണ്ണാടകത്തിൽ മലബാറിനേക്കാളും രൂക്ഷമായിരുന്നു.

മദ്രാസ് പെർമനൻറ് സെററിൽമെൻറ് റഗുലേഷൻ (1802–ലെ 25-ാം റഗുലേഷൻ) അനുസരിച്ച് മുഴുവൻ പ്രസിഡൻസിയുടേയും നികുതി സ്ഥിരമായി വ്യവസ്ഥപ്പെടുത്തിയതായിരുന്നു. പക്ഷെ 19-ാം നൂററാണ്ട് മുഴുവൻ ഇന്ത്യാ ഗവൺമെൻറും ബ്രിട്ടീഷു ഗവൺമെൻറും തമ്മിൽ ഇന്ത്യയിലെ നികുതി ആനുകാലികമായി പുതുക്കുന്നതിനെ സംബന്ധിച്ച് ചർച്ചകൾ ചെയ്തുകൊണ്ടിരുന്നു. അവസാനമായി സ്ഥിരം വ്യവസ്ഥ ചെയ്യുകയുണ്ടായ നികുതിവ്യവസ്ഥ സ്ഥിരമല്ലെന്നും കൃത്യമായ കാലത്തിന്നു ശേഷം അത് പുതുക്കാവുന്നതാണെന്നും നിശ്ചയിക്കപ്പെട്ടു 7. അപ്രകാരം 1903–ൽ കാസർക്കോടു താലൂക്കിൽ പുതുക്കിയ നികുതി നടപ്പിലാക്കി. താലൂക്കിൻെറ നികുതി പെട്ടന്നു ക്രമാതീതമായി വർധിച്ചുവെന്നതാണ് പെട്ടന്നുണ്ടായ ഫലം. നികുതിഭാരി അവസാനമായി കൃഷിക്കാരായ കർഷകർക്കു മീതെ നിപതിക്കുക തന്നെ ചെയ്തു. ഭൂവുടമകൾ കൊടുക്കേണ്ടതായ പാട്ടം 1920_ലെ മൂലഗണി റെൻറ് എൻഹേൻസ്മെൻറ് ആക്ട് (ആക്ട് 13) പ്രകാരം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. കൂടുതൽ നികുതി പിരിക്കുന്നതിനായി സ്റ്റേററു തന്നെ കുടിയാന്മാരിൽനിന്നും വർദ്ധിച്ച പാട്ടം പണമായോ സാധയമായോ പിരിച്ചെടുക്കുവാൻ ഭൂവുടമകളെ അനുവദിച്ചു. ചുരുക്കത്തിൽ കൊളോണിയൽ ഭരണം നടത്തിവന്നിരുന്ന സാമ്പത്തികമിച്ചത്തിൻെറ ചൂഷണം, ഗ്രാമീണദാരിദ്ര്യത്തെ കൂടുതൽ രൂക്ഷമാക്കി. ഈ പ്രദേശം അങ്ങിനെ കേരള സംസ്ഥാനത്തിലെ ഏററവും പിന്നോക്കവും അഭിവൃദ്ധിയില്ലാത്തതുമായ ഭാഗമായി ഇന്നും സ്ഥിതി ചെയ്യുന്നു 8.

ഇരുപതാം നൂററാണ്ടിൽ താഴക്കാട്ടുമന ഒട്ടാകെ കൊടുത്തുവന്നിരുന്ന വാർഷികനികുതി 18,576 ക. യായിരുന്നു. ഭൂസ്വത്തുക്കൾ പല ഗ്രാമങ്ങളിൽ സ്ഥിതിചെയ്യുന്നതിനാലും ചില വസ്തുക്കളെ സംബന്ധിച്ച് കാണക്കാർ നേരിട്ടു പണമടക്കുന്നതിനാലും കുടുംബത്തിൻെറ ഒട്ടാകെ നികുതിത്തുക തിട്ടപ്പെടുത്തുക വളരെ വിഷമമാണ്. അതുപോലെ എത്രമാത്രം ആദായം ലഭിച്ചിരുന്നുവെന്നതും കണക്കാക്കുക വിഷമമാണ്.

ദക്ഷിണ കർണ്ണാടക സബ്ബ്കോടതി മുമ്പാകെ വന്ന ഈ കുടുംബത്തിൻെറ 1944–ലെ ഒ. എസ്സ്. 9-ാം നമ്പർ കേസ്സിൽ ഒരു കുടുംബാംഗം തന്നെയായ അന്യായക്കാരൻ തറവാടിൻെറ വാർഷികാദായം അഞ്ചു ലക്ഷം സേർ നെല്ലും, കുരുമുളകു പത്തിനു രണ്ടു 100,00 ക. യും, പൊളിച്ചെഴുത്തു അടക്കമുള്ള പാട്ടം വക വരുമാനം 15000 ക. യും ആണെന്ന് പറയുന്നു. തലശ്ശേരി സബ്ബ്കോടതി മുമ്പാകെ വന്നിരുന്ന 1934–ലെ ഒ. എസ്. 9-ാം നമ്പർ കേസിൽ വാർഷികാദായം നാലു ലക്ഷം സേർ നെല്ലും മൊത്തം കാലാദായം 40000 ക. യും നികുതിഭാരം 20000 ക. യും ആണെന്നു കാണിക്കുന്നു. അതേ ഹർജിയിൽ തന്നെ ഒട്ടധികം സ്വത്തുക്കൾ റവന്യൂ അധികാരികൾ നികുതി ബാക്കിക്കു ലേലത്തിൽ വിററതായും രേഖപ്പെടുത്തുന്നു. കൈകാര്യകർത്താവായ കാരണവരുടെ വാദം വാർഷികാദായം മൂന്നു ലക്ഷം സേർ നെല്ലും മൊത്തം കാലാദായം 8000 ക. യും നികുതി 23000 ക. യും ആണെന്നായിരുന്നു[9]. താഴക്കാട്ടുമന തറവാട് 1940–ൽ 70 അംഗങ്ങളുള്ള കുടുംബമായിരുന്നു. അംഗങ്ങളുടെ നിത്യജീവനച്ചെലവ് തറവാട്ടിൽ നിന്നും വഹിച്ചുവന്നു. ഈ പരിതഃസ്ഥിതിയിൽ എല്ലാ ചെലവുകളും കഴിച്ചു എത്രമാത്രം സാമ്പത്തികമിച്ചം ഉണ്ടായിരുന്നുവെന്ന് കണക്കാക്കുക വളരെ വിഷമമുള്ള കാര്യമാണ്. കൂടാതെ കുടുംബത്തിനു കോടതിവക ചെലവുകൾക്കായി വലിയൊരു തുക നീക്കിവെക്കേണ്ടിയും വന്നു.

വലിയ സാമ്പത്തികമാന്ദ്യം സംഭവിച്ച ഘട്ടത്തിൽ ഈ കുടുംബത്തിൻെറ സ്ഥിതി ഒരു പ്രതിസന്ധിയിലെത്തി,

1931-ൽ സാധനങ്ങളുടെ വില ഇടിയുവാൻ തുടങ്ങി. ഭൂവുടമ കരംക്കുള്ള പാട്ടം കൃത്യസമയത്തു കൊടുക്കുവാൻ കർഷകർക്കു കഴിഞ്ഞില്ല. തങ്ങളുടെ നികുതി കൃത്യസമയത്തു കൊടുക്കുവാൻ ഭൂവുടമകരംക്കും കഴിഞ്ഞില്ല. ഫലമാകട്ടെ 1931-ൽ ഈ പ്രദേശത്തു നികുതിബാക്കിക്ക് ധാരാളം ഭൂസ്വത്തുക്കരം ലേലംവിളിയിൽ വില്ക്കപ്പെട്ടു. ദക്ഷിണ കർണ്ണാടകജില്ലാ കളക്ടർക്ക് സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ഇവിടുത്തെ ഭൂവുടമകരം ഇങ്ങിനെ പ്രതിപാദിച്ചു:

> ഒരു ഉറുപ്പിക കടം വാങ്ങുന്നതിൽ ലജ്ജതോന്നിയിരുന്ന സമ്പന്നരായ ചില കർഷകർ പോലും (ഇടത്തരക്കാരെപ്പററി പറയുന്നില്ല) ഗ്രാമത്തിലെ ഹുണ്ടികക്കാരിൽ നിന്നുള്ള വായ്പകരം ആകാവുന്നത്രയും എടുത്തതിന്നു ശേഷം മംഗലാപുരത്തെ ബാങ്കുകളുടെ സഹായം ആശ്രയിച്ചിരിക്കുന്നു. സ്ഥിതി ഗൗരവാവഹമാണ്[10].

പിന്നീടുള്ള വർഷങ്ങളിൽ ഈ സ്ഥിതി മെച്ചപ്പെട്ടില്ല. പണക്കാരായ ഹുണ്ടികക്കാർക്കുള്ള കടം അതിൻെറ പരമകാഷ്ഠയിലെത്തി. താഴക്കാട്ടുമന പോലുള്ള ഒരു കുടുംബം $1\frac{1}{2}$ ലക്ഷം ക.യിലധികം വരുന്ന കടത്തിന്നു പുറമെ വീണ്ടും കണ്ണൂരിലെ പുരുഷോത്തമ ദാസ് സേട്ടിന്നു കടപ്പെടുകയുണ്ടായി. തലശ്ശേരി സബ്കോടതിയിൽ നിന്നും 1935-ലെ ഒ. എസ്. 30-ാം നമ്പർ വിധിപ്രകാരം 5596 ക.യും ഭാവി പലിശയും അദ്ദേഹം വിധി സമ്പാദിച്ചു[11].

കുടുംബത്തിൻെറ കാര്യങ്ങരം ശരിപ്പെടുത്തുവാനുള്ള ലക്ഷ്യത്തോടെ അതിൻെറ അംഗങ്ങളും ഒരു സുന്ദര അയ്യരും മററു ചിലരും തമ്മിൽ 1934 നവംബർ 1-ന് ഒരു കരാർ ഒപ്പിടുകയും ഒരു ഭരണസമിതി രൂപീകരിക്കുകയും ചെയ്തു. പക്ഷെ 1934-ന് ശേഷം ഈ സമിതിയുടെ പ്രവർത്തനം നിലച്ചു പോവുകയാണുണ്ടായത്. വീണ്ടും കൈകാര്യകർത്താവായി ത്തീർന്ന കാരണവർ റൊക്കം പണം ലഭിക്കുവാൻകാരണം വെച്ചു

കൊണ്ടുള്ള ആധാരങ്ങൾ ഒപ്പിടുകയും വസ്തുക്കൾ പലർക്കും പണയം വെക്കുകയും ചെയ്തു. കൂടാതെ 1938 ജൂലായിൽ ഒരു അച്യുതൻ നമ്പ്യാർക്ക 7950 ക.യ്ക്കും ഒരു നാരായണൻ നമ്പൂതിരിക്ക സപ്തംബറിൽ 55000 ക.യ്ക്കും വസ്തുക്കൾ കാണം ചാർത്തുകയുണ്ടായി12. മരുമക്കത്തായനിയമം 33–ാം വകുപ്പ് 2–ാം ഖണ്ഡിക പ്രകാരം തറവാട്ടിൻെറ ആവശ്യത്തിന്നും ഗുണത്തിന്നും വേണ്ടി പന്ത്രണ്ട് വർഷത്തിലധികരിക്കാത്ത കാലത്തേക്ക വസ്തുക്കൾ കൈവശം പണയം വെക്കുവാൻ കാരണവർക്കു അധികാരം ലഭിച്ചിരുന്നു. ഈ അധികാരം കാരണവർ വേണ്ടത്ര ഉപയോഗപ്പെടുത്തി.

മരുമക്കത്തായ തറവാടായ ഈ കൂട്ടുകുടുംബത്തിലെ അംഗങ്ങൾ ഈ ഘട്ടത്തിൽ പോലും കൃഷി, വാണിജ്യം, വ്യവസായം തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങളിലേർപ്പെട്ടില്ല. കൂടാതെ ആധുനികമായ ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ജോലികളും മററ് ഉദ്യോഗങ്ങളും അവർക്ക ലഭിച്ചില്ല. ചുരുക്കത്തിൽ ദാരിദ്ര്യത്തിൻെറയും കഷ്ടപ്പാടിൻെറയും ഒരു ജീവിതമായിരുന്നു കുടുംബാംഗങ്ങൾ നയിച്ചത്. കുലീനതയും ജാതിമേന്മയും കാരണം ഒരു ഘട്ടത്തിലും ഈ കുടുംബം കൃഷി പ്രോത്സാഹിപ്പിക്കുകയോ നേരിട്ടു നടത്തുകയോ ചെയ്തില്ല. കൃഷിക്കാരായ കുടിയാൻമാരിൽ നിന്നും പിരിച്ചെടുത്തുവന്ന സാമ്പത്തികമിച്ചമായ വാരമായിരുന്നു കുടുംബത്തിൻെറ ഏകാവലംബം. ഇരുപതാം നൂററാണ്ടിലും ഈ കുടുംബം കൊളോണിയൽ ഭരണത്തിനു മുമ്പുള്ള കാർഷികബന്ധങ്ങളാണ് പിന്തുടർന്ന് വന്നത്. കാരണവർ 1942–ൽ ചീമേനി ഗ്രാമത്തിലുള്ള 5498 ഏക്കർ തരിശുഭൂമി ജോർജ് തോമസ്സ് കൊട്ടുകാപ്പള്ളിയ്ക്കു് (മുൻ പാർലമെൻററ് അംഗം) ചാർത്തിക്കൊടുത്തു. അദ്ദേഹം ഈ പ്രദേശത്തെ കൂലി കുറഞ്ഞ അദ്ധ്വാനശക്തിയും മററു വിഭവങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് കശുവണ്ടിയുടെ ഒരു പ്ലാൻേറഷൻ തുടങ്ങുകയും ചെയ്തു. ഭൂമിക്കു അദ്ദേഹം കൊടുത്തത് തുച്ഛമായ ഒരു വിലയായിരുന്നു. ഭൂമിയുടെ

വർഷം തോറുമുള്ള 130 ക. നികുതിഭാരം കുടുംബത്തിനു ലഭിക്കേണ്ടതും ഒരാവശ്യമായി. ഈ കൈമാററം കാരണവർക്ക് കുറച്ച് പണം റൊക്കമായി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

കുടുംബാംഗങ്ങളുടെ ഉയർന്ന വിദ്യാഭ്യാസത്തിനായി പണം ചെലവഴിക്കുവാൻ കാരണവർ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ ഇരുപതാം നൂററാണ്ടിൽ പോലും ഹരീശ്വരൻ തിരുമുമ്പ്, ഉണ്ണികൃഷ്ണൻ തിരുമുമ്പ്, സുബ്രഹ്മണ്യൻ തിരുമുമ്പ് തുടങ്ങിയ പ്രഗൽഭരായ യുവാക്കാരംക്കു ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങരം നിഷേധിക്കപ്പെട്ടു. ഇവർ പില്ക്കാലത്തു ദേശീയപ്രസ്ഥാനത്തിലേക്ക വരികയും ഈ പ്രദേശത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഘടകങ്ങരം സംഘടിപ്പിക്കുകയും ചെയ്തു. സാമ്രാജ്യത്വത്തിൻെറ നേർക്കും അതുപോലെ കാരണവരുടെ നേർക്കും അവരുടെ വിദ്വേഷം കേന്ദ്രീകരിച്ചു. കുലീനമായ ഭൂകുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ താഴ്ന്ന ജാതിക്കാരുടേയും കുടിയാന്മാരുടേയും മീതെ അവർക്കു വലിയ സ്വാധീനശക്തിയുണ്ടായിരുന്നു. അവർ ദേശീയപ്രസ്ഥാനത്തിലേക്കു തിരിഞ്ഞപ്പോരം ഫ്യൂഡൽ ഘടകങ്ങളെന്ന നിലയിലുള്ള അവരുടെ സ്വാധീനം ഈ പ്രദേശത്തു കുറേയധികം അനുയായികളെ ആകർഷിച്ചു [13].

മലബാർ കർഷകസംഘത്തിൻെറ നേതൃത്വത്തിൽ 1935-42 കാലം ഈ പ്രദേശം കർഷകരുടേതായ ഒരു ബഹുജനമുന്നേററത്തിന്നു സാക്ഷ്യം വഹിച്ചു[14]. ഫ്യൂഡൽ അവകാശങ്ങളായി ഭൂവുടമകരം പിരിച്ചെടുത്തിരുന്ന ഒട്ടേറെ പണമൊടുക്കലുകരം അവർ നിഷേധിച്ചു. ഈ കുടുംബത്തിലെ ഒരെളിയ അംഗമായ സുബ്രഹ്മണ്യൻ തിരുമുമ്പ് കർഷകരെ സംഘടിപ്പിക്കുന്നതിൽ പങ്കെടുത്തു. ഒരു കവിയും വാഗ്മിയും സംഘാടകനുമായ അദ്ദേഹം കോൺഗ്രസ്സിൻേറയും കർഷകസംഘത്തിൻെറയും യൂണിററുകരം സംഘടിപ്പിക്കുന്നതിൽ ഫലപ്രദമായ പങ്കു വഹിച്ചു. അദ്ദേഹം അഖില കേരള കിസാൻ സംഘത്തിൻേറയും കാസർക്കോട് താലൂക്കു കർഷക സംഘത്തിൻേറയും

പ്രസിഡണ്ടായിരുന്നു. പില്ക്കാലത്തു അദ്ദേഹം ഈ പ്രദേശത്തെ ഒരു പ്രധാന കമ്മ്യൂണിസ്ററ് നേതാവായി മാറി.

മദ്രാസ് മരുമക്കത്തായ നിയമം(1933-ലെ 22-ാം നിയമം) തറവാട്ടുസ്വത്തുക്കളുടെ ഭാഗം അനുവദിക്കുകയുണ്ടായി. ഈ തറവാടിൻെറ കാര്യത്തിൽ 1944-ൽ മാത്രമാണ് തെക്കൻ കർണ്ണാടകത്തിലെ സബ്ബ്കോടതിയിൽ ഒരു ഭാഗവ്യവഹാരം ഉന്നയിക്കപ്പെട്ടത്. തറവാടുകൊണ്ടുള്ള എല്ലാ വിധ ഗുണങ്ങളും കയ്യടക്കിയിരുന്ന കാരണവർ മദ്രാസ് മരുമക്കത്തായ നിയമം നമ്പൂതിരിമാർക്കു ബാധകമല്ലെന്നും, അതിനാൽ അത് ഈ ജന്മികുടുംബത്തിന്നു ബാധകമല്ലെന്നും വാദിച്ചു. അവർ നമ്പൂതിരിമാരാണെങ്കിലും അവരുടെ പിന്തുടർച്ച മരുമക്കത്തായം അനുസരിച്ചാണെന്നും അതിനാൽ അന്യായം നിലനില്ക്കുന്നുവെന്നും കോടതി വിധിച്ചു[15]. കുടുംബാംഗങ്ങൾക്കിടയിൽ തറവാട്ടുസ്വത്തുക്കൾ ഭാഗിച്ചുകൊണ്ടുള്ള ഒരു വിധി 1946-ൽ നടപ്പിൽ വന്നു. അങ്ങിനെ നൂററാണ്ടുകൾ നിലനിന്ന ഒരു ഫ്യൂഡൽ കുടുംബം എന്നേക്കുമായി അവസാനിച്ചു. പക്ഷെ ഫ്യൂഡൽ ബന്ധങ്ങളായ വാരം പിരിക്കലും കുടിയാനെ ഒഴിപ്പിക്കലും പഴയ കാലത്തിൻെറ അവശിഷ്ടങ്ങളായി വീണ്ടും നിലനിന്നു; ജന്മത്വം പുതിയ രൂപത്തിലും.

കാസർക്കോട് പ്രദേശത്തെ റയട്ടുവാരി സമ്പ്രദായത്തെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു പഠനം കൊളോണിയൽ ഭരണത്തിൻകീഴിൽ നിലനിന്ന കാർഷികബന്ധങ്ങളുടെ ചില അടിസ്ഥാന സ്വഭാവങ്ങൾ വ്യക്തമാക്കുന്നു. സൈദ്ധാന്തികമായി ഇവിടെ നിലനിന്നത് കർഷകനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വ്യവസ്ഥയാണെങ്കിലും കർഷകരുടെ ഉല്പാദാനമിച്ചത്തെ നിയന്ത്രിക്കുകയും കയ്യടക്കുകയും ചെയ്ത വൻകിട ഭൂവുടമകളുമായി സ്ഥിരനിശ്ചയം ചെയ്ത ഒരു വ്യവസ്ഥയായിരുന്നു. കൊളോണിയൽ ഭരണത്തിന്നും മുമ്പുള്ള ഇത്തരം ഫ്യൂഡൽ കുടുംബങ്ങൾ അവരുടെ ഭൂമി സ്ഥിതി ചെയ്തിരുന്ന ഓരോ ഗ്രാമത്തിലും ക്ഷേത്രങ്ങളുടെ ഒരു ശൃംഖല തന്നെ സ്ഥാപിച്ചു. ഈ ക്ഷേത്ര

ങ്ങളും ജാതിപരമായ ആധിപത്യവും എല്ലാം തന്നെ കാർഷികോല്പാദനത്തിൽ നേരിട്ടു പങ്കാളികളല്ലാത്ത അത്തരം കുടുംബങ്ങളുടെ സാമ്പത്തികതാല്പര്യങ്ങൾ നിലനിർത്തുന്നതിന്നുള്ള സംവിധാനങ്ങളായിത്തീരുകയും, ചെയ്തു. കൊളോണിയൽ ഗവൺമെൻറ് ഈ വർഗത്തിൻെറ മീതെ അതിൻെറ അധികാരം അടിച്ചുറപ്പിക്കുകയും ആ വർഗം ചൂഷണം ചെയ്തുവന്ന സാമ്പത്തികമിച്ചത്തിൻെറ ഒരു വലിയ വിഹിതം കൈപ്പററുകയും ചെയ്തു. റയട്ടുവാരി തുടങ്ങിയ നികുതിവ്യവസ്ഥകൾ ബ്രിട്ടീഷു ഭരണത്തിനു മുമ്പു നിലവിലിരുന്ന കാർഷികബന്ധങ്ങളിൽ മൗലികമായ മാററങ്ങൾ വരുത്താതെ സാമ്പത്തികമിച്ചം ''പിഴിഞ്ഞെടുക്കു''വാനുള്ള ഒരു സംവിധാനമായിരുന്നു. എങ്കിലും അത് ഈ പ്രദേശത്തെ കുടിയായ്മകളിലും ഭൂവുടമയുടെ പദവിയിലും ഒഴിച്ചുകൂടാനാവാത്ത മാററങ്ങൾ വരുത്തി. കൊളോണിയൽ ഭരണത്തിൻ കീഴിൽ അത്തരം മാററങ്ങൾ ഓരോ പ്രദേശത്തും ഓരോ വിധത്തിലായിരുന്നു. അതിനാൽ കൊളോണിയലിസത്തിൻെറ സ്വാധീനവും ഓരോ പ്രദേശത്തും വ്യത്യസ്തമായിരുന്നു. ഭൂകുത്തകക്കാരായ ഇത്തരം കുടുംബങ്ങളുടെ സ്വത്തുക്കൾ ഭാഗിക്കുവാനും മരുമക്കത്തായം പോലുള്ള പരമ്പരാഗത സ്ഥാപനങ്ങളെ ഇല്ലാതാക്കുവാനുമുള്ള പ്രക്ഷോഭങ്ങൾ ദേശീയപ്രസ്ഥാനത്തിൻെറ ഭാഗമായിട്ടാണ് രൂപമെടുത്തത്. വാസ്തവത്തിൽ കാർഷികപ്രശ്നങ്ങൾ ഈ താലൂക്കിൽ ദേശീയപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയുണ്ടായി.

**അടിക്കുറിപ്പുകൾ:**

(ഈ ഗവേഷണപ്രബന്ധം ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റേറാറിക്കൽ റിസർച്ച് സാമ്പത്തിക സഹായം ചെയ്തിട്ടുള്ള ''കൊളോണിയൽ ഭരണത്തിൽ കാസർക്കോട് താലൂക്കിലെ ഭൂകുത്തകയും കാർഷിക വ്യവസ്ഥയും'' എന്ന ഗവേഷണപദ്ധതിയുടെ ചില പഠനവശങ്ങൾ ഉൾക്കൊള്ളുന്നു)

1. ആർ. സി. ദത്ത്, ദ എക്കണോമിക്കൽ ഹിസ്ററി ഓഫ് ഇന്ത്യ (നാസിക്, 1963 പ്രകാശനം) I, പു. 64–5
2. ഗുണ്ടർട്ട്, എഡി., കേരളോല്പത്തി (കോട്ടയം, 1961, പ്രകാശനം), പു. II
3. ടി. മാധവൻ തിരുമുമ്പുമായി തെക്കേ തൃക്കരിപ്പൂരിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവെച്ചു നടത്തിയ അഭിമുഖ സംഭാഷണം, 1 മാർച്ച് 1982.
4. അനുബന്ധം കാണുക
5. ഫേമിംഗർ, എഡി., ഫിഫ്ത്ത് റിപ്പോർട്ട് (കൽക്കത്ത), I, പു. 455. കൂടാതെ, സ്ററോക്, സൗത്ത് കനറ ഡിസ്ട്രിക്ട് മാനുവൽ, പു. 118.
6. എസ്സ്. സുന്ദരരാജ അയ്യങ്കാർ, ലാൻഡ് ടെനവർസ് ഇൻ ദ മദ്രാസ് പ്രസിഡൻസി (മദ്രാസ്, 1921 പ്രകാശനം), പു. 48-52.
7. ദത്ത്, അടിക്കുറിപ്പ് 1, പു. 113–7 കാണുക.
8. പ്രത്യേക ജില്ലക്കുവേണ്ടി ഇവിടുത്തെ ആൾക്കാർ പ്രക്ഷോഭം നടത്തിവരുന്നു.
9. ഗോവിന്ദൻ തിരുമുമ്പും മററുള്ളവർക്കും എതിരായി നാരായണൻ തിരുമുമ്പും മററുള്ളവരും അന്യായം, ഒ. എസ്സ്. നമ്പർ 9/1944, സബ്കോർട്ട്, സൗത്ത് കാനറ, 3 ഒക്ടോബർ, 1946.
10. ചോദ്യാവലിയ്ക്കുള്ള ഉത്തരം, എം. കെ. നമ്പ്യാർ, മലബാർ ടെനൻസി കമ്മിററി (മദ്രാസ്, 1940), II.
11. കോടതിരേഖകൾ, അടിക്കുറിപ്പ് 9.
12. അതിൽ തന്നെ
13. ടി. എസ്സ്. തിരുമുമ്പുമായി മടിക്കൈഗ്രാമത്തിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് നടത്തിയ അഭിമുഖ സംഭാഷണം, 25 ഏപ്രിൽ 1982.

14. കെ. കെ. എൻ. കുറുപ്പ്, ദ കയ്യൂർ റയററ് (കോഴിക്കോട്, 1978) കാണുക.

15. കോടതിരേഖകൾ, അടിക്കുറിപ്പ് 9 കാണുക. ഈ കോടതി രേഖകൾ പരിശോധിക്കുവാൻ തന്ന ശ്രീ ടി. എം. കുഞ്ഞിരാമൻ തിരുമുമ്പോട് ലേഖകൻ കടപ്പെട്ടിരിക്കുന്നു.

# 12

# കുടിയേററവും മാററങ്ങളും മലബാറിലെ മലയോരങ്ങളിൽ

കേരളത്തിൻെറ തെക്കൻ പ്രദേശങ്ങളിൽ നിന്നു മലബാറിലേക്കും ദക്ഷിണകർണ്ണാടകത്തിലെ പഴയ കാസർക്കോട് താലൂക്കിലേക്കും ഉണ്ടായിട്ടുള്ള കുടിയേററം ആധുനിക കേരള ചരിത്രത്തിലെ ഒരു പ്രധാന ''പ്രസ്ഥാന''മാണെന്നു പറയാം. ഇതാകട്ടെ ഗവൺമെൻററിൻെറ മേൽനോട്ടത്തിൽ നടന്ന ഒന്നായിരുന്നില്ലതാനും. പക്ഷെ, ഭൂമിക്കുവേണ്ടി ദാഹിച്ച ചെറുകിടക്കാരായ കർഷകർ മലബാറിലെ കന്നിമണ്ണിൽ ഒരു നല്ല സാമ്പത്തികഭാവി പ്രതീക്ഷിച്ചുകൊണ്ട് നടത്തിയ മുന്നേററമായിരുന്നു. അവരോടൊപ്പം സാമ്പത്തിക സുരക്ഷിതത്വത്തിൻെറ മേച്ചിൽസ്ഥലങ്ങളന്വേഷിച്ചിരുന്ന സമ്പന്ന കർഷകരുടേയും കുടിയേററമുണ്ടായി. തിരുവിതാംകൂറിൽ വളരെ മുമ്പുതന്നെ ജനനിബിഡമായ താഴ്ന്ന പ്രദേശങ്ങളിൽ നിന്നും മുണ്ടക്കയം, പീരുമേട്, ഉപ്പുതറ, വണ്ടൻമേട്, മൂലമററം, വെള്ളിയമററം, ഉടുമ്പന്നൂർ തുടങ്ങിയ ഹൈറേഞ്ച് പ്രദേശങ്ങളിലേക്ക് ഇത്തരം കുടിയേററമുണ്ടായിരുന്നു. പക്ഷെ, അവിടം കുടിയേററത്തിന്നു പുതിയ ഭൂമി ലഭിക്കാതെ വന്നപ്പോഠം ഈ പ്രസ്ഥാനം അവസാനിച്ചു. ഈ പരിത:സ്ഥിതിയിൽ അത് മലബാറിലേക്കു വ്യാപിക്കുകയാണ് ചെയ്തത് 1.

### ഭൂകുത്തക

തറവാടുകളും ''സ്ഥാന''ങ്ങളും അനുഭവിച്ചിരുന്ന ഭൂകുത്തക ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി മലബാറിൽ ഒന്നുകൂടി ശക്തമാക്കി. യഥാർത്ഥത്തിൽ ഈ നയം വളരെയധികം ഭൂമി

തരിശായും കൃഷിചെയ്യാതെയും ഇടുന്നതിന് ഇടയാക്കി. ബംഗാളിൽ കോൺവാലിസ് പ്രഭു പിന്തുടർന്ന നയം ആദ്യ കാലത്തെ ബ്രിട്ടീഷ് ഭരണകർത്താക്കളെല്ലാം നടപ്പാക്കുകയും ഭൂവുടമകളായ കുടുംബങ്ങളുടെ പരമാവകാശം അംഗീകരിക്കുകയും അവരുമായി നികുതി നിശ്ചയത്തിലേർപ്പെടുകയും ചെയ്തു2. അതിനാൽ കമ്പനിയുടെ നികുതിവ്യവസ്ഥയിൽ കുന്നുകളും കാടുകളും കൂടി സ്വകാര്യവ്യക്തികളുടെ കുത്തകയായി മാറി.

ഇവിടുത്തെ കുടിയായ്മ സമ്പ്രദായം വമ്പിച്ച തോതിൽ ഭൂമിയിൽ മൂലധനനിക്ഷേപം ചെയ്യുവാൻ പ്രോൽസാഹിപ്പിച്ചില്ലെന്നു മാത്രമല്ല, കർഷകർ ഭൂവുടമകളുടെ ഒഴിപ്പിക്കലിനും ചൂഷണത്തിനും ഇരയാകുകയും ചെയ്തു. മരുമക്കത്തായ പിൻതുടർച്ചാവകാശവും, തറവാടുകളുടേയും സ്ഥാനങ്ങളുടേയും ഭൂസ്വത്തുക്കരം സംബന്ധിച്ച നിയമവും പരമാവകാശകൈമാററങ്ങരം അത്യന്തം പരിമിതമാക്കിയിരുന്നു. ഇതിന്റെ ഫലമായി മലബാറിലെ പല ഫ്യൂഡൽ കുടുംബങ്ങരംക്കും സർവ്വെ ചെയ്യാത്ത കാടുകളുടേയും, അനേകായിരം ഏക്കർ ഭൂമിയുടേയും ജൻമാവകാശം ലഭിച്ചു. എന്നാൽ ഈ ഭൂവുടമകരം പല കാരണങ്ങളാലും തങ്ങളുടെ ഭൂമിയിൽ ഒരു മുതലാളിത്ത കൃഷിസമ്പ്രദായം നടപ്പിലാക്കിയിരുന്നില്ല. പ്രയോഗത്തിൽ ഭൂമി പലതരം കുടിയായ്മകളായും ചാർത്തുകളായും കർഷകർക്ക് അനുവദിച്ചു കൊടുക്കുകയാണ് അവർ ചെയ്തിരുന്നത്. തിരുവിതാംകൂറിൽ മീനച്ചിൽ, തൊടുപുഴ, മൂവാററുപുഴ തുടങ്ങിയ സ്ഥലങ്ങളിൽ കൃഷിഭൂമിയിൽ ഉണ്ടായ വമ്പിച്ച ജനസംഖ്യാസമ്മർദ്ദം കർഷകരുടെ കുടിയേററത്തിന്റെ ചില കാരണങ്ങളിലൊന്നാണ്. സിറിയൻ കത്തോലിക് വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളായിരുന്നു കുടിയേററക്കാരിൽ ഒരു വലിയ ശതമാനം. തെക്കൻ താലൂക്കുകളിൽ ജനസംഖ്യ വർദ്ധിച്ചപ്പോരം ഭൂമിയുടെ മാർക്കററുവിലയിലും വലിയ വർദ്ധനവുണ്ടായി. ഭൂമിയുടെ വ്യാപാരവൽക്കരണം (കമേഴ്സ്യലൈസേഷൻ) തിരുവിതാം

കൂറിൽ മറേറതുകാലത്തേക്കാളും ഫലപ്രദമായിത്തീർന്നത് നായർ റഗുലേഷൻ നടപ്പിലാക്കിയതോടെയും, താഴ്ന്ന കുടിയായ്മ കാം നിർത്തലാക്കിയതോടെയും, കൂട്ടുകുടുംബസ്വത്തുക്കളുടെ വിഭജനം അനുവദിക്കുകയും ചെയ്തതോടുകൂടിയായിരുന്നു. അതോടെ ഏററവും ചെറിയ കൃഷിക്കാരനുപോലും തൻെറ ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചു. അത്തരം മാററങ്ങൾ മല ബാറിൽ വളരെ മന്ദഗതിയിലായിരുന്നു. അതിനാൽ, മലബാ റിലേക്കു കുടിയേററത്തിനു ആഗ്രഹിച്ച തിരുവിതാംകൂറിലെ ചെറുകിട കർഷകനു തൻെറ ചെറിയ കൃഷിസ്ഥലം വിററു ആവശ്യമായ മൂലധനം സംഭരിക്കുവാൻ കഴിഞ്ഞു. അങ്ങിനെ സംഭരിച്ച മൂലധനം മലബാറിൽ ആവശ്യമായത്ര തരിശുഭൂമി വാങ്ങുവാനും അവരുടെ ഭൂദാഹം ശമിപ്പിക്കുവാനും സഹാ യിച്ചു. ചെറുകിട കർഷകനെ ഇടത്തരക്കാരനും സമ്പന്നനു മായ കർഷകനാക്കി മാററുന്ന ഒരു പ്രക്രിയ ആയിരുന്നു ഈ കുടിയേററം. ചാർത്തായും സ്ഥിരാവകാശമായും ഭൂമി ലഭി ക്കുവാൻവേണ്ടി ഈ കുടിയേററക്കാർ ഭൂവുടമകൾക്ക് 'മാനു ഷ'മായും മുൻകൂർ ആയും റൊക്കം പണം നൽകിയിരുന്ന തിനാൽ, മലബാറിലെ ഭൂവുടമകൾ ഈ കുടിയേററക്കാരെ സ്വാഗതം ചെയ്തു. കൂടാതെ 1933-ൽ മലബാർ മരുമക്ക ത്തായ നിയമം തറവാട്ടുസ്വത്തുക്കളുടെ വിഭജനം അനുവദിച്ച തോടുകൂടി കാരണവൻമാരെല്ലാംതന്നെ കിട്ടുന്നത്ര ഭൂമി ചാർ ത്തിക്കൊടുക്കുവാനും അങ്ങനെ തങ്ങളുടെ മക്കൾക്കുവേണ്ടി കഴിയുന്നത്ര പണം സമ്പാദിക്കുവാനും ബദ്ധശ്രദ്ധരായി രുന്നു. കുടിയേററം മലബാറിൽ ഭൂമിയുടെ മാർക്കററുവില ക്രമേണ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

## ആദ്യകാല പരിശ്രമങ്ങൾ

ഏതാണ്ട് 1920-ൽ തന്നെ കുറേ ക്രിസ്ത്യൻ കുടുംബ ങ്ങൾ മലബാറിലേക്ക് കുടിയേറുവാൻ ശ്രമിക്കുകയുണ്ടായി3. തിരുവിതാംകൂറിൽ നിന്നും ഏതാണ്ട് 30 കുടുംബങ്ങൾ 1920-നും 1930-നും ഇടയിൽ പേരാവൂർ, കോളിയാട്, കുററ്യാടി എന്നിവിടങ്ങളിൽ അങ്ങിങ്ങായി കുടിയേറി

താമസിച്ചു. പക്ഷെ, അവരിൽ പലർക്കും വലിയ വിഷമങ്ങൾ നേരിടേണ്ടിവന്നതിനാൽ ആ സംരംഭം വിജയിച്ചില്ല. മലമ്പനിയെയും വന്യമൃഗങ്ങളെയും അവർക്ക് നേരിടേണ്ടി വന്നു. തോട്ടം ഉടമയും മുതലാളിയുമായ കൊച്ചീപ്പ തരകൻ കൂത്താളി എസ്റേററിൽ നിന്നും 1500 ഏക്കർ ഭൂമി റബ്ബർ കൃഷി ചെയ്യാൻ വാങ്ങി. പക്ഷെ, ഈ പദ്ധതിയും പരാജയപ്പെടുകയാണുണ്ടായത്. തുടർന്ന് 1930-നും 1940-നും ഇടയിൽ പുതിയ കേന്ദ്രങ്ങൾ കണ്ടുപിടിക്കുവാനും പഴയ കേന്ദ്രങ്ങളിൽ പുനരധിവാസം ചെയ്യുവാനും പരിശ്രമങ്ങൾ നടന്നു. മാണിയാൽ നമ്പൂതിരി ഇല്ലം 1935–36 ൽ ഏതാണ്ട് 22000 ഏക്കർ ഭൂമി വെറും 36000 കയ്ക്കു പൂഞ്ഞാറിലെ രാമവർമ്മരാജാവിന് കൈമാററം ചെയ്തു[4]. ഈ സ്വത്തുക്കൾ കോളിയാട്, നടുവിൽ അംശത്തിലെ പാറോത്തുകുന്നുകൾ തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു. അദ്ദേഹത്തെ ആലക്കോടു രാജാവെന്നു വിളിച്ചുവന്നു. രാജാവിനെ പിന്തുടർന്ന് തോട്ടം മുതലാളിമാർ മലബാറിലെ മലയോരങ്ങളിൽ തങ്ങളുടെ മൂലധനം നിക്ഷേപിക്കുവാൻ തുടങ്ങി. പിന്നീടുള്ള ദശകങ്ങളിലും ഇത് തുടർന്നുകൊണ്ടിരുന്നു. സാമാന്യമായി പറഞ്ഞാൽ ഒരു തോട്ടമുടമ വ്യാവസായിക മുതലാളിമാരുടെയും ഭൂവുടമകളുടെയും വർഗത്തിൽ ഉൾപ്പെടുന്നു[5]. ഇവർ മലബാറിൽ പുതിയ സന്ദർഭങ്ങൾ കണ്ടെത്തുവാൻ തുടങ്ങി.

കുടിയേററത്തിൻെറ അലകൾ 1940–കൾക്കും 50–കൾക്കും ഇടയിൽ കൂടുതൽ ശക്തിയാർജിച്ചു. യുദ്ധപരിത:സ്ഥിതിയും നാണ്യപ്പെരുപ്പവും കാർഷികോൽപന്നങ്ങളുടെ വില വർദ്ധനവും, ഇടത്തരക്കാരും സമ്പന്നരുമായ കർഷകരെ കൂടുതൽ മൂലധനം ശേഖരിക്കുന്നതിന്നു സഹായിച്ചു. അവരുടെ മിച്ചം വന്ന പണം മലബാറിൽ ഭൂമി വാങ്ങുവാൻ നിക്ഷേപിക്കപ്പെട്ടു. ഹോസ്ദുർഗ് താലൂക്കിലെ ചീമേനി ഗ്രാമത്തിൽ 1942–43 കാലത്ത് ഒരു കശുമാവിൻതോട്ടം ജോർജ് തോമസ് കൊട്ടുകാപ്പള്ളി (പിൽക്കാലത്ത് പാർലമെൻറ് മെമ്പർ) ആരംഭിക്കുകയുണ്ടായി[6]. ചെറുതും വലുതുമായ അനേകം

തോട്ടങ്ങൾ ഇതേകാലത്തു പലേടങ്ങളിലും വളർന്നുവന്നു. ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളും ഈ തോട്ടങ്ങളിൽ ജോലി അന്വേഷിച്ചു കുടിയേററക്കാരായി വരികയുണ്ടായി.

കാസർകോട് അടക്കം മലബാറിലെ എല്ലാ താലൂക്കുകളിലും 1950-നും 60-നും ഇടയിൽ തരിശുഭൂമി ലഭ്യമായ പ്രദേശങ്ങളിലെല്ലാം തിരുവിതാംകൂറിൽ നിന്നും കർഷകർ കുടിയേറി താമസിച്ചു. അതിന്നുശേഷം തരിശുഭൂമി വേണ്ടത്ര ലഭിക്കാതിരുന്നതിനാൽ ഭൂമി മോഹിച്ചുകൊണ്ട് കൃഷിക്കാർ കർണ്ണാടകത്തിലെ ഷിമോഗയിലേയ്ക്കും കുടകിലേയ്ക്കും തമിഴ്നാട്ടിലെ ഗൂഡല്ലൂരിലേക്കും കുടിയേറിപ്പാർത്തു. ഈ പ്രദേശങ്ങളിലുള്ള സർക്കാർഭൂമി പോലും അവർ കയ്യേറി. ക്രമേണ മലബാറിൽ ഭൂമി ലഭിക്കാതെ വന്നപ്പോൾ കുടിയേററത്തിൻെറ പ്രധാന വേലിയേററം അവസാനിച്ചു. അതോടെ കുടിയേററവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ അവയുടെ നഗ്നരൂപത്തിൽ തലയുയർത്തുകയും ചെയ്തു.

## കോളണികൾ

കുടിയേററം ഒരു സാധാരണ സംഭവമായിത്തീർന്നപ്പോൾ പള്ളിയും മററു സാമൂഹ്യ സംഘടനകളും കുടിയേററക്കാരുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിൽ താൽപ്പര്യം കാണിച്ചു. അവ കർഷകത്തൊഴിലാളികളും മററുമുൾക്കൊണ്ട ദരിദ്രകർഷകർക്കായി സ്വന്തം ഫണ്ടുകൾ ഉപയോഗപ്പെടുത്തി മലബാറിൽ ചില കോളണികൾ ആരംഭിച്ചു. ഈ കോളണികളിൽ ക്രിസ്ത്യൻ കർഷക കുടുംബങ്ങളെ അധിവസിപ്പിക്കുകയും ഭൂമിയുടെ സ്ഥിരാവകാശം വിട്ടുകൊടുക്കുകയും ചെയ്തുവന്നു. കാഞ്ഞങ്ങാട്ട് മാലക്കല്ല്, രാജപുരം എന്നീ കോളണികൾ ആരംഭിക്കുന്നതിൽ അലക്സാണ്ടർ ചെല്ലപ്പറമ്പു ബിഷപ്പും ഷെവലിയർ വി. ജെ. ജോസഫും മുൻകൈയെടുത്തു. 1954-ൽ തലശ്ശേരി ഇടവക ആലക്കോട്ട് പതിനായിരം ഏക്കർ ഭൂമി ഡോ. പി. ജെ. തോമസ്സിൽനിന്നും വിലക്കുവാങ്ങി. പക്ഷെ, ആദിവാസികളും മററു കുടിയേററ

ക്കാരും, ഈ ഭൂമി മുമ്പുതന്നെ കൈവശം വെച്ചിരുന്നതിനാൽ മററുള്ളവർക്കു നൽകുവാൻ ഈ കൈമാററത്തിൽനിന്നും ഭൂമി ലഭിച്ചിരുന്നില്ല7. മാടമ്പത്ത്, പയ്യാവൂർ, റാണിപുരം, ചന്ദനക്കാംപാറ മുതലായ കോളണികരം പള്ളിയുടെ മേൽനോട്ടത്തിലാരംഭിച്ചവയായിരുന്നു. അവയ്ക്കാവശ്യമായ സാമ്പത്തികസഹായം ചെയ്തിരുന്നതും പള്ളികളായിരുന്നു. ഇത്തരത്തിൽ പള്ളിയുടെ ആഭിമുഖ്യത്തിൽ മതപരിവർത്തനം ചെയ്ത കർഷകർക്കായി ഭൂമി വാങ്ങുന്ന സമ്പ്രദായം 19-ാം നൂററാണ്ടിൽ തന്നെ ബാസൽ മിഷനും മററും സ്വീകരിച്ചിരുന്നു. അവർ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി തീർക്കുകയും പല കുടുംബങ്ങളേയും കുടിയിരുത്തുകയും ചെയ്തിരുന്നു8.

ഈ നയം തുടർന്നുകൊണ്ട് 1951—ൽ നായർ സർവീസ് സൊസൈററിയും പനത്തടിയിൽ 5000 ഏക്കർ ഭൂമി വാങ്ങുകയും നായർ കുടുംബങ്ങരക്കായി ഒരു കോളണി സ്ഥാപിക്കുകയും ചെയ്തു. 1961—ൽ കൊട്ടിയൂർ ദേവസ്വംവക മുപ്പതിനായിരം ഏക്കർ ഭൂമിയും മേൽച്ചാർത്തിന്മേൽ വാങ്ങുകയുണ്ടായി. ഇത് മുമ്പുതന്നെ അധികൃതരിൽനിന്നും വാക്കാൽ ചാർത്തിൻമേലും കയ്യേററമായും ഭൂമി കൈവശം വെച്ചിരുന്ന അനേകം കർഷകകുടുംബങ്ങളുടെ ഒഴിപ്പിക്കലിന്നിടവരുത്തി, ഈ സംഭവം തൽപ്പരകക്ഷികരം നടത്തുന്ന ഒഴിപ്പിക്കലിന്നെതിരായും മററും സുശക്തമായ ഒരു കർഷകപ്രസ്ഥാനം രൂപം കൊള്ളുന്നതിന്നിടയാക്കി.

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ മലയോരങ്ങളിലുള്ള പല കേന്ദ്രങ്ങളിലേയും ജനസംഖ്യയുടെ ഭൂരിഭാഗവും കുടിയേററക്കാരായ ക്രിസ്ത്യാനികളാണെന്നു കാണാം. പനത്തടി, കിഴക്കേ എളേരി, പടിഞ്ഞാറെ എളേരി, ചീമേനി, ചെറുപുഴ, പുളിങ്ങോം, പേരാവൂർ, കുളത്തുവയൽ, ആലക്കോട്ട്, രാജഗിരി, ചെമ്പേരി, തിരുവമ്പാടി, കൊടഞ്ചേരി, തരിയോട്, കോട്ടത്തറ, കാവുമാടം, മംഗലം, തിരുമേനി, കടുമേനി, പുതുപ്പാടി, പുൽപ്പള്ളി, കുററ്യാടി, കൊട്ടിയൂർ, മണ്ണാർക്കാട്, നിലമ്പൂർ തുട

ങ്ങിയ കേന്ദ്രങ്ങൾ ഇത്തരത്തിൽ പെടുന്നു. കുടിയേററക്കാർ കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. പക്ഷെ, സർക്കാർ വനങ്ങളും സ്വകാര്യ വനങ്ങളും കൃഷിഭൂമിയായും മററും മാററിയത് സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടുണ്ട്.

(കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ 1940-ലും 1970-ലും നിലവിലുണ്ടായിരുന്ന വനഭൂമി സംബന്ധിക്കുന്ന പട്ടിക. വിസ്തീർണ്ണം ചതുരശ്ര കിലോമീററ റിൽ)9.

| വിവരണങ്ങൾ | കണ്ണൂര് | കോഴിക്കോട് | പാലക്കാട് |
|---|---|---|---|
| 1940 1. സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി | 460 | 690 | 870 |
| 2. സ്വകാര്യ ഉടമസ്ഥതയിലുള്ള വനഭൂമി | 880 | 1500 | 970 |
| ആകെ 1940–ൽ | 1340 | 2190 | 1840 |
| 1970 1. സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി | 457 | 662 | 792 |
| 2. സ്വകാര്യ ഉടമസ്ഥതയിലുള്ള വനഭൂമി | 269 | 822 | 409 |
| ആകെ 1970–ൽ | 726 | 1484 | 1201 |

ഈ പട്ടിക പ്രകാരം സ്വകാര്യവനഭൂമിയിൽ വലിയൊരു ഭാഗവും സർക്കാർ വനഭൂമിയിൽ ചെറിയൊരു ഭാഗവും പതിച്ചുകൊടുത്തും, കൈമാററം ചെയ്തും, കയ്യേററം ചെയ്തും കൃഷിഭൂമിയാക്കിയതായി കാണാം. എന്നാൽ, വനഭൂമിയല്ലാത്തതിൻെറ കണക്കുകൾ ലഭിക്കുന്നില്ലതാനും. പക്ഷെ, വനഭൂമിയുമായി താരതമ്യപ്പെടുത്തുമ്പോൾ അത് വലിയൊരു ഭാഗമാണെന്നു കരുതേണ്ടിയിരിക്കുന്നു.

## മാററങ്ങൾ

മലബാറിലെ മലയോരപ്രദേശങ്ങളിലെ സാമൂഹ്യ–സാമ്പത്തിക ഘടനയിൽ ശ്രദ്ധേയമായ മാററങ്ങൾ വരുത്തുവാൻ കുടിയേററപ്രസ്ഥാനത്തിന്നു കഴിഞ്ഞിരിക്കുന്നു. വളരെ മുമ്പു തന്നെ, അതായത് 1882–ൽ, വില്യം ലോഗൻ തൻെറ കുടിയായ്മകമ്മിഷൻ റിപ്പോർട്ടിൽ റബ്ബർ, കാപ്പി, കൊക്കോ, വാനില തുടങ്ങിയ നാണ്യവിളകൾ ധാരാളം കൃഷിചെയ്യേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാട്ടിയിരുന്നു. ചെറുകിട കർഷകരെ ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യാൻ പഠിപ്പിക്കേണ്ടതിൻെറ ആവശ്യവും അദ്ദേഹം ചൂണ്ടിക്കാട്ടി 10. ക്രിസ്ത്യാനികളായ ഈ കുടിയേററക്കാർ ഇവിടുത്തെ മലയോരങ്ങളിൽ ഒരു ''ഹരിത വിപ്ളവ'' ത്തിൻെറ ആരംഭം കുറിച്ചു. പുതിയ സങ്കരയിനം കുരുമുളകു വള്ളികൾ പ്രചരിപ്പിച്ചത് അവരായിരുന്നു. ക്രിസ്ത്യാനികളെ പൊതുവെ വിളിച്ചുവരുന്ന ചേട്ടൻ എന്ന പേരിൽ ഈ വള്ളിയും അറിയപ്പെട്ടു. പള്ളി തുടങ്ങിയ സ്ഥാപനങ്ങൾ കർഷകർക്കു ആവശ്യമായ പരിശീലനം കൊടുക്കുന്നതിലും താൽപര്യം കാണിച്ചു. ഉദാഹരണത്തിന്നു, 1964–ൽ ഫാദർ ജോസഫ് ഇടമരം പരിയാരത്ത് ഒരു പാൽ ഉല്പാദന കേന്ദ്രവും കാർഷികപരിശീലനകേന്ദ്രവും സ്ഥാപിച്ചു. ഇത്തരം സംരംഭങ്ങൾ കാർഷിക വികസനത്തിന്നു സഹായകമായി.

മലയോരങ്ങളിലുള്ള ചില ആദിവാസികൾ ഈ ഇരുപതാം നൂററാണ്ടിലും വേട്ട നടത്തിയും ഭക്ഷണസാമഗ്രികൾ ശേഖരിച്ചും ഉപജീവനം കഴിക്കുന്നവരായിരുന്നു. മലയോരങ്ങളിലെ മാറിയ പരിത:സ്ഥിതികൾ പ്രാകൃത ജീവിത സമ്പ്രദായങ്ങൾ ഉപേക്ഷിച്ച് കാർഷികവൃത്തിയിലേക്കു വരുവാൻ അവരെ പ്രേരിപ്പിച്ചു. വയനാട് താലൂക്കു ബോർഡ് പ്രസിഡൻറ് ആയിരുന്ന ഫാദർ ജെഫ്രിനോ ആദിവാസികളിൽ ചിലരെ മതപരിവർത്തനം ചെയ്യിക്കുകയും അവർക്കായി കണിയമ്പാററകുറിച്ച്യ കോളണി സ്ഥാപിക്കുകയും ചെയ്തു. ഈ കുടിയേററങ്ങളുടെ ഏററവും തിക്തമായ വശം കുടിയേററക്കാർ ആദിവാസി

കളുടെ ഭൂമി തട്ടിപ്പറിച്ചെടുക്കുകയും അവരെ കർഷക ത്തൊഴിലാളികളാക്കി മാററിയെന്നുമുള്ളതാണ്. ഫലപ്രദമായ ഒരു നിയമംകൊണ്ടു മാത്രമേ ആദിവാസികളുടെ ഭൂമി സംരക്ഷി ക്കുവാൻ കഴിയുകയുള്ളു.

കുടിയേററക്കാരുടെ എണ്ണത്തിൽ അതിവേഗമുണ്ടായ വർധ നവ് ഇവിടെ ശ്രദ്ധേയമായ സാമൂഹ്യ ചലനങ്ങളും സൃഷ്ടി ച്ചിട്ടുണ്ട്. കുടിയേററക്കാരുടെയും കുട്ടികളുടെയും എണ്ണം വർധിച്ചുവന്നപ്പോൾ അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉടലെടുത്തു. പ്രൈമറി, അപ്പർപ്രൈമറി, സെക്കൻഡറി എന്നീ ഘട്ടങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ, അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളും കോളേജുകളും ഉയർന്നു വന്നു. ഗവൺമെൻറ്ഫണ്ടുകൾ ഉപയോഗപ്പെടുത്തി പല ക്രിസ്ത്യൻ മിഷനറി വിദ്യാഭ്യാസസ്ഥാപനങ്ങളും ഇവിടെ ഉയർന്നുവന്നു. ഏതാണ്ട് 1927–ൽ തന്നെ ഫാദർ ഫെർണാണ്ട സിനെപ്പോലുള്ള മിഷനറിമാർ കോളയാട്ടിലും മററും പ്രൈ മറി സ്കൂളുകൾ സ്ഥാപിച്ചു. സുൽത്താൻ ബത്തേരി, കുത്തുപറമ്പ്, മട്ടന്നൂർ, പുല്പള്ളി, എളേരി, കോടഞ്ചേരി, മണ്ണാർക്കാട്, മൊകേരി, കൂത്തുപറമ്പ് തുടങ്ങിയ കേന്ദ്രങ്ങ ളിലെ കോളേജുകൾ കുടിയേററവുമായി ബന്ധപ്പെടുന്നു.

റവ. പത്രോണി, റവ. സെബാസ്ററ്യൻ വെള്ളോപ്പിള്ളിൽ തുടങ്ങിയ ബിഷപ്പുമാർ കുടിയേററക്കാരുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ അത്യന്തം താല്പര്യം പ്രകടിപ്പി ച്ചിരുന്നതായി കാണാം. ഷിമോഗയിൽ നിന്നും മററും കുടി യൊഴിപ്പിക്കപ്പെട്ട കർഷകരുടെ പുനരധിവാസത്തിന്നു അവർ പ്രത്യേകം കോളണികൾ സ്ഥാപിച്ചു. പഞ്ചായത്തുകളാ ണെങ്കിലും, മലയോരങ്ങളിൽ ചെറിയചെറിയ വാണിജ്യകേ ന്ദ്രങ്ങൾ ഉയർന്നുകൊണ്ടിരുന്നത് കുടിയേററത്തിൻെറ ഫലമാ യിട്ടായിരുന്നു. ജില്ലാകേന്ദ്രങ്ങളിൽ നിന്നും ഇത്തരം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളും ഗതാഗത സൗകര്യങ്ങ ളും ഉണ്ടായിത്തുടങ്ങി. വൈദ്യുതി തുടങ്ങിയ ആധുനിക ജീവിതസൗകര്യങ്ങൾ ഈ പ്രദേശങ്ങളെ നാഗരികതയിലേക്കു

കൊണ്ടുവന്നു്. കുടിയേററക്കാർ സംഘടിച്ച് തങ്ങളുടെ ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾക്കായി ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി.

ദേവസ്വംഭൂമിയിൽനിന്നും കൊട്ടിയൂരിലെ കുടിയേററക്കാർ ഒഴിപ്പിക്കപ്പെട്ടപ്പോൾ അവർ സ്വയം സംഘടിക്കുകയും തല്പര കക്ഷികൾക്കെതിരായി ബഹുജനാഭിപ്രായം രൂപീകരിക്കുവാൻ വമ്പിച്ച പ്രക്ഷോഭം നടത്തുകയും ചെയ്തു. 1961 ആഗസ്റ്റ് 9–നു പുറപ്പെട്ട കൊട്ടിയൂർ ജാഥ കേരളാഗവൺമെൻറിന് തങ്ങളുടെ പരാതികൾ സമർപ്പിച്ചു. അവർ മലനാട് കർഷകയൂണിയൻ എന്ന പേരിൽ സംഘടിക്കുകയും കീരിത്തോട്, ചുരുളി തുടങ്ങിയ സ്ഥലങ്ങളിലെ ഗവൺമെൻറ് ഭൂമിയിൽനിന്നും സ്വകാര്യഭൂമിയിൽ നിന്നും ഉള്ള ഒഴിപ്പിക്കലുകൾക്കെതിരായി സമരത്തിന്നിറങ്ങുകയുമുണ്ടായി. തലശ്ശേരി ബിഷപ്പ് റവ. സബാസ്ററ്യൻ വെള്ളാപ്പിള്ളിലും മററും ഈ സമരങ്ങൾക്ക് നേതൃത്വം നല്കി. ഏ. കെ. ഗോപാലനും മററും ഈ സമരത്തിൻെറ മുൻപന്തിയിലിറങ്ങുകയുണ്ടായി. അദ്ദേഹം ഒഴിപ്പിക്കലിന്നെതിരായി നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തു. ഈ സമരങ്ങൾ കമ്മ്യൂണിസ്ററ്-ക്രിസ്ത്യൻ കൂട്ടുകെട്ടെന്നു വ്യാഖ്യാനിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് മലയോരകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി 1962-ൽ ഫാദർ ജോസഫ് വടക്കനും വെല്ലിങ്ടണും മററും കർഷകത്തൊഴിലാളി പാർട്ടി രൂപീകരിച്ചത്[11]. കുടിയേററക്കാരുടെ നിർണ്ണായകമായ വോട്ടുകൾ ഇവിടുത്തെ ഗവൺമെൻറുകളുടെ അടിത്തറയായിരുന്നതിനാൽ അവർ യുക്തമായ രാഷ്ട്രീയ സഖ്യങ്ങളിലൂടെ ഭൂമിയിൽ സ്ഥിരാവകാശത്തിന്നു വേണ്ടിയും ജന്മിത്തമവസാനിപ്പിക്കുന്നതിന്നായും വിജയകരമായ വിലപേശലുകൾ നടത്തി. അങ്ങിനെ 1970-ൽ ജന്മിത്തം അവസാനിപ്പിച്ചുകൊണ്ടുള്ള ഭൂനിയമം അച്യുതമേനോൻ മന്ത്രിസഭ നടപ്പിൽ വരുത്തി. തങ്ങളുടെ കൃഷിഭൂമിയിൽ അവർക്കു പരമാവകാശം ലഭിക്കുകയും ചെയ്തു.

1980-ൽ വയനാട് ഒരു പ്രത്യേക ജില്ലയായി രൂപീകരിച്ചത്, കുടിയേററക്കാരുടെ പ്രശ്നങ്ങൾ ഭരണരംഗത്ത് ഫല

പ്രദമായി കൈകാര്യം ചെയ്യുവാനും പുതിയ ആസൂത്രിത പദ്ധതികൾ വിജയകരമായി നടപ്പിലാക്കുവാനും വേണ്ടിയാണ്. ഏതാണ്ട് 50 വർഷം മുൻപ് ആരംഭിച്ച കുടിയേററം വഴി ചെറുകിടക്കാരായ പല കർഷകരും, ഇടത്തരക്കാരും സമ്പന്നരുമായ ഒരു വിഭാഗമായി മാറിയിട്ടുണ്ട്. സമ്പന്ന കർഷകരിൽനിന്നും മുതലാളിത്തത്തിൻെറ വഴിയിലേക്കു മുന്നേറുന്ന ഒരു ചെറു വിഭാഗത്തെയെങ്കിലും ചെറിയ തോതിൽ പലേടത്തും കാണാവുന്നതാണ്. ഒരുകാലത്ത് കർഷകപ്രസ്ഥാനത്തിൻെറയും മററും ജീവനാഡിയായ ഈ വിഭാഗം ഇന്ന് ബൂർഷ്വാസിയായി മാറിയിട്ടുണ്ട്. തങ്ങളുടെ മൂലധനം നിക്ഷേപിക്കുവാനാവശ്യമായ മേഖലകൾ ലഭിക്കുവാൻ അവർ ആകാംക്ഷയോടെ കാത്തിരിക്കുന്നു. തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുണ്ടായ കുടിയേററം ഇവിടുത്തെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികരംഗങ്ങളിൽ വലിയ മാററങ്ങൾ ഉണ്ടാക്കിയെന്നത് നിസ്തർക്കമാണ്. മലയോരപ്രദേശങ്ങളിലെ സാമൂഹ്യപരിവർത്തനങ്ങൾക്കു കുടിയേററം ശ്രദ്ധേയമായ സംഭാവനയാണ് നൽകിയത്. ഈ മാററങ്ങളുടെയും കുടിയേററത്തിൻെറയും ആഴവും വ്യാപ്തിയുമുള്ള പഠനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

**അടിക്കുറിപ്പുകൾ:**

1. തോമസ് പഴേപറമ്പിൽ, സ്വപ്നഭൂമി, മലയാളം (മൂവാററുപുഴ, 1978), പു.1
2. പർമനൻറ് സെററിൽമെൻറ് റഗുലേഷൻ, റഗുലേഷൻ XXV, 1802, ഫോർട്ട്സെൻറ്ജോർജ്. 1802 ജൂലായ് 18–നു നടപ്പിലാക്കിയത്.
3. പി. കെ. മൈക്കൽ തരകൻ, ''ഡൈമൻഷൻസ് ആൻഡ് കാരക്ടറിസ്റ്റിക്സ് ഓഫ് ദ മൈഗ്രേഷൻ ഓഫ് ഫാർമേഴ്സ് ഫ്രം ട്രാവൻകൂർ ടു മലബാർ: 1930-50'', ജേണൽ ഓഫ് കേരളാ സ്റ്റഡീസ് (തിരുവനന്തപുരം), വോളിയം V, പാർട്ട് II, ജൂൺ 1978.
4. തോമസ്, അടിക്കുറിപ്പ് 1, പു. 63

5. ഗ്രിഗോറി കോതോവ്സ്കി, വിവ: കെ. ജെ. ലേമ്പ് കിൻ, അഗ്രേറിയൻ റിഫോംസ് ഇൻ ഇന്ത്യ (ന്യൂഡെൽഹി, 1964), പു. 36.
6. അയ്യായിരത്തിലധികം ഏക്കർ വരുന്ന ഭൂമി താഴക്കാട്ടുമന യിൽനിന്നും കുട്ടമത്ത് കുന്നിയൂർ കുടുംബത്തിൽനിന്നും ചാർത്തായി പതിച്ചുവാങ്ങി.
7. തോമസ്, അടിക്കുറുപ്പ് 1, പു. 64.
8. കെ. കെ. എൻ. കുറുപ്പ്, ''സിഗ്നിഫിക്കൻസ് ഓഫ് ദ സ്ററഡീസ് ബെയ്സ്ഡ് ഓൺ ദ ആർക്കൈവൽ കള ക്ഷൻസ് ഇൻ ദ മിഷൻ ഹൗസ് ഇൻ ബാസൽ വിത്ത് സ്പെഷ്യൽ റഫറൻസ് ടു കേരള'', ജേണൽ ഓഫ് കേരളാ സ്ററഡീസ്, വോളിയം V, പാർട്ട് III & IV (1978).
9. ഫോറസ്ററ് ഡിപ്പാർട്ടുമെൻറ്, ഗവൺമെൻറ് ഓഫ് കേരള, ഫോറസ്ററ് റിസോർസസ് ഓഫ് കേരള: എ കാൺടിറേററീവ് അസ്സസ്സ്മെൻറ് (തിരുവനന്തപുരം, 1973), ടേബിൾ 32, പു. 51. മൈക്കൽ തരകൻ അടിക്കു റിപ്പ് 3 കാണുക.
10. കെ. കെ. എൻ. കുറുപ്പ്, വില്യം ലോഗൻ: ഏ സ്ററഡി ഇൻ ദ അഗ്രേറിയൻ റിലേഷൻസ് ഓഫ് മലബാർ (കാലി ക്കററ് യൂണിവേർസിററി, പോ, 1981), പു. 44.
11. ഫാദർ ജോസഫ് വടക്കൻ, എൻെറ കുതിപ്പും കിതപ്പും: ആത്മകഥ, മലയാളം (കോട്ടയം, 1974), പു. 149–57

13

# കേരളത്തിലെ ഭൂപരിഷ്കരണം-വിലയിരുത്തൽ

ഭൂപരിഷ്കരണത്തിൻെറ ലക്ഷ്യം സാമൂഹികപുരോഗതിയും പരിവർത്തനവും സാമ്പത്തികോന്നമനവും ആധുനികവൽക്കരണവും കൈവരിക്കുകയെന്നതാണ്. സാമൂഹ്യശാസ്ത്രപരമായി വിലയിരുത്തുമ്പോൾ ഭൂപരിഷ്കരണത്തെ സംബന്ധിച്ച് രണ്ടു പ്രധാന ചിന്തകൾ നിലനിന്നുവരുന്നതു കാണാം; സാങ്കേതികത്വവാദവും പരിഷ്കരണവാദവും. സാങ്കേതികത്വവാദികൾ ശാസ്ത്രസാങ്കേതിക മാർഗങ്ങളുപയോഗിച്ച് കാർഷികോൽപാദനം പരമാവധി വർധിപ്പിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നു. പരിഷ്കരണവാദികൾ ഭൂവ്യവസ്ഥയിലുള്ള വിപ്ലവാത്മകമായ മാററം കൊണ്ടു മാത്രമേ സാമ്പത്തികോന്നമനവും സാമൂഹ്യനീതിയും കൈവരിക്കുവാൻ കഴിയുകയുള്ളുവെന്ന് കരുതുന്നു. ഭൂവുടമാവകാശത്തെ സംബന്ധിച്ച് പ്രകടമായ വൈരുദ്ധ്യങ്ങളുള്ള ഒരു സമൂഹത്തിൽ, പ്രത്യേകിച്ചും സാമ്രാജ്യത്വകാലഘട്ടത്തിൽ ഭൂപ്രഭുത്വത്തിൻെറ സങ്കീർണമായ കാർഷികബന്ധങ്ങളിലൂടെ കടന്നുവന്ന നമ്മുടെ സമൂഹത്തിൽ, സാമൂഹ്യ–സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും ആധുനികവൽക്കരണത്തിനും ഭൂപരിഷ്കരണം ഒരു പ്രധാന മാർഗമായി നിലകൊള്ളുന്നു. അതിൽ രണ്ടാമത്തെ രീതി ഏററവും പ്രാധാന്യമർഹിക്കുകയും ചെയ്യുന്നു. കേരളത്തിൽ ഇന്നു നടപ്പിൽ വന്നിട്ടുള്ള ഭൂപരിഷ്കരണത്തെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ1.

## ഭൂപരിഷ്കരണത്തിലേയ്ക്കൊരു മുന്നേററം

ഭൂപരിഷ്കരണം നടപ്പാക്കുന്നതിൽ ഏററവും മുൻപന്തിയിൽ നിന്നിട്ടുള്ള സംസ്ഥാനം കേരളമാണെന്ന് പറയാം.

മുപ്പതുകളിലും നാല്പതുകളിലും ഇവിടത്തെ സംഘടിത പ്രസ്ഥാനങ്ങൾ ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായി അണിനിരന്നതിൻെറ ഫലമത്രേ2 ഇത്. കേരളസംസ്ഥാനപ്പിറവിയോടെ തങ്ങളുടെ വോട്ടവകാശം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം പരിഷ്കരണം നടപ്പിലാക്കുന്നതിനു വേണ്ടി കർഷകരും തൊഴിലാളികളും 1957 ഫെബ്രുവരിയിൽ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെശ്രീ ഇ. എം. എസ്സിൻെറ നേതൃത്വത്തിൽ അധികാരത്തിൽകൊണ്ടുവന്നു, കൃഷിഭൂമിയിലെ എല്ലാവിധ ഒഴിപ്പിക്കലും തടഞ്ഞുകൊണ്ടുള്ള അന്നത്തെ ഗവൺമെൻറിൻെറ ഓർഡിനൻസ്, 1959 ജൂണിൽ പാസ്സാക്കിയെടുത്ത കർഷകബന്ധബില്ല്, ആ ബില്ലിനു ഇന്ത്യൻ പ്രസിഡൻറ് അനുമതി നിഷേധിച്ചത്, നിക്ഷിപ്ത താല്പര്യങ്ങളുള്ള ഭൂവുടമകളും കോർപ്പറേററു മാനേജ്മെൻറുകളും മന്ത്രിസഭയ്ക്കെതിരായി വിമോചനസമരം നടത്തിയത്, ഒടുവിൽ പ്രസിഡൻറ് മന്ത്രിസഭയെ ഡിസ്മിസ് ചെയ്തതുമെല്ലാം ഇവിടെ ഓർമിക്കേണ്ടിയിരിക്കുന്നു.

ഈ വസ്തുതകൾ ഒരു കാര്യം വ്യക്തമാക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ ഇന്ത്യയിൽ മന്ദഗതിയിലായിരുന്നു. സ്വകാര്യസ്വത്തിനുള്ള മൗലികാവകാശവും അതു സംബന്ധിക്കുന്ന ഭരണഘടനാപ്രശ്നങ്ങളും, അതോടൊപ്പം ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കേണ്ട മന്ത്രിസഭകളുടെയും നിയമസഭാസാമാജികരുടെയും മെല്ലെപ്പോക്കുനയവും, ഉദ്യോഗസ്ഥന്മാരുടെ നിഷേധാത്മകനിലപാടും ബഹുജനാഭിപ്രായങ്ങൾക്കു രൂപം കൊടുക്കുന്ന വാർത്താമാധ്യമങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങളും, സർവകലാശാലകളുടെ താല്പര്യരാഹിത്യവും എല്ലാം ഒത്തുചേർന്ന് ഇത്തരം പരിഷ്കരണങ്ങൾക്കെതിരായ സാഹചര്യമാണിവിടെ സൃഷ്ടിച്ചത്. ഫോർഡ് ഫൗണ്ടേഷൻ വിദഗ്ധനായ വോൾഫ് ലെജിൻസ്കി വിശദീകരിക്കുകയാണ്:

ഈ പരിഷ്കരണങ്ങൾ ജനങ്ങളിലെ ഏതൊരു വർഗത്തിൻെറ അവകാശങ്ങളും അധികാരങ്ങളുമാണ് ചുരുക്കുവാനു

ദ്ദേശിക്കുന്നുവോ ആ വർഗത്തിനു സമൂഹത്തിൽ ആഴ്ന്ന വേരുകളാണുള്ളത്. ആ വർഗമാണ് ഇവിടുത്തെ ഉദ്യോഗസ്ഥന്മാരായ ബുദ്ധിജീവികളുടെ ആസ്ഥാനം. അതിന്റെ അംഗങ്ങളാണ് സർവ്വകലാശാലകളിലും സർക്കാരാപ്പീസുകളിലും പത്രപ്രവർത്തനത്തിലും മററു പൊതുജീവിതത്തിലും കാര്യമായ പങ്കു വഹിക്കുന്നത്. ഇന്ത്യയുടെ ബഹുജന ദാരിദ്ര്യവും പുരോഗതിയില്ലായ്മയും കൂടിച്ചേർന്ന ഒരവസ്ഥയിൽ ഉപദേശവും സമ്മർദവും അവരെ ഒഴിവാക്കാനാവാത്ത സ്വത്തവകാശം പങ്കുവെക്കലുമായി പൊരുത്തപ്പെടുത്തിയേക്കും3.

മറെറാരു വിധത്തിൽ പറയുകയാണെങ്കിൽ ഏതു വർഗത്തിന്റെ അധികാരങ്ങളും അവകാശങ്ങളുമാണിവിടെ നഷ്ടപ്പെടുത്തേണ്ടിയിരുന്നതെന്നാൽ, ആ വർഗമായിരുന്നു എല്ലാ കാര്യങ്ങളിലും തീരുമാനമെടുത്തതും നടപ്പിലാക്കിയതും. അതിനാൽ വിമോചനസമരവും പിന്നീടു വന്ന മന്ത്രിസഭയും ഈ പശ്ചാത്തലത്തിന്റെ സൃഷ്ടികളാണ്. പിന്നീട് 1961-ൽ ഭേദഗതിചെയ്യപ്പെട്ട കാർഷികബന്ധബിൽ നടപ്പിൽ വന്നതും ആ നിയമം സുപ്രീംകോടതി റദ്ദുചെയ്തതും 1963-ൽ അന്നത്തെ കോൺഗ്രസ് മന്ത്രിസഭ കേരള ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതും 1964-ൽ ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി പ്രസ്തുത നിയമം സംരക്ഷിച്ചതും ചരിത്രവസ്തുതകളാണ്. വീണ്ടും 1969-ൽ ഈ. എം. എസ്സ്. മന്ത്രിസഭ ഈ നിയമത്തിനു സമഗ്രമായ ഭേദഗതി കൊണ്ടുവരികയും അദ്ദേഹം രാജിവെച്ചൊഴിഞ്ഞപ്പോൾ ബില്ല് വീണ്ടും പ്രതിസന്ധിയിലാവുകയും ചെയ്തു. എന്നാൽ 1969—ൽ അധികാരത്തിൽവന്ന അച്യുതമേനോൻ മന്ത്രിസഭ കേരള ഭൂപരിഷ്കരണനിയമത്തിലെ എല്ലാ വകുപ്പുകളും നടപ്പിൽ വരുത്തുകയും 1970 ജനുവരി 1 മുതൽ കേരളത്തിൽ നൂററാണ്ടുകളായി നിലനിന്ന ജന്മിത്തം അവസാനിപ്പിക്കുകയും ചെയ്തു4. അങ്ങനെ പാട്ടം വാങ്ങലും കുടിയെഴിപ്പിക്കലും അവസാനിപ്പിക്കുകയും ഫ്യൂഡൽ പാരമ്പര്യത്തിന്റെ ഒരു ഘട്ടം അവസാനിപ്പി

ക്കുകയും ചെയ്തു. കേരളത്തിലെ കർഷകപ്രസ്ഥാനങ്ങൾ ഇത്തരം ഒരു നിയമത്തിനു വേണ്ടി ഏററവുമധികം സമ്മർദം ചെലുത്തുകയും ഭൂവിതരണത്തിലെ കുത്തകാവകാശം അങ്ങനെ അവസാനിപ്പിക്കുകയും ചെയ്തെന്ന് പറയാം.

## അപൂർണ സംരംഭം

ഭൂപരിഷ്കരണനിയമം പ്രധാനമായും മൂന്നു കാര്യങ്ങളാണ് നടപ്പിൽ വരുത്തിയത്. സ്വന്തം കിടപ്പാടം എളുപ്പമായ വഴിയിൽ വിലയ്ക്കെടുക്കുവാൻ കുടികിടപ്പുകാരനെ അനുവദിക്കുകയും ഭൂമിയിലുള്ള സ്ഥിരാവകാശവും ഉടമസ്ഥതയും കൃഷി ചെയ്യുന്ന കൃഷിക്കാരനു അനുവദിക്കുകയും പരിധിനിർണയ ചട്ടങ്ങളിലൂടെ മിച്ചഭൂമി ഏറെറടുത്തുകൊണ്ട് ഭൂമിയില്ലാത്ത കർഷകത്തൊഴിലാളിക്കു വിതരണം ചെയ്യുകയുമാണവ. എന്നാൽ ഈ നടപടികൾ കൊണ്ടു മാത്രം സാമൂഹ്യവ്യവസ്ഥിതി മാററുവാനും ആധുനികവൽക്കരണം സാധ്യമാക്കുവാനും കാർഷികരംഗത്തെ സമ്പന്നവർഗത്തിൻെറ ചൂഷണമവസാനിപ്പിക്കുവാനും ഒരു സമൂലപരിവർത്തനത്തിനു കളമൊരുക്കുവാനും കഴിഞ്ഞിട്ടില്ല5. ജൻമിവർഗത്തിൽ നിന്നും ഭൂമിയുടെ ഉടമസ്ഥത കൃഷിക്കാരിലേക്കു മാററിയെങ്കിലും ധനികരും ഇടത്തരക്കാരുമായ കർഷകവർഗം പഴയ ബന്ധങ്ങളുടെ തുടർച്ചയെന്നോണം കർഷകത്തൊഴിലാളികളേയും ദരിദ്രകർഷകരേയും ചൂഷണവിധേയമാക്കുകയാണ്. ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും പുതിയ വിത്തുകളും വളങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് നാണ്യവിളകളുടെ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള ഈ ധനികകർഷകരിൽ നിന്നും ഒരു 'കാപ്പിററലിസ്ററു ഗ്രൂപ്പ്' വളർന്നുവരികയും അവർ വ്യവസായവൽക്കരണത്തിലേക്ക് നീങ്ങിക്കൊണ്ട് കൂടുതൽ സമ്പത്ത് വർധിപ്പിക്കുകയുമാണ്6. അതായത് ചൂഷണത്തെ കൂടുതൽ രംഗങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ അവർ ശക്തരായിത്തീർന്നിരിക്കുന്നു. ഇടത്തരക്കാരായ കർഷകരും ഈ ലക്ഷ്യത്തിലേക്കു നീങ്ങുവാൻ ശ്രമിക്കുന്നു. പക്ഷേ അവർക്കു അവരുടെതായ പ്രതിബന്ധങ്ങളെ നേരിടേണ്ടിയിരിക്കുന്നു. അതിനാൽ ഈ സ്ഥിതിയിലും പാവപ്പെട്ട

കർഷകൻെറയും കർഷകത്തൊഴിലാളിയുടെയും ചൂഷണം വീണ്ടും നടന്നുവരുന്നു. ഇതു സംഘർഷങ്ങൾക്കു കളമൊരുക്കു കയും ചെയ്യുന്നു.

ബാങ്കുകൾ, സഹകരണസംഘങ്ങൾ, വികസന ബ്ലോക്കു ചെറുകിട വ്യവസായസംരംഭങ്ങൾ തുടങ്ങിയവയുടെ എല്ലാ വിധ ആനുകൂല്യങ്ങളും ധനികരായ കർഷകർക്കാണു പൊതുവെ ലഭിച്ചുവരുന്നത്. ഫ്യൂഡൽ പാരമ്പര്യത്തിൽ നിന്നു വരുന്ന ഉദ്യോഗസ്ഥൻമാരുടെ പരിലാളനയും വിധേയത്വവും ഈ വർഗത്തിൻെറ നേർക്കു തന്നെയാണ്. തൻെറ ശ്രദ്ധയിൽ വന്ന ഒരു പാവപ്പെട്ട കർഷകൻെറ നിവേദനം ലജിൻസ്കി ചൂണ്ടിക്കാട്ടുന്നു:

